കേരള വനം വകുപ്പ്

# ഭരണ റിപ്പോർട്ട്

















2023–24

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - 2023 - 2024 വർഷത്തെ വാർഷിക ഭരണ റിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.289/2026/F&WLD തീയതി,തിരുവനന്തപുരം, 23-06-2026**

---

പരാമർശം :- ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 16.05.2026 - ലെ KFDHQ/340/2025-STAT/SAS2 നമ്പർ കത്ത്.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിന്റെ 2023 - 2024 വർഷത്തെ വാർഷിക ഭരണ റിപ്പോർട്ട് സർക്കാർ പ്രത്യവലോകനം ചെയ്ത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ബിജു ഐ എ എസ്**

**സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം),തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, തിരുവനന്തപുരം
പൊതുഭരണ (എ.ആർ) വകുപ്പ്
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Rajesh N
Date: 24-06-2026 13:23:55
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

# ഭരണ റിപ്പോർട്ട്

## 2023–24

### കേരള വനം വകുപ്പ്

ശ്രീ.എ.കെ.ശശീന്ദ്രൻ
കേരള വനംവകുപ്പ് മന്ത്രി

ശ്രീ.കെ. ആർ. ജ്യോതിലാൽ IAS
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ. ഗംഗാ സിംഗ് IFS
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & വനം മേധാവി

| അദ്ധ്യായം | ഉള്ളടക്കം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| **അദ്ധ്യായം I** | **കേരളത്തിലെ വനപരിപാലനത്തിന്റെ ചരിത്രവും പരിണാമവും** | | 1 |
| | കേരള വനം വകുപ്പിന്റെ പരിണാമം | 1.1 | 1 |
| | സ്വാതന്ത്ര്യത്തിനുമുമ്പുള്ള കേരള വനപരിപാലനം | 1.2 | 1 |
| | സ്വാതന്ത്ര്യത്തിനുശേഷമുള്ള കേരള വനപരിപാലനം | 1.3 | 1 |
| | 1988-നു ശേഷമുള്ള കേരള വനപരിപാലനം | 1.4 | 1 |
| | വനം വകുപ്പിന്റെ വിപുലീകരണം | 1.5 | 2 |
| | കേരള വനംവകുപ്പിനു കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ | 1.6 | 9 |
| | പ്രധാന നാഴികക്കല്ലുകൾ | 1.7 | 10 |
| | ദർശനം, ദൗത്യം, ലക്ഷ്യങ്ങൾ | 1.8 | 11 |
| | സ്റ്റാറ്റ്യൂട്ടറി & നോൺ സ്റ്റാറ്റ്യൂട്ടറി പ്രവർത്തനങ്ങൾ | 1.9 | 12 |
| | വനം വകുപ്പുമായി ബന്ധപ്പെട്ട പ്രധാന നിയമങ്ങളും ചട്ടങ്ങളും | 1.10 | 12 |
| | സംസ്ഥാനത്തിന്റെ വനങ്ങളുടെ നിയമപരമായ പദവിയും വനവിസ്തൃതിയും | 1.11 | 13 |
| **അദ്ധ്യായം II** | **വകുപ്പിന്റെ ഘടനാ സംവിധാനം** | | 16 |
| | വനം സർക്കിൾ | 2.1 | 29 |
| | വകുപ്പിന്റെ കീഴിലെ വിവിധ വിഭാഗങ്ങളുടെ പ്രധാന ചുമതലകൾ | 2.2 | 36 |
| | വകുപ്പിന് കീഴിലുള്ള സ്വതന്ത്ര സ്വഭാവമുള്ള സ്ഥാപനങ്ങൾ | 2.3 | 39 |
| **അദ്ധ്യായം III** | **മാനവ വിഭവശേഷി** | | 41 |
| | ഉദ്യോഗസ്ഥരുടെ എണ്ണം | 3.1 | 41 |
| | പരിശീലനം | 3.2 | 46 |
| | വിശിഷ്ട സേവനത്തിനുള്ള അവാർഡുകളും റിവാർഡുകളും | 3.3 | 46 |
| | വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികൾ | 3.4 | 46 |
| **അദ്ധ്യായം IV** | **വകുപ്പിന്റെ പ്രവർത്തനം** | | 48 |
| | പ്ലാനിംഗ് & ഡെവലപ്മെന്റ് വിഭാഗം | 4.1 | 48 |
| | ഭരണ വിഭാഗം | 4.2 | 61 |
| | വന്യജീവി വിഭാഗം | 4.3 | 61 |
| | ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫെയർ വിഭാഗം | 4.4 | 70 |
| | പരിസ്ഥിതിലോല പ്രദേശം വിഭാഗം | 4.5 | 77 |
| | ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗം | 4.6 | 78 |
| | വിവരസാങ്കേതികവിദ്യ വിഭാഗം | 4.7 | 81 |
| | മാനവശേഷി വികസന വിഭാഗം | 4.8 | 81 |
| | സോഷ്യൽ ഫോറസ്ട്രി വിഭാഗം | 4.9 | 83 |
| | സ്പെഷ്യൽ അഫോറസ്റ്റേഷൻ വിഭാഗം | 4.10 | 88 |
| | വിജിലൻസ് വിഭാഗം | 4.11 | 90 |
| | വർക്കിംഗ് പ്ലാൻ & റിസർച്ച് വിഭാഗം | 4.12 | 96 |
| | കേരള ഫോറസ്റ്റ് സീഡ് സെന്റർ | 4.13 | 98 |

| അദ്ധ്യായം | ഉള്ളടക്കം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| **അദ്ധ്യായം V** | **സാമ്പത്തികം** | | 101 |
| | ബജറ്റ് വിഹിതവും ചെലവും | 5.1 | 101 |
| | A. പ്ലാൻ സ്കീമുകൾക്കുള്ള ബഡ്ജറ്റ് വിഹിതവും ചെലവും | | 101 |
| | B. നോൺ-പ്ലാൻ സ്കീമുകൾക്കുള്ള ബഡ്ജറ്റ് വിഹിതവും ചെലവും | | 108 |
| | വരുമാനം | 5.2 | 111 |
| | വനവികസന നികുതി ( FDT) | 5.3 | 113 |
| | വന വരുമാനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക തുക | 5.4 | 113 |
| | മറ്റു വകുപ്പുകൾക്ക്/ഏജൻസികൾക്കു വേണ്ടി നടത്തിയ പ്രവൃത്തികൾ | 5.5 | 113 |
| **അദ്ധ്യായം VI** | **അടിസ്ഥാന സൗകര്യം** | | 114 |
| | റോഡ് | 6.1 | 114 |
| | കെട്ടിടങ്ങൾ | 6.2 | 114 |
| | വാഹനങ്ങൾ | 6.3 | 115 |
| | ആയുധങ്ങളും വെടിക്കോപ്പുകളും | 6.4 | 117 |
| **അദ്ധ്യായം VII** | **വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ** | | 118 |
| | പ്രസിദ്ധീകരണങ്ങൾ | 7.1 | 118 |
| | ഫോട്ടോ-വീഡിയോ ഡോക്കുമെന്റേഷനുകൾ | 7.2 | 118 |
| | സർവ്വേകൾ | 7.3 | 119 |
| | സാമൂഹിക മാധ്യമങ്ങൾ വഴിയുള്ള പ്രചാരണം | 7.4 | 120 |
| **അദ്ധ്യായം VIII** | **പരിപാടികൾ** | | 121 |
| | സംസ്ഥാനതല പരിപാടികൾ | 8.1 | 121 |
| | സംസ്ഥാന കായികമേള | 8.2 | 123 |
| | സെമിനാറുകൾ, കോൺഫെറൻസുകൾ, ശിൽപ്പശാലകൾ | 8.3 | 123 |
| | കടുവ സങ്കേതങ്ങളുടെ കീഴിലുള്ള വിവിധ പ്രവർത്തനങ്ങൾ | 8.4 | 124 |
| | സംസ്ഥാന വനവികസന ഏജൻസിയുടെ കീഴിൽ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങൾ | 8.5 | 125 |
| **അദ്ധ്യായം IX** | **വിവരാവകാശ നിയമം** | | 126 |
| **അദ്ധ്യായം X** | **ഇന്റേണൽ ഓഡിറ്റ്** | | 131 |
| | ആഭ്യന്തര പരിശോധന (Internal Audit) | 10.1 | 131 |
| | അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന | 10.2 | 131 |
| | ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലെ സന്ദർശക വാഹകശേഷി പഠനം | 10.3 | 132 |
| **അദ്ധ്യായം XI** | **മറ്റിനങ്ങൾ** | | 133 |
| | മലയാളം ഔദ്യോഗിക ഭാഷയാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ | 11.1 | 133 |
| | ഭാഷാ സമിതി, പരിഭാഷാസെൽ | 11.2 | 133 |
| | സേവനാവകാശ നിയമം | 11.3 | 134 |
| | വനിതപരാതി പരിഹാര കമ്മിറ്റി | 11.4 | 135 |
| | കമ്പ്യൂട്ടർവൽക്കരണത്തിന്റെയും ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെയും പുരോഗതി | 11.5 | 136 |
| | വകുപ്പ് നടപ്പിലാക്കിയ നൂതന പദ്ധതികളും 2023-24-ലെ പ്രധാന നേട്ടങ്ങളും | 11.6 | 137 |
| | മനുഷ്യ വന്യമൃഗ സംഘർഷം ലഘൂകരണത്തിനുള്ള നടപടികൾ | | 137 |
| | 2023-24 ലെ പ്രധാന നേട്ടങ്ങൾ | | 139 |
| | അടിസ്ഥാന സൗകര്യ വികസന നേട്ടങ്ങൾ | | 141 |

| പട്ടിക നം. | വിശദാംശങ്ങൾ | പേജ് നം. |
|---|---|---|
| പട്ടിക 1 | സ്വാതന്ത്ര്യത്തിനുമുമ്പുള്ള കേരള വനപരിപാലനം | 1 |
| പട്ടിക 2 | ദേശീയ ഉദ്യാനങ്ങളുടെയും വന്യജീവിസങ്കേതങ്ങളുടെയും വിവരങ്ങൾ | 5 |
| പട്ടിക 3 | വനപ്രദേശങ്ങളുടെ തരം തിരിവും അവയുടെ വിസ്തൃതിയും | 13 |
| പട്ടിക 4 | സർക്കിൾ, ഡിവിഷൻ ക്രമത്തിലുള്ള വനത്തിന്റെ വിസ്തൃതി (ച.കി.മീ.) | 14 |
| പട്ടിക 5 | വനം ആസ്ഥാന ഓഫീസിന്റെ ഘടന | 16 |
| പട്ടിക 6 | വിവിധ വിഭാഗങ്ങളുടെ ചുമതലവഹിച്ചിരുന്ന ഉദ്യോഗസ്ഥരുടെ പേരു വിവരം 2023-24 | 22 |
| പട്ടിക 7 | വകുപ്പിനു കീഴിലുള്ള സർക്കിളുകൾ/ഡിവിഷനുകൾ/റേഞ്ചുകൾ | 29 |
| പട്ടിക 8 | വനം സർക്കിളുകളുടെ ഘടന | 30 |
| പട്ടിക 9 | ഉദ്യോഗസ്ഥരുടെ എണ്ണം 2023-24 | 41 |
| പട്ടിക 10 | നിയമനങ്ങളുടെ വിവരങ്ങൾ2023-24 | 45 |
| പട്ടിക 11 | വിരമിച്ചവരുടെ വിവരങ്ങൾ 2023-24 | 45 |
| പട്ടിക 12 | വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്കനടപടി 2023-24 | 47 |
| പട്ടിക 13 | വകുപ്പിന്റെ പദ്ധതികൾ (തുക ലക്ഷത്തിൽ) 2023-24 | 48 |
| പട്ടിക 14 | 2023-24-ൽ വളർത്തിയ തോട്ടങ്ങളുടെ വിവരം | 52 |
| പട്ടിക 15 | വനപ്രദേശങ്ങളുടെ 31.03.2024 പ്രകാരമുള്ള ഉപയോഗക്രമം | 55 |
| പട്ടിക 16 | തോട്ട ഭൂമിയുടെ ഇനം തിരിച്ചുള്ള വിസ്തൃതി 31.03.2024 | 55 |
| പട്ടിക 17 | തടി ഉൽപ്പാദനക്കണക്ക് 2023-24 | 56 |
| പട്ടിക 18 | ചെറുവനവിഭവങ്ങളുടെ ഉൽപാദനം 2023-24 | 60 |
| പട്ടിക 19 | മനുഷ്യ-വന്യജീവി സംഘർഷം സംബന്ധിച്ച കണക്ക് 2023-24 | 63 |
| പട്ടിക 20 | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ നിർമ്മിക്കപ്പെട്ട പ്രതിരോധ സംവിധാനങ്ങൾ സംബന്ധിച്ച വിവരം 2023-24 | 63 |
| പട്ടിക 21 | വന്യജീവികളുടെ ആക്രമണത്തിന് വിധേയരായവർക്ക് 2023-24 കാലയളവിൽ നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിവരം | 64 |
| പട്ടിക 22 | വന്യമൃഗങ്ങളുടെ മരണം സംബന്ധിച്ചുള്ള കണക്ക് | 65 |
| പട്ടിക 23 | ജനവാസ മേഖലയിൽ എത്തിചേർന്നതും മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയായ കാട്ടുപന്നികളെ നശിപ്പിച്ചതിന്റെ കണക്ക് | 65 |
| പട്ടിക 24 | കേരളത്തിലെ കടുവകളുടെ എണ്ണം | 66 |
| പട്ടിക 25 | കഴിഞ്ഞ പത്തു വർഷത്തെ നീലഗിരി വരയാടുകളുടെ കണക്കാക്കിയ എണ്ണം | 66 |
| പട്ടിക 26 | ആനത്താര/ആന ഇടനാഴികളുടെ വിശദവിവരങ്ങൾ | 67 |
| പട്ടിക 27 | റാപ്പിഡ് റെസ്പോൺസ് ടീം വിശദാംശങ്ങൾ | 68 |
| പട്ടിക 28 | നാട്ടാനകളുടെ എണ്ണം 2023-24 | 69 |
| പട്ടിക 29 | ഡിവിഷൻ തിരിച്ചുള്ള വനശ്രീ ഇക്കോ-ഷോപ്പുകൾ | 73 |
| പട്ടിക 30 | PVTGVDVK - കളുടെ വിശദാംശങ്ങൾ | 76 |
| പട്ടിക 31 | ഇ.എഫ്.എൽ ട്രൈബ്യൂണലുകൾക്കു മുന്നിൽ ശേഷിക്കുന്ന കേസുകളുടെ എണ്ണം | 78 |
| പട്ടിക 32 | വിവിധ ഏജൻസികൾക്ക് പാട്ടത്തിനു കൊടുത്ത വനഭൂമി 2023-24 | 78 |
| പട്ടിക 33 | വനഭൂമി കയ്യേറ്റ വിവരങ്ങൾ 2023-24 | 80 |
| പട്ടിക 34 | കാറ്റഗറി തിരിച്ചുള്ള പരിശീലന വിവരങ്ങൾ | 82 |
| പട്ടിക 35 | വിവിധ പരിശീലന പരിപാടികളിൽ പങ്കെടുത്തവർ 2023-24 | 83 |
| പട്ടിക 36 | സ്വകാര്യ വനവൽക്കരണത്തിനുള്ള പ്രോൽസാഹന തുക വിവരം | 84 |

| പട്ടിക നം. | വിശദാംശങ്ങൾ | പേജ് നം. |
|---|---|---|
| പട്ടിക 37 | വിദ്യാവനം സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെ പട്ടിക 2023-24 | 85 |
| പട്ടിക 38 | എഫ്.സി.എ 1980 പ്രകാരം പരിവർത്തിതമാക്കപ്പെട്ട വനഭൂമി 2023-24 | 88 |
| പട്ടിക 39 | CAMPA ഫണ്ട് ലക്ഷ്യവും നേട്ടവും 2023-24 | 90 |
| പട്ടിക 40 | ഫോറസ്റ്റ് ഇന്റലിജൻസ് സെൽ പിടിച്ചെടുത്ത കള്ളക്കടത്തു വസ്തുക്കൾ 2023-24 | 91 |
| പട്ടിക 41 | വിജിലൻസ് വിഭാഗം അന്വേഷിച്ച പരാതികൾ/ ക്രമക്കേടുകൾ 2023-24 | 94 |
| പട്ടിക 42 | വർക്കിംഗ് പ്ലാനുകളുടെ 31.3.2024 വരെയുള്ള സ്ഥിതി | 97 |
| പട്ടിക 43 | തേക്ക് വിത്തുൽപാദന പ്രദേശങ്ങളുടെ (TSPA) വിശദാംശങ്ങൾ 2023-24 | 98 |
| പട്ടിക 44 | 2019-20 മുതൽ 2023-24 വരെയുള്ള ബജറ്റ് വിഹിതം അനുവദിച്ചത്/ചെലവ് ഇനത്തിലെ താരതമ്യനില | 101 |
| പട്ടിക 45 | 2022-23, 2023-24 വർഷങ്ങളിലെ പദ്ധതികളുടെ സെക്ടർ തിരിച്ചുള്ള ബഡ്ജറ്റ് വിഹിതവും ചെലവും (രൂപ കോടിയിൽ) | 101 |
| പട്ടിക 46 | പ്ലാൻ സ്കീമുകൾക്ക് കീഴിലുള്ള സാമ്പത്തിക പുരോഗതി | 102 |
| പട്ടിക 47 | പ്ലാൻ സ്കീമുകളുടെ സാമ്പത്തിക നേട്ടങ്ങൾ2023-24 | 102 |
| പട്ടിക 48 | നോൺ-പ്ലാൻ സ്കീമുകളിലെ സാമ്പത്തിക നേട്ടങ്ങൾ 2023-24 | 109 |
| പട്ടിക 49 | തടി, മറ്റ് വനോൽപന്നങ്ങൾ എന്നിവയിൽ നിന്നുള്ള വരുമാനം | 112 |
| പട്ടിക 50 | 2019-20 മുതൽ 2023-24 വരെയുള്ള വരുമാനം (കോടിയിൽ) | 113 |
| പട്ടിക 51 | വന വരുമാനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക വിവരങ്ങൾ | 113 |
| പട്ടിക 52 | 31.3.2024 വരെയുള്ള റോഡുകളുടെ വിവരം | 114 |
| പട്ടിക 53 | 31.03.2024 വരെയുള്ള കെട്ടിടങ്ങളുടെ കണക്ക് | 114 |
| പട്ടിക 54 | 31.03.2024 വരെയുള്ള വാഹനങ്ങളുടെ കണക്ക് | 115 |
| പട്ടിക 55 | 2023-24-ൽ വാങ്ങിയതും ഒഴിവാക്കിയതുമായ വാഹനങ്ങളുടെ വിവരം | 116 |
| പട്ടിക 56 | 31.03.2024 വരെയുള്ള ആയുധങ്ങളുടേയും വെടിക്കോപ്പുകളുടേയും കണക്ക് | 117 |
| പട്ടിക 57 | വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട വിവരാവകാശ ഓഫീസർമാരുടെയും അപ്പീൽ അധികാരികളുടെയും പേരും മേൽവിലാസവും | 126 |
| പട്ടിക 58 | സെക്ഷൻ 4(1) (b) പ്രകാരം സ്വയം വെളിപ്പെടുത്തൽ | 128 |
| പട്ടിക 59 | പൊതുവിവരാവകാശ ഓഫീസർമാർ/അപ്പലേറ്റ് അധികാരികളുടെ ഉദ്യോഗപ്പേര് | 129 |
| പട്ടിക 60 | വിവരാവകാശ അപേക്ഷകളിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ നിരസിച്ചവ/തീർപ്പ് കൽപ്പിച്ചവയുടെ എണ്ണം | 129 |
| പട്ടിക 61 | പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ നിരസിച്ച കേസുകളുടെ എണ്ണം | 129 |
| പട്ടിക 62 | നിയോഗിക്കപ്പെട്ട അപ്പലേറ്റ് അധികാരികൾ തീർപ്പാക്കിയ അപ്പീലുകൾ | 129 |
| പട്ടിക 63 | പിഴ ചുമത്തിയതും ഈടാക്കിയതും | 130 |
| പട്ടിക 64 | പൊതു അധികാരികൾ ഈടാക്കിയ ചെലവ്, ഫീസ്, ചാർജ്ജുകൾ എന്നിവയുടെ ചുരുക്കം | 130 |
| പട്ടിക 65 | ആഭ്യന്തര പരിശോധന / പരിഹരിക്കൽ 2023-24 | 131 |
| പട്ടിക 66 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരിശോധന / പരിഹരിക്കൽ 2023-24 | 131 |
| പട്ടിക 67 | ഔദ്യോഗികഭാഷ ഉപയോഗത്തിന്റെ വ്യാപ്തി | 133 |
| പട്ടിക 68 | വകുപ്പുതല ഭാഷാസമിതി വിവരം | 133 |
| പട്ടിക 69 | വകുപ്പുതല പരിഭാഷ സെൽ | 134 |
| പട്ടിക 70 | സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ പുരോഗതി 31.03.2024 | 135 |
| പട്ടിക 71 | 31.03.2024-ലെ വനിതാ പരാതി പരിഹാരസെൽ | 135 |
| പട്ടിക 72 | ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകളുടെ വിവരം | 138 |

# അധ്യായം 1
# കേരളത്തിലെ വനപരിപാലനത്തിന്റെ ചരിത്രവും പരിണാമവും

## 1.1 കേരള വനംവകുപ്പിന്റെ പരിണാമം

കേരളത്തിൽ മനുഷ്യവാസം ആരംഭിച്ചിട്ട് ഏകദേശം 50,000 വർഷം ആയിട്ടുണ്ടെന്നാണ് കണക്കാക്കുന്നത്. ജനസംഖ്യ തുലോം കുറവായ ആദ്യ കാലങ്ങളിൽ മനുഷ്യൻ പ്രകൃതിയുടെ മേൽ കാര്യമായ ഇടപെടലുകൾ നടത്തിയിരുന്നില്ല. എന്നാൽ കഴിഞ്ഞ 2000 വർഷങ്ങൾക്കുള്ളിൽ വലിയ തോതിൽ കേരളത്തിന്റെ സ്വഭാവിക പ്രകൃതിയെ മനുഷ്യൻ കൃഷിക്കും, വാസസ്ഥലത്തിനും വേണ്ടി വലിയ തോതിൽ പരിവർത്തനം ചെയ്തിട്ടുണ്ട്. ആദികാലങ്ങളിൽ കേരളത്തിന്റെ തീരപ്രദേശവും പിന്നീട് ഇടനാടും മലനാടും ക്രമേണ പരിവർത്തനത്തിന് വിധേയമായി. പുതിയ കാർഷിക വിളകളുടെ ആവിർഭാവത്തോടെ സ്വഭാവിക വനങ്ങളും പ്രകൃതിയും പരിവർത്തനത്തിന് വിധേയമായി. 19-ാം നൂറ്റാണ്ടിൽ വ്യവസായിക അടിസ്ഥാനത്തിൽ തടിയും മറ്റ് വനവിഭവങ്ങളും ശേഖരിക്കാൻ ആരംഭിച്ചതും വിവിധ തോട്ടവിളകളുടെ വ്യാപനവും ഈ പരിവർത്തനത്തിന് ആക്കം കൂട്ടുകയുണ്ടായി. 20-ാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ ആരംഭിച്ച കുടിയേറ്റവും വനമേഖലയിൽ ജനവാസ കേന്ദ്രങ്ങളുടെ ആവിർഭാവത്തിന് ആക്കം കൂട്ടി.

19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളത്തിന്റെ ഭൂവിസ്തൃതിയുടെ വലിയ ഭാഗവും വനമായിരുന്നുവെന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പിൽകാലത്ത് വിവിധ ആവശ്യങ്ങൾക്കായി വൻതോതിൽ വനം വിനിയോഗിക്കപ്പെടുകയുണ്ടായി. 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽത്തന്നെ കൂടുതൽ വനങ്ങളെ റിസർവായി പ്രഖ്യാപിക്കാൻ തുടങ്ങി. ഇതിന്റെയൊക്കെ ഫലമായി 20-ാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ കേരളത്തിന്റെ വനവിസ്തൃതി 29 ശതമാനത്തോളമായി കുറഞ്ഞു.

## 1.2 സ്വാതന്ത്ര്യത്തിനുമുമ്പുള്ള കേരള വനപരിപാലനം

**പട്ടിക 1**
**സ്വാതന്ത്ര്യത്തിനുമുമ്പുള്ള കേരള വനപരിപാലനം**

| ക്രമ നം. | പ്രദേശം | ഭരണനിയന്ത്രണം | നിലവിലിരുന്നനിയമങ്ങൾ |
|---|---|---|---|
| 1 | മലബാർ | ബ്രിട്ടീഷ് ഭരണം | മദ്രാസ് ഫോറസ്റ്റ് ആക്ട്,1882 |
| 2 | കൊച്ചി സംസ്ഥാനം | കൊച്ചിരാജാവ് | കൊച്ചി ഫോറസ്റ്റ് റെഗുലേഷൻ ആക്ട്,1903 |
| 3 | തിരുവിതാംകൂർ സംസ്ഥാനം | തിരുവിതാംകൂർ രാജാവ് | തിരുവിതാംകൂർ ഫോറസ്റ്റ് ആക്ട്, 1887 |

## 1.3 സ്വാതന്ത്ര്യത്തിനുശേഷമുള്ള കേരള വനപരിപാലനം

- തിരുവിതാംകൂർ, കൊച്ചി സംസ്ഥാനങ്ങൾ 1949 ജൂലായ് 1-ന് പുനഃസംഘടിപ്പിക്കപ്പെട്ടപ്പോൾ വനം വകുപ്പിന് എട്ട് വനം ഡിവിഷനുകൾ ഉണ്ടായിരുന്നു. അവ തിരുവനന്തപുരം, കൊല്ലം, ചെങ്കോട്ട (ഇപ്പോൾ തമിഴ്നാട്), കോന്നി, കോട്ടയം, മലയാറ്റൂർ, ചാലക്കുടി, തൃശ്ശൂർ എന്നിവയായിരുന്നു.
- 1950-കളുടെ തുടക്കത്തിൽ ഈ ഡിവിഷനുകളെ കൊല്ലവും തൃശ്ശൂരും ആസ്ഥാനങ്ങളായ രണ്ട് ടെറിട്ടോറിയൽ സർക്കിളുകൾക്ക് കീഴിലാക്കി. 1956-ലെ സംസ്ഥാന പുനഃസംഘടന ആക്ടിന്റെ അടിസ്ഥാനത്തിൽ, മുമ്പത്തെ രാജഭരണ സംസ്ഥാനങ്ങളായിരുന്ന തിരുവിതാംകൂർ, കൊച്ചി, മലബാർ (മുൻപ് മദ്രാസ് പ്രസിഡൻസിയുടെ ഭാഗം) എന്നിവ ലയിപ്പിച്ചതോടെ, വനം വകുപ്പും കൊല്ലം, ചാലക്കുടി, കോഴിക്കോട് എന്നിങ്ങനെ മൂന്ന് ടെറിട്ടോറിയൽ സർക്കിളുകളായി പുനഃസംഘടിപ്പിക്കപ്പെട്ടു.
- ഈ മൂന്ന് സർക്കിളുകളുടെ കീഴിലായി പതിനാല് വനം ഡിവിഷനുകൾ ഉണ്ടായിരുന്നു. കൊല്ലം സർക്കിളിന്റെ ഭാഗമായി തിരുവനന്തപുരം, തെന്മല, പുനലൂർ, കോന്നി, റാന്നി എന്നിവയും, ചാലക്കുടി സർക്കിളിന്റെ ഭാഗമായി കോട്ടയം, മലയാറ്റൂർ, ചാലക്കുടി, തൃശ്ശൂർ എന്നിവയും, കോഴിക്കോട് സർക്കിളിന്റെ ഭാഗമായി നെന്മാറ, പാലക്കാട്, നിലമ്പൂർ, കോഴിക്കോട്, വയനാട് എന്നിവയായിരുന്നു ആ ഡിവിഷനുകൾ.
- ഈ ഡിവിഷനുകളുടെയും വനാതിർത്തികൾ 27.06.1958ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 683/ കൃഷി-വനം (എ) പ്രകാരം വിജ്ഞാപനം ചെയ്തിരുന്നു.

## 1.4 1988-നു ശേഷമുള്ള കേരള വനപരിപാലനം

മാതൃകാപരമായ മാറ്റങ്ങളോടെ 1988-ലെ ദേശീയവനനയം നിലവിൽ വന്നു. പങ്കാളിത്ത വനപരിപാലനത്തിലൂടെ (PFM), പാരിസ്ഥിതിക നീതിനിഷ്ഠ പാലിച്ചുകൊണ്ടുതന്നെ വനത്തിലും അതിനോട് ചേർന്ന പ്രദേശങ്ങളിലും വസിക്കുന്ന

ജനങ്ങളുടെ പങ്കാളിത്തത്തോടെ, ഇന്ത്യയിലെ വനങ്ങളും അവയുടെ ജൈവവൈവിധ്യവും പരിരക്ഷിക്കുക എന്നതാണ് ഈ പുതിയനയം കൊണ്ട് ഉദ്ദേശിക്കുന്നത്.

## 1.5 വനം വകുപ്പിന്റെ വിപുലീകരണം

- പുതുതായി രൂപീകരിക്കപ്പെട്ട അഞ്ച് സ്പെഷ്യൽ ഡിവിഷനുകളായ ടീക്ക് പ്ലാന്റേഷൻ ഡിവിഷൻ-പറമ്പിക്കുളം, ലെയ്സൺ ഡിവിഷൻ-സുങ്കം, ഗ്രാസ്സ്ലാന്റ് അഫോറസ്റ്റേഷൻ ഡിവിഷൻ-പമ്പ (പീരുമേട്), ഹൈഡെൽ ഡിവിഷൻ-കോട്ടയം, ട്രാംവേ ഡിവിഷൻ-ചാലക്കുടി എന്നിവ ഉൾപ്പെടുത്തി ഒരു പുതിയ ഡെവലപ്‌മെന്റ് സർക്കിൾ 1960 ൽ തൃശ്ശൂർ ആസ്ഥാനമായി രൂപീകരിക്കപ്പെട്ടു.
- ഇപ്പോൾ, സംസ്ഥാന വന പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, (SFTI) എന്ന് പുനർനാമകരണം ചെയ്യപ്പെട്ടിരിക്കുന്ന കേരള ഫോറസ്റ്റ് സ്കൂൾ ഈ ഡെവലപ്‌മെന്റ് സർക്കിളിന്റെ കീഴിൽ, 1961-ൽ പാലക്കാട് ജില്ലയിലെ വാളയാറിൽ സ്ഥാപിതമായി.
- സാമ്പത്തിക മൂല്യം കുറഞ്ഞ വിവിധ വൃക്ഷങ്ങൾ ഉൾപ്പെടുന്ന കാടുകൾ നീക്കി അവയ്ക്ക് പകരം സാമ്പത്തികമൂല്യമുള്ള തേക്ക്, മറ്റ് ഇനങ്ങൾ മുതലായവയുടെ തോട്ടങ്ങൾ വൻതോതിൽ വച്ചുപിടിപ്പിക്കണമെന്ന ലക്ഷ്യത്തോടെ, 1964-65-ൽ കല്ലാർവാലി തേക്ക് പ്ലാന്റേഷൻ- (അച്ചൻകോവിൽ) ഡിവിഷൻ, തേക്ക് പ്ലാന്റേഷൻ ഡിവിഷൻ - ഇടമലയാർ, പാക്കിംഗ് പേപ്പർ സ്കീം ഡിവിഷൻ - കാലടി, ഇന്റസ്ട്രിയൽ പ്ലാന്റേഷൻ ഡിവിഷൻ-പെരുമ്പാവൂർ എന്നീ നാല് സ്പെഷ്യൽ ഡിവിഷനുകൾ കൂടി മുൻപറഞ്ഞ ഡെവലപ്‌മെന്റ് സർക്കിളിന്റെ കീഴിൽ രൂപീകരിക്കപ്പെട്ടു.
- തൃശ്ശൂർ ആസ്ഥാനമായി ഒരു ഇൻഡസ്ട്രിയൽ പ്ലാന്റേഷൻ സർക്കിൾ (IPC) 1965 ജൂലൈയിൽ രൂപീകൃതമായി. ടി സർക്കിളിനു കീഴിലെ ഡിവിഷനുകൾ പെരുമ്പാവൂർ, പെരുമുഴി, കാലടി, വാഴച്ചാൽ, കോതമംഗലം എന്നിവയായിരുന്നു. പിന്നീട്, ചാലക്കുടി-ട്രാംവെ ഡിവിഷൻ ഒഴിവാക്കിയും, ഫോറസ്റ്റ് സ്കൂളിനെ ഉൾപ്പെടുത്തിയും, ഡെവലപ്‌മെന്റ് സർക്കിളിനു കീഴിലുണ്ടായിരുന്ന ഡിവിഷനുകളെ ഏഴായി ചുരുക്കുകയുണ്ടായി. ഇതേ തുടർന്ന്, 1.4.1968-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 1136/68 അഗ്രി പ്രകാരം ഡെവലപ്‌മെന്റ് സർക്കിൾ നിർത്തലാക്കപ്പെട്ടു. അതിന്റെ ഭാഗമായിരുന്ന ഏഴു ഡിവിഷനുകൾ ടെറിട്ടോറിയൽ സർക്കിളുകളുടെ പരിധിയിൽ കൊണ്ടുവരികയും ചെയ്തു.
- കോഴിക്കോട് ആസ്ഥാനമായി 1971-ൽ ഒരു നിക്ഷിപ്തവന (സ്പെഷ്യൽ) സർക്കിൾ സ്ഥാപിതമായി. ഇതിന് നാല് സ്പെഷ്യൽ ഡിവിഷനുകൾ ഉണ്ടായിരുന്നു - പാലക്കാട്, നിലമ്പൂർ, കോഴിക്കോട്, തലശ്ശേരി എന്നിവ. കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്ട് 1971 പ്രകാരം, സർക്കാരിൽ നിക്ഷിപ്തമാക്കിയ വനഭൂമികളുടെ പരിപാലനമായിരുന്നു ഈ സർക്കിളിന്റെ ലക്ഷ്യം.
- ശ്രീലങ്കൻ അഭയാർഥികൾക്ക് സ്ഥിരജോലി നൽകുന്നതിനായി റബ്ബർ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനു വേണ്ടി പുനലൂർ ആസ്ഥാനമായി റബ്ബർ പ്ലാന്റേഷൻ സർക്കിൾ 1971-ൽ രൂപീകരിക്കപ്പെട്ടു. എന്നാൽ, 1976-ൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്, പുനലൂർ എന്ന പേരിൽ ലിമിറ്റഡ് കമ്പനിയായി ഈ ഡിവിഷനെ മാറ്റിയതിനാൽ, പിന്നീട് ഈ സർക്കിളിന്റെ പ്രവർത്തനം അവസാനിപ്പിച്ചു.
- വകുപ്പിന്, 1972-ൽ ഉണ്ടായിരുന്നത് ദക്ഷിണ, മധ്യ, ഉത്തര ടെറിട്ടോറിയൽ സർക്കിളുകളായിരുന്നു. കൂടാതെ താഴെപ്പറയുന്ന പ്രവർത്തന സർക്കിളുകളും (Functional Circles) ഉണ്ടായിരുന്നു.

  (i) വർക്കിംഗ് പ്ലാനും റിസർച്ചും (WP & R) സർക്കിൾ.

  (ii) ഇന്റസ്ട്രിയൽ പ്ലാന്റേഷൻ സർക്കിൾ (IPC).

  (iii) സ്പെഷ്യൽ സർക്കിൾ, കോഴിക്കോട്.

  (iv) വിജിലൻസ് & ഇവാല്യുവേഷൻ സർക്കിൾ.

  (v) റബ്ബർ പ്ലാന്റേഷൻ സർക്കിൾ.

- അക്കാലത്ത്, വകുപ്പിൽ രണ്ട് മുഖ്യവനപാലകർ (CCF) ഉണ്ടായിരുന്നു. ഇതുകൂടാതെ, ആസൂത്രണം, വ്യവസായം എന്നീ വിഭാഗങ്ങൾക്കായി, 1972-ൽ കൺസർവേറ്റർമാരുടെ രണ്ടു തസ്തികകൾ കൂടി സൃഷ്ടിക്കപ്പെട്ടു.
- പൊതുലേലത്തിലൂടെ തടി വിൽക്കുന്നതിനുവേണ്ടി അസിസ്റ്റന്റ് വനം കൺസർവേറ്ററുടെ (ACF) നേതൃത്വത്തിൽ പ്രത്യേക തടിവിൽപ്പന ഡിവിഷനുകൾ രൂപീകരിക്കപ്പെടുകയും, 1977 ഡിസംബറിൽ ബന്ധപ്പെട്ട ടെറിട്ടോറിയൽ സർക്കിളുകളുടെ കീഴിൽ ഗവൺമെന്റ് തടി ഡിപ്പോകളിലൂടെ തടി വിൽപ്പനയ്ക്കായി തിരുവനന്തപുരം, പുനലൂർ, പെരുമ്പാവൂർ, കോഴിക്കോട് എന്നിവിടങ്ങൾ ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.
- കൊല്ലം സർക്കിളിൽ പത്തനാപുരം ഡിപ്പോയും, തൃശ്ശൂർ സർക്കിളിൽ മുടിക്കൽ ഡിപ്പോയും, കോഴിക്കോട് സർക്കിളിൽ കല്ലായി ഡിപ്പോയും കേരളത്തിൽ എല്ലായിടത്തും നിന്ന് ഈട്ടിത്തടി സംഭരിക്കുന്നതിനും അവ വിപണനം നടത്തുന്നതിനുമുള്ള കേന്ദ്ര ഡിപ്പോകളായി 31.03.1973 ൽ വിജ്ഞാപനം ചെയ്യപ്പെട്ടു.
- നിലവിൽ തിരുവനന്തപുരം, പുനലൂർ, കോട്ടയം, പെരുമ്പാവൂർ, പാലക്കാട്, കോഴിക്കോട് എന്നിങ്ങനെ ആറ് തടി വിൽപ്പന ഡിവിഷനുകളുണ്ട്. ഈ ഡിവിഷനുകളുടെ കീഴിലായി 28 തടി ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്.
- കണ്ണൻ ദേവൻ ഹിൽസ് (KDH) (റിസംപ്ഷൻ ഓഫ് ലാന്റ്സ്) ആക്ട് പ്രകാരം റവന്യൂ വകുപ്പ് വീണ്ടെടുത്ത് വനം വകുപ്പിന് കൈമാറിയ 22,253 ഏക്കർ ഭൂമിയുടെ സംരക്ഷണത്തിനായി 15.04.1980-ൽ മാങ്കുളം സ്പെഷ്യൽ ഡിവിഷൻ രൂപീകരിച്ചു.
- റവന്യൂ വകുപ്പിൽ നിന്ന് ഇങ്ങനെ കൈമാറി ലഭിച്ചതും, അതിനുശേഷം, മാങ്കുളം ഡിവിഷന്റെ സംരക്ഷണ

ത്തിലുമായിരുന്ന മുഴുവൻ ഭൂമിയും കേരള വനം ആക്ട്, 1961-ലെ സെക്ഷൻ 4 പ്രകാരം റിസർവ്വ് വനമായി 24.5.2006-ലെ (സാധാരണ) സർക്കാർ ഉത്തരവ് നം. 384/2007/എഫ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടു.

- ഇൻഡസ്ട്രിയൽ പ്ലാന്റേഷൻ സർക്കിൾ (IPC)-ഉം ചാലക്കുടി (തൃശ്ശൂർ) ടെറിട്ടോറിയൽ സർക്കിളും 07.02.1981-ലെ 34/81/എഡി നമ്പർ (സാധാരണ) സർക്കാർ ഉത്തരവിനെ തുടർന്ന് പുനഃസംഘടിപ്പിക്കപ്പെട്ടതിന്റെ ഫലമായി ഐ.പി.സി. നിർത്തലാക്കിയപ്പോൾ, കോട്ടയം ആസ്ഥാനമായി ഹൈറേഞ്ച് സർക്കിൾ (HRC) എന്ന പേരിൽ ഒരു ടെറിട്ടോറിയൽ സർക്കിൾ രൂപീകൃതമായി.
- അങ്ങനെ, കോട്ടയം, കോതമംഗലം, മൂന്നാർ, മാങ്കുളം ടെറിട്ടോറിയൽ ഡിവിഷനുകൾ ഹൈറേഞ്ച് സർക്കിളിനു കീഴിൽ കൊണ്ടുവന്നപ്പോൾ, തൃശ്ശൂർ, ചാലക്കുടി, വാഴച്ചാൽ, മലയാറ്റൂർ ടെറിട്ടോറിയൽ ഡിവിഷനുകൾ തൃശ്ശൂർ സെൻട്രൽ സർക്കിളിൽ നിലനിർത്തപ്പെട്ടു. പാലക്കാട്, നെന്മാറ, ടെറിട്ടോറിയൽ ഡിവിഷനുകളിലും, പാലക്കാട് നിക്ഷിപ്തവനം ഡിവിഷനിലും ഉൾപ്പെട്ടിരുന്ന സംരക്ഷിതവനങ്ങളെയും നിക്ഷിപ്തവനങ്ങളെയും, 1989-ൽ ലയിപ്പിച്ച് പാലക്കാട്, നെന്മാറ, മണ്ണാർക്കാട് ടെറിട്ടോറിയൽ ഡിവിഷനുകളായി പുനഃസംഘടിപ്പിക്കുകയുണ്ടായി. സർക്കാരിന്റെ 28.12.1989-ലെ ഉത്തരവ് (കയ്യെഴുത്ത്) നം. 121/89/എഫ്. ഡബ്ല്യൂ.എൽ.ഡി പ്രകാരമാണ് ഈ ഡിവിഷനുകൾ പ്രാബല്യത്തിൽ വന്നത്.
- അടുത്തടുത്ത് ചേർന്നുവരുന്ന ഡിവിഷനുകളിലും റേഞ്ചുകളിലും ഉൾപ്പെടുന്ന പ്രദേശങ്ങളെ ഭരണനിർവ്വഹണ യൂണിറ്റുകളായി ബലപ്പെടുത്തുന്നതിലൂടെ മെച്ചപ്പെട്ട ഭരണനിർവ്വഹണ സൗകര്യവും വനസംരക്ഷണവും ഉറപ്പുവരുത്താനും, അവയുടെ അതിർത്തികളെ ജില്ലാ, താലൂക്ക് അതിർത്തികളുമായി അനുക്രമപ്പെടുത്താനും ഉദ്ദേശിച്ചായിരുന്നു പുനഃസംഘടന നടത്തിയത്.
- മറ്റൊരു പ്രധാനപ്പെട്ട ഘടനാമാറ്റം വകുപ്പിൽ ഉണ്ടായത് 1990-ലായിരുന്നു. അന്ന്, നിലമ്പൂർ (ടെറിട്ടോറിയൽ) ഡിവിഷനെയും, നിലമ്പൂർ (സ്പെഷ്യൽ) ഡിവിഷനെയും, പുനഃസംഘടിപ്പിക്കുകയും, തൽഫലമായി നിലമ്പൂർ (വടക്ക്), നിലമ്പൂർ (തെക്ക്) എന്നിങ്ങനെ രണ്ടു ഡിവിഷനുകൾ രൂപപ്പെടുകയും ചെയ്തു.
- അഞ്ച് ടെറിട്ടോറിയൽ ഡിവിഷനുകൾ ഒലവക്കോട് (പാലക്കാട്) ആസ്ഥാനമായി പുതുതായി രൂപീകരിക്കപ്പെട്ട (1.4.1988) ഈസ്റ്റേൺ സർക്കിളിന്റെ കീഴിലാക്കപ്പെട്ടു.
- ഇത്തരത്തിൽ കോഴിക്കോട്, തലശ്ശേരി സ്പെഷ്യൽ ഡിവിഷനുകളിലെ നിക്ഷിപ്തവനങ്ങളും, കോഴിക്കോട്, വയനാട് ടെറിട്ടോറിയൽ ഡിവിഷനുകളും കൂട്ടിച്ചേർത്ത് ടെറിട്ടോറിയൽ പദവിയോടെ കോഴിക്കോട്, വയനാട് (വടക്ക്) വയനാട് (തെക്ക്), കണ്ണൂർ എന്നീ ഡിവിഷനുകളായി പുനഃസംഘടിപ്പിക്കപ്പെട്ടു. ഭരണനിർവഹണ യൂണിറ്റുകൾ ഒതുക്കമുള്ളതാക്കുകയും, ഡിവിഷന്റെയും റേഞ്ചിന്റെയും അതിർത്തികളെ ജില്ലാതാലൂക്ക് അതിർത്തികളുമായി അനുരൂപപ്പെടുത്തുകയും ചെയ്യുക എന്നതായിരുന്നു ഈ പുനഃസംഘടനയുടെ ഉദ്ദേശ്യം.
- കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ റവന്യൂജില്ലകൾ 1990-ൽ പുനഃസംഘടിപ്പിക്കപ്പെട്ടതിനെ തുടർന്ന്, കോഴിക്കോട് വടക്കൻ സർക്കിളിന്റെയും, കോഴിക്കോട് നിക്ഷിപ്തവന സർക്കിളിന്റെയും അധികാരപരിധിയിൽ വരുന്ന ഈ ജില്ലകളിലെ വനം ഡിവിഷനുകളും പുനഃസംഘടിപ്പിക്കപ്പെട്ടു. കോഴിക്കോട്, വയനാട് (തെക്ക്), വയനാട് (വടക്ക്), കണ്ണൂർ എന്നീ ടെറിട്ടോറിയൽ ഡിവിഷനുകൾ കോഴിക്കോട് കേന്ദ്രമായുള്ള നോർത്തേൺ സർക്കിളിന്റെ അധികാരപരിധിയിൽ ഉൾപ്പെടുന്നവയാണ്. ഈ സർക്കിളിന്റെ ആസ്ഥാനം 15.6.2002-ലെ സർക്കാർ (സാധാരണ) ഉത്തരവ് നം. 170/2002 പ്രകാരം 1.6.2003-ൽ കണ്ണൂരിലേക്ക് മാറ്റുകയുണ്ടായി. പുതുതായി രൂപീകൃതമായ ഒലവക്കോട് (പാലക്കാട്) ആസ്ഥാനമായ ഈസ്റ്റേൺ സർക്കിളിന്റെ അധികാരപരിധിയിൽ പാലക്കാട്, നെന്മാറ, മണ്ണാർക്കാട്, നിലമ്പൂർ (വടക്ക്), നിലമ്പൂർ (തെക്ക്) എന്നീ ടെറിട്ടോറിയൽ ഡിവിഷനുകൾ ഉൾപ്പെടുന്നു.
- സംസ്ഥാനത്തിന്റെ തെക്കൻ അതിർത്തികളിലൂടെ വ്യാപകമായി തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിലേയ്ക്ക് വിലപിടിപ്പുള്ള തടിയും മറ്റ് വനോൽപ്പന്നങ്ങളും കള്ളക്കടത്ത് നടത്തുന്നത് തടയാൻ അച്ചൻകോവിൽ, കല്ലാർ, കാനയാർ റേഞ്ചുകൾ ചേർത്ത് 1.7.1973-ൽ അച്ചൻകോവിൽ ആസ്ഥാനമായി ഒരു പുതിയവനം ഡിവിഷൻ രൂപീകരിച്ചു. അതേസമയം, നിലവിലുണ്ടായിരുന്ന കല്ലാർവാലി തേക്കുതോട്ട സ്പെഷ്യൽ ഡിവിഷൻ നിർത്തലാക്കുകയും ചെയ്തു.
- ഇതേ രീതിയിൽ, ദുർലഭവും വംശനാശം നേരിടുന്നവയുമായ ചന്ദനമരങ്ങൾ അനധികൃതമായി മുറിച്ചു കടത്തുന്നതും, തത്ഫലമായി മറയൂർ, കാന്തല്ലൂർ, മൂന്നാർ പ്രദേശങ്ങളിലെ ചന്ദനത്തടി റിസർവുകളിലെ സ്റ്റോക്കിൽ അനുഭവപ്പെടുന്ന കുറവും കണക്കിലെടുത്ത് മറയൂർ കേന്ദ്രമാക്കി 8.6.2005-ൽ ഒരു സ്പെഷ്യൽ ചന്ദനഡിവിഷൻ രൂപീകരിച്ചു. ചന്ദനത്തിന്റെ വർധിച്ചുവരുന്ന ശോഷണം തടയാനും ഫലവത്തായ സംരക്ഷണം ഉറപ്പാക്കാനും, ഭരണ സംവിധാനം ശക്തിപ്പെടുത്താനുമാണ് ഈ പുതിയ ഡിവിഷൻ ആരംഭിച്ചത്. നിലവിലുണ്ടായിരുന്ന മറയൂർ റേഞ്ചും, അതിൽപ്പെട്ട മൂന്നാർ ഡിവിഷന്റെ കീഴിലുള്ള മറയൂർ, നാച്ചിവയൽ വനം സ്റ്റേഷനുകളും, പുതുതായി രൂപീകരിക്കപ്പെട്ട കാന്തല്ലൂർ റേഞ്ചും അതിലെ കാന്തല്ലൂർ, വണ്ണാന്തുറ വനം സ്റ്റേഷനുകളും മറയൂർ ചന്ദന ഡിവിഷനോട് കൂട്ടിച്ചേർക്കപ്പെട്ടു.
- 08.06.2005 വരെ മറയൂർ റെയിഞ്ചിലെ മറയൂർ ചന്ദന ഡിപ്പോ, മൂന്നാർ ഡിവിഷന്റെ അവിഭാജ്യ ഭാഗമായിരുന്നു. മറയൂർ ചന്ദന റിസർവ്വിൽ നിന്നും, അതോടൊപ്പം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഉള്ള ചന്ദനത്തടിയുടെ ശേഖരണം, സംസ്കരിക്കൽ, പ്രോസസിംഗ്, ഇ-ലേലത്തിലൂടെ വിറ്റഴിക്കൽ എന്നീ പ്രവർത്തികൾ ആണ് ഡിപ്പോ വഴി നടത്തിയിരുന്നത്. മറയൂർ ചന്ദന ഡിവിഷൻ പ്രത്യേകമായി രൂപീകരിച്ചതോടെ ചന്ദന ഡിപ്പോ മറയൂർ ഡിവിഷന്റെ ഭാഗമായി.
- കാസർകോട് ആസ്ഥാനമായി ഒരു പുതിയ വനം ഡിവിഷൻ 27.3.2012-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.

22/2012/ എഫ് പ്രകാരം സ്ഥാപിതമായി. അപ്രകാരം, 2007 ആയപ്പോൾ, കേരള വനം വകുപ്പിന് താഴെപ്പറയുന്ന അഞ്ച് ടെറിട്ടോറിയൽ സർക്കിളുകൾ നിലവിൽ വന്നു.

| | |
|---|---|
| 1. | **സതേൺസർക്കിൾ:** തിരുവനന്തപുരം, പുനലൂർ, കോന്നി, റാന്നി, തെന്മല, അച്ചൻകോവിൽ ഡിവിഷനുകളും, തിരുവനന്തപുരം, പുനലൂർ തടിവിൽപ്പന, (ടിമ്പർ സെയിൽസ്-TS) ഡിവിഷനുകളും ചേർന്നത്. |
| 2. | **ഹൈറേഞ്ച് സർക്കിൾ:** കോട്ടയം, കോതമംഗലം, മൂന്നാർ, മാങ്കുളം, മറയൂർ ഡിവിഷനുകളും, കോട്ടയം (TS) ഡിവിഷനും ഉൾപ്പെട്ടത്. |
| 3 | **സെൻട്രൽ സർക്കിൾ:** തൃശ്ശൂർ, മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളും, പെരുമ്പാവൂർ (TS) ഡിവിഷനും ചേർന്നത്. |
| 4 | **ഈസ്റ്റേൺ സർക്കിൾ:** പാലക്കാട്, നെന്മാറ, മണ്ണാർക്കാട്, നിലമ്പൂർ (വടക്ക്), നിലമ്പൂർ (തെക്ക്) ഡിവിഷനുകളും, പാലക്കാട് (TS) ഡിവിഷനും ഉൾപ്പെട്ടത്. |
| 5 | **നോർത്തേൺ സർക്കിൾ:** കോഴിക്കോട്, വയനാട് (വടക്ക്), വയനാട് (തെക്ക്), കണ്ണൂർ, കാസർകോഡ് ഡിവിഷനുകളും, കോഴിക്കോട് (TS)ഡിവിഷനും ഉൾപ്പെട്ടത്. |

### 1.5.1 സാമൂഹിക വനവൽക്കരണ വിഭാഗത്തിന്റെ രൂപീകരണം.

- ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് സാമൂഹിക വനവൽക്കരണ പദ്ധതി നടപ്പിലാക്കുന്നതിനായി സാമൂഹിക വനവൽക്കരണ വിഭാഗം 1982ൽ രൂപീകൃതമായി. വനമേഖലകൾക്കുപുറത്ത് വനാവരണം വർദ്ധിപ്പിക്കുകയും ജനങ്ങളിലേക്ക് കൂടുതൽ വ്യാപകമായി എത്തിപ്പെടാനുതകുന്ന ജനകേന്ദ്രീകൃത മാതൃകകൾ ഉപയോഗിക്കുകയും ചെയ്യുക എന്നതായിരുന്നു ലോകബാങ്ക് പദ്ധതിയുടെ ലക്ഷ്യം. വൃക്ഷത്തൈകൾ വിതരണം ചെയ്യുക, വഴിയോരങ്ങൾ, കനാൽതീരങ്ങൾ എന്നിവിടങ്ങളിലും റെയിൽവേലൈനുകൾ, പൊതുയിടങ്ങൾ, സർക്കാർ ഭൂമികൾ, സ്ഥാപനങ്ങളുടെ പരിസരങ്ങൾ എന്നിവിടങ്ങളിലും വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കുക, കാർഷിക വനവൽക്കരണ മാതൃകകൾ നടപ്പിലാക്കുന്നതിന് കൃഷിക്കാർക്ക് പരിശീലനം നൽകുക എന്നിവയായിരുന്നു പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- ഇതിനായി ചീഫ് ഫോറസ്റ്റ് കണസർവേറ്ററുടെ (CCF) ചുമതലയിൽ ഒരു പ്രത്യേക സാമൂഹിക വനവൽക്കരണ വിഭാഗം രൂപീകരിച്ചു. ഈ വിഭാഗത്തിനു കീഴിലായി 14 ജില്ലകളിലും ഓരോ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ACF) ചുമതലയിൽ ജില്ലാതല സാമൂഹിക വനവൽക്കരണ ഡിവിഷനുകളും രൂപീകരിച്ചു.
- ഓരോ സാമൂഹിക വനവൽക്കരണ ഡിവിഷന്റെയും കീഴിൽ റേഞ്ച് തലത്തിൽ ഓഫീസുകൾ ഉണ്ടായിരുന്നു.
- ഫോറസ്റ്റ് കൺസർവേറ്റർമാർ (CF) നേതൃത്വം നൽകുന്ന സാമൂഹിക വനവൽക്കരണ സർക്കിൾ ഓഫീസുകൾ കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിൽ 1984 ൽ രൂപീകരിക്കപ്പെട്ടു. എറണാകുളത്തെ സർക്കിൾ ഓഫീസ് 1994 ൽ നിലവിൽ വന്നു.
- തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലാതല സാമൂഹിക വനവൽക്കരണ ഡിവിഷനുകൾ കൊല്ലം സർക്കിളിന്റെ കീഴിലാണ് വരുന്നത്. അതുപോലെ ഇടുക്കി, എറണാകുളം തൃശ്ശൂർ, പാലക്കാട് എന്നിവ എറണാകുളം സർക്കിളിന്റെ കീഴിലും, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് എന്നിവ കോഴിക്കോട് സാമൂഹിക വനവൽക്കരണ സർക്കിളിന്റെ കീഴിലും ഉൾപ്പെടുന്നു.

### 1.5.2 വന്യജീവി വിഭാഗത്തിന്റെ രൂപീകരണം.

ഇന്ത്യാ ഗവൺമെന്റിന്റെ 23.9.1982 ലെ 6-14/82/എഫ്. ആർ. വൈ (ഡബ്യൂ.എൽ) കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ 2-11-1984 ലെ 319/84/എഡി നമ്പർ (സാധാരണ) സർക്കാർ ഉത്തരവ് പ്രകാരം കേരളവനം വകുപ്പിൽ ഒരു വന്യജീവി വിഭാഗം 01.03.1985 ൽ രൂപീകരിച്ചു. മുൻപറഞ്ഞ കത്തിൽ, രാജ്യത്തെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ശാസ്ത്രീയമായ ഭരണത്തിനുവേണ്ടി ഒരു പ്രത്യേക വന്യജീവി വിഭാഗം ആരംഭിക്കണമെന്ന് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കും നിർദേശം നൽകിയിരുന്നു. സംരക്ഷിത പ്രദേശങ്ങളുടെ ശാസ്ത്രീയവും സുസ്ഥിരവുമായ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേയ്ക്ക് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിലുള്ള ചീഫ് വൈൽഡ്‌ലൈഫ് വാർഡനൻ തലവനായി 1985-ൽ വന്യജീവി വിഭാഗം പ്രവർത്തനം ആരംഭിച്ചു.

കേരള വനംവകുപ്പിന് 31.3.2024-ലെ കണക്കനുസരിച്ച് 6 ദേശീയ ഉദ്യാനങ്ങളും, 18 വന്യജീവി സങ്കേതങ്ങളും ഒരു കമ്മ്യൂണിറ്റി റിസർവും വന്യജീവി വിഭാഗത്തിന്റെ ലക്ഷ്യപ്രാപ്തിക്കായി സംയുക്തമായി പ്രവർത്തിക്കുന്നു.

## പട്ടിക 2
## ദേശീയ ഉദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും വിവരങ്ങൾ

| ക്രമ നം. | പേര് | വിസ്തൃതി (കി.മീ) | രൂപീകരിച്ച വർഷം |
|---|---|---|---|
| | **ദേശീയ പാർക്കുകൾ** | | |
| 1 | ഇരവികുളം ദേശീയ ഉദ്യാനം | 97.000 | 1978 |
| 2 | പെരിയാർ ദേശീയ ഉദ്യാനം | 350.00* | 1982 |
| 3 | സൈലന്റ് വാലി ദേശീയ ഉദ്യാനം | 89.52 | 1984 |
| 4 | ആനമുടിഷോല ദേശീയ ഉദ്യാനം | 7.500 | 2003 |
| 5 | മതികെട്ടാൻഷോല ദേശീയ ഉദ്യാനം | 12.817 | 2003 |
| 6 | പാമ്പാടുംഷോല ദേശീയ ഉദ്യാനം | 1.318 | 2003 |
| | **വന്യജീവി സങ്കേതങ്ങൾ** | | |
| 1 | പെരിയാർ വന്യജീവി സങ്കേതം (കടുവ സംരക്ഷണം) | 777.00* | 1950 |
| 2 | നെയ്യാർ വന്യജീവി സങ്കേതം | 128.00 | 1958 |
| 3 | പീച്ചി-വാഴാനി വന്യജീവി സങ്കേതം | 125.00 | 1958 |
| 4 | പറമ്പിക്കുളം (കടുവ സംരക്ഷണം) | 285.00** | 1973 |
| 5. | വയനാട് വന്യജീവി സങ്കേതം | 344.479 | 1973 |
| 6 | ഇടുക്കി വന്യജീവി സങ്കേതം | 105.364 | 1976 |
| 7 | പേപ്പാറ വന്യജീവി സങ്കേതം | 53.00 | 1983 |
| 8 | തട്ടേക്കാട് പക്ഷിസങ്കേതം | 25.00 | 1983 |
| 9 | ശെന്തുരുണി വന്യജീവി സങ്കേതം | 172.403 | 1984 |
| 10 | ചിന്നാർ വന്യജീവി സങ്കേതം | 90.44 | 1984 |
| 11 | ചിമ്മിണി വന്യജീവി സങ്കേതം | 114.6 | 1984 |
| 12 | ആറളം വന്യജീവി സങ്കേതം | 55.00 | 1984 |
| 13 | മംഗളവനം പക്ഷിസങ്കേതം | 0.0274 | 2004 |
| 14 | കുറിഞ്ഞിമല സങ്കേതം | 32.00 | 2006 |
| 15 | ചൂലന്നൂർ മയിൽ സങ്കേതം | 3.42 | 2007 |
| 16 | മലബാർ വന്യജീവി സങ്കേതം | 74.215 | 2009 |
| 17 | കൊട്ടിയൂർ വന്യജീവി സങ്കേതം | 30.38 | 2011 |
| 18 | കരിമ്പുഴ വന്യജീവി സങ്കേതം | 227.97 | 2019 |
| | **കടുവ സങ്കേതം** | | |
| 1 | പെരിയാർ കടുവ സങ്കേതം | 925.675 | 2007 |

| ക്രമ നം. | പേര് | വിസ്തൃതി (കി.മീ) | രൂപീകരിച്ച വർഷം |
|---|---|---|---|
| 2 | പറമ്പിക്കുളം കടുവ സങ്കേതം | 643.66 | 2009 |
| | **കമ്മ്യൂണിറ്റി റിസർവ്** | | |
| 1 | കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ് | 1.538# | 2007 |
| | **ആകെ** | 3360.327 | |
| | **സംരക്ഷിത പ്രദേശങ്ങളുടെ വിസ്തൃതി:** | 3360.327 ച.കി.മീ. | |

* പെരിയാർ കടുവ സങ്കേതത്തിൽ ഉൾപ്പെട്ടത്.
** പറമ്പിക്കുളം കടുവ സങ്കേതത്തിൽ ഉൾപ്പെട്ടത്.
\# റവന്യൂ ഭൂമി

- 'പ്രോജക്ട് ടൈഗർ' നടപ്പിലാക്കുന്നതിനു വേണ്ടി കോട്ടയം ആസ്ഥാനമായി ഒരുവനം കൺസർവേറ്ററുടെ നേതൃത്വത്തിൽ 1978 ൽ ഒരു പ്രത്യേക ഫീൽഡ് ഡയറക്ടറേറ്റ് രൂപീകൃതമായി.
- തുടർന്ന് എല്ലാ സംരക്ഷിത പ്രദേശങ്ങളും (പ്രൊട്ടക്റ്റഡ് ഏരിയകൾ PA) വന്യജീവി വിഭാഗത്തിന്റെ കീഴിലാക്കപ്പെട്ടു. ഇവയുടെ ഭരണത്തിനായി പ്രത്യേകം വന്യജീവി ഡിവിഷനുകൾ (WLD) രൂപീകരിക്കപ്പെടുകയും ചെയ്തു. ഈ വന്യജീവി ഡിവിഷനുകൾ ഫീൽഡ് ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ചു.
- 1992 മാർച്ചിൽ വനവത്കരണം, പരിസ്ഥിതി പുനഃസ്ഥാപനം, വന്യജീവി സംരക്ഷണം, വന്യജീവി മേഖലയിലെ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്കായി തിരുവനന്തപുരം വനം ഡിവിഷനിൽ 5 കോടി രൂപ മുതൽ മുടക്കുള്ള എ.ബി.പി. പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് (ABP) സർക്കിൾ രൂപീകൃതമായി. തിരുവനന്തപുരം, ശെന്തുരുണി വന്യജീവി ഡിവിഷനുകൾ (നെയ്യാർ, പേപ്പാറ, ശെന്തുരുണി) തിരുവനന്തപുരം ആസ്ഥാനമായ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് (ABP) സർക്കിളിനു കീഴിൽ കൊണ്ടുവന്നു.
- കൂടാതെ, 1.1.1996-ൽ ഒലവക്കോട് (പാലക്കാട്) കേന്ദ്രമാക്കി ഒരു പുതിയ വന്യജീവി സർക്കിൾ പീച്ചി, സൈലന്റ് വാലി, പറമ്പിക്കുളം, വയനാട് വന്യജീവി ഡിവിഷനുകൾ ചേർന്ന് (പീച്ചി-വാഴാനി, പറമ്പിക്കുളം, വയനാട് വന്യജീവിസങ്കേതവും സൈലന്റ് വാലി ദേശീയ ഉദ്യാനവും) രൂപീകരിക്കപ്പെട്ടു. പിന്നീട്, 2007 ൽ ചൂലന്നൂർ മയിൽ സങ്കേതം ഇതിനോട് ചേർക്കുകയുണ്ടായി.
- സർക്കിൾ തലവന്റെ തസ്തിക ഏപ്രിൽ 2006-ൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിലേക്ക് ഉയർത്തപ്പെട്ടു.
- ഭൂപ്രകൃതി അടിസ്ഥാനമാക്കി ജൈവവൈവിധ്യ സംരക്ഷണം, വനാശ്രിത സമൂഹങ്ങളുടെ ജീവസന്ധാരണ മാർഗ്ഗങ്ങൾ, ഗവേഷണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കാനും ഏകോപിപ്പിക്കാനും നിരീക്ഷിക്കാനുമായി തുടക്കത്തിൽ ഒരു ഫോറസ്റ്റ് കൺസർവേറ്ററുടെയും, പിന്നീട് ഏപ്രിൽ 2006 ൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെയും കീഴിൽ തിരുവനന്തപുരത്ത് ജൈവ വൈവിധ്യ സെൽ രൂപീകൃതമായി. ഈ തസ്തിക 31.12.2011 മുതൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പദവിയിലേക്ക് ഉയർത്തപ്പെട്ടു.
- 2007 ഓട്ടുകൂടി വന്യജീവി വിഭാഗത്തിന്റെ കീഴിൽ പെരിയാർ (ഈസ്റ്റ്), പെരിയാർ (വെസ്റ്റ്), മൂന്നാർ, ഇടുക്കി വന്യജീവി ഡിവിഷനുകൾ ചേർന്ന് കോട്ടയത്ത് ഫീൽഡ് ഡയറക്ടറേറ്റുകളും, പീച്ചി, സൈലന്റ് വാലി, ആറളം, പറമ്പിക്കുളം, വയനാട് വന്യജീവി ഡിവിഷനുകൾ ഉൾപ്പെട്ട പാലക്കാട് വന്യജീവി സർക്കിളും, തിരുവനന്തപുരം, ശെന്തുരുണി വന്യജീവി സങ്കേതങ്ങൾ ഉൾപ്പെടുന്ന അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിളും ക്രമീകരിച്ചു.

### 1.5.3 വനം വിജിലൻസ് & ഇന്റലിജൻസ് വിഭാഗത്തിന്റെ രൂപീകരണം

വനം വകുപ്പ് നടപ്പിലാക്കിവരുന്ന പരിപാടികൾ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും, വനോൽപന്നങ്ങൾ നിയമവിരുദ്ധമായി സംഭരിച്ചു കടത്തുന്നത് യഥാസമയം കണ്ടെത്തി തടയുന്നതിനുമായി ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ വനം വിജിലൻസ് & ഇന്റലിജൻസ് വിഭാഗം 1971-ൽ സ്ഥാപിതമായി. 23.02.1971-ലെ സ.ഉ.(കൈ) നം.289/71/അഗ്രി. പ്രകാരം ആരംഭിച്ച ഈ വിഭാഗത്തിനു കീഴിൽ ഫ്ളൈയിംഗ് സ്ക്വാഡ് റെയിഞ്ച് ഉൾപ്പെടുന്നു. ഫ്ലൈയിംഗ് സ്ക്വാഡ് പുനലൂർ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട് കേന്ദ്രീകരിച്ച് 5 ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷനുകൾ ഉണ്ടായിരുന്നു. വനം വിജിലൻസ് & ഇന്റലിജൻസ് വിഭാഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനു വേണ്ടി ഫോറസ്റ്റ് കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ കോട്ടയവും കോഴിക്കോടും കേന്ദ്രീകരിച്ച് രണ്ട് ഫോറസ്റ്റ് (ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ) സർക്കിളുകൾ 1991-ൽ രൂപീകരിക്കപ്പെട്ടു. തിരുവനന്തപുരം, പുനലൂർ, ഇടുക്കി, കോതമംഗലം എന്നിങ്ങനെ കോട്ടയം വനം ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ സർക്കിളിന്റെ കീഴിൽ നാലും, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിങ്ങനെ കോഴിക്കോട് വനം ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ സർക്കിളിന്റെ കീഴിൽ നാലും ഫ്ളൈയിങ് സ്ക്വാഡ് ഡിവിഷനുകളും ഇപ്പോൾ നിലവിലുണ്ട്. വിജിലൻസ് വിഭാഗത്തിന് 4.6.2016 മുതൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നേതൃത്വം നൽകുന്നു.

### 1.5.4 വർക്കിംഗ് പ്ലാൻ & റിസർച്ച് വിഭാഗത്തിന്റെ രൂപീകരണം (Working Plan and Research (WP&R) Wing)

ടെറിട്ടോറിയൽ ഫോറസ്റ്റ് കൺസർവേറ്ററുടെ മേൽനോട്ടത്തിലാണ് 1967 വരെ വർക്കിംഗ് പ്ലാൻ തയ്യാറാക്കി വന്നിരുന്നത്. വർക്കിംഗ് പ്ലാൻ, ഗവേഷണം, പരിശീലനം എന്നിവയ്ക്കായി 26.4.1968ൽ ഒരു പ്രത്യേക വർക്കിംഗ് പ്ലാൻ സർക്കിൾ രൂപീകരിച്ചു. വർക്കിംഗ് പ്ലാൻ തയ്യാറാക്കൽ, പരിഷ്കരണം എന്നിവയ്ക്കായി 1976 മുതൽ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ കോഴിക്കോട്, തൃശ്ശൂർ, കൊല്ലം എന്നീ വർക്കിംഗ് പ്ലാൻ ഡിവിഷനുകൾ പ്രവർത്തനം ആരംഭിച്ചു.

വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതിലുണ്ടായ കാലതാമസം കണക്കിലെടുത്ത് ജിയോഗ്രഫിക്കൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ ചുമതലയിൽ മൂന്ന വർക്കിംഗ് പ്ലാൻ ഡിവിഷനുകൾ കൂടി 1981-ൽ രൂപീകരിക്കപ്പെട്ടു. സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്കും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കും പരിശീലനം നൽകുന്നതിന് 1961-ൽ വാളയാറിൽ സ്ഥാപിച്ച കേരള ഫോറസ്റ്റ് സ്കൂളും, പരിശീലനം സിദ്ധിക്കാത്ത ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം പൂർത്തിയാക്കുന്നതിലേയ്ക്ക് 1981-ൽ അരിപ്പയിൽ സ്ഥാപിച്ച കേരള ഫോറസ്റ്റ് സ്കൂളും, തിരുവനന്തപുരം കേന്ദ്രമാക്കിയുള്ള വർക്കിംഗ് പ്ലാൻ & റിസർച്ച് സർക്കിളിന്റെ കീഴിൽ കൊണ്ടുവന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്ന മലബാറിൽ 1924-ൽ വനഗവേഷണ കേന്ദ്രം ആരംഭിച്ചിരുന്നു. വനപുനരുദ്ധാരണം, വനപരിപാലനം, വനവിഭവസമാഹരണം എന്നിവയാണ് സിൽവികൾച്ചർ കൊണ്ട് ഉദ്ദേശിക്കുന്നത്. സിൽവികൾച്ചർ ഗവേഷണം നടത്തുന്നതിനായി സ്വാതന്ത്ര്യാനന്തരം തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന്റെ ഭാഗമായ കോടനാട് കേന്ദ്രമാക്കി 1952-ൽ സിൽവികൾച്ചർ ഗവേഷണകേന്ദ്രം ആരംഭിച്ചു. ഇത് 1958-ൽ തൃശ്ശൂരിലേക്കും, പിന്നീട് 1967ൽ തിരുവനന്തപുരത്തേക്കും മാറ്റുകയുണ്ടായി. ഈ ഡിവിഷനെയും വർക്കിംഗ് പ്ലാൻ & റിസർച്ച് സർക്കിളിന്റെ (WP&RC) കീഴിൽ കൊണ്ടുവന്നു. മറ്റു സംസ്ഥാനങ്ങളിലെ വനം വകുപ്പുകളിലെന്നപോലെ 1956 വരെ ഇതും സംസ്ഥാന സിൽവികൾച്ചറൽ ഓഫീസറുടെ മേൽനോട്ടത്തിലായിരുന്നു പ്രവർത്തിച്ചു വന്നിരുന്നത്. എന്നാൽ, 1957-ൽ ഈ പദവിയെ പുനർനാമകരണം ചെയ്ത് സിൽവികൾച്ചർ റിസർച്ച് ഓഫീസർ എന്നാക്കി. മുള, ഈറ, ചൂരൽ, ഔഷധസസ്യങ്ങൾ എന്നീ വനവിഭവങ്ങളുടെ കണക്കുകൾ തുടർച്ചയായി ശേഖരിക്കുന്ന വനവിഭവ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഈ ഡിവിഷന്റെ കീഴിൽ ആറ് ഫോറസ്റ്റ് റിസർച്ച് റേഞ്ചുകൾ രൂപീകരിക്കുകയുണ്ടായി.

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ മേൽനോട്ടത്തിൽ ഫോറസ്റ്റ് റിസോഴ്സ് സർവ്വെ സെൽ (Forest Resource Survey Cell-FRSC) തൃശ്ശൂർ കേന്ദ്രമായി സ്ഥാപിക്കുകയും, 29.4.1981ൽ വർക്കിംഗ് പ്ലാൻ & റിസർച്ച് സർക്കിളിന്റെ കീഴിൽ കൊണ്ടുവരികയും ചെയ്തു.

### 1.5.5 അടിസ്ഥാനസൗകര്യ മാനവശേഷി വികസനവിഭാഗത്തിന്റെ രൂപീകരണം (Infrastructure and Human Resources Development Wing)

ഫോറസ്റ്റ് സ്കൂളുകളെ, വർക്കിംഗ് പ്ലാൻ & റിസർച്ച് സർക്കിളിൽ നിന്ന് 1990-91 ൽ വേർപെടുത്തുകയും, അവ പരിശീലനവിഭാഗം ഫോറസ്റ്റ് കൺസർവേറ്ററുടെ കീഴിൽ കൊണ്ടുവരികയും ചെയ്തു. കേരള വനവൽക്കരണപദ്ധതി (കേരള ഫോറസ്ട്രി പ്രൊജക്റ്റ് 1998-2000) യുടെ നിർവ്വഹണ കാലത്ത് പരിശീലനവിഭാഗത്തെ അടിസ്ഥാനസൗകര്യ മാനവശേഷി വികസനവിഭാഗം (IHRD) എന്ന് പുനർനാമകരണം ചെയ്തു.

ഇന്തോ-ന്യൂസിലന്റ് സാങ്കേതിക സഹകരണ പദ്ധതിയുടെ ഭാഗമായി, കാട്ടുതീ തടയുന്നതിനും നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമായി വനം ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന്റെ ചുമതല പരിശീലനവിഭാഗം ഫോറസ്റ്റ് കൺസർവേറ്ററിൽ നിക്ഷിപ്തമാക്കി. അതുവരെ, 1979-ൽ കുളമാവിൽ ആരംഭിച്ച അഗ്നിപ്രതിരോധ പരിശീലന കേന്ദ്രം, വർക്കിംഗ് പ്ലാൻ & റിസർച്ച് സർക്കിളിന്റെ കീഴിലാണ് പ്രവർത്തിച്ചു വന്നിരുന്നത്.

07.09.2016 മുതൽ ഫോറസ്റ്റ് സ്കൂളുകൾ സംസ്ഥാന വനപരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന്റെ (State Forest Training Institute-SFTI) കീഴിൽ തിരുവനന്തപുരം ആസ്ഥാനമായുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർറുടെ (ഐ.എച്ച്.ആർ.ഡി) നിയന്ത്രണത്തിൻ കീഴിലാക്കി. നിലവിൽ ഈ ഫോറസ്റ്റ് സ്കൂളുകൾ അടിസ്ഥാന സൗകര്യ മാനവശേഷി വികസന വിഭാഗം കൺസർവേറ്ററുടെ നിയന്ത്രണത്തിലാണ്.

### 1.5.6 വനവിജ്ഞാന വ്യാപന വിഭാഗത്തിന്റെ രൂപീകരണം (Forest Publicity Wing)

ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ എന്ന് പിന്നീട് പുനർനാമകരണം ചെയ്യപ്പെട്ട വനവിജ്ഞാന വ്യാപന വിഭാഗം 1979-ൽ നിലവിൽ വന്നു. വനം വകുപ്പിന്റെ വക്താവായാണ് ബ്യൂറോ പ്രവർത്തിക്കുന്നത്. വനങ്ങളുടെ പ്രാധാന്യം പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്ന പ്രവർത്തനങ്ങൾ, പരിസ്ഥിതി സ്നേഹികളുടേയും വൃക്ഷസ്നേഹികളുടെയും സഹകരണം ഉറപ്പാക്കുക, സാമൂഹിക വനവൽക്കരണ പദ്ധതിയിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുക, വനവൽക്കരണവും അതിന്റെ പരിപാലനവും ഉറപ്പാക്കുന്നതിന് പൊതുജനങ്ങളുമായി നിരന്തരം ബന്ധപ്പെടുക, വനവൽക്കരണത്തെക്കുറിച്ചുള്ള അറിവ് പകർന്ന് നൽകുക, പൊതുജനങ്ങളിലേയ്ക്ക് വനംവകുപ്പിന്റെ നേട്ടങ്ങൾ പ്രചരിപ്പിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് ഈ വിഭാഗം രൂപീകരിക്കപ്പെട്ടിരിക്കുന്നത്. നിലവിൽ ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിലുള്ള ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്നു.

## 1.5.7 ഫോറസ്റ്റ് വെറ്ററിനറി യൂണിറ്റ്

ഫോറസ്റ്റ് വെറ്ററിനറി യൂണിറ്റ് 1979-80-ൽ കോന്നിയിലാണ് പ്രവർത്തനം ആരംഭിച്ചത്. ആനകളെ പാർപ്പിക്കുന്ന ക്യാമ്പുകളിൽ നിശ്ചിത ഇടവേളകളിൽ ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ (FVO) പരിശോധന നടത്തുന്നു. ആനകളുടെ ആരോഗ്യനില റിപ്പോർട്ട് ചെയ്യുക, അവയുടെ ചികിത്സ, പോസ്റ്റ്മോർട്ടം നടപടി ക്രമങ്ങൾ, സ്വകാര്യ വ്യക്തികളുടെ ആനകൾക്ക് മൈക്രോ ചിപ്പ് പിടിപ്പിക്കുക എന്നിവയിൽ ഫോറസ്റ്റ് ഓഫീസർമാരെ സഹായിക്കുക എന്നിവയാണ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറുടെ ചുമതല. ആനിമൽ റെസ്ക്യൂ കേന്ദ്രങ്ങൾ പരിശോധിക്കുകയും അവിടങ്ങളിലെ മൃഗങ്ങളുടെ ആരോഗ്യനില ഉറപ്പുവരുത്തുകയും ചെയ്യുക എന്നതും ഫോറസ്റ്റ് വെറ്ററിനറി ഓഫീസറുടെ ചുമതലയിൽപ്പെടുന്നു. വന്യമൃഗങ്ങളുടെ ചികിത്സയും ഇദ്ദേഹത്തിന്റെ ചുമതലയാണ്.

20.3.2017-ലെ ഗവ. ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 12/2017/വനം പ്രകാരം ഒരു സുസജ്ജമായ ഫോറസ്റ്റ് വെറ്ററിനറി യൂണിറ്റ് സ്ഥാപിക്കുകയും ഒരു ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറിനേയും അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർമാരെയും നിയമിക്കുകയും ചെയ്തു.

## 1.5.8 ഫോറസ്റ്റ് മിനി സർവെ യൂണിറ്റ്

അസിസ്റ്റന്റ് ഡയറക്ടർ മേധാവിയായി കോഴിക്കോട് കേന്ദ്രമായി 28.7.1982-ൽ ഒരു വനം മിനി സർവെ യൂണിറ്റ് സ്ഥാപിതമായി. പുതിയ വനം അതിരുകളുടെ സർവെ നടത്തുക, പഴയ നിക്ഷിപ്ത വനാതിർത്തികളുടെ അതിരുകൾ പുനഃക്രമീകരിക്കുക, നിക്ഷിപ്ത വനങ്ങൾക്കുള്ളിലെ ഉന്നതി പാട്ടഭൂമികളും സ്ഥിരമായി പതിച്ചുകൊടുത്ത ഭൂമികളും പുനഃക്രമീകരിക്കുക, എന്നീ ഉത്തരവാദിത്തങ്ങൾ ഈ യൂണിറ്റിന് ഉണ്ട്. സർവ്വെ വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 8 ഡ്രാഫ്റ്റ്സ്മാൻമാർ ഉൾപ്പെടെ 18 സർവെയർമാരും, ഒരു ഹെഡ് ഡ്രാഫ്റ്റ്സ്മാനും രണ്ട് ഹെഡ് സർവെയർമാരും, രണ്ടു സർവെ സൂപ്രണ്ടുമാരും, സർവെ അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്നു.

## 1.5.9 ഫോറസ്റ്റ് സ്റ്റേഷൻ സംവിധാനം

ബീറ്റ്-സെക്ഷൻ സംവിധാനത്തിനു ബദലായി പൊലീസ് സ്റ്റേഷൻ മാതൃകയിൽ 1988-ൽ രാജ്യത്ത് ആദ്യമായി ഫോറസ്റ്റ് സ്റ്റേഷൻ സംവിധാനം കേരള വനം വകുപ്പ് ഏർപ്പെടുത്തുകയുണ്ടായി. ഉദ്യോഗസ്ഥരുടെ കൂട്ടായ പ്രവർത്തനം ഉപയോഗപ്പെടുത്തി കൂടുതൽ കാര്യക്ഷമമായി വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ് ഈ സംവിധാനത്തിന്റെ ലക്ഷ്യം. സംഘടിത വനം കൊള്ളക്കാരിൽ നിന്നും വനപാലകർക്ക് സംരക്ഷണം ഉറപ്പാക്കുക എന്നതും ഈ സംവിധാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ ഒന്നാണ്. വനമേഖലകളുടെ വിസ്തൃതിയും സ്വഭാവവും അനുസരിച്ച് 12 മുതൽ 16 വരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, 3 മുതൽ 5 വരെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, എന്നിവരെ ഒരു ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കീഴിൽ ഉൾപ്പെടുത്തിയാണ് സ്റ്റേഷൻ സംവിധാനം പ്രവർത്തിച്ചുവരുന്നത്. ഇപ്പോൾ, 27 ഡിവിഷനുകളിൽ, 64 റേഞ്ചുകളിലായി 125 ഫോറസ്റ്റ് സ്റ്റേഷനുകൾ പ്രവർത്തിച്ചു വരുന്നു. മറ്റു ഡിവിഷനുകളിലെ ഫോറസ്റ്റ് സ്റ്റേഷനുകളുടെ രൂപീകരണത്തിനു കൂടുതൽ സ്റ്റാഫിന്റെ തസ്തിക സൃഷ്ടിക്കൽ, നിയമനം, അടിസ്ഥാനസൗകര്യം, സാമ്പത്തികസ്ഥിതി എന്നി പരിമിതികൾ നിലനിൽക്കുന്നുണ്ട്.

## 1.5.10 സ്പെഷ്യൽ വനം കോടതികൾ

സബോർഡിനേറ്റ് കോടതികളിൽ കേസുകളുടെ വിചാരണ താമസിക്കുന്നതുമൂലം ഫീൽഡ് സ്റ്റാഫിന് വനസംരക്ഷണ പ്രവർത്തനങ്ങളിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ടാകുന്നത് പരിഗണിച്ച് മഞ്ചേരി,പുനലൂർ, തൊടുപുഴ എന്നിവിടങ്ങളിൽ സ്പെഷ്യൽ വനം കോടതികളും, നെടുമങ്ങാട് ഒരു ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയും സ്ഥാപിച്ചിട്ടുണ്ട്.

## 1.5.11 വനം ട്രൈബ്യൂണൽ

1971-ലെ കേരള സ്വകാര്യ വനം (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ടിലെ സെക്ഷൻ 7 പ്രകാരം 1973-ൽ G.O (MS) No. 354/73/AD തീയതി 22.10.1973 പ്രകാരം ഫോറസ്റ്റ് ട്രിബ്യൂണൽ സ്ഥാപിച്ചു. ആക്ടിന് കീഴിലുള്ള ഏതൊരു ഹർജിയും ജില്ലാ കോടതികൾക്ക് പരിഗണിക്കാൻ വിലക്കുള്ളതിനാൽ, ഹർജിക്കാർ ആദ്യം ഫോറസ്റ്റ് ട്രിബ്യൂണലിനെ സമീപിക്കണം. G.O (MS) No.45/02/F&WLD തീയതി 13.08.2002 പ്രകാരം വനം വന്യജീവി വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഒരു സ്വതന്ത്ര സ്ഥാപനമാണ് ട്രിബ്യൂണൽ.

കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ്സ്) റൂൾസ് 2007 GO (P) No.3/2007/F&WLD പ്രകാരം 03.02.2007-ന് വിജ്ഞാപനം ചെയ്തു. GO (P) No.35/2007/F&WLD, തീയതി 08.06.2007 ആക്ടിലെ സെക്ഷൻ 9 പ്രകാരം കോഴിക്കോട്, പാലക്കാട്, കോട്ടയം, കൊല്ലം എന്നീ ജില്ലകളിൽ ട്രിബ്യൂണൽ രൂപീകരിച്ചിട്ടുണ്ട്. ഫസ്റ്റ് അഡീഷണൽ ഡിസ്ട്രിക്ട് കോടതി ജഡ്ജിയെ ട്രിബ്യൂണലായി നിയമിച്ചിട്ടുണ്ട്. G.o (P) No.64/2007/F&WLD തീയതി 10.10.2007 പ്രകാരം കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ്സ്) ട്രിബ്യൂണൽ റൂൾസ് 2007 തയ്യാറാക്കി.

## 1.6 കേരള വനംവകുപ്പിനു കീഴിലുള്ള സ്വയംഭരണസ്ഥാപനങ്ങൾ

### (i) സംസ്ഥാന വന വികാസ ഏജൻസി (SFDA)

21.5.2010-ലെ ഗവ. ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 23/2010/എഫ് & ഡബ്ല്യൂ.എൽ.ഡി പ്രകാരം ട്രാവൻകൂർ കൊച്ചിൻ ലിറ്ററി, സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട്, 1955 അടിസ്ഥാനമാക്കി രൂപീകരിക്കപ്പെട്ട സ്ഥാപനമാണ് സംസ്ഥാന വന വികാസ ഏജൻസി. വേറിട്ട ഭരണ സംവിധാനമില്ലാത്ത ഈ സൊസൈറ്റി കേരള വനംവകുപ്പിന്റെ കീഴിലുള്ള പരിസ്ഥിതി വികസനവും ഗോത്രവർഗക്ഷേമവും (E&TW) വിഭാഗത്തിനു കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 50 വനവികാസ ഏജൻസികളുടെ (FDA) മേൽഘടകമായാണ് സംസ്ഥാന വനവികാസ ഏജൻസി (SFDA) പ്രവർത്തിക്കുന്നത്. പങ്കാളിത്ത വനപരിപാലന (PFM) തത്വങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതി കൾ (VSS), ഇക്കോ ഡെവലപ്മെന്റ് കമ്മറ്റികൾ (EDC), ഗ്രാമ ഹരിതസമിതികൾ എന്നിങ്ങനെ അടിസ്ഥാന മേഖലകളിൽ പ്രവർത്തിക്കുന്ന 590 സമിതികളുടെ ഫെഡറേഷനാണ് സംസ്ഥാന വന വികാസ ഏജൻസി.

### (ii) വന വികാസ ഏജൻസി (FDA)

വനം ഡിവിഷൻ തലത്തിലുള്ള വനം സംരക്ഷണ സമിതികളുടെ/ഇക്കോ ഡെവലപ്മെന്റ് സമിതികളുടെ ഒരു ഫെഡറേഷൻ ആണ് വന വികാസ ഏജൻസി (FDA). ഓരോ വന വികാസ ഏജൻസിയും 1955-ലെ തിരുവിതാംകൂർ കൊച്ചി ലിറ്ററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതാണ്. ഇപ്പോൾ, സംസ്ഥാനത്ത്, 50 വനവികാസ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ഈ വന വികാസ ഏജൻസികൾ (FDA), പങ്കാളിത്ത വനപരിപാലന (PFM) സംവിധാനത്തിലൂടെ വിവിധ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

### (iii) കടുവ സംരക്ഷണ ഫൗണ്ടേഷനുകൾ

- ❖ പെരിയാർ കടുവ സംരക്ഷണ ഫൗണ്ടേഷൻ (PTCF): 4.7.2012-ലെ ഗവ. ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 73/2013/ എഫ്&ഡബ്ല്യൂ. എൽ.ഡി പ്രകാരം പെരിയാർ ഫൗണ്ടേഷനെ പെരിയാർ കടുവ സംരക്ഷണ ഫൗണ്ടേഷൻ എന്ന് പുനർനാമകരണം ചെയ്തു. കടുവയും ഇരമൃഗങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ട് ജൈവവൈവിധ്യസംരക്ഷണംഉറപ്പുവരുത്തിപെരിയാർടൈഗർറിസർവ്വ്പരിപാലിക്കുന്നതിനാവശ്യമായ സഹായ സഹകരണം ഉറപ്പുവരുത്തുക, വനാശ്രിത സമൂഹ പങ്കാളിത്തതോടെ ഇക്കോ ഡെവലപ്മെന്റ് നടപ്പിലാക്കുക, കേന്ദ്ര/സംസ്ഥാന നിയമങ്ങൾക്കനുസൃതമായി മറ്റ് ഭൂപ്രദേശങ്ങളിലും സമാന പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായ സഹകരണം നൽകുക എന്നിവയാണ് ഫൗണ്ടേഷൻ ലക്ഷ്യം വയ്ക്കുന്നത്.

- ❖ പറമ്പിക്കുളം കടുവസംരക്ഷണ ഫൗണ്ടേഷൻ (PaTCoF): പറമ്പിക്കുളം മേഖലയിലെ ആദിവാസികളെ ശാക്തീകരിക്കുന്നതിനും വനം വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതിനും രൂപീകരിക്കപ്പെട്ട പറമ്പിക്കുളം കടുവസങ്കേതത്തിന് (PKMTR) കീഴിൽ ലാഭേച്ഛയില്ലാതെയാണ് പറമ്പിക്കുളം കടുവ സങ്കേതം പ്രവർത്തിക്കുന്നത്. 1920-ലെ ചാരിറ്റബിൾ ആന്റ് റിലീജിയസ് ട്രസ്റ്റ് ആക്ട് പ്രകാരം ജനുവരി 6, 2014-ൽ ആണ് ഇത് രജിസ്റ്റർ ചെയ്തത്. 1972-ലെ വന്യജീവി (സംരക്ഷണം) ആക്ട് സെക്ഷൻ 38 നിഷ്കർഷിക്കുന്ന തരത്തിലാണ് ഈ ഫൗണ്ടേഷൻ അതിന്റെ ട്രസ്റ്റികളുടെ ബോർഡ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഭാരതസർക്കാരിന്റെ 22-6-2007-ലെ പരിസ്ഥിതിയും വനവും മന്ത്രാലയത്തിന്റെ വിജ്ഞാപനം നമ്പർ എസ്.ഒ.1008(C) നിഷ്കർഷിക്കുന്ന പ്രകാരമാണ് രജിസ്ട്രേഷൻ നടന്നിട്ടുള്ളത്.

### (iv) കേരള വന വികസന കോർപ്പറേഷൻ (KFDC)

1975-ലെ ദേശീയകാർഷിക നയത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാനങ്ങളിലും വന വികസന കോർപ്പറേഷനുകൾക്ക് രൂപം നൽകി. 14.3.1973-ലെ ഗവ. ഉത്തരവ് നമ്പർ (കയ്യെഴുത്ത്) 82/73/Ad പ്രകാരം കേരളത്തിലെ വ്യാവസായിക തോട്ടങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനും അസംസ്കൃത വനവിഭവങ്ങൾ വ്യവസായങ്ങൾക്ക് നൽകുന്നത് ഉറപ്പ് വരുത്താനുമായി കേരള വനം കോർപ്പറേഷൻ രൂപീകരിക്കാൻ തത്വത്തിൽ തീരുമാനിക്കപ്പെട്ടു. 31.12.1974-ലെ ഗവ.ഉത്തരവ് (കയ്യെഴുത്ത്) 35574/അഗ്രി പ്രകാരം കേരള വന വികസന കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിക്കാൻ ഉത്തരവായി. കോട്ടയമാണ് കോർപ്പറേഷന്റെ രജിസ്റ്റേർഡ് ഓഫീസ്. കേരള വനവികസന കോർപ്പറേഷൻ ലിമിറ്റഡ് 1975-ൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്ത കമ്പനിയായി ആരംഭിച്ചു. സംസ്ഥാന ഗവൺമെന്റിന് 90 ശതമാനം ഷെയറുകളും, ബാക്കി 10 ശതമാനം ഷെയറുകൾ കേന്ദ്രഗവൺമെന്റിന്റെ ഉടമസ്ഥതയിലുമാണ്.

## 1.7 പ്രധാന നാഴികക്കല്ലുകൾ

| | |
|---|---|
| 1956 | വനം ആസ്ഥാനത്ത് ഒരു ഡെവലപ്മെന്റ് സർക്കിൾ രൂപീകരിച്ചു. |
| 1957 | കൊല്ലം, ചാലക്കുടി, കോഴിക്കോട് കേന്ദ്രങ്ങളിലായി മൂന്ന് സർക്കിളുകളും അവയ്ക്ക് കീഴിലെ 14 ഡിവിഷനുകളും രൂപീകരിച്ചു. |
| 1961 | മൂന്നാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി തേക്ക്, യൂക്കാലിപ്റ്റസ് തോട്ടങ്ങൾക്കായി തൃശ്ശൂരിൽ ഒരു ഡെവലപ്മെന്റ് സർക്കിളും അഞ്ചു ഡിവിഷനുകളും സ്ഥാപിച്ചു. |
| 1961 | കേരള ഫോറസ്റ്റ് ആക്ട് നിലവിൽ വന്നു. |
| 1961 | വാളയാറിൽ കേരളവനം സ്കൂൾ ആരംഭിച്ചു. |
| 1966 | ഇൻഡ്യൻ ഫോറസ്റ്റ് സർവീസ് പുനരുജ്ജീവിപ്പിച്ചു. |
| 1971 | കേരള സ്വകാര്യവനം (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) നിയമം 1971 നിലവിൽ വന്നു. |
| 1971 | കണ്ണൻദേവൻ മലകൾ ഭൂമി വീണ്ടെടുക്കൽ ആക്ട് നിലവിൽ വന്നു. |
| 1971 | വിജിലൻസും ഇവാല്യവേഷനും വിഭാഗം രൂപീകരിച്ചു. |
| 1973 | വന്യജീവി സംരക്ഷണ ആക്ട്, 1972 സംസ്ഥാനത്തിനു ബാധകമാക്കി. |
| 1975 | ശാസ്ത്ര-സാങ്കേതിക വകുപ്പിനു കീഴിൽ കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. |
| 1978 | പെരിയാർ ടൈഗർ റിസർവ് നിലവിൽ വന്നു. |
| 1978 | കോട്ടയം കേന്ദ്രമാക്കി പ്രോജക്റ്റ് ടൈഗർ സർക്കിൾ രൂപീകരിച്ചു. |
| 1980 | വനം (സംരക്ഷണ) നിയമം 1980, നിലവിൽ വന്നു. |
| 1981 | കോട്ടയം കേന്ദ്രമാക്കി ഹൈറേഞ്ച് സർക്കിൾ രൂപീകരിച്ചു. |
| 1981 | പെരുമ്പാവൂർ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ഇൻഡസ്ട്രിയൽ പ്ലാന്റേഷൻ സർക്കിൾ നിർത്തലാക്കി. |
| 1981 | അരിപ്പയിൽ കേരള വനം സ്കൂൾ സ്ഥാപിച്ചു. |
| 1982 | സാമൂഹിക വനവൽക്കരണ വിഭാഗം സ്ഥാപിച്ചു. |
| 1984 | സൈലന്റ്‌വാലിയെ ദേശീയ ഉദ്യാനമായി പ്രഖ്യാപിച്ചു. |
| 1985 | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദേശാനുസരണം വന്യജീവി വിഭാഗത്തിന് രൂപം നൽകി. |
| 1986 | കേരളവനം വകുപ്പ് തലവനെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ എന്ന് പുനർ നാമകരണം ചെയ്തു. |
| 1986 | കേരള വൃക്ഷ സംരക്ഷണ ആക്ട് 1986 നിലവിൽ വന്നു. |
| 1988 | ദേശീയ വനനയം പ്രഖ്യാപിച്ചു. |
| 1991 | വനവൽക്കരണ ജോലികൾ നടപ്പിലാക്കുന്നതിന് കൺവീനർ സംവിധാനം കൊണ്ടുവന്നു. |
| 1998 | സംസ്ഥാന വനനയം-മാർഗരേഖ പ്രഖ്യാപിച്ചു. |
| 1998 | ലോകബാങ്ക് സഹായത്തോടെ കേരള വനവൽക്കരണ പദ്ധതികൾക്ക് തുടക്കം കുറിച്ചു. |
| 2000 | കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നിയമിച്ചു. |
| 2000 | കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ പ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഓർഡിനൻസ് നിലവിൽ വന്നു. |
| 2001 | വനം ഇന്റലിജൻസ് സെൽ നിലവിൽ വന്നു. |
| 2002 | ഫോറസ്റ്റ് മാനേജ്മെന്റ് വിവരശേഖരണ സംവിധാന വിഭാഗം സ്ഥാപിച്ചു. (FMIS) |
| 2003 | അടിസ്ഥാനസൗകര്യ വികസന മാനവശേഷി വികസനവിഭാഗം സ്ഥാപിച്ചു. |
| 2004 | പെരിയാർ ഫൗണ്ടേഷൻ നിലവിൽ വന്നു. |
| 2005 | പരിസ്ഥിതിലോല ഭൂമി വിഭാഗം സ്ഥാപിച്ചു. |
| 2005 | കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്ട് നിലവിൽ വന്നു. |
| 2005 | കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്ട് പ്രഖ്യാപിച്ചു. |
| 2008 | കേരള സംസ്ഥാന വനനയം പ്രഖ്യാപിച്ചു. |

| | |
|---|---|
| 2008 | വനം വകുപ്പ് മേധാവിയെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് എന്ന് പുനർനാമകരണം ചെയ്തു. |
| 2010 | ദേശീയ ഗ്രീൻ ട്രൈബ്യൂണൽ സ്ഥാപിച്ചു. |
| 2010 | പറമ്പികുളം ടൈഗർ റിസർവ് നിലവിൽ വന്നു. |
| 2011 | ദ്രുത-പ്രതികരണ ടീമിന് രൂപം നൽകി. |
| 2012 | കേരള നാട്ടാന (കാര്യകർതൃത്വവും പരിപാലനവും) റൂൾസ്, നിലവിൽ വന്നു. |
| 2012 | പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ നിലവിൽ വന്നു. |
| 2014 | ഇ-ലേലം നടപ്പിലാക്കി. |
| 2014 | പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ നിലവിൽ വന്നു. |
| 2018 | നാട്ടാനകളുടെ ഇലക്ട്രോണിക് വിവരശേഖരണം ഉണ്ടാക്കി. |
| 2018 | പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഓൺലൈൻ ബുക്കിങ് ഏർപ്പെടുത്തി. |
| 2020 | കരിമ്പുഴയെ വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചു. |
| 2021 | വയനാട് ഡിവിഷനിൽ മൃഗാശുപത്രിയും പാലിയേറ്റീവ് കെയർ യൂണിറ്റുംസ്ഥാപിച്ചു. |
| 2021 | വനങ്ങളുടെയും സ്വാഭാവിക ആവാസവ്യവസ്ഥയുടേയും പാരിസ്ഥിതിക പുനഃസ്ഥാപനത്തിനുള്ള സംസ്ഥാന നയം പ്രഖ്യാപിച്ചു. |
| 2021 | കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ ആദ്യഘട്ടം ഉൽഘാടനം ചെയ്തു. |
| 2022 | വനമില്ലാത്ത ഏകജില്ലയായ ആലപ്പുഴ ജില്ലയ്ക്കും വനമായി-ഗാന്ധി സ്മൃതിവനം, പുറക്കാട്. |
| 2022 | പുത്തൂർ സുവോളജിക്കൽ പാർക്കിന് കേന്ദ്രമൃഗശാല അതോറിറ്റിയുടെ അംഗീകാരം ലഭിച്ചു. |
| 2024 | മനുഷ്യ-വന്യ ജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചു. |

## 1.8 ദർശനം, ദൗത്യം, ലക്ഷ്യങ്ങൾ

ഇപ്പോഴത്തെ തലമുറയുടെയും വരും തലമുറകളുടെയും നന്മയ്ക്കായി ഒരു പൊതുട്രസ്റ്റ് എന്ന തരത്തിൽ കൈകാര്യം ചെയ്യേണ്ടതായ, വിവിധോപയോഗമുള്ളതും വളരെയധികം പേർക്ക് പ്രയോജനപ്രദവുമായ പ്രകൃതിവിഭവങ്ങളുടെ സമാഹരണമായാണ് വനത്തെ കണക്കാക്കേണ്ടത്. അപ്രകാരം, കേരള വനം വകുപ്പിന് താഴെ പറയുന്ന ദർശനവും, ദൗത്യവും, ലക്ഷ്യങ്ങളും ഉണ്ട്.

### ♦ ദർശനം

നന്നായി സംരക്ഷിക്കപ്പെടുന്ന വനങ്ങൾ ദേശത്തിനും സംസ്ഥാനങ്ങൾക്കും ലോകത്തിനുതന്നെയും പാരിസ്ഥിതിക, സാമൂഹിക, സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു

### ♦ ദൗത്യം

പാരിസ്ഥിതിക തത്വത്തിന്റെ അടിസ്ഥാനത്തിൽ, വനവിഭവങ്ങളും സേവനങ്ങളും വനങ്ങളെ ആശ്രയിച്ചുകഴിയുന്ന വിഭാഗങ്ങൾക്കും സമൂഹത്തിനും സ്ഥിരമായി ലഭ്യമാക്കുന്നതിനായി വനങ്ങളെ സംരക്ഷിക്കുക.

### ♦ ലക്ഷ്യങ്ങൾ

- പരിസ്ഥിതി സംരക്ഷണ സമീപനത്തിലൂന്നി വനങ്ങളെ ശാസ്ത്രീയമായി പരിപാലിച്ചു നിയന്ത്രിക്കുന്നതിലൂടെ വനവിഭവങ്ങളും സേവനങ്ങളും സമൂഹത്തിനും വരുംതലമുറകൾക്കുമായി എത്തിച്ചു കൊടുക്കുക.
- പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും, കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാട്ടിൽ തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടംഘട്ടമായി നീക്കം ചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപനം നടത്തുക.
- വനത്തിലെ വൃഷ്ടി പ്രദേശങ്ങളുടെ ജലശേഖരണ സാധ്യതകൾ മെച്ചപ്പെടുത്തി വേണ്ടത്ര ജലവിഭവങ്ങൾ സമൂഹത്തിനു ലഭ്യമാക്കുക.
- വനത്തിലെ സമൃദ്ധമായ ജൈവവൈവിധ്യം സംരക്ഷിക്കുകയും വനേതരപ്രദേശങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കാൻ സമൂഹത്തെ സഹായിക്കുകയും ചെയ്യുക.
- തടിയേതര വനോത്പന്നങ്ങളുടെ (NTFP) വിവേകപൂർണമായ വിനിയോഗം വഴി ജനങ്ങളെ ഉൾക്കൊള്ളിച്ച് അവരുടെ പങ്കാളിത്തത്തോടെ വനങ്ങളെ ആശ്രയിച്ചു കഴിയുന്ന സമൂഹങ്ങളുടെ അതിജീവനാവശ്യങ്ങൾ സാധ്യമാക്കുന്ന രീതിയിൽ വനം ഭരണം നിർവഹിക്കുക.
- വനത്തെ ആശ്രയിക്കുന്ന സമൂഹത്തിന്റെ അതിജീവനാവശ്യങ്ങളിൽ അവരെ സഹായിക്കുന്ന സാമൂഹികാടിസ്ഥാനത്തിലുള്ള പരിസ്ഥിതി ആഘാതം കുറഞ്ഞ സംരംഭങ്ങളിലൂടെ നമ്മുടെ വനങ്ങളെ സംരക്ഷിക്കുന്നതിനുള്ള ആവശ്യകത പൊതുജനങ്ങളെ ബോധ്യപ്പെടുത്തുക.

- വനങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ മൂല്യം വർധിപ്പിക്കുക.
- വനങ്ങളിലെയും തോട്ടങ്ങളിലെയും ഉൽപ്പാദനം വർധിപ്പിക്കുക.
- ആഗോളതാപനത്തെ ചെറുക്കുന്നതിനായി വൃക്ഷം നടീൽ പ്രോത്സാഹിപ്പിക്കുക.
- കാര്യശേഷി വികസന പരിപാടികളും ആവശ്യാധിഷ്ഠിത ഗവേഷണ പ്രവർത്തനങ്ങളും വഴി വനം ഭരണ നിയന്ത്രണം സംബന്ധിച്ച അറിവ് മെച്ചപ്പെടുത്തുക.
- വിദൂരവും അപ്രാപ്യവുമായ വനാതിർത്തികളിൽ എത്തിച്ചേരാൻ സർക്കാരിന്റെ ഒരു അടിയന്തരസഹായം ആയി പ്രവർത്തിക്കുക.
- മനുഷ്യ-വന്യ ജീവി സംഘർഷം ലഘൂകരണത്തിനായി ശാസ്ത്രീയമായ രീതികൾ അവലംബിക്കുക.

## 1.9 സ്റ്റാറ്റ്യൂട്ടറി & നോൺ സ്റ്റാറ്റ്യൂട്ടറി പ്രവർത്തനങ്ങൾ

- ജലം, ജൈവ വൈവിധ്യം, വനവ്യാപ്തി, ഉൽപ്പാദനക്ഷമത, മണ്ണിന്റെ ജൈവ-രാസസ്വഭാവങ്ങൾ, പാരിസ്ഥിതികവും, ചരിത്രപരവും, സാംസ്കാരികപരവും സൗന്ദര്യപരവുമായ മൂല്യങ്ങളെ മുൻനിർത്തി കൊണ്ടും എന്നാൽ പാരിസ്ഥിതിക ധർമ്മങ്ങളെ ഹനിക്കാതെയും അനുപമവും എന്നാൽ സങ്കീർണവുമായ കേരളത്തിലെ സ്വാഭാവിക വനങ്ങളെ ഭാവിതലമുറകൾക്കായി സംരക്ഷിക്കുക.
- പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഉചിതമായ ഭരണ ഇടപെടലുകളിലൂടെ തോട്ടങ്ങളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക.
- വന-വനേതര പ്രദേശങ്ങളിലെ വൃക്ഷവ്യാപ്തി വർദ്ധിപ്പിക്കുക.
- നിലവിലെ സസ്യജാലങ്ങളുടെ തനതുസ്വഭാവം വരുംതലമുറകൾക്കുവേണ്ടി സംരക്ഷിക്കുകയും മെച്ചപ്പെടുത്തു കയും ചെയ്യുക.
- ഉചിതമായ ഇടപെടലുകളിലൂടെ വനങ്ങളിന്മേലുള്ള സമ്മർദ്ദം കുറയ്ക്കുക.
- വനത്തെ ആശ്രയിച്ചു കഴിയുന്ന ഗോത്രവാസികളുടെയും മറ്റ് ജന വിഭാഗങ്ങളുടെയും ജീവിത നിലവാരം ഉയർത്തുക.
- വനംവകുപ്പിന്റെ നിയന്ത്രണത്തിന് പുറത്തുള്ള ജൈവ വൈവിധ്യ സമ്പന്നങ്ങളായ പരിസ്ഥിതി ലോല ആവാസ വ്യവസ്ഥകളായ കണ്ടൽക്കാടുകൾ, കാവുകൾ, തീരദേശങ്ങൾ, നിലങ്ങൾ, പുരയിട കൃഷികൾ, പ്ലാന്റേഷനുകൾ എന്നിവയെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുക.
- വനത്തിന്റെ ജലസംഭരണശേഷിയും ശുദ്ധ ജല ലഭ്യതയും പരിപോഷിപ്പിക്കുക.

## 1.10 വനം വകുപ്പുമായി ബന്ധപ്പെട്ട പ്രധാന നിയമങ്ങളും ചട്ടങ്ങളും

### ♦ നിയമങ്ങൾ

- ദി ഇന്ത്യൻ ഫോറസ്റ്റ് ആക്ട്, 1927
- ദി കാറ്റിൽ ട്രസ്സ്പാസ്സ് ആക്ട്, 1961
- ദി വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്ട്, 1972
- ദി ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട്, 1980
- ദി എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്ട്, 1986
- ദി ഷെഡ്യൂൾഡ് ട്രൈബ്സ് ആൻഡ് അദർ ട്രഡീഷണൽ ഫോറസ്റ്റ് ഡ്വലേഴ്സ് (റെക്കഗ്നിഷൻ ഓഫ് ഫോറസ്റ്റ് റൈറ്റ്സ്) ആക്ട്, 2006
- ദി കേരള ഫോറസ്റ്റ് ആക്ട്, 1961
- ദി കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ്) ആക്ട്, 1971
- ദി കേരള ഗ്രാന്റ്സ് ആൻഡ് ലെസീസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ആക്ട്, 1980
- ദി കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ട്, 1986
- ദി കേരള എസൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ട്, 1986
- ദി ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട്, 2002
- ദി കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആൻഡ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൽ ലാൻഡ്സ്) ആക്ട്, 2003
- ദി കേരള (പ്രൊമോഷൻ ഓഫ് ട്രീസ് ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ലാൻഡ് ഏരിയാസ്), ആക്ട് 200

### ♦ ചട്ടങ്ങൾ

- ദി എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) റൂൾസ്, 1986
- ദി വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) റൂൾസ്, 1995
- ദി ഫോറസ്റ്റ് (കൺസർവേഷൻ) റൂൾസ്, 2003
- ദി ഷെഡ്യൂൾഡ് ട്രൈബ്സ് ആൻഡ് ട്രഡിഷണൽ ഫോറസ്റ്റ് ട്വലേഴ്സ് (റെഗ്നിഷൻ ഓഫ് ഫോറസ്റ്റ് റൈറ്റ്സ്) റൂൾസ്, 2007
- ദി കേരള കാറ്റിൽ ട്രസ്സ്പാസ്സ് റൂൾസ്, 1962

- ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക്സ് ബൈ അനിമൽസ്, 1980.
- ദി കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് ഫണ്ട് റൂൾസ്, 1989
- ദി കേരള ഫോറസ്റ്റ് റിസോഴ്സസ് ഡെവലപ്മെൻറ് ഫണ്ട് റൂൾസ്, 1989.
- ദി കേരള ഗ്രാന്റ്സ് ആൻഡ് ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) റൂൾസ്, 1990.
- ദി കേരള ഫോറസ്റ്റ് (പ്രൊഹിബിഷൻ ഓഫ് ഫെല്ലിങ് ട്രീസ് സ്റ്റാൻഡിങ് ഓൺ ലാൻഡ് ടെമ്പററിലി ഓർ പെർമനെന്ററി അസൈൻഡ് റൂൾസ്, 1995.
- ദി കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആൻഡ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാൻഡ്) റൂൾസ്, 2007.
- ദി കേരള (പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ-ഫോറസ്റ്റ് ഏരിയാസ്) റൂൾസ്, 2011.
- ദി കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സോമിൽസ് ആൻഡ് വുഡ്-ബെയ്സ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ് റൂൾസ്, 2012.
- ദി കേരള ഫോറസ്റ്റ് (റെസ്ട്രിക്ഷൻ ഓൺ കട്ടിങ് ആൻഡ് സെല്ലിങ് ഓഫ് സാൻഡൽ ട്രീസ് ആൻഡ് ഗ്രാൻറ് ഓഫ് ലൈസൻസ് ഫോർ പൊസ്സഷൻ ആൻഡ് ട്രാൻസ്പോർട്ട് ഓഫ് സാൻഡൽവുഡ് ആൻഡ് സാൻഡൽവുഡ് ഓയിൽ) റൂൾസ്, 2012.
- ദി കേരള ക്യാപ്റ്റീവ് എലിഫെന്റ്സ് (മാനേജ്മെന്റ് ആൻഡ് മെയിന്റനൻസ്) റൂൾസ്, 2012

## 1.11 സംസ്ഥാനത്തിന്റെ വനങ്ങളുടെ നിയമപരമായ പദവിയും വനവിസ്തൃതിയും

2023-24-ൽ സംസ്ഥാന വനം വകുപ്പിന്റെ ഭരണപരിധിയിലെ വന വിസ്തൃതി 11536.251 ചതുരശ്ര കിലോമീറ്ററാണ്. സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതി (38863 ച.കി.മീ) യുടെ 29.68% ആണ്.

**പട്ടിക 3**
**വനപ്രദേശങ്ങളുടെ തരം തിരിവും അവയുടെ വിസ്തൃതിയും**

| വനങ്ങളുടെ ഇനം | വിസ്തൃതി (ചതുരശ്ര കി.മീറ്ററിൽ) |
|---|---|
| റിസർവ്വ് വനങ്ങൾ (RF) | 9311.908 |
| റിസർവ്വ് വനമാക്കാനുദ്ദേശിക്കുന്ന ഭൂമി (PRF) | 322.599 |
| നിക്ഷിപ്തവനങ്ങൾ (VF) | 1762.580 |
| പരിസ്ഥിതി ലോലപ്രദേശം (EFL) | 139.164 |
| **ആകെ വനപ്രദേശം** | 11536.251 |

വനവിസ്തൃതി




വനപ്രദേശങ്ങളുടെ സർക്കിൾ, ഡിവിഷൻ ക്രമത്തിലുള്ള വിസ്തൃതി (ച.കി.മീറ്റർ) 31.3.2024-വരെ നിയമാനുസൃത തരം തിരിവ് താഴെ കൊടുത്തിരിക്കുന്നു.

## പട്ടിക 4
## സർക്കിൾ, ഡിവിഷൻ ക്രമത്തിലുള്ള വനത്തിന്റെ വിസ്തൃതി (ച.കി.മീ)

| ക്രമ നം. | ഡിവിഷനുകൾ | റിസർവ്വ് വനങ്ങൾ (RF) | റിസർവ്വ് വനമാക്കാൻ ഉദ്ദേശിക്കുന്ന ഭൂമി (PRF) | നിക്ഷിപ്ത വനങ്ങൾ (VF) | പരിസ്ഥിതി ലോല പ്രദേശം (EFL) | ആകെ |
|---|---|---|---|---|---|---|
| I | **സതേൺസർക്കിൾ, കൊല്ലം** | | | | | |
| 1 | തിരുവനന്തപുരം | 359.124 | 5.825 | 0.376 | 7.169 | 372.494 |
| 2 | തെന്മല | 140.750 | 0.000 | 7.775 | 0.455 | 148.980 |
| 3 | അച്ചൻകോവിൽ | 284.330 | 0.000 | 0.208 | 1.331 | 285.869 |
| 4 | റാന്നി | 902.329 | 7.225 | 1.568 | 0.000 | 911.122 |
| 5 | പുനലൂർ | 274.148 | 0.038 | 0.169 | 0.157 | 274.512 |
| 6 | കോന്നി | 320.553 | 11.102 | 0.000 | 0.000 | 331.655 |
| | **ആകെ** | 2281.234 | 24.190 | 10.096 | 9.112 | 2324.632 |
| II | **ഹൈറേഞ്ച് സർക്കിൾ, കോട്ടയം** | | | | | |
| 7 | കോട്ടയം * | 613.900 | 15.163 | 31.967 | 2.666 | 663.696 |
| 8 | കോതമംഗലം | 317.604 | 0.549 | 0.158 | 0.000 | 318.311 |
| 9 | മൂന്നാർ** | 693.535 | 76.536 | 0.662 | 5.148 | 775.881 |
| 10 | മാങ്കുളം | 0.000 | 90.057 | 0.000 | 0.000 | 90.057 |
| 11 | മറയൂർ | 15.416 | 47.257 | 0.076 | 2.471 | 65.220 |
| | **ആകെ** | 1640.455 | 229.562 | 32.863 | 10.285 | 1913.165 |
| III | **സെൻട്രൽ സർക്കിൾ, തൃശ്ശൂർ** | | | | | |
| 12 | വാഴച്ചാൽ | 353.414 | 0.000 | 0.000 | 0.000 | 353.414 |
| 13 | ചാലക്കുടി | 207.940 | 0.031 | 0.000 | 0.040 | 208.011 |
| 14 | മലയാറ്റൂർ | 609.725 | 1.234 | 0.000 | 0.000 | 610.959 |
| 15 | തൃശ്ശൂർ | 207.041 | 0.948 | 4.306 | 0.846 | 213.141 |
| | **ആകെ** | 1378.120 | 2.212 | 4.306 | 0.886 | 1385.524 |
| IV | **ഈസ്റ്റേൺ സർക്കിൾ, പാലക്കാട്** | | | | | |
| 16 | മണ്ണാർകാട് | 150.732 | 0.000 | 271.440 | 9.138 | 431.309 |
| 17 | നിലമ്പൂർ നോർത്ത് | 58.393 | 0.345 | 371.720 | 9.557 | 440.015 |
| 18 | നിലമ്പൂർ സൗത്ത് | 267.599 | 0.033 | 57.555 | 1.803 | 326.990 |
| 19 | പാലക്കാട് | 73.410 | 0.000 | 159.750 | 30.082 | 263.242 |
| 20 | നെന്മാറ | 209.664 | 0.038 | 141.536 | 9.701 | 360.938 |
| | **ആകെ** | 759.798 | 0.416 | 1002.001 | 60.280 | 1822.495 |
| V | **നോർത്തേൺ സർക്കിൾ, കണ്ണൂർ** | | | | | |
| 21 | കോഴിക്കോട് | 24.390 | 38.385 | 233.535 | 15.346 | 311.656 |
| 22 | വയനാട് നോർത്ത് | 134.058 | 15.107 | 65.576 | 9.082 | 223.823 |
| 23 | വയനാട് സൗത്ത് | 67.679 | 3.774 | 203.272 | 20.502 | 295.227 |

| ക്രമ നം. | ഡിവിഷനുകൾ | റിസർവ്വ് വനങ്ങൾ (RF) | റിസർവ്വ് വനമാക്കാൻ ഉദ്ദേശിക്കുന്ന ഭൂമി (PRF) | നിക്ഷിപ്ത വനങ്ങൾ (VF) | പരിസ്ഥിതി ലോല പ്രദേശം (EFL) | ആകെ |
|---|---|---|---|---|---|---|
| 24 | കണ്ണൂർ | 93.361 | 0.021 | 60.380 | 4.910 | 158.672 |
| 25 | കാസർഗോഡ് | 86.570 | 1.387 | 30.705 | 4.129 | 122.791 |
| | **ആകെ** | 406.058 | 58.674 | 593.468 | 53.969 | 1112.169 |
| VI | **അഗസ്ത്യവനം (എ.ബി.പി) വൈൽഡ് ലൈഫ് സർക്കിൾ** | | | | | |
| 26 | തിരുവനന്തപുരം | 211.980 | 0.000 | 0.000 | 0.000 | 211.980 |
| 27 | ശെന്തുരുണി | 163.376 | 5.680 | 4.226 | 0.354 | 173.636 |
| | **ആകെ** | 375.356 | 5.680 | 4.226 | 0.354 | 385.616 |
| VII | **പ്രൊജക്ട് ടൈഗർ,കോട്ടയം, വൈൽഡ്ലൈഫ് സർക്കിൾ** | | | | | |
| 28 | പെരിയാർ ഈസ്റ്റ് (തേക്കടി) | 709.000 | 0.000 | 0.000 | 0.675 | 709.675 |
| 29 | പെരിയാർ വെസ്റ്റ് (പീരുമേട്) | 216.000 | 0.000 | 0.000 | 0.000 | 216.000 |
| 30 | മൂന്നാർ | 241.077 | 0.000 | 0.000 | 0.000 | 241.077 |
| 31 | ഇടുക്കി | 130.524 | 0.000 | 0.000 | 0.000 | 130.524 |
| | **ആകെ** | 1296.601 | 0.000 | 0.000 | 0.675 | 1297.276 |
| VIII | **വൈൽഡ്ലൈഫ്, പാലക്കാട്** | | | | | |
| 32 | പറമ്പിക്കുളം | 376.900 | 0.000 | 0.000 | 0.000 | 376.900 |
| 33 | വയനാട് | 344.443 | 0.089 | 0.000 | 0.052 | 344.584 |
| 34 | സൈലന്റ് വാലി | 154.380 | 0.000 | 79.679 | 3.432 | 237.491 |
| 35 | പീച്ചി | 239.597 | 0.000 | 3.301 | 0.119 | 243.017 |
| 36 | ആറളം | 52.740 | 0.000 | 32.640 | 0.000 | 85.380 |
| | **ആകെ** | 1168.060 | 0.089 | 115.620 | 3.603 | 1287.372 |
| IX | **സോഷ്യൽ ഫോറസ്ട്രി സെൻട്രൽ റീജിയൺ** | | | | | |
| 37 | എൻ.എസ്.സി. കാലടി | 6.226 | 0.000 | 0.000 | 0.000 | 6.226 |
| 38 | മംഗളവനം ബി.എസ് | 0.000 | 0.027 | 0.000 | 0.000 | 0.027 |
| | **ആകെ** | 6.226 | 0.027 | 0 | 0 | 6.253 |
| X | **സോഷ്യൽ ഫോറസ്ട്രി സതേൺ റീജിയൺ** | | | | | |
| 39 | എസ്.എഫ്.ആലപ്പുഴ | 0.000 | 1.748 | 0.000 | 0.000 | 1.748 |
| | **ആകെ** | 0.000 | 1.748 | 0.000 | 0.000 | 1.748 |
| | **ആകെ വനവിസ്തൃതി** | 9311.908 | 322.599 | 1762.580 | 139.164 | 11536.251 |

*കോട്ടയം ഡിവിഷനിലെ 479.258 ച.കി.മീ. വിസ്തൃതിയുള്ള ഏലംകുന്ന് സംരക്ഷിത (കാർഡമംഹിൽ റിസർവ്സ്-(CHR) പ്രദേശം ഇതിൽ ഉൾപ്പെടുന്നു.
**മൂന്നാറിലെ 372.98 ച.കി.മീറ്റർ വിസ്തൃതിയുള്ള ഏലംകുന്ന് സംരക്ഷിത ( Cardmom Hill Reserves – CHR) പ്രദേശം ഇതിൽ ഉൾപ്പെടുന്നു.

# അധ്യായം 2
# വകുപ്പിന്റെ ഘടനാ സംവിധാനം

## വകുപ്പിന്റെ ഘടന

വനസംബന്ധമായ വിഷയങ്ങളിൽ സംസ്ഥാന ഗവൺമെന്റിന്റെ മുഖ്യ ഉപദേശകൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിലുള്ള വനം മേധാവിയാണ്. സംസ്ഥാനത്തെ വനവിഭവങ്ങളുടെ സംരക്ഷണവും വകുപ്പിന്റെ വിവിധ വികസന പ്രവർത്തനങ്ങളുടെ സമഗ്രമായ മേൽനോട്ടവും നടത്തിപ്പും അദ്ദേഹത്തിന്റെ ചുമതലയാണ്. മറ്റ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരും വകുപ്പിന്റെ ദൈനംദിന ഭരണകാര്യങ്ങളിലും പദ്ധതി നിർവഹണത്തിലും മറ്റ് വിവിധങ്ങളായ പ്രവർത്തനങ്ങളിലും വനം മേധാവിയെ സഹായിക്കുന്നു.

**പട്ടിക 5**
**വനം ആസ്ഥാന ഓഫീസിന്റെ ഘടന**

| ഓഫീസുകൾ/വിഭാഗം | ഓഫീസർമാർ |
|---|---|
| വനം ആസ്ഥാനം, തിരുവനന്തപുരം | **പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & വനം മേധാവി**<br>• പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) &ചീഫ് വൈൽഡ്ലൈഫ് വാർഡൻ<br>• പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് &ഡെവലപ്മെന്റ്)<br>• പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)<br>• പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി)<br>• പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ&സ്പെഷ്യൽ ഓഫീസർ (ആർ.കെ.ഡി.പി)<br>• അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്)<br>• അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്)<br>• അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)<br>• അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, നോഡൽ ഓഫീസർ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് & സി.ഇ.ഒ (CAMPA)<br>• അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫയർ)<br>• അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് ലാന്റ് ആന്റ് റിസോഴ്സസ്), കോഴിക്കോട്<br>• ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫോർമേഷൻ ടെക്നോളജി)<br>• പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &വനം മേധാവിയുടെ ഫോറസ്റ്റ് കൺസർവേറ്റർ & ടെക്നിക്കൽ അസിസ്റ്റന്റ്<br>• ജോയിന്റ് സെക്രട്ടറി (നിയമം) |
| വന്യജീവി വിഭാഗം | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡൻ<br>ഫോറസ്റ്റ് കൺസർവേറ്റർ & ടെക്നിക്കൽ അസിസ്റ്റന്റ്, ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ കാര്യാലയം<br><br>ചീഫ് ഫോറസ്റ്റ് വെറ്റിനറി ഓഫീസർ |

| ഓഫീസുകൾ/വിഭാഗം | ഓഫീസർമാർ |
|---|---|
| | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (പ്രോജക്ട് എലിഫെന്റ്)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (ബയോഡൈവേർസിറ്റി സെൽ)<br>ഫോറസ്റ്റ് കൺസർവേറ്റർ (അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്) തിരുവനന്തപുരം<br>• വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം<br>• വൈൽഡ് ലൈഫ് വാർഡൻ, ശെന്തുരുണി<br>ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ കോട്ടയം)<br>• വൈൽഡ് ലൈഫ് വാർഡൻ, മൂന്നാർ<br>• വൈൽഡ് ലൈഫ് വാർഡൻ, ഇടുക്കി<br>• ഡെപ്യൂട്ടി ഡയറക്ടർ (പെരിയാർ ടൈഗർ റിസർവ്വ്) ഈസ്റ്റ്, തേക്കടി<br>• ഡെപ്യൂട്ടി ഡയറക്ടർ (പെരിയാർ ടൈഗർ റിസർവ്വ്) വെസ്റ്റ്, പീരുമേട്.<br>ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്)പാലക്കാട്<br>• വൈൽഡ്‌ലൈഫ് വാർഡൻ,ആറളം വന്യജീവി സങ്കേതം<br>• വൈൽഡ്‌ലൈഫ് വാർഡൻ,വയനാട് വന്യജീവി സങ്കേതം<br>• വൈൽഡ്‌ലൈഫ് വാർഡൻ, സൈലന്റ് വാലി<br>• ഡെപ്യൂട്ടി ഡയറക്ടർ, പറമ്പിക്കുളം ടൈഗർ റിസർവ്<br>• വൈൽഡ് ലൈഫ് വാർഡൻ,പീച്ചി |
| പ്ലാനിംഗ് & ഡെവലപ്മെന്റ് വിഭാഗം | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്മെന്റ്)<br>അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,(എഫ്,ബി & എ)<br>ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (വികസനം)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ്)<br>സീനിയർ ഫിനാൻസ് ഓഫീസർ<br>ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്)<br>ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിംഗ് പ്ലാൻ ആന്റ് റിസർച്ച്)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിംഗ് പ്ലാൻ & റിസർച്ച്)<br>• വർക്കിംഗ് പ്ലാൻ ഓഫീസർ, കൊല്ലം<br>• വർക്കിംഗ് പ്ലാൻ ഓഫീസർ, പുനലൂർ<br>• വർക്കിംഗ് പ്ലാൻ ഓഫീസർ, അച്ചൻകോവിൽ<br>• വർക്കിംഗ് പ്ലാൻ ഓഫീസർ, മൂന്നാർ<br>• വർക്കിംഗ് പ്ലാൻ ഓഫീസർ, പാലക്കാട്<br>• വർക്കിംഗ് പ്ലാൻ ഓഫീസർ, കോഴിക്കോട്<br>• ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് നോർത്ത്, തൃശ്ശൂർ<br>• ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് നോർത്ത് 1, തൃശ്ശൂർ<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ , സിൽവി കൾച്ചറൽ & റിസർച്ച് യൂണിറ്റ്, പാലക്കാട്<br>• ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് സൗത്ത് 1, തിരുവനന്തപുരം<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് യൂണിറ്റ്, കുളത്തൂപ്പുഴ.<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് യൂണിറ്റ്, പീരുമേട്.<br>• ഫോറസ്റ്റ് കൺസർവേറ്റർ, വർക്കിംഗ് പ്ലാൻ സൗത്ത്, കൊല്ലം |

| ഓഫീസുകൾ/വിഭാഗം | ഓഫീസർമാർ |
|---|---|
| | • ഫോറസ്റ്റ് കൺസർവേറ്റർ, വർക്കിംഗ് പ്ലാൻ, സെൻട്രൽ, തൃശ്ശൂർ<br>• ഫോറസ്റ്റ് കൺസർവേറ്റർ, വർക്കിംഗ് പ്ലാൻ, നോർത്ത്, കോഴിക്കോട്<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, ഫോറസ്റ്റ് റിസോഴ്സ് സർവ്വേ സെൽ, തൃശ്ശൂർ<br>അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കോ ഡവലപ്മെന്റ് & ട്രൈബൽ വെൽഫെയർ)<br>• ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കോ ഡവലപ്മെന്റ് &ട്രൈബൽ വെൽഫെയർ)<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (പാർട്ടിസിപ്പേറ്ററി ഫോറസ്റ്റ് മാനേജ്മെന്റ്) |
| ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗം | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ് )<br>ഫോറസ്റ്റ് കൺസർവേറ്റർ(സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ)<br>പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ ഫോറസ്റ്റ് കൺസർവേറ്റർ &ടെക്നിക്കൽ അസിസ്റ്റന്റ്<br>• ഡെപ്യൂട്ടിഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)<br>• ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് റിസോഴ്സസ്)<br>ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ), കൊല്ലം<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോന്നി<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, അച്ചൻകോവിൽ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പുനലൂർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തെന്മല<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തിരുവനന്തപുരം<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിമ്പർ സെയിൽസ്, പുനലൂർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിമ്പർ സെയിൽസ്, തിരുവനന്തപുരം<br>ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ), കോട്ടയം<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോതമംഗലം<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മൂന്നാർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മാങ്കുളം<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോട്ടയം<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സാൻഡൽ ഡിവിഷൻ, മറയൂർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിമ്പർ സെയിൽസ്, കോട്ടയം<br>ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(സെൻട്രൽ സർക്കിൾ), തൃശ്ശൂർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തൃശ്ശൂർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ചാലക്കുടി<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വാഴച്ചാൽ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മലയാറ്റൂർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിമ്പർ സെയിൽസ്, പെരുമ്പാവൂർ |

| ഓഫീസുകൾ/വിഭാഗം | ഓഫീസർമാർ |
|---|---|
| | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ), പാലക്കാട്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ നോർത്ത്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ സൗത്ത്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മണ്ണാർകാട്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പാലക്കാട്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നെന്മാറ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിമ്പർ സെയിൽസ് പാലക്കാട്<br>ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ), കണ്ണൂർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നോർത്ത് വയനാട്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സൗത്ത് വയനാട്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കാസർഗോഡ്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിമ്പർ സെയിൽസ് കോഴിക്കോട് |
| സോഷ്യൽ ഫോറസ്ട്രി വിഭാഗം | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രിഎക്സ്റ്റെൻഷൻ)<br>ഡയറക്ടർ,ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ<br>ഫോറസ്റ്റ് കൺസർവേറ്റർ(സോഷ്യൽ ഫോറസ്ട്രി) സതേൺ റീജിയൻ, കൊല്ലം<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), തിരുവനന്തപുരം<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കൊല്ലം<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), ആലപ്പുഴ<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി പത്തനംതിട്ട<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കോട്ടയം<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) എക്സ്റ്റെൻഷൻ, കൊല്ലം<br>ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), സെൻട്രൽറീജിയൻ, എറണാകുളം<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) പാലക്കാട്<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) തൃശ്ശൂർ<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) എറണാകുളം<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), ഇടുക്കി<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), എക്സ്റ്റെൻഷൻ,എറണാകുളം<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,നേച്ചർ സ്റ്റഡി സെന്റർ), കാലടി |

| ഓഫീസുകൾ/വിഭാഗം | ഓഫീസർമാർ |
|---|---|
| | ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) നോർത്തേൺ റീജിയൻ,കോഴിക്കോട്<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കോഴിക്കോട്<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കാസർഗോഡ്<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കണ്ണൂർ<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), വയനാട്<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), മലപ്പുറം<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), എക്സ്റ്റെൻഷൻ, കോഴിക്കോട് |
| വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (വിജിലൻസ് &ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്-1)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്2-)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്-3)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്-4)<br>ഫോറസ്റ്റ് കൺസർവേറ്റർ, (ഇൻസ്പെക്ഷൻ & ഇവാല്വേഷൻ) കോട്ടയം<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിങ് സ്ക്വാഡ്, തിരുവനന്തപുരം<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിങ് സ്ക്വാഡ്, പുനലൂർ<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിങ് സ്ക്വാഡ്,കോതമംഗലം<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിങ് സ്ക്വാഡ്, ഇടുക്കി<br>ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ ആന്റ് ഇവാല്വേഷൻ) കോഴിക്കോട്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിങ് സ്ക്വാഡ്, എറണാകുളം<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിങ് സ്ക്വാഡ്,പാലക്കാട്.<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിങ് സ്ക്വാഡ്, കോഴിക്കോട്<br>• ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളൈയിങ് സ്ക്വാഡ്, കണ്ണൂർ |

| ഓഫീസുകൾ/വിഭാഗം | ഓഫീസർമാർ |
|---|---|
| ഭരണ വിഭാഗം | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)<br>ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)<br>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (എസ്റ്റേറ്റ് ഓഫീസർ)<br>ഫോറസ്റ്റ് കൺസർവേറ്റർ (ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ്)<br>ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ്)<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ്)<br>• ഡയറക്ടർ, സംസ്ഥാന വന പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, വാളയാർ<br>• ഡെപ്യൂട്ടി ഡയറക്ടർ സംസ്ഥാന വന പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, വാളയാർ<br>• ഡയറക്ടർ, സംസ്ഥാന വനപരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ<br>• ഡെപ്യൂട്ടി ഡയറക്ടർ, സംസ്ഥാനവനപരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ |
| ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ CAMPA & കസ്റ്റോഡിയൻ EFL | • ജോയിന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CAMPA)<br>• ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CAMPA) |
| സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ വിഭാഗം | ഫോറസ്റ്റ് കൺസർവേറ്റർ<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ& നോഡൽ ഓഫീസർ) |
| ഐ.ടി വിഭാഗം | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി)<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി)<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (ജിയോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം) |
| ഫോറസ്റ്റ് ലാന്റ് & റിസോഴ്സ് വിഭാഗം | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് ലാന്റ് ആന്റ് റിസോഴ്സസ്), കോഴിക്കോട്<br>• അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (ടെക്നിക്കൽ അസിസ്റ്റന്റ്)<br>• അസിസ്റ്റന്റ് ഡയറക്ടർ, ഫോറസ്റ്റ് മിനിസർവെ, കോഴിക്കോട് |

## പട്ടിക-6
## വിവിധ വിഭാഗങ്ങളുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരം 2023-24

| ക്രമ നം. | കാര്യാലയം/വിഭാഗം | പേര് | ഉദ്യോഗപ്പേര് | കാലഘട്ടം | റിമാർക്സ് |
|---|---|---|---|---|---|
| 1 | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്‌സ് (വനം മേധാവി) | ശ്രീ.ബെന്നിച്ചൻ തോമസ് ഐ.എഫ്.എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്‌സ് | 01.06.2022 - 31.07.2023 | |
| | | ശ്രീ.ഗംഗാ സിംഗ് ഐ.എഫ്.എസ് | | 01.08.2023 –തുടരുന്നു | |
| 2 | വൈൽഡ് ലൈഫ് | ശ്രീ.ഗംഗാ സിംഗ് ഐ.എഫ്.എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ | 17.06.2022- 22.09.2023 | |
| | | ശ്രീ.ഡി.ജയപ്രസാദ് ഐ.എഫ്.എസ് | | 23.09.2023- തുടരുന്നു | |
| 3 | ഫോറസ്റ്റ് മാനേജ്മെന്റ് | ശ്രീ.നോയൽ തോമസ് ഐ.എഫ്.എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) | 08.06.2021- 31.07.2023 | |
| | | ശ്രീ.ഡി.ജയപ്രസാദ് ഐ.എഫ്.എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്മെന്റ്) | 01.08.2023-10.10.2023 | |
| | | ശ്രീ.രാജേഷ് രവീന്ദ്രൻ ഐ.എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ | 11.10.2023-തുടരുന്നു | |
| 4 | പ്ലാനിംഗ് & ഡെവലപ്മെന്റ് | ശ്രീ.ഡി.ജയപ്രസാദ് ഐ.എഫ്.എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്മെന്റ്) | 03.03.2021- 09.10.2023 | 09.10.2023-ൽ എക്സ്കേഡർ തസ്തിക നിർത്തലാക്കി |
| 5 | സോഷ്യൽ ഫോറസ്ട്രി | ശ്രീ.ഇ.പ്രദീപ് കുമാർ ഐ.എഫ്.എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) | 16.06.2022-31.07.2023 | 31.07.2023-ൽ എക്സ്കേഡർ തസ്തിക നിർത്തലാക്കി |
| 6 | റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം | ശ്രീമതി പ്രകൃതി ശ്രീവാസ്തവ ഐ.എഫ്.എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & സ്പെഷ്യൽ ഓഫീസർ (ആർ.കെ.ഡി.പി) | 03.08.2022-31.07.2023 | 31.07.2023-ൽ എക്സ്കേഡർ തസ്തിക നിർത്തലാക്കി |

| ക്രമ നം. | കാര്യാലയം/വിഭാഗം | പേര് | ഉദ്യോഗപ്പേര് | കാലഘട്ടം | റിമാർക്ക്സ് |
|---|---|---|---|---|---|
| 7 | ഭരണം | ഡോ.പി.പുകഴേന്തി ഐ.എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) | 01.01.2021- 12.10.2023 | |
| | | ശ്രീ.ജി.ഫണീന്ദ്രകുമാർ റാവു ഐ.എഫ്.എസ് | | 12.10.2023-03.03.2024 | |
| | | ശ്രീ.പ്രമോദ് ജി കൃഷ്ണൻ ഐ.എഫ്.എസ് | | 04.03.2024-തുടരുന്നു. | |
| 8 | ഫിനാൻസ്, ബഡ്ജറ്റ് & ആഡിറ്റ് | ശ്രീ.ഡി.ജയപ്രസാദ് ഐ.എഫ്.എസ് | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്മെന്റ്) | 17.06.2022-03.07.2023 | അധിക ചുമതല |
| | | ശ്രീ.എൽ.ചന്ദ്രശേഖർ ഐ.എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.ബി & എ) | 03.07.2023- 12.10.2023 | |
| | | ഡോ.പി.പുകഴേന്തി ഐ.എഫ്.എസ് | | 13.10.2023- തുടരുന്നു. | |
| 9 | ഫോറസ്റ്റ് ലാന്റ് & റിസോഴ്സസ് കോഴിക്കോട് | ശ്രീ.അനൂപ് കെ.ആർ ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സെൻട്രൽ സർക്കിൾ) | 01.03.2023-14.01.2024 | അധിക ചുമതല |
| | | ശ്രീ.ജെ.ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇ & റ്റി.ഡബ്ല്യു) | 14.01.2024- തുടരുന്നു | അധിക ചുമതല |
| 10 | വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് | ശ്രീ.പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വി & എഫ്.ഐ) | 17.06.2022- 03.03.2024 | |
| | | ശ്രീ.എൽ.ചന്ദ്രശേഖർ ഐ.എഫ്.എസ് | | 04.03.2024-തുടരുന്നു | 17.06.2022-ൽ എക്സ്കേഡർ തസ്തിക നിർത്തലാക്കി |
| 11 | സോഷ്യൽ ഫോറസ്ട്രി | ശ്രീ.എൽ.ചന്ദ്രശേഖർ ഐ.എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) | 12.10.2023- 03.03.2024 | 03.03.2024-ൽ എക്സ്കേഡർ തസ്തിക നിർത്തലാക്കി |
| 12 | ഇൻഫോർമേഷൻ ടെക്നോളജി | ഡോ.പി.പുകഴേന്തി ഐ.എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) | 17.08.2021- 21.05.2023 | അധിക ചുമതല |
| | | ശ്രീ.സഞ്ജയൻ കുമാർ ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.ടി) | 22.05.2023 - തുടരുന്നു. | |

| ക്രമ നം. | കാര്യാലയം/വിഭാഗം | പേര് | ഉദ്യോഗപ്പേര് | കാലഘട്ടം | റിമാർക്ക്സ് |
|---|---|---|---|---|---|
| 13 | വർക്കിംഗ് പ്ലാൻ & റിസർച്ച് | ശ്രീ.പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വി & എഫ്.ഐ) | 17.06.2022-14.05.2023 | അധിക ചുമതല |
| | | ശ്രീമതി.ടി.ഉമ ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (വർക്കിംഗ് പ്ലാൻ &റിസർച്ച്) പൂർണ്ണ ചുമതലയുള്ള ഫോറസ്റ്റ് കൺസർവേറ്റർ | 15.05.2023- 06.10.2023 | |
| | | ശ്രീ.ജി. ഫണീന്ദ്രകുമാർ റാവു ഐ.എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിംഗ് പ്ലാൻ & റിസർച്ച്) | 22.07.2023-11.10.2023 | 11.10.2023-ൽ എക്സ്കേഡർ തസ്തിക നിർത്തലാക്കി |
| | | ശ്രീ.സഞ്ജയൻ കുമാർ ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.ടി) | 07.10.2023-04.03.2024 | അധിക ചുമതല |
| | | ശ്രീ.പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) | 05.03.2024- തുടരുന്നു. | അധിക ചുമതല |
| 14 | ഇക്കോഡെവലപ്മെന്റ് & ട്രൈബൽ വെൽഫെയർ | ശ്രീ.ജെ.ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കോഡെവലപ്മെന്റ് &ട്രൈബൽ വെൽഫെയർ) | 10.03.2023- 31.12.2023 | |
| | | | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഇക്കോഡെവലപ്മെന്റ് & ട്രൈബൽ വെൽഫെയർ) | 01.01.2024- തുടരുന്നു | എക്സ്കേഡർ തസ്തിക |
| 15 | സി.ഇ.ഒ (ക്യാമ്പ) | ശ്രീ.രാജേഷ് രവീന്ദ്രൻ ഐ.എഫ്.എസ് | സി.ഇ.ഒ (ക്യാമ്പ) | 04.11.2020-11.10.2023 | എക്സ്കേഡർ തസ്തിക |
| | | ശ്രീ.എൽ.ചന്ദ്രശേഖർ ഐ.എഫ്.എസ് | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) | 12.10.2023-03.03.2024 | അധിക ചുമതല |
| | | ശ്രീ.സഞ്ജയൻ കുമാർ ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.ടി) | 04.03.2024- തുടരുന്നു. | അധിക ചുമതല |
| 16 | ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് (മാനവശേഷി വികസനം) | ശ്രീ.വിനോദ് കുമാർ.ഡി.കെ ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്റർ, മാനവശേഷി വികസനം | 01.01.2023-തുടരുന്നു. | |
| 17 | സ്പെഷ്യൽ അഫോറസ്റ്റേഷൻ | ശ്രീ. സാമുവൽ വല്ലാങ്ത പച്ചൗ ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്ററുടെ (സ്പെഷ്യൽ അഫോറസ്റ്റേഷൻ) പൂർണ്ണ ചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 10.08.2022- തുടരുന്നു. | |

## ടെറിട്ടോറിയൽ സർക്കിൾ

| ക്രമ നം. | കാര്യാലയം/ വിഭാഗം | പേര് | ഉദ്യോഗപ്പേര് | കാലഘട്ടം | റിമാർക്സ് |
|---|---|---|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | ശ്രീ.സഞ്ജയൻ കുമാർ ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം | 07.05.2020-14.05.2023 | |
| | | ശ്രീ.ആർ.കമലാഹർ ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (സതേൺ സർക്കിൾ, കൊല്ലം) പൂർണ്ണ ചുമതലയുള്ള ഫോറസ്റ്റ് കൺസർവേറ്റർ | 15.05.2023 31.12.2023 | |
| | | | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം | 01.01.2024- തുടരുന്നു. | |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | ശ്രീ.അരുൺ.ആർ.എസ് ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഹൈറേഞ്ച് സർക്കിൾ) പൂർണ്ണ ചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 11.08.2022– തുടരുന്നു | ഇന്റർ കേഡർ ഓഫീസർ |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | ശ്രീ.അനൂപ്.കെ.ആർ ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സെൻട്രൽ സർക്കിൾ) തൃശ്ശൂർ | 01.09.2021- 14.01.2024 | ഇന്റർ കേഡർ ഓഫീസർ |
| | | ശ്രീമതി.ആർ.കീർത്തി ഐ.എഫ്.എസ് | ഡയറക്ടർ, തൃശ്ശൂർ സുവോളജിക്കൽ പാർക്ക് | 15.01.2024-01.02.2024 | അധിക ചുമതല |
| | | ഡോ.ആർ.ആടലരശൻ ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (സെൻട്രൽ സർക്കിൾ, തൃശ്ശൂർ) പൂർണ്ണചുമതലയുള്ള ഫോറസ്റ്റ് കൺസർവേറ്റർ | 02.02.2024- തുടരുന്നു. | |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | ശ്രീ.വിജയാനന്ദൻ ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഈസ്റ്റേൺ സർക്കിൾ, പാലക്കാട്) പൂർണ്ണചുമതലയുള്ള ഫോറസ്റ്റ് കൺസർവേറ്റർ | 25.08.2021-31.12.2023 | |
| | | | | 01.01.2024- തുടരുന്നു. | |

| ക്രമ നം. | കാര്യാലയം/ വിഭാഗം | പേര് | ഉദ്യോഗപ്പേര് | കാലഘട്ടം | റിമാർക്സ് |
|---|---|---|---|---|---|
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | ശ്രീമതി.ദീപ.കെ.എസ് ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (നോർത്തേൺ സർക്കിൾ, കണ്ണൂർ) പൂർണ്ണചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 04.08.2022- 31.12.2023 | |
| | | | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (നോർത്തേൺ സർക്കിൾ, കണ്ണൂർ) പൂർണ്ണചുമതലയുള്ള ഫോറസ്റ്റ് കൺസർവേറ്റർ | 01.01.2024-തുടരുന്നു | |

## വൈൽഡ്ലൈഫ് സർക്കിൾ

| | | | | | |
|---|---|---|---|---|---|
| 6 | വൈൽഡ്ലൈഫ്, പാലക്കാട് | ശ്രീ.പി.മുഹമ്മദ് ഷബാബ് ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (വൈൽഡ്ലൈഫ് &ഫീൽഡ് ഡയറക്ടർ, പാലക്കാട്) പൂർണ്ണചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 05.08.2022- തുടരുന്നു | ഇന്റർകേഡർ ഓഫീസർ |
| 7 | ഫീൽഡ് ഡയറക്ടർ (പ്രൊജക്ട് ടൈഗർ, കോട്ടയം) | ശ്രീ.പ്രമോദ്.പി.പി ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഫീൽഡ് ഡയറക്ടർ, പ്രൊജക്ട് ടൈഗർ, കോട്ടയം) പൂർണ്ണചുമതലയുള്ള ഫോറസ്റ്റ് കൺസർവേറ്റർ | 01.09.2021-31.12.2023 | |
| | | | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ് &ഫീൽഡ് ഡയറക്ടർ, കോട്ടയം) | 01.01.2024- തുടരുന്നു | |
| 8 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | ശ്രീ.എസ്.സൺ ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്ററുടെ (വൈൽഡ്ലൈഫ്, എ.ബി.പി സർക്കിൾ) പൂർണ്ണചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 01.08.2022- 31.05.2023 | |
| | | ശ്രീ.കെ.എൻ.ശ്യാം മോഹൻലാൽ ഐ.എഫ്.എസ് | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഡെവലപ്മെന്റ്) | 01.06.2023- തുടരുന്നു | അധിക ചുമതല |

## സോഷ്യൽ ഫോറസ്ട്രി /ഐ & ഇ സർക്കിൾ

| ക്രമ നം. | കാര്യാലയം/ വിഭാഗം | പേര് | ഉദ്യോഗപ്പേര് | കാലഘട്ടം | റിമാർക്സ് |
|---|---|---|---|---|---|
| 1 | സോഷ്യൽ ഫോറസ്ട്രി, സതേൺ റീജിയൻ, കൊല്ലം | ശ്രീ.എ.പി.സുനിൽ ബാബു ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്ററുടെ (സോഷ്യൽ ഫോറസ്ട്രി) പൂർണ്ണചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 01.08.2022-തുടരുന്നു | |
| 2 | സോഷ്യൽ ഫോറസ്ട്രി, സെൻട്രൽ റീജിയൻ, എറണാകുളം | ശ്രീമതി.ഇന്ദുവിജയൻ ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്ററുടെ (സോഷ്യൽ ഫോറസ്ട്രി) പൂർണ്ണചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 11.07.2022-31.12.2023 | ഇന്റർ കേഡർ ഓഫീസർ |
| | | | ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി, എറണാകുളം) | 01.01.2024- തുടരുന്നു | |
| 3 | സോഷ്യൽ ഫോറസ്ട്രി, നോർത്തേൺ റീജിയൻ, കോഴിക്കോട് | ശ്രീമതി.ദീപ.കെ.എസ് ഐ.എഫ്.എസ് | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (നോർത്തേൺ സർക്കിൾ, കണ്ണൂർ) പൂർണ്ണചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 01.03.2023-31.12.2023 | അധിക ചുമതല |
| | | | ഫോറസ്റ്റ് കൺസർവേറ്ററുടെ (നോർത്തേൺ സർക്കിൾ, കണ്ണൂർ) പൂർണ്ണചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 01.01.2024- തുടരുന്നു | അധിക ചുമതല |
| 4 | ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ, കോട്ടയം | കുമാരി.നീതു ലക്ഷ്മി.എം. ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്ററുടെ (ഐ & ഇ, കോട്ടയം) പൂർണ്ണചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 08.08.2022-31.12.2023 | |
| | | | ഫോറസ്റ്റ് കൺസർവേറ്റർ (ഐ & ഇ, കോട്ടയം) | 01.01.2024- തുടരുന്നു | |

| ക്രമ നം. | കാര്യാലയം/ വിഭാഗം | പേര് | ഉദ്യോഗപ്പേര് | കാലഘട്ടം | റിമാർക്ക്സ് |
|---|---|---|---|---|---|
| 5 | ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ, കോഴിക്കോട് | ശ്രീ.എസ്.നരേന്ദ്ര ബാബു ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്ററുടെ (ഐ & ഇ, കോഴിക്കോട്) പൂർണ്ണചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 30.07.2022-20.11.2023 | |
| | | കുമാരി.നീതു ലക്ഷ്മി.എം. ഐ.എഫ്.എസ് | ഫോറസ്റ്റ് കൺസർവേറ്ററുടെ (ഐ & ഇ, കോട്ടയം) പൂർണ്ണചുമതലയുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 21.11.2023-31.12.2023 | അധിക ചുമതല |
| | | | ഫോറസ്റ്റ് കൺസർവേറ്റർ (ഐ & ഇ, കോട്ടയം) | 01.01.2024-തുടരുന്നു | അധിക ചുമതല |

## 2.1 വനം സർക്കിൾ

സംസ്ഥാനത്തെ വനങ്ങളുടെ പൊതുവായ പരിപാലനത്തിനും ഭരണ സൗകര്യത്തിനും വേണ്ടി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരുടേയും ഫോറസ്റ്റ് കൺസർവേറ്റർമാരുടേയു റാങ്കിലുള്ള ഓഫീസർമാരുടെ നേതൃത്വത്തിൽ 11 വനം സർക്കിളുകൾ പ്രവർത്തിച്ചുവരുന്നു. (ടെറിട്ടോറിയൽ-5, വൈൽഡ്‌ലൈഫ്-3, സോഷ്യൽ ഫോറസ്ട്രി-3). വനം സർക്കിളുകളെ വിവിധ വനം ഡിവിഷനുകളായി വിഭജിച്ചിരിക്കുന്നു. വനം ഡിവിഷനുകൾക്ക് നേതൃത്വം നൽകുന്നത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ (DFO) ആണ്. വനം ഡിവിഷനുകൾ വനം റെയിഞ്ചുകളായി വിഭജിച്ചിരിക്കുന്നു. റെയിഞ്ചുകളുടെ ചുമതല റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (RFO)-ക്കാണ്. വിവിധ വിഭാഗങ്ങളുടെ കീഴിൽ വരുന്ന സർക്കിളുകൾ, ഡിവിഷനുകൾ, റെയിഞ്ചുകൾ എന്നിവയുടെ എണ്ണം താഴെ കൊടുക്കുന്നു.

**പട്ടിക-7**
**വകുപ്പിനുകീഴിലുള്ള സർക്കിളുകൾ/ഡിവിഷനുകൾ/റേഞ്ചുകൾ**

| വിഭാഗം | സർക്കിളുകൾ | ഡിവിഷനുകൾ | റേഞ്ചുകൾ |
|---|---|---|---|
| ടെറിട്ടോറിയൽ | 5 | 25 | 81* |
| തടി വിൽപ്പന (Functional Unit) | | 6 | 28 മുള്ളുമല ഉൾപ്പെടെയുള്ള തടി വിൽപ്പന ഡിപ്പോ (അനക്സ്) |
| വൈൽഡ്‌ലൈഫ് | 3 | 11 | #31 |
| സോഷ്യൽ ഫോറസ്ട്രി | 3 | **17 | 32 |
| നാച്ചുറൽ സ്റ്റഡി സെന്റർ | | 1 | |
| വർക്കിംഗ്& പ്ലാൻ റിസർച്ച് | 1 | 9## | 15 |
| വിജിലൻസും വനം ഇന്റലിജൻസും | 2 | 8 | 18 |
| പരിശീലനം | 1 | 2 | |
| **ആകെ** | 15 | 79 | 205 |

**ഇവയിൽ 6 എണ്ണം ടെറിട്ടോറിയൽ ഫങ്ഷണൽ യൂണിറ്റുകളാണ്.*
*#ഇവയിൽ 4 എണ്ണം വന്യജീവി ഫങ്ഷണൽ യൂണിറ്റുകളാണ്.*
*** ഇവയിൽ 3 എണ്ണം സാമൂഹിക വനവൽക്കരണ വിഭാഗത്തിന്റെ അനുബന്ധ യൂണിറ്റുകളാണ്.*
*##ഇവയിൽ 2 എണ്ണം ഗവേഷണ ഡിവിഷനുകളാണ്.*

## പട്ടിക-8
## വനം സർക്കിളുകളുടെ ഘടന

| ടെറിട്ടോറിയൽ സർക്കിൾ | ടെറിട്ടോറിയൽ ഡിവിഷനുകൾ | ടെറിട്ടോറിയൽ റെയിഞ്ചുകൾ |
|---|---|---|
| 1. സതേൺ സർക്കിൾ, കൊല്ലം | 1.തിരുവനന്തപുരം | 1.കുളത്തൂപ്പുഴ<br>2.പാലോട്<br>3.പരുത്തിപ്പള്ളി |
| | 2.തെന്മല | 4.ആര്യൻകാവ്<br>5.തെന്മല<br>6.സെൻട്രൽ നഴ്സറി, കുളത്തൂപ്പുഴ* |
| | 3.പുനലൂർ | 7.പത്തനാപുരം<br>8.അഞ്ചൽ |
| | 4.അച്ചൻകോവിൽ | 9.കല്ലാർ<br>10.കാനയാർ<br>11.അച്ചൻകോവിൽ |
| | 5.കോന്നി | 12.മണ്ണാറപ്പാറ<br>13.നടുവത്തുമൂഴി<br>14.കോന്നി |
| | 6.റാന്നി | 15.ഗുഡ്രിക്കൽ<br>16.റാന്നി<br>17.വടശ്ശേരിക്കര |
| 2. ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 7.കോട്ടയം | 18.നഗരംപാറ<br>19.അയ്യപ്പൻ കോവിൽ<br>20.കുമിളി<br>21.എരുമേലി |
| | 8.കോതമംഗലം | 22.കോതമംഗലം<br>23.മുള്ളരിങ്ങാട്<br>24.കാളിയാർ<br>25.തൊടുപുഴ |
| | 9.മാങ്കുളം | 26.ആനക്കുളം<br>27.മാങ്കുളം |
| | 10.മൂന്നാർ | 28.മൂന്നാർ<br>29.ദേവികുളം<br>30.അടിമാലി<br>31.നേരിയമംഗലം |
| | 11.മറയൂർ | 32.മറയൂർ<br>33.കാന്തല്ലൂർ<br>34.സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്* |

| ടെറിട്ടോറിയൽ സർക്കിൾ | ടെറിട്ടോറിയൽ ഡിവിഷനുകൾ | ടെറിട്ടോറിയൽ റെയിഞ്ചുകൾ |
|---|---|---|
| 3. സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 12.മലയാറ്റൂർ | 35.തുണ്ടത്തിൽ<br>36.കുട്ടമ്പുഴ<br>37.കാലടി<br>38.കോടനാട്<br>39.ഇടമലയാർ |
| | 13.വാഴച്ചാൽ | 40.ചാർപ്പ<br>41.വാഴച്ചാൽ<br>42.ഷോളയാർ<br>43.കൊല്ലതിരുമേട്<br>44. ആതിരപ്പിള്ളി |
| | 14.ചാലക്കുടി | 45.പാലപ്പിള്ളി<br>46.വെള്ളിക്കുളങ്ങര<br>47.പരിയാരം<br>48.സെൻട്രൽനഴ്സറി, ചെട്ടിക്കുളം* |
| | 15.തൃശ്ശൂർ | 49.വടക്കാഞ്ചേരി<br>50.മച്ചാട്<br>51. പട്ടിക്കാട് |
| 4. ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 16.നിലമ്പൂർ സൗത്ത് | 52.കരുളായി<br>53.കാളികാവ് |
| | 17.നിലമ്പൂർ നോർത്ത് | 54.വഴിക്കടവ്<br>55.നിലമ്പൂർ<br>56.എടവണ്ണ<br>57.ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ്, നിലമ്പൂർ*<br>58.സെൻട്രൽ നഴ്സറി നിലമ്പൂർ* |
| | 18.പാലക്കാട് | 59.ഒറ്റപ്പാലം<br>60.ഒലവക്കോട്<br>61.വാളയാർ |
| | 19.മണ്ണാർക്കാട് | 62.അട്ടപ്പാടി<br>63.അഗളി<br>64.മണ്ണാർക്കാട് |
| | 20.നെന്മാറ | 65.ആലത്തൂർ<br>66.കൊല്ലങ്കോട്<br>67.നെല്ലിയാമ്പതി |

| ടെറിട്ടോറിയൽ സർക്കിൾ | ടെറിട്ടോറിയൽ ഡിവിഷനുകൾ | ടെറിട്ടോറിയൽ റെയിഞ്ചുകൾ |
|---|---|---|
| 5.നോർത്തേൺ സർക്കിൾ, കണ്ണൂർ | 21.കോഴിക്കോട് | 68.കുറ്റ്യാടി<br>69.പെരുവണ്ണാമൂഴി<br>70.താമരശ്ശേരി |
| | 22.വയനാട് സൗത്ത് | 71.ചെതലയം (ചെതലത്ത്)<br>72.കൽപ്പറ്റ<br>73.മേപ്പാടി |
| | 23.വയനാട് നോർത്ത് | 74.ബേഗൂർ<br>75.മാനന്തവാടി<br>76.പെരിയ |
| | 24.കാസർഗോഡ് | 77.കാസർഗോഡ്<br>78.കാഞ്ഞങ്ങാട് |
| | 25.കണ്ണൂർ | 79.തളിപ്പറമ്പ്<br>80.കൊട്ടിയൂർ<br>81.കണ്ണവം |

| തടിവിൽപ്പന ഡിവിഷനുകൾ | തടിവിൽപ്പന റേഞ്ച് |
|---|---|
| 1. തടിവിൽപ്പന ഡിവിഷൻ, തിരുവനന്തപുരം | 1.ആര്യങ്കാവ് ഡിപ്പോ<br>2.കുളത്തൂപ്പുഴ ഡിപ്പോ<br>3.തെന്മല ഡിപ്പോ<br>4.അച്ചൻകോവിൽ ഡിപ്പോ<br>5.മുള്ളുമല (അനക്സ്) |
| 2. തടിവിൽപ്പന ഡിവിഷൻ, പുനലൂർ | 6.അരീക്കക്കാവ് ഡിപ്പോ<br>7.കോന്നി ഡിപ്പോ<br>8.പത്തനാപുരം ഡിപ്പോ<br>9.ഊയത്ത് ഡിപ്പോ<br>10.കടയ്ക്കാമൺ ഡിപ്പോ<br>11.വീയപുരം ഡിപ്പോ |
| 3. തടിവിൽപ്പന ഡിവിഷൻ, കോട്ടയം | 12.കോതമംഗലം ഡിപ്പോ<br>13.തലക്കോട് ഡിപ്പോ<br>14.വെട്ടിക്കാട് ഡിപ്പോ<br>15.പാറമ്പുഴ ഡിപ്പോ |
| 4. തടിവിൽപ്പന ഡിവിഷൻ, പെരുമ്പാവൂർ | 16.ചാലക്കുടി ഡിപ്പോ<br>17.ചെട്ടിക്കുളം ഡിപ്പോ<br>18.മുടിക്കൽ ഡിപ്പോ<br>19.വരാപ്പുഴ ഡിപ്പോ<br>20.വീട്ടൂർ ഡിപ്പോ |
| 5. തടിവിൽപ്പന ഡിവിഷൻ, പാലക്കാട് | 21.നെടുങ്കയം ഡിപ്പോ<br>22.അരുവാക്കോട് ഡിപ്പോ<br>23.വാളയാർ ഡിപ്പോ |
| 6. തടിവിൽപ്പന ഡിവിഷൻ, കോഴിക്കോട് | 24.ചാലിയം ഡിപ്പോ<br>25.കുപ്പാടി ഡിപ്പോ<br>26.ബാവലി ഡിപ്പോ<br>27.കണ്ണോത്ത് ഡിപ്പോ<br>28.പരപ്പ ഡിപ്പോ |

| വന്യജീവി സർക്കിൾ | വന്യജീവി ഡിവിഷനുകൾ | വന്യജീവി റെയിഞ്ചുകൾ |
|---|---|---|
| 1. അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 1.ശെന്തുരുണി | 1.ശെന്തുരുണി |
| | 2.തിരുവനന്തപുരം | 2.പേപ്പാറ<br>3.നെയ്യാർ<br>4. അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്<br>5. കോട്ടൂർ |
| 2. ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), കോട്ടയം | 3.പെരിയാർ ഈസ്റ്റ് | 5.പെരിയാർ<br>6.വള്ളക്കടവ്<br>7.തേക്കടി<br>8.റിസർച്ച്, തേക്കടി #<br>9.ഫ്ലയിംഗ് സ്ക്വാഡ്, തേക്കടി #<br>10.ഇക്കോ-ഡെവലപ്മെന്റ് റെയിഞ്ച് # |
| | 4.പെരിയാർ വെസ്റ്റ് | 11.പമ്പ<br>12.അഴുത |
| | 5.ഇടുക്കി | 13.തട്ടേക്കാട് പക്ഷി സങ്കേതം<br>14.ഇടുക്കി |
| | 6.മൂന്നാർ | 15.ഷോല നാഷണൽ പാർക്ക്<br>16.ചിന്നാർ<br>17.ഇരവികുളം നാഷണൽ പാർക്ക് |
| 3. വന്യജീവി സർക്കിൾ, പാലക്കാട് | 7.പീച്ചി | 18.പീച്ചി<br>19.ചിമ്മിനി |
| | 8.സൈലന്റ് വാലി | 20.സൈലന്റ് വാലി<br>21.ഭവാനി |
| | 9.പറമ്പിക്കുളം | 22.സുങ്കം<br>23.പറമ്പിക്കുളം<br>24.ഒരുകൊമ്പൻ<br>25.കരിമല |
| | 10.ആറളം | 26.ആറളം |
| | 11.വയനാട് | 27.തോൽപ്പെട്ടി<br>28.കറിച്ചിയാട്<br>29.സുൽത്താൻ ബത്തേരി<br>30.മുത്തങ്ങ<br>31.എലിഫെന്റ് സ്ക്വാഡ് # |

| സോഷ്യൽ ഫോറസ്ട്രി സർക്കിൾ | സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകൾ | സോഷ്യൽ ഫോറസ്ട്രി റെയിഞ്ചുകൾ |
|---|---|---|
| 1. സോഷ്യൽ ഫോറസ്ട്രി, സതേൺ റീജിയൻ, കൊല്ലം | 1.തിരുവനന്തപുരം | 1.ആറ്റിങ്ങൽ<br>2.തിരുവനന്തപുരം<br>3.നെയ്യാറ്റിൻകര |
| | 2.കൊല്ലം | 4.പുനലൂർ<br>5.കൊല്ലം |
| | 3.പത്തനംതിട്ട | 6.റാന്നി<br>7.പത്തനംതിട്ട |
| | 4.ആലപ്പുഴ | 8.ആലപ്പുഴ<br>9.ചെങ്ങന്നൂർ |
| | 5.കോട്ടയം | 10.പൊൻകുന്നം<br>11.കോട്ടയം |
| | 6.സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ, കൊല്ലം ** | |
| 2. സോഷ്യൽ ഫോറസ്ട്രി, സെൻട്രൽ റീജിയൻ, എറണാകുളം | 7.ഇടുക്കി | 12.മൂന്നാർ<br>13.കട്ടപ്പന<br>14.പീരുമേട്<br>15.തൊടുപുഴ |
| | 8.(എ) എറണാകുളം | 16.പെരുമ്പാവൂർ<br>17.എറണാകുളം |
| | (ബി) നേച്ചർ സ്റ്റഡി സെന്റർ(എൻ.എസ്.സി) കാലടി | |
| | 9.തൃശ്ശൂർ | 18.തൃശ്ശൂർ<br>19.ചാലക്കുടി |
| | 10.പാലക്കാട് | 20.അഗളി<br>21.മണ്ണാർക്കാട്<br>22.പാലക്കാട് |
| | 11.സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ, എറണാകുളം ** | |
| 3. സോഷ്യൽ ഫോറസ്ട്രി നോർത്തേൺ റീജിയൻ, കോഴിക്കോട് | 12.മലപ്പുറം | 23.നിലമ്പൂർ<br>24.മലപ്പുറം |
| | 13.കോഴിക്കോട് | 25.കോഴിക്കോട് റെയിഞ്ച്<br>26.വടകര |
| | 14.വയനാട് | 27.മാനന്തവാടി<br>28.കൽപ്പറ്റ |
| | 15.കണ്ണൂർ | 29.കണ്ണൂർ<br>30.തലശ്ശേരി |
| | 16.കാസർഗോഡ് | 31.ഹോസ്ദുർഗ്<br>32.കാസർഗോഡ് |
| | 17.സോഷ്യൽഫോറസ്ട്രി എക്സ്റ്റൻഷൻ, കോഴിക്കോട് ** | |

| വർക്കിംഗ് പ്ലാൻ &റിസർച്ച് സർക്കിൾ | വർക്കിംഗ് പ്ലാൻ &റിസർച്ച് ഡിവിഷൻ | വർക്കിംഗ് പ്ലാൻ &റിസർച്ച് റെയിഞ്ച്/യൂണിറ്റ് |
|---|---|---|
| തിരുവനന്തപുരം | 1. അച്ചൻകോവിൽ | 1.ആർ.എഫ്.ഒ വർക്കിംഗ് പ്ലാൻ റെയിഞ്ച് I |
| | | 2.ആർ.എഫ്.ഒ വർക്കിംഗ് പ്ലാൻ റെയിഞ്ച് II |
| | 2. കോഴിക്കോട് | 3.ആർഎഫ്.ഒ വർക്കിംഗ് പ്ലാൻ റെയിഞ്ച് |
| | 3. പാലക്കാട് | 4. ആർ.എഫ്.ഒ വർക്കിംഗ് പ്ലാൻ റെയിഞ്ച് I |
| | | 5. ആർ.എഫ്.ഒ വർക്കിംഗ് പ്ലാൻ റെയിഞ്ച് II |
| | 4. മൂന്നാർ | 6. ആർ.എഫ്.ഒ വർക്കിംഗ് പ്ലാൻ റെയിഞ്ച് I |
| | | 7. ആർ.എഫ്.ഒ വർക്കിംഗ് പ്ലാൻ റെയിഞ്ച് II |
| | 5. തൃശ്ശൂർ എഫ്.ആർ.എസ്.സി | 8. ആർ.എഫ്.ഒ. എഫ്.ആർ.എസ്.സി തൃശ്ശൂർ |
| | 6. പുനലൂർ | 9. ആർ.എഫ്.ഒ വർക്കിംഗ് പ്ലാൻ റെയിഞ്ച് I |
| | | 10. ആർ.എഫ്.ഒ വർക്കിംഗ് പ്ലാൻ റെയിഞ്ച് II |
| | 7. കൊല്ലം | 11. ആർ.എഫ്.ഒ വർക്കിംഗ് പ്ലാൻ റെയിഞ്ച് |
| | 8. റിസർച്ച് (നോർത്ത്) ## | 12. എ.സി.എഫ്, പാലക്കാട് റിസർച്ച് യൂണിറ്റ് |
| | | 13. ആർ.എഫ്.ഒ നിലമ്പൂർ റിസർച്ച് റെയിഞ്ച് |
| | | 14. ആർ.എഫ്.ഒ മാനന്തവാടി റിസർച്ച് റെയിഞ്ച് |
| | | 15. ആർ.എഫ്.ഒ ഫോറസ്റ്റ് സീഡ് സെന്റർ, പീച്ചി |
| | 9. റിസർച്ച് (സൗത്ത്) ## | 16. എ.സി.എഫ്, കുളത്തൂപ്പുഴ റിസർച്ച് യൂണിറ്റ് |
| | | 17. എ.സി.എഫ്, പീരുമേട് റിസർച്ച് യൂണിറ്റ് |
| | | 18. ആർ.എഫ്.ഒ കോടനാട് റിസർച്ച് റെയിഞ്ച് |

| വിജിലൻസ് സർക്കിൾ | ഡിവിഷനുകൾ | ഫ്ളയിംഗ്സ്ക്വാഡ് റെയിഞ്ചുകൾ |
|---|---|---|
| 1.ഇൻസ്പെക്ഷൻ&ഇവാല്യവേഷൻ, കോട്ടയം | 1. തിരുവനന്തപുരം | 1. ചുള്ളിമാനൂർ<br>2. തിരുവനന്തപുരം ഫ്ലൈയിംഗ് സ്ക്വാഡ് റെയ്ഞ്ച് |
| | 2. പുനലൂർ | 3. റാന്നി<br>4. പുനലൂർ |
| | 3. കോതമംഗലം | 5. മൂന്നാർ<br>6. തൊടുപുഴ<br>7. കോതമംഗലം |
| | 4. ഇടുക്കി | 8. ഇടുക്കി<br>9. മുണ്ടക്കയം |
| 2. ഇൻസ്പെക്ഷൻ&ഇവാല്യവേഷൻ, കോഴിക്കോട് | 5.എറണാകുളം | 10.തൃശ്ശൂർ<br>11.പെരുമ്പാവൂർ |
| | 6.പാലക്കാട് | 12.പാലക്കാട്<br>13.നെല്ലിയാമ്പതി |
| | 7.കോഴിക്കോട് | 14.കോഴിക്കോട്<br>15.കൽപ്പറ്റ<br>16.നിലമ്പൂർ |
| | 8.കണ്ണൂർ | 17.കാസർഗോഡ്<br>18.കണ്ണൂർ |

| എച്ച്.ആർ.ഡി സർക്കിൾ | സ്ഥാപനങ്ങൾ |
|---|---|
| 1. മാനവശേഷി വികസന വനം പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, പി.ടി.പിനഗർ, തിരുവനന്തപുരം | 1. സംസ്ഥാന വനം പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, വാളയാർ<br>2.സംസ്ഥാന വനം പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ |

* ടെറിട്ടോറിയൽ പ്രവർത്തന യൂണിറ്റുകൾ
# വന്യജീവി പ്രവർത്തന യൂണിറ്റുകൾ
** സാമൂഹിക വനവൽക്കരണ എക്സ്റ്റെൻഷൻ യൂണിറ്റുകൾ
## ഗവേഷണഡിവിഷനുകൾ

നോട്ട്: ഡിവിഷൻ, റെയിഞ്ച് തിരിച്ചുള്ള വനം സ്റ്റേഷനുകളുടെ വിശദ വിവരങ്ങൾ അനുബന്ധം 1(a)-യിൽ കൊടുത്തിരിക്കുന്നു. ഡിവിഷൻ തിരിച്ചുള്ള റെയിഞ്ച് ഓഫീസുകളുടേയും ചെക്ക് പോസ്റ്റുകളുടേയും എണ്ണം അനുബന്ധം 1(b)-യിൽ കൊടുത്തിരിക്കുന്നു. ഓഫീസർമാരുടെ ഇ-മെയിൽ വിലാസവും ഫോൺ/ഫാക്സ് നമ്പറുകളും അനുബന്ധം 2- ലും വകുപ്പിന്റെ സംഘടന ചാർട്ട് അനുബന്ധം 3-ലും നൽകിയിരിക്കുന്നു.

## 2.2 വകുപ്പിന്റെ കീഴിലെ വിവിധ വിഭാഗങ്ങളുടെ പ്രധാന ചുമതലകൾ:

വകുപ്പിന് കീഴിലുള്ള വിവിധ വിഭാഗങ്ങളുടെ ചുമതലകൾ താഴെ ചുരുക്കി നൽകുന്നു.

### 2.2.1 ഭരണവിഭാഗം

വനം വകുപ്പിലെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത് ഈ വിഭാഗത്തിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററാണ്. കേരള സ്റ്റേറ്റ് സർവ്വീസ്, കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ്, കേരള ഫോറസ്റ്റ് സർവ്വീസ്, കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ്, ലാസ്റ്റ് ഗ്രേഡ് സർവ്വീസ്, കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് എന്നീ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെയും ഓഫീസർമാരുടെയും നിയമനം, സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, അച്ചടക്ക നടപടി, പെൻഷൻ, വായ്പകൾ തുടങ്ങിയ സേവനകാര്യങ്ങൾ നിർവഹിക്കുന്നത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-ത്തിന്റെ ഓഫീസാണ്.

### 2.2.2 പ്ലാനിംഗ് & ഡെവലപ്മെന്റ് വിഭാഗം

സംസ്ഥാന സർക്കാർ ആവിഷ്ക്കരിക്കുന്ന വിവിധ പദ്ധതികളുടെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും നടത്തിപ്പിന്റെ മേൽനോട്ടവും ഏകോപനവും പ്ലാനിംഗ് & ഡെവലപ്മെന്റ് വിഭാഗമാണ് നിർവ്വഹിക്കുന്നത്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്മെന്റ്), അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (F, B&A) എന്നിവർ ഈ വിഭാഗത്തിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ ഓഫീസിനു കീഴിൽ പ്ലാനിംഗ്, അക്കൗണ്ട്സ്, ഓഡിറ്റ്, സ്റ്റാറ്റിസ്റ്റിക്സ് എന്നീ ിഭാഗങ്ങൾ പ്രവർത്തിക്കുന്നു. പ്ലാനിംഗ് വിഭാഗം പഞ്ചവത്സരപദ്ധതികൾ, വാർഷിക പദ്ധതികൾ, ബഡ്ജറ്റ് എന്നിവയു ട പ്രൊപ്പോസൽ തയ്യാറാക്കൽ, ധനാഭ്യർത്ഥന, നബാർഡ് സ്കീമിന്റെ പ്രവർത്തികൾ എന്നിവ ചെയ്തുവരുന്നു. അക്കൗണ്ട്സ് വിഭാഗം റിപ്പോർട്ടുകൾ അക്കൗണ്ടന്റ് ജനറൽ, കൺട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ എന്നിവർക്ക് സമർപ്പിക്കുന്നു. സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ ചുമതല ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്) ആണ് വഹിക്കുന്നത്. സഹായത്തിന് രണ്ടു റിസർച്ച് അസിസ്റ്റന്റുകളും, നാല് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റുകളും ഉണ്ട്. സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റുമാർ വിവിധ സർക്കിളുകളിലേയും, ഡിവിഷനുകളിലേയും വിവര ശേഖരണം നടത്തി ലഭ്യമാക്കുന്ന വിവരങ്ങൾ ഫോറസ്ട്രി ഡാറ്റാബേസിൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ വനം ആസ്ഥാന കാര്യാലയത്തിൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ ചെയ്യുന്നു. വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതി-പദ്ധതിയേതര പ്രവർത്തനങ്ങളുടെ പ്രതിമാസ പുരോഗതി റിപ്പോർട്ട് തയ്യാറക്കൽ, പ്ലാൻ സ്പേസ് സോഫ്റ്റ്വെയറിന്റെ മേൽനോട്ടവും ഏകോപനവും, വകുപ്പിന്റെ വാർഷിക ഭരണ റിപ്പോർട്ട്, വാർഷിക പ്രസിദ്ധീകരണമായ ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് എന്നിവ തയാറാക്കുന്നതിന്റെ ഉത്തരവാദിത്തം സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിനാണ്. ഇന്ത്യാ ഗവൺമെന്റിന്റെയും സംസ്ഥാന സർക്കാരിന്റെയും വിവിധ ഏജൻസികൾക്ക് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് സമർപ്പിക്കുന്നത് ഈ വിഭാഗമാണ്. 2022-23 വരെയുള്ള റിപ്പോർട്ടുകൾ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ഇതിനകം തയ്യാറാക്കിയിട്ടുണ്ട്.

### 2.2.3 ഇക്കോഡവലപ്മെന്റ് & ട്രൈബൽ വെൽഫെയർ വിഭാഗം

വനാശ്രിത സമൂഹത്തിന്റെയും, പ്രത്യേകിച്ച് പട്ടികവർഗ്ഗക്കാരുടെ വികസനത്തിനും ക്ഷേമത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നതും ഏകോപിപ്പിക്കുന്നതും ഈ വിഭാഗമാണ്. അതുകൂടാതെ, പരിസ്ഥിതി സൗഹാർദ്ദ വിനോദസഞ്ചാരം, പി.എഫ്.എം ഇൻഷുറൻസ്, ഇക്കോ സിസ്റ്റം മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം, ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി നിർവ്വഹണം ഇക്കോഡവലപ്മെന്റ് & ടൈബൽ വെൽഫെയർ വിഭാഗത്തിന്റെ നിയന്ത്രണത്തിലാണ് നടപ്പിലാക്കി വരുന്നത്.

### 2.2.4 ഇക്കോളജിക്കലി ഫ്രജൈൽ ലാൻഡ് വിഭാഗം

'ദി കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആൻഡ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൽ ലാൻഡ്സ്) ആക്ട്, 2003', സംസ്ഥാനത്തെ പരിസ്ഥിതിലോലപ്രദേശങ്ങൾ കേരളസർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനായി ആവിഷ്കരിച്ച നിയമമാണ്. ഈ നിയമം നടപ്പിലാക്കും മുമ്പ് കേരള വന (വെസ്റ്റിംഗ് ആൻഡ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൽ ലാൻഡ്സ്) ഓർഡിനൻസ് (06/2000) പ്രസിദ്ധപ്പെടുത്തുകയും, 02.06.2000 മുതൽ അത് നടപ്പിലാക്കുകയും ചെയ്തിരുന്നു. 2005-ലെ ആക്ട് 21 നടപ്പിലാക്കുന്നതു വരെ, ഇക്കോളജിക്കലി ഫ്രൈജൽ ലാൻഡിന്റെ കസ്റ്റോഡിയൻ പ്രിൻസിപ്പൽ ചീഫ്

ഫോറസ്റ്റ് കൺസർവേറ്ററായിരുന്നു. 23.11.2005 - ൽ ഇതിനായി ഒരു പ്രത്യേക വിഭാഗം സ്ഥാപിക്കുകയും ഇക്കോളജിക്കലി ഫ്രൈജൽ ലാൻഡിന്റെ കസ്റ്റോഡിയനായി ഒരു മുഖ്യവനപാലകനെ നിയമിക്കുകയും ചെയ്തു. ഇപ്പോൾ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററാണ് ഇക്കോളജിക്കലി ഫ്രൈജൽ ലാൻഡിന്റെ കസ്റ്റോഡിയൻ (Custodian). പരിസ്ഥിതി ലോല പ്രദേശവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നടക്കുന്ന വ്യവഹാരങ്ങളുടെ മേൽനോട്ടവും ഏകോപനവും ഈ വിഭാഗത്തിനാണ്.

## 2.2.5 ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗം

റിസർവ്വ് വനങ്ങളുടെ സ്ഥിതിവിവരക്കണക്ക് സൂക്ഷിക്കലും, പുതിയ റിസർവ്വ് വനപ്രഖ്യാപനത്തിനുള്ള നിർദേശങ്ങൾ തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതും, വനം സംബന്ധിച്ചുള്ള പുതിയ നിയമങ്ങളും നിലവിലുള്ള വനനിയമത്തിലെ ചട്ടങ്ങളിൽ ആവശ്യമെങ്കിൽ ഭേദഗതി വരുത്തുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുന്നതും ഈ വിഭാഗമാണ്. നിക്ഷിപ്ത വനഭൂമിയുടെ പരിപാലനം, ഭൂമി ഏറ്റെടുക്കലിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കൽ തുടങ്ങിയവ ഫോറസ്റ്റ് ലാൻഡ് & റിസോഴ്സസ് (എഫ്.എൽ&ആർ) വിഭാഗത്തിന്റെ ചുമതലയാണ്. വനം വന്യജീവി സംരക്ഷണത്തിന് സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ ഈ വിഭാഗം ദി വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്ട് 1972, കേരള വന നിയമം 'ദി കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആൻഡ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൽ ലാൻഡ്സ്) ആക്ട് 2003' തുടങ്ങിയ നിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു. അതുവഴി വനത്തിന്റെയും, വന്യജീവികളുടെയും സംരക്ഷണം ഉറപ്പാക്കുന്നു.

വനാതിർത്തി നിർണ്ണയിച്ച് ജണ്ടകൾ നിർമ്മിച്ച് വനഭൂമി സംരക്ഷിക്കുക, വിവിധ ഏജൻസികൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, നിക്ഷിപ്ത വനങ്ങൾ, വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ അനുവദിക്കൽ, നിയമസഭാ പരാതി കമ്മിറ്റി, പരിസ്ഥിതിസമിതി, ദി എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്ട്, 1986 എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തുടങ്ങിയവ ഈ വിഭാഗമാണ് കൈകാര്യം ചെയ്യുന്നത്.

## 2.2.6 വിവരസാങ്കേതിക വിദ്യ വിഭാഗം

ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കിയ കേരള ഫോറസ്ട്രി പദ്ധതിയുടെ ഭാഗമായാണ് FMIS (ഫോറസ്റ്റ് മാനേജ്മന്റ് ഇൻഫർമേഷൻ സിസ്റ്റം) വിഭാഗം സ്ഥാപിച്ചത്. ഇ-ഗവേണൻസ് ആശയങ്ങൾ നടപ്പിലാക്കുന്നതിനും വനംവകുപ്പിൽ ഡാറ്റാബേസ് മാനേജ്മെന്റ് സിസ്റ്റം, ജിയോ ഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം എന്നിവയുടെ ഉപയോഗം, വിവരസാങ്കേതിക വിദ്യയുടെ നൂതന ആശയങ്ങൾ ഭരണ സൗകര്യാർത്ഥം നടപ്പിലാക്കുക, ജീവനക്കാർക്ക് പരിശീലനം നൽകുക, ഇന്റർനെറ്റ് കണക്ടിവിറ്റി വിപുലീകരിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ വിഭാഗം സ്ഥാപിച്ചത്. കൂടാതെ വകുപ്പിന്റെ ഫോറസ്റ്റ് ഇൻവെന്ററി ഡാറ്റ അപ്ഡേറ്റ് ചെയ്യുക, പൊതുജനങ്ങൾക്ക് വനം വകുപ്പിൽ നിന്നും നൽകി വരുന്ന സേവനങ്ങൾ ഡിജിറ്റൽ വത്കരിക്കുക എന്നിവയാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ.

## 2.2.7 മാനവശേഷി വികസന വിഭാഗം

വന സംരക്ഷണ ജീവനക്കാർക്ക് മികച്ച രീതിയിലുള്ള പരിശീലനം നൽകുന്നതിലേക്കായി വനം വകുപ്പിൽ 1990-ൽ പരിശീലനവിഭാഗം ആരംഭിച്ചു. വനം വകുപ്പിലെയും കേരള വനം വികസന കോർപ്പറേഷനിലെയും ജീവനക്കാർക്ക് പരിശീലനവും, റിഫ്രഷർ കോഴ്സുകളും മാനവശേഷി വികസനവിഭാഗം നൽകുന്നുണ്ട്. വകുപ്പിലെ ജീവനക്കാർക്ക് മാനവ വിഭവശേഷി പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ഐ.എഫ്.എസ്, എസ്.എഫ്.എസ് ഓഫീസർമാർ, വനസംരക്ഷണ ജീവനക്കാർ, മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കും, ഡ്രൈവർമാർ, വാച്ചർമാർ തുടങ്ങി എല്ലാ വിഭാഗം ജീവനക്കാർക്കും അനുയോജ്യമായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

## 2.2.8 സാമൂഹിക വനവൽക്കരണ വിഭാഗം

പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ഹരിതവൽക്കരണം നടപ്പിലാക്കുന്നതിനുള്ള ചുമതല സാമൂഹിക വനവൽക്കരണ വിഭാഗത്തിനാണ്. റെയിൽവേലൈനുകളുടെയും, റോഡുകളുടെയും വശങ്ങളിലും, റവന്യൂ പുറമ്പോക്കുകളിലും, ചെറിയ ജലാശയങ്ങളുടെ കരകളിലും, സർക്കാർ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും വൃക്ഷതൈകൾ നടുന്നുണ്ട്. പൊതുജനങ്ങളുടെ ആവശ്യാനുസരണം, അതാത് പ്രദേശത്തെ പ്രകൃതിക്ക് അനുയോജ്യമായ മരങ്ങളുടെ തൈകൾ നഴ്സറികളിൽ വളർത്തി പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു.

പൊതുജനസമ്പർക്കത്തിനും വനം വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും ഈ വിഭാഗത്തിന് കീഴിലെ ഫോറസ്ട്രി ഇൻഫോർമേഷൻ ബ്യൂറോ (FIB) പ്രധാന പങ്ക് വഹിക്കുന്നു. വകുപ്പിന്റെ വിവിധതരം പ്രവർത്തനങ്ങളെ സംബന്ധിച്ച കൈപ്പുസ്തകങ്ങൾ, ലഘുലേഖകൾ എന്നിവ പ്രസിദ്ധീകരിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നു. ലോക വനദിനം, ലോകഭൗമദിനം, ലോകപരിസ്ഥിതി ദിനം, വന്യജീവിവാരം എന്നീ ആഘോഷ പരിപാടികൾക്ക് പ്രചാരണം നൽകുന്ന ചുമതലകളും ഈ വിഭാഗത്തിനുണ്ട്. സംസ്ഥാനതല പരിപാടികളുടെ ഭാഗമായി പരസ്യങ്ങൾ ചിത്രീകരിച്ച് വിതരണം ചെയ്യുന്നതും, പ്രദർശന വസ്തുക്കൾ നിർമ്മിക്കുന്നതും, ഡോക്യുമെന്ററി, സിനിമകൾ നിർമിക്കുന്നതും, പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും വനസംബന്ധമായ അവബോധം സൃഷ്ടിക്കുക എന്നതും എഫ്.ഐ.ബി-യുടെ ചുമതലയിൽ ഉൾപ്പെടുന്നു.

### 2.2.9 സ്പെഷ്യൽ അഫോറസ്റ്റേഷൻ വിഭാഗം

ദി ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട്, 1980 സംസ്ഥാനത്ത് നടപ്പാക്കുകയും അത് നിരീക്ഷിച്ച് നിയന്ത്രിക്കുകയും ചെയ്യുന്നത് സ്പെഷ്യൽ അഫോറസ്റ്റേഷൻ വിഭാഗത്തിന്റെ ചുമതലയാണ്. 1980-ലെ ദി ഫോറസ്റ്റ് (കൺസർവേഷൻ) ആക്ടിന്റെ വെളിച്ചത്തിൽ അതു സംബന്ധിച്ചുള്ള ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മാർഗനിർദ്ദേശങ്ങൾക്കും കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾക്കുമനുസൃതമായി, വനഭൂമി വനേതരാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനു വേണ്ടി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിനുള്ള ചുമതല ഈ വിഭാഗത്തിന്റെ നോഡൽ ഓഫീസർ നിർവ്വഹിക്കുന്നു.

### 2.2.10 വനം വിജിലൻസ് & ഇന്റലിജൻസ് വിഭാഗം

വനം വിജിലൻസ് വിഭാഗം 23-12-1971 (എം.എസ്) 289/71 കൃഷി വകുപ്പ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് നിലവിൽ വന്നത്. വിജിലൻസ് വിഭാഗത്തിനു കീഴിൽ കോട്ടയം, കോഴിക്കോട് എന്നീ സർക്കിളുകൾ പ്രവർത്തിക്കുന്നു. കോട്ടയം സർക്കിളിനു കീഴിൽ തിരുവനന്തപുരം, പുനലൂർ, ഇടുക്കി, കോതമംഗലം എന്നീ നാല് ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷനുകളും, കോഴിക്കോട് സർക്കിളിനു കീഴിൽ എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ നാല് ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷനുകളും പ്രവർത്തിക്കുന്നു.

വനം വകുപ്പ് ആസ്ഥാനത്താണ് വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തിക്കുന്നത്. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററാണ് ഈ വിഭാഗത്തിന്റെ തലവൻ. വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെ സഹായിക്കുന്നതിനുമായി വനം വകുപ്പ് ആസ്ഥാനത്ത് നാല് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നിയമിച്ചിട്ടുണ്ട്.

♦ **ദൗത്യങ്ങൾ**

താഴെപ്പറയുന്നവ സംബന്ധിച്ച പരാതികൾ യഥാസമയം പരിശോധിച്ച് നടപടി സ്വീകരിക്കുകയും, കഴിയുന്നത്ര ഉണ്ടാകാതെ നോക്കുകയും ചെയ്യുക.

- ഉദ്യോഗസ്ഥരുടെ സ്വജനപക്ഷപാതം.
- സർക്കാർ വസ്തുവകകൾക്ക് അന്യായമായി നഷ്ടം ഉണ്ടാക്കുക, വരുമാന നഷ്ടമുണ്ടാക്കുക, ബാധ്യത ഉണ്ടാക്കുക.
- തെറ്റായ രീതിയിൽ റ്റി.എ, വീട്ടുവാടക തുടങ്ങിയവ കൈപ്പറ്റുക.
- പെരുമാറ്റ ദൂഷ്യമോ അധികാര ദുർവിനിയോഗമോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുക.
- സർക്കാർ നടപടികളിൽ അനാവശ്യമായ കാലതാമസം വരുത്തുക.
- സർക്കാർ വസ്തുവകകൾ ദുർവിനിയോഗം നടത്തുകയോ ദുരുപയോഗം ചെയ്യുകയോ ചെയ്യൽ.
- ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ തികഞ്ഞ അവഗണനയോ കടുത്ത അനാസ്ഥയോ കൃത്യ വിലോപമോ ചെയ്യുക.
- പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായ പ്രവൃത്തികൾ.
- മുകളിൽ സൂചിപ്പിച്ച കുറ്റങ്ങൾക്ക് പ്രേരണ നൽകുക.
- നിയമ വിരുദ്ധമായി വനവിഭവങ്ങളുടെ കടത്ത്, വനകുറ്റകൃത്യങ്ങൾ തുടങ്ങിയവ.

സ്ഥിരം കുറ്റവാളികളെ സംബന്ധിച്ചുള്ള വിവരം, കുറ്റകൃത്യത്തെ കുറിച്ചുള്ള വിവരങ്ങൾ, കേസന്വേഷണത്തെ സഹായിക്കുവാൻ ഉതകുന്ന തെളിവുകൾ മുതലായവ കേസന്വേഷണം ത്വരിതപ്പെടുത്തുവാനും, കുറ്റകൃത്യങ്ങൾ തടയുവാനും സഹായിക്കുന്നു. ഇത്തരം വിവരശേഖരണം ലക്ഷ്യമാക്കിയാണ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) ന്റെ നിയന്ത്രണത്തിൽ എഫ്.ഐ.സി (ഫോറസ്റ്റ് ഇന്റലിജൻസ് സെൽ) രൂപീകരിച്ചിട്ടുള്ളത്. വനസംബന്ധമായ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും, കുറ്റകൃത്യങ്ങൾ സംബന്ധിച്ച രഹസ്യ വിവരം ശേഖരിച്ച് വനം-വന്യ ജീവി കുറ്റകൃത്യങ്ങൾ തടയുന്നതിനും ആവശ്യമായ നടപടികൾ ഫോറസ്റ്റ് ഇന്റലിജൻസ് സെൽ സ്വീകരിച്ചു വരുന്നുണ്ട്. വനം-വന്യജീവി കുറ്റകൃത്യം സംബന്ധിച്ചുള്ള രഹസ്യ വിവരം നൽകുന്ന വ്യക്തികൾക്ക് രഹസ്യ വിവര സേവന ഫണ്ടിൽ നിന്നും പാരിതോഷികം നൽകുന്നുണ്ട്.

### 2.2.11 വന്യജീവി വിഭാഗം

സംസ്ഥാനത്തെ വന്യജീവികളുടെയും ജൈവവൈവിധ്യത്തിന്റെയും സംരക്ഷണവും പരിപാലനവുമാണ് വന്യജീവി വിഭാഗത്തിന്റെ പ്രധാന ചുമതല. 1972-ലെ വന്യജീവിസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്തിലെ സംരക്ഷിത മേഖലകൾ പ്രവർത്തിക്കുന്നത്. നിലവിൽ മൂന്ന് വന്യജീവി സർക്കിളുകളുടെ കീഴിൽ 11 വന്യജീവി ഡിവിഷനുകളുണ്ട്. 3441.207 ചതുരശ്ര കി.മീ സംരക്ഷിത മേഖലാശൃംഖലയിൽ 6 ദേശീയോദ്യാനങ്ങൾ, 18 വന്യജീവിസങ്കേതങ്ങൾ, 2 കടുവാസങ്കേതങ്ങൾ, 3 പക്ഷിസങ്കേതങ്ങൾ (ഒരു മയിൽ സങ്കേതം ഉൾപ്പെടെ), ഒരു കമ്യൂണിറ്റി റിസർവ് എന്നിവ ഉൾപ്പെടുന്നു.

1988-ൽ ദേശീയ വന നയത്തിൽ വന്ന മാതൃകാപരമായ മാറ്റത്തിന്റെ ഫലമായി വനമേഖലകൾ, പ്രകൃതിദത്ത വനങ്ങൾ, വന്യജീവികളുടെയും ജൈവ വൈവിധ്യങ്ങളുടെയും സംരക്ഷണം എന്നിവയ്ക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. വന്യജീവി വിഭാഗത്തിന്റെ രൂപീകരണവും കൂടുതൽ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെ പ്രഖ്യാപനവും ഈ ഉദ്യമത്തിന്റെ ലക്ഷ്യം സാക്ഷാത്കരിക്കുവാൻ സഹായകമായി.

### 2.2.12 വർക്കിംഗ് പ്ലാൻ & റിസർച്ച് വിഭാഗം

ടെറിറ്റോറിയൽ വിഭാഗത്തിൽപ്പെട്ട വനം ഡിവിഷനുകളിലെ വനപരിപാലനത്തിനായുള്ള മാർഗ നിർദ്ദേശങ്ങൾ അടങ്ങുന്ന രേഖയാണ് ഓരോ വനം ഡിവിഷന്റെയും വർക്കിംഗ് പ്ലാൻ. കാലാകാലങ്ങളിലെ സർക്കാരിന്റെ നയങ്ങൾ, നിയമങ്ങൾ, ചട്ടങ്ങൾ, എന്നിവ അടിസ്ഥാനപ്പെടുത്തിയും ആ പ്രദേശത്തെ സവിശേഷതകളും കണക്കിലെടുത്തുമാണ് 10 വർഷത്തേക്കുള്ള വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നത്. കേരളത്തിലെ 25 ടെറിറ്റോറിയൽ ഡിവിഷനുകളുടെയും വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കുന്നത് ഈ വിഭാഗത്തിന്റെ ചുമതലയാണ്. ഇതിനായി ഈ വിഭാഗത്തിൽ 6 വർക്കിംഗ് പ്ലാൻ ഡിവിഷനുകൾ പ്രവർത്തിച്ചു വരുന്നു. ഇത് കൂടാതെ, ഈ വിഭാഗത്തിന് കീഴിൽ തൃശ്ശൂരും തിരുവനന്തപുരത്തുമായി 2 റിസർച്ച് ഡിവിഷനുകളും, ചൂരൽ, ഈറ, മുള തുടങ്ങിയ വന വിഭവങ്ങളുടെ ലഭ്യത നിർണ്ണയിക്കുന്നതിനായി ഒരു ഫോറസ്റ്റ് റിസോഴ്സ് സർവേ സെൽ, തൃശ്ശൂരിലും പ്രവർത്തിച്ചു വരുന്നു. വന സംബന്ധമായ വിവിധ വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന ജവഹർലാൽ നെഹ്റു ട്രോപിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജെനിറ്റിക്സ് & ട്രീ ബ്രീഡിംഗ് തുടങ്ങി വിവിധ സ്ഥാപനങ്ങളുമായി ചേർന്ന് ഈ വിഭാഗം പ്രവർത്തിച്ചു വരുന്നു.

## 2.3 വകുപ്പിന് കീഴിലുള്ള സ്വതന്ത്ര സ്വഭാവമുള്ള സ്ഥാപനങ്ങൾ

### 2.3.1 സംസ്ഥാന വന വികാസ ഏജൻസി (എസ്.എഫ്.ഡി.എ)

വനാശ്രിതരായ സമൂഹങ്ങൾക്ക് വിശേഷിച്ച് പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പുവരുത്തുന്നതിലേയ്ക്ക് വിവിധ പങ്കാളിത്ത വനപരിപാലന (പി.എഫ്.എം) പരിപാടികൾ നടപ്പിലാക്കി അവയിലൂടെ ഇവർക്ക് കൂടുതൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അവരുടെ ജീവന മാർഗങ്ങൾ പരിപോഷിപ്പിക്കാനും സഹായിക്കുകയും സുസ്ഥിരമായ വനവിഭവ പരിപാലനം ലക്ഷ്യം വയ്ക്കുകയും ചെയ്യുന്നു. എസ്.എഫ്.ഡി.എ, എഫ്.ഡി.എ-കൾക്ക് സാങ്കേതികവും സാമ്പത്തികവുമായ പിന്തുണ നൽകുന്നു. എസ്.എഫ്.ഡി.എ, വി.എസ്.എസ്/ഇ.ഡി.സി അംഗങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകിയും, സ്വയംതൊഴിൽ അവസരങ്ങൾക്ക് സൗകര്യമുണ്ടാക്കിക്കൊടുത്തും, പട്ടികവർഗയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകിയും, പട്ടികവർഗഊരുകൾക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തിയും വനപരിപാലനത്തിൽ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുന്നു.

എസ്.എഫ്.ഡി.എ, കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും വനാശ്രിത സമൂഹത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള വിവിധ പദ്ധതികൾ/പരിപാടികൾ എന്നിവ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ്.

### എസ്.എഫ്.ഡി.എ വഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾ:

1. ദേശീയ വനവൽക്കരണ പരിപാടി (NAP) (60%സി.എസ്.എസ്)
2. ഹരിത ഇന്ത്യാ ദൗത്യം (Green India Mission) (60%സി.എസ്.എസ്)
3. എം.എസ്.പി-ക്ക് വേണ്ടിയുള്ള എം.എഫ്.പി ധനസഹായം (TRIFED) (75%സി.എസ്.എസ്)
4. വൻധൻ വികാസ് കേന്ദ്ര (VDVK), ട്രൈഫെഡ് ധനസഹായം (100%സി.എസ്.എസ്)
5. ദേശീയ ഔഷധ സസ്യബോർഡ് (NMPB) പദ്ധതികൾ
6. മുള ദൗത്യ (Bamboo Mission) പദ്ധതി
7. കിഫ്ബി പദ്ധതികൾ (KIIFB)
8. പരിസ്ഥിതി സൗഹാർദ്ദ വിനോദസഞ്ചാരം (Ecotourism)
9. വനശ്രീ

### 2.3.2 കേരള വനവികസന കോർപ്പറേഷൻ (കെ.എഫ്.ഡി.സി)

സംസ്ഥാനത്ത് തടി അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളുടെ വിഭവസമാഹരണത്തിനും വികസനത്തിനുവേണ്ടിയും 8000 ഹെക്ടർ സ്ഥലത്ത് വലിയതോതിലുള്ള വനത്തോട്ടങ്ങൾ സ്ഥാപിക്കാനുള്ള 1972-ലെ നാഷണൽ അഗ്രികൾച്ചറൽ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളുടെ തുടർച്ചയെന്ന നിലയിൽ വനം വകുപ്പിന്റെ ഒരു ഉപശാഖയായി 24.01.1975-ൽ ആരംഭിച്ച സംസ്ഥാനത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു പൊതുമേഖലാസ്ഥാപനമാണ് കേരള വനവികസന കോർപ്പറേഷൻ.

സുസ്ഥിരമായി തടിയുടെയും മറ്റ് വന വിഭവങ്ങളുടെയും ലഭ്യതഉറപ്പാക്കുക, വനത്തിനോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുക, വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ വന വിഭവങ്ങൾ വിതരണം ചെയ്യുക, വനസംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുക എന്നിവയാണ് കെ.എഫ്.ഡി.സി-യുടെ പ്രധാന ചുമതലകൾ. ശ്രീലങ്കൻ അഭയാർത്ഥികളുടെ പുനരധിവാസം കൂടാതെ വനവുമായി ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ ഉള്ള ആയിരക്കണക്കിന് തൊഴിലാളികൾക്ക് കേരള വന വികസന കോർപ്പറേഷൻ വഴി തൊഴിൽ നൽകുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൂടാതെ കെ.എഫ്.ഡി.സി പത്തനംതിട്ട ജില്ലയിലെ ഗവി വനമേഖലയിൽ പരിസ്ഥിതി സൗഹാർദ്ദ വിനോദ സഞ്ചാര മേഖലയിലും പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. തുടർന്ന് മീശപ്പുലിമല, മൂന്നാർ, നെല്ലിയാമ്പതി, അരിപ്പ, വയനാട് എന്നിവിടങ്ങളിലും പരിസ്ഥിതി വിനോദസഞ്ചാരസംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

### 2.3.3 കടുവസംരക്ഷണം

#### 2.3.3.1 പെരിയാർ കടുവ സംരക്ഷണ ഫൗണ്ടേഷൻ

പെരിയാർ കടുവ സങ്കേതം 1996-97 സാമ്പത്തിക വർഷത്തിൽ ലോക ബാങ്കിന്റെ സഹായത്തോടെ പങ്കാളിത്ത വനപരിപാലന തത്വങ്ങളിൽ അധിഷ്ഠിതമായി നടപ്പിലാക്കുകയും ഐ.ഇ.ഡി.പി. (ഇന്ത്യാ ഇക്കോ ഡെവലപ്മെന്റ് പ്രോജക്ട്) എന്ന പേരിൽ അഞ്ച് വർഷത്തോളം തുടരുകയും ചെയ്തു. അക്കാലത്തു തന്നെ, ഇന്ത്യയിൽ മറ്റ് 6 സ്ഥലങ്ങളിലും ഈ പദ്ധതി നടപ്പിലാക്കപ്പെട്ടു. തേക്കടിയിലെ ഈ പദ്ധതിയുടെ വിജയത്തോടെ പദ്ധതി കാലാവധി ദീർഘിപ്പിക്കുന്നതു മെച്ചപ്പെട്ട വനസംരക്ഷണ മാതൃകകൾ ഉണ്ടാക്കാൻ സഹായകമാകും എന്നതിനാൽ 2 വഷം കൂടി കാലാവധി നീട്ടി അത് 2004 ജൂൺ 30-ന് അവസാനിക്കുകയും ചെയ്തു. പദ്ധതിയുടെ കാലയളവിൽ ഈ പങ്കാളിത്ത വനപരിപാലനം കൂടുതൽ സജീവമാകുകയും 72 ഇക്കോ ഡെവലപ്മെന്റ് കമ്മറ്റികൾ (EDC) രൂപീകരിക്കുകയും ചെയ്തു.

ഇതിന്റെ തുടർച്ചയെന്ന നിലയിൽ, 27.7.2004-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.36/2004/ എഫ്&ഡബ്ല്യൂ.എൽ.ഡി. പ്രകാരം, പെരിയാർ ഫൗണ്ടേഷൻ എന്ന പേരിൽ ഒരു ട്രസ്റ്റ് രൂപീകൃതമായി. പെരിയാർ ഫൗണ്ടേഷൻ എന്ന ഈ ട്രസ്റ്റ് വഴി നടപ്പിലാക്കിയ ജനപങ്കാളിത്ത വനപരിപാലന പദ്ധതികൾ ഇൻഡ്യയിൽ ആകമാനം പ്രശംസിക്കപ്പെടുകയും ഇതിന് ധാരാളം പുരസ്കാരങ്ങളും അംഗീകാരങ്ങളും ലഭിക്കുകയും ചെയ്തു. വന്യജീവി സംരക്ഷണനിയമത്തിൽ വരുത്തിയ ഭേദഗതികൾക്കു ശേഷം പെരിയാർ ഫൗണ്ടേഷൻ എന്ന പേരിലുള്ള ഈ സ്ഥാപനം 4.7.2012-ലെ ഗവൺമെന്റ് ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 73/2012/എഫ്&ഡബ്ല്യൂ. എൽ.ഡി പ്രകാരം പെരിയാർ കടുവ സംരക്ഷണ ഫൗണ്ടേഷൻ എന്ന പേരിൽ പുനർരജിസ്റ്റർ ചെയ്യപ്പെട്ടു.

#### 2.3.3.2 പറമ്പിക്കുളം കടുവ സംരക്ഷണ ഫൗണ്ടേഷൻ

വനം വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളെ പിന്തുണക്കുന്നതിനും, വനാശ്രിതരായ പട്ടിക വർഗ്ഗക്കാരെ ശാക്തീകരിക്കുന്നതിലേയ്ക്കുള്ള സേവന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും വനങ്ങളെയും വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളെയും പിന്തുണയ്ക്കാനും പ്രാദേശികമായി ആശ്രയിച്ചുനിൽക്കുന്ന പട്ടികവർഗ്ഗക്കാരെ ശാക്തീകരിക്കാനുമുള്ള സേവന പ്രവർത്തനങ്ങളുടെ വാഹകരായി പറമ്പിക്കുളം കടുവസങ്കേതത്തിന്റെ കീഴിൽ പറമ്പിക്കുളം കടുവ സംരക്ഷണ ഫൗണ്ടേഷൻ (PaTCoF) പ്രവർത്തിച്ചു വരുന്നു.

പറമ്പിക്കുളം കടുവാസങ്കേതത്തിൽ, വനാശ്രിത ഗ്രാമങ്ങളിലായി ഏകദേശം 1300-ഓളം ആൾക്കാർ താമസിക്കുന്നത്. അവരുടെ പ്രധാന വരുമാനമാർഗവും ജീവിതവൃത്തിയും പരിസ്ഥിതി സൗഹാർദ്ദ വിനോദസഞ്ചാരത്തിൽ നിന്നും പറമ്പിക്കുളം കടുവാസംരക്ഷണ ഫൗണ്ടേഷന്റെ (PaTCoF) പരിസ്ഥിതി വികസന പ്രവർത്തനങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം കൊണ്ടാണ്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 38 പ്രകാരം ഇന്ത്യാസർക്കാരിന്റെ പരിസ്ഥിതിയും വനവും വകുപ്പ് മന്ത്രാലയത്തിന്റെ 22.06.2007 S.O.1008 (E) നമ്പരായി ഇറക്കിയ അറിയിപ്പുപ്രകാരം നൽകിയിട്ടുള്ള നടപടിക്രമങ്ങൾക്കനുസൃതമായും വ്യവസ്ഥകളനുസരിച്ചും 2014 ജനവരി 6-ലെ Charitable & Religious Trust Act അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. പെരിയാർ കടുവ സംരക്ഷണ ഫൗണ്ടേഷന്റെയും (PTCF) പറമ്പിക്കുളം കടുവസംരക്ഷണ ഫൗണ്ടേഷന്റെ (PaTCoF)-യും പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുന്നതും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതും ഭരണസമിതിയുടെ അധ്യക്ഷൻ ബഹു.വനംവകുപ്പ് മന്ത്രിയാണ്. ഭരണ സമിതിയുടെ ദൈനംദിന പ്രവർത്തനങ്ങൾ മേൽനോട്ടം നൽകുന്നത് എക്സിക്യൂട്ടീവ് കമ്മിറ്റിയാണ്.

# അധ്യായം-3
# മാനവ വിഭവശേഷി

കഴിഞ്ഞ പതിറ്റാണ്ടുകളിലെ കേരളത്തിലെ സാമൂഹിക മാറ്റങ്ങൾക്ക് ആഗോളവും ദേശീയവുമായ പ്രവണതകളാൽ നിയന്ത്രിക്കപ്പെടുന്ന സമൂഹത്തിലെ മാറ്റങ്ങൾക്ക് അനുസൃതമായി കേരള വനം വകുപ്പും മാറ്റങ്ങൾ ഉൾക്കൊണ്ട് വികസിച്ചു. മറ്റു സംസ്ഥാനങ്ങളിലുള്ള വനംവകുപ്പുകളും അവരുടെ പ്രവർത്തനങ്ങളിൽ പല മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. അഖിലേന്ത്യാ സേവനങ്ങൾ എന്ന നിലയിൽ 1966 മുതൽ ആരംഭിച്ച ഇന്ത്യൻ ഫോറസ്റ്റ് സർവീസ്, നിലവിലുള്ള വനവിസ്തൃതിയോട് 1.83ലക്ഷം ഹെക്ടർ വനമേഖലയെ കൂട്ടിച്ചേർക്കാൻ ഉതകിയ 1971-ലെ കേരള സംസ്ഥാന സർക്കാർ സ്വകാര്യവനങ്ങളുടെ ദേശസാൽക്കരണം, 1972-ലെ വന്യജീവി (സംരക്ഷണ) നിയമം എന്നിവ അവയിൽ ചിലത് മാത്രമാണ്. വനശാസ്ത്രത്തിന്റെ എണ്ണമറ്റതലങ്ങളുടെ പരിപാലനത്തിലും ജൈവവൈവിധ്യത്തിന്റെ സംരക്ഷണത്തിലും നിരന്തരം വർദ്ധിച്ചുവരുന്ന വനജീവനക്കാരുടെ പങ്ക് വകുപ്പിലെ മനുഷ്യവിഭവശേഷിയുടെ വനം വകുപ്പ് നിയമനത്തിലും, തൊഴിൽ പരിശീലനം നൽകുന്നതിലും അത്യാവശ്യമായ മാറ്റങ്ങൾ കൊണ്ടുവന്നു. കേരള വനം വകുപ്പ് 1984-1993-ൽ ലോകബാങ്ക് ധനസഹായത്തോടെ സാമൂഹികവനവൽക്കരണ പദ്ധതി നടപ്പിലാക്കിയപ്പോഴും 1990-1999-ൽ വേൾഡ് ഫുഡ് പ്രോഗ്രാമും, 1998-2003-ൽ ലോകബാങ്കിന്റെ സഹായത്തോടെ കേരള വനശാസ്ത്ര പദ്ധതിയും നടപ്പാക്കിയപ്പോഴും വിവിധതട്ടുകളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ട ആവശ്യം നേരിടുകയും പുതിയ വെല്ലുവിളികൾ നേരിടാൻ പ്രാപ്തരായ വിശേഷവൈദഗ്ധ്യവും പരിശീലനവും ലഭിച്ചിട്ടുള്ളവരാൽ വകുപ്പിന്റെ മാനവശേഷി ശാക്തീകരിക്കേണ്ടതായി വന്നു.

1961-നു മുമ്പ് കേരള വനം വകുപ്പിലെ ഫോറസ്റ്റ് ഓഫീസർമാർക്കും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കും പരിശീലനം നൽകിയിരുന്നത് കോയമ്പത്തൂരിലെ ഫോറസ്റ്റ് സ്കൂളിലാണ്. സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെയും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെയും പരിശീലിപ്പിക്കാനായി 1961-ൽ പാലക്കാട് വാളയാറിൽ കേരള ഫോറസ്റ്റ് സ്കൂൾ ആരംഭിച്ചു. അതുപോലെ, ഡെറാഡൂണിലെ വനവിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള ഫോറസ്റ്റ് റെയ്ഞ്ചേഴ്സ് കോളേജിലും സ്റ്റേറ്റ് ഫോറസ്റ്റ് സർവ്വീസ് കോളേജിലുമാണ് ഫോറസ്റ്റ് റെയ്ഞ്ചേഴ്സിനും സംസ്ഥാന ഫോറസ്റ്റ് സർവീസ് ഓഫീസർമാർ (ACFs)-ക്കും ഫോറസ്ട്രി ട്രെയിനിംഗ് നൽകുന്നത്. സാങ്കേതിക പരിശീലനത്തിനു ശേഷം റെയിഞ്ച് ഓഫീസർമാർ ഒരു വർഷത്തെ പ്രായോഗിക പരിശീലനത്തിനും, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ രണ്ട് വർഷത്തെ വകുപ്പുതല പരിശീലനത്തിനും വിധേയമാകുന്നു. ഇന്ത്യൻ ഫോറസ്റ്റ് സർവീസ് ഓഫീസർമാർ (IFS) ഫോറസ്ട്രിയിൽ ഡെറാഡൂണിലെ ഇന്ദിരാഗാന്ധി നാഷണൽ ഫോറസ്റ്റ് അക്കാദമിയിൽ 2 വർഷത്തെ ഡിപ്ലോമ കോഴ്സിനു വിധേയമാകുകയും സംസ്ഥാനത്തിൽ വനം വകുപ്പ്, റവന്യൂ, പോലീസ്, ജുഡീഷ്യറി, വ്യവസായം, മറ്റു ബന്ധപ്പെട്ട വശങ്ങൾ എന്നിവ പഠിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങളുമായി പരിചയപ്പെടുന്നതിനുമായി ആറ് മാസത്തെ വകുപ്പുതല പരിശീലനത്തിന് വിധേയമാകുകയും ചെയ്യുന്നു.

1979-ൽ കുളമാവിൽ ഇന്തോ-ന്യൂസിലാന്റ് സാങ്കേതിക സഹകരണ പരിപാടിയുടെ കീഴിൽ സ്ഥാപിക്കപ്പെട്ട ഫയർ ട്രെയിനിങ് സെന്ററിൽ (അഗ്നി പ്രതിരോധ പരിശീലനകേന്ദ്രം) വന സാങ്കേതിക ജീവനക്കാർക്ക് അഗ്നിശമനപരിചരണത്തിൽ അവരുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനായി വനത്തിലെ അഗ്നിശമനത്തിനുള്ള ആധുനിക സമ്പ്രദായങ്ങളിൽ പരിശീലനം നൽകിയിരുന്നു. 1984-ൽ ഈ സ്ഥാപനം അടച്ചുപൂട്ടുകയും അഗ്നിശമന പരിശീലന ചുമതലകൾ അരിപ്പയിലെ വന പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് (Forest Training Institute) മാറ്റുകയും ചെയ്തു. അതുപോലെ, വകുപ്പിലെ പ്രവർത്തനസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും വിവിധ തട്ടുകളിലുള്ള വനം ജീവനക്കാരുടെ മികവും വൈദഗ്ധ്യ നവീകരണവും വികസിപ്പിക്കുന്നതിനു വേണ്ടിയും ലോകബാങ്കിന്റെ സഹായത്തോടു കൂടിയ കേരള ഫോറസ്ട്രി പ്രോജക്റ്റിനു (കേരള വനശാസ്ത്രപദ്ധതി) കീഴിൽ, ജീവനക്കാരിൽ ഒരു വിഭാഗത്തിന് അടിസ്ഥാന കമ്പ്യൂട്ടർ കൈകാര്യം ചെയ്യൽ, ധനകാര്യ നടത്തിപ്പ്, എഫ്.എം.ഐ.എസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള അക്കൗണ്ടിങ് നടത്തൽ, ജിയോഗ്രാഫിക് ഇൻഫോർമേഷൻ സിസ്റ്റം, ഡിജിറ്റൽ ഇമേജ് അനാലിസിസ് എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്.

## 3.1 ഉദ്യോഗസ്ഥരുടെ എണ്ണം

**പട്ടിക-9**
**ഉദ്യോഗസ്ഥരുടെ എണ്ണം 2023-24**

| ക്രമ നം. | ഉദ്യോഗപ്പേര് | അനുവദിക്കപ്പെട്ട എണ്ണം | നിലവിലുള്ളവർ |
|---|---|---|---|
| 1 | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ* | 3 | 2 |
| 2 | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ* | 6 | 6 |
| 3 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ# | 11 | 4 |
| 4 | ഫോറസ്റ്റ് കൺസർവേറ്റർ# | 13 | 4 |
| 5 | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (IFS കേഡർ) # | 36 | 24 |

| ക്രമ നം. | ഉദ്യോഗപ്പേര് | അനുവദിക്കപ്പെട്ട എണ്ണം | നിലവിലുള്ളവർ |
|---|---|---|---|
| 6 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ/ ഡെപ്യൂട്ടി കൺസർവേറ്റർ (നോൺ കേഡർ) | 101 | 101 |
| 7 | വനം ട്രൈബ്യൂണൽ (ജുഡീഷ്യൽ ഉദ്യോഗസ്ഥർ) | 1 | 1 |
| 8 | ജോയിന്റ് സെക്രട്ടറി (നിയമം) | 1 | 1 |
| 9 | സീനിയർ ഫിനാൻസ് ഓഫീസർ | 1 | 1 |
| 10 | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | 1 |
| 11 | ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്) | 1 | 1 |
| 12 | ഡെപ്യൂട്ടി ഡയറക്ടർ (വൈൽഡ് ലൈഫ് എഡ്യൂക്കേഷൻ) | 3 | 3 |
| 13 | സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 9 | 9 |
| 14 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 12 | 12 |
| 15 | പേഴ്സണൽ അസിസ്റ്റന്റ് | 3 | 3 |
| 16 | സീനിയർ സൂപ്രണ്ട് | 34 | 34 |
| 17 | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 205 | 205 |
| 18 | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 168 | 168 |
| 19 | പബ്ലിക് റിലേഷൻസ് ഓഫീസർ | 1 | 1 |
| 20 | അസിസ്റ്റന്റ് ഫോറസ്റ്റ് പബ്ലിക് റിലേഷൻസ് ഓഫീസർ | 3 | 1 |
| 21 | ജൂനിയർ സൂപ്രണ്ട് | 71 | 71 |
| 22 | ഹെഡ് അക്കൗണ്ടന്റ് | 74 | 74 |
| 23 | റിസർച്ച് അസിസ്റ്റന്റ് | 3 | 3 |
| 24 | സീനിയർ ഗ്രേഡ് വൈൽഡ് ലൈഫ് അസിസ്റ്റന്റ് | 3 | 3 |
| 25 | വൈൽഡ്ലൈഫ് അസിസ്റ്റന്റ് | 10 | 8 |
| 26 | സീനിയർ ക്ലാർക്ക് | 443 | 443 |
| 27 | ക്ലാർക്ക് | 444 | 439 |
| 28 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1, ഗ്രേഡ് 11 | 34 | 34 |
| 29 | ഫെയർ കോപ്പി സൂപ്രണ്ട് | 8 | 8 |
| 30 | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 33 | 33 |
| 31 | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 33 | 33 |
| 32 | യു.ഡി. ടൈപ്പിസ്റ്റ് | 34 | 34 |
| 33 | എൽ.ഡി. ടൈപ്പിസ്റ്റ് | 34 | 34 |
| 34 | ടൈപ്പിസ്റ്റ് ക്ലാർക്ക് | 1 | 1 |
| 35 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 39 | 38 |

| ക്രമ നം. | ഉദ്യോഗപ്പേര് | അനുവദിക്കപ്പെട്ട എണ്ണം | നിലവിലുള്ളവർ |
|---|---|---|---|
| 36 | ലീഗൽ അസിസ്റ്റന്റ് | 1 | 1 |
| 37 | സെക്ഷൻ ഓഫീസർ (നിയമം) | 1 | 1 |
| 38 | ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ | 1 | 0 |
| 39 | അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ | 15 | 13 |
| 40 | വെറ്ററിനറി ഡോക്ടർ | 1 | 1 |
| 41 | ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ | 1 | 1 |
| 42 | ഡോക്യുമെന്റേഷൻ ഓഫീസർ | 1 | 0 |
| 43 | അസിസ്റ്റന്റ് ഡയറക്ടർ (സർവെ) | 1 | 1 |
| 44 | സർവെ സൂപ്രണ്ട് | 2 | 2 |
| 45 | സർവെയർ ഗ്രേഡ് 1, ഗ്രേഡ് 2, | 45 | 36 |
| 46 | ഹെഡ് സർവെയർ | 2 | 1 |
| 47 | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 938 | 938 |
| 48 | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 3126 | 2913 |
| 49 | ശിരസ്തദാർ-സെക്രട്ടറി | 1 | 1 |
| 50 | ഹെഡ് ഡ്രാഫ്റ്റ്സ്മാൻ | 2 | 2 |
| 51 | ഡ്രാഫ്റ്റ്സ്മാൻ | 39 | 35 |
| 52 | പോലീസ് സർക്കിൾ ഇൻസ്പെക്ടർ | 1 | 1 |
| 53 | പോലീസ് സബ് ഇൻസ്പെക്ടർ | 4 | 0 |
| 54 | സീനിയർ സിവിൽ പോലീസ് ഓഫീസർ | 3 | 1 |
| 55 | സിവിൽ പോലീസ് ഓഫീസർ | 25 | 14 |
| 56 | ലൈബ്രേറിയൻ | 1 | 1 |
| 57 | പ്രോജക്ട് ഓപ്പറേറ്റർ | 1 | 0 |
| 58 | ഫാർമസിസ്റ്റ് | 1 | 1 |
| 59 | ഡിസ്പെൻസറി അറ്റൻഡർ | 1 | 0 |
| 60 | നഴ്സിംഗ് അസിസ്റ്റന്റ് | 1 | 0 |
| 61 | ബൈൻഡർ | 2 | 2 |
| 62 | പി.റ്റി. ഇൻസ്ട്രക്ടർ | 6 | 2 |
| 63 | റെക്കോഡ്-കം-സ്റ്റോർ കീപ്പർ | 3 | 0 |
| 64 | മ്യൂസിയം അസിസ്റ്റന്റ് | 1 | 0 |
| 65 | ഓഫീസ് അറ്റൻഡന്റ് | 420 | 386 |
| 66 | സ്വീപ്പർ-കം-പ്യൂൺ | 1 | 1 |

| ക്രമ നം. | ഉദ്യോഗപ്പേര് | അനുവദിക്കപ്പെട്ട എണ്ണം | നിലവിലുള്ളവർ |
|---|---|---|---|
| 67 | അറ്റൻഡർ | 18 | 18 |
| 68 | ഡ്രൈവർ | 262 | 241 |
| 69 | ഫോട്ടോഗ്രാഫർ-കം-ആർട്ടിസ്റ്റ് | 1 | 1 |
| 70 | ഗാർഡനർ | 1 | 1 |
| 71 | വാട്ടർമാൻ കം ഗാർഡനർ | 1 | 1 |
| 72 | ഗാർഡനർ-കം-മാർക്കർ | 1 | 1 |
| 73 | ക്ലീനർ | 2 | 0 |
| 74 | മുതുവാൻ വാച്ചർ | 8 | 6 |
| 75 | നൈറ്റ് വാച്ചർ | 25 | 25 |
| 76 | RFവാച്ചർ/ഡിപ്പോ വാച്ചർ | 194 | 157 |
| 77 | ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) | 700 | 527 |
| 78 | വാച്ചർ -കം-കുക്ക് | 1 | 0 |
| 79 | റസ്റ്റ് ഹൗസ് വാച്ചർ | 1 | 0 |
| 80 | സ്കാവഞ്ചർ/സാനിറ്ററി വർക്കർ | 1 | 1 |
| 81 | കുക്ക്/അസിസ്റ്റന്റ് കുക്ക് | 1 | 1 |
| 82 | ബോട്ട് ഡ്രൈവർ | 11 | 4 |
| 83 | ബോട്ട് സ്രാങ്ക് | 1 | 0 |
| 84 | ബോട്ട് വാച്ചർ | 2 | 0 |
| 85 | ബോട്ട് ക്ലീനർ/ക്ലീനർ | 2 | 2 |
| 86 | ലാസ്കർ | 1 | 0 |
| 87 | സർവേ ലാസ്കർ | 4 | 3 |
| 88 | ആനപാപ്പാൻ/ കാവഡി | 27 | 7 |
| 89 | ടിംബർ സൂപ്പർവൈസർ | 1 | 0 |
| 90 | ബസ്ക്ലീനർ | 1 | 1 |
| 91 | ബെഞ്ച് ക്ലാർക്ക് (ഡെപ്യൂട്ടേഷനിൽ) | 1 | 1 |
| 92 | പാർട്ട് ടൈം കണ്ടിൻജന്റ് ഉദ്യോഗസ്ഥർ | 303 | 300 |
| **ആകെ** | | 8096 | 7491 |

*എക്സ്കേഡർപോസ്റ്റ്

#ഒഴിവുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികകളുടെ അധിക ചുമതലയായി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കൈകാര്യം ചെയ്യുന്നു.

ഒഴിവുള്ള ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികകൾ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (അധികചാർജ്ജായി )/ഫോറസ്റ്റ് കൺസർവേറ്റർ/ മുതിർന്ന ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർമാർ കൈകാര്യം ചെയ്യുന്നു.

ഒഴിവുള്ള ഫോറസ്റ്റ് കൺസർവേറ്റർ തസ്തികകൾ സീനിയർ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർമാർ കൈകാര്യം ചെയ്യുന്നു.

സ.ഉ. (എം.എസ്) നം.29/2015/വനംതീയതി 14.05.2015

സ.ഉ. (എം.എസ്) നം.109/2015/വനംതീയതി 21.12.2015

സ.ഉ. (എം.എസ്) നം.110/2015/വനംതീയതി 28.12.2015

സ.ഉ. (എം.എസ്) നം.43/2019/വനംതീയതി 28.11.2016
സ.ഉ. (എം.എസ്) നം.27/2017/വനംതീയതി 25.05.2017
സ.ഉ. (എം.എസ്) നം.39/2017/വനംതീയതി 17.08.2017
സ.ഉ. (എം.എസ്) നം.460/2018/വനംതീയതി 20.10.2018
സ.ഉ. (എം.എസ്) നം.31/2019/വനംതീയതി 03.11.2019
സ.ഉ. (എം.എസ്) നം.15/2020/വനംതീയതി 23.07.2020
എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 128 സൂപ്പർന്യൂമററി വാച്ചർ തസ്തികകൾ നിലവിലുണ്ട്.

### 3.1.1 നടപ്പുവർഷത്തിൽ നടന്ന നിയമനങ്ങൾ (ആശ്രിത നിയമനങ്ങളടക്കം):

2023-24-ൽ ആശ്രിത നിയമനങ്ങളടക്കം 427 നിയമനങ്ങൾ വിവിധ തസ്തികകളിലായി നടത്തിയിട്ടുണ്ട്. നിയമനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

**പട്ടിക-10**
**നിയമനങ്ങളുടെ വിവരങ്ങൾ 2023-24**

| ക്രമ നം. | ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|
| 1 | ക്ലാർക്ക് | 36 |
| 2 | പാർട്ട് ടൈം സ്വീപ്പർ | 14 |
| 3 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 |
| 4 | ടൈപ്പിസ്റ്റ് | 3 |
| 5 | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 316 |
| 6 | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 1 |
| 7 | ഡ്രാഫ്റ്റ്സ്മാൻ | 1 |
| 8 | സർവ്വേയർ | 1 |
| 9 | ഓഫീസ് അറ്റൻഡന്റ് | 36 |
| 10 | ഡ്രൈവർ | 6 |
| 11 | നൈറ്റ് വാച്ചർ | 3 |
| 12 | **ഫോറസ്റ്റ് വാച്ചർ** | 7 |
| ആകെ | | 427 |

### 3.1.2 വിരമിക്കൽ:

2023-24-ൽ ഐ.എഫ്.എസ്- ഉദ്യോഗസ്ഥരടക്കം ആകെ 161 പേർ സേവനത്തിൽ നിന്നും വിരമിച്ചു. അതിൽ 10 ആൾ ഇന്ത്യ സർവ്വീസ് ഉദ്യോഗസ്ഥരും 25 ഗസറ്റഡ് ഓഫീസർമാരും 126 നോൺ-ഗസറ്റഡ് വിഭാഗക്കാരുമാണ്. വിരമിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക-11**
**വിരമിച്ചവരുടെ വിവരങ്ങൾ 2023-24**

| ക്രമ നം. | ഓഫീസ് | ഗസറ്റഡ് | നോൺ ഗസറ്റഡ് | ആകെ |
|---|---|---|---|---|
| **സർക്കിൾ ഓഫീസ്** | | | | |
| 1 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | 0 | 2 | 2 |
| 2 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 1 | 16 | 17 |
| 3 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 1 | 10 | 11 |
| 4 | ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം | 0 | 11 | 11 |
| 5 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 1 | 13 | 14 |

| ക്രമ നം. | ഓഫീസ് | ഗസറ്റഡ് | നോൺ ഗസറ്റഡ് | ആകെ |
|---|---|---|---|---|
| 6 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 2 | 11 | 13 |
| 7 | സതേൺ സർക്കിൾ, കൊല്ലം | 2 | 23 | 25 |
| 8 | സോഷ്യൽ ഫോറസ്ട്രി, എറണാകുളം | 0 | 5 | 5 |
| 9 | സോഷ്യൽ ഫോറസ്ട്രി, കോഴിക്കോട് | 1 | 4 | 5 |
| 10 | സോഷ്യൽ ഫോറസ്ട്രി, കൊല്ലം | 1 | 6 | 7 |
| 11 | വൈൽഡ് ലൈഫ്, പാലക്കാട് | 2 | 4 | 6 |
| ആസ്ഥാന കാര്യാലയം | | | | |
| 12 | ഭരണം | 8 | 10 | 18 |
| 13 | സോഷ്യൽ ഫോറസ്ട്രി | 1 | 0 | 1 |
| 14 | വർക്കിംഗ് പ്ലാൻ &റിസർച്ച് | 4 | 5 | 9 |
| 15 | വിജിലൻസ് | 0 | 3 | 3 |
| 16 | എച്ച്.ആർ.ഡി | 1 | 3 | 4 |
| 17 | വൈൽഡ് ലൈഫ് | 0 | 0 | 0 |
| | ആകെ | 25 | 126 | 151 |

**3.1.3 സൃഷ്ടിക്കപ്പെട്ട തസ്തികകൾ:**

2023-24-ൽ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല

**3.1.4 സൂപ്പർന്യൂമററി തസ്തികകൾ:**

2023-24-ൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

## 3.2 പരിശീലനം:

2023-24 ൽ വകുപ്പിലെ 1444 ജീവനക്കാർക്ക് വ്യത്യസ്ത സ്ഥാപനങ്ങളിൽ വിവിധ വിഷയങ്ങളിൽ പരിശീലനം നൽകി.

## 3.3 വിശിഷ്ട സേവനത്തിനുള്ള അവാർഡുകളും റിവാർഡുകളും:

വനം വകുപ്പിലെ "കേരള മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡൽ ചട്ടങ്ങൾ 2023" 18.12.2023 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം.28/2023/F&WLD പ്രകാരം അവാർഡുകളുടെ എണ്ണം 20-ൽ നിന്ന് 26 ആയി ഉയർത്തിയിട്ടുണ്ട്. 2023 വർഷത്തിൽ വിവിധ കേഡറുകളിലുള്ള 25 ഓഫീസർമാർക്ക് അവരുടെ സ്തുത്യർഹമായ സേവനത്തിന് മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡൽ ലഭിച്ചു.

## 3.4 വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികൾ:

വകുപ്പിലെ 91 ഉദ്യോഗസ്ഥർക്കെതിരെ 2023-24-ൽ അച്ചടക്കനടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

**പട്ടിക-12**

**വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി 2023-24**

| ക്രമ നം. | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 1 |
| 2 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ | 4 |
| 3 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 |
| 4 | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 18 |
| 5 | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 6 |
| 6 | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 24 |
| 7 | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 25 |
| 8 | സീനിയർ സൂപ്രണ്ട് | 1 |
| 9 | ജൂനിയർ സൂപ്രണ്ട് | 5 |
| 10 | സീനിയർ ക്ലാർക്ക് | 6 |
| | **ആകെ** | 91 |

# അധ്യായം – 4
# വകുപ്പിന്റെ പ്രവർത്തനം

വനാശ്രിത ജീവിതം നയിക്കുന്ന പ്രദേശവാസികളുടെ നന്മയ്ക്കും സംസ്ഥാനത്തെ പ്രകൃതിജന്യ വനങ്ങളുടെ വികസനത്തിനും സംരക്ഷണത്തിനും പരിരക്ഷയ്ക്കും വന്യജീവികൾക്കും ജൈവവൈവിധ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് വനം വകുപ്പ് പ്രവർത്തിക്കുന്നത്. ഇങ്ങനെയുള്ള വിവിധ ലക്ഷ്യങ്ങൾ നേടുന്നതിനായി വകുപ്പ് മറ്റ് ഗുണഭോക്താക്കളുമായി ചേർന്നുകൊണ്ട് ഇതേ സംഘടനയ്ക്കകത്ത് തൊഴിൽ വൈദഗ്ധ്യം നേടിയ പല വിഭാഗങ്ങളും ഈ കാലയളവിനകം രൂപപ്പെടുത്തുകയും വന സംബന്ധിയായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ശേഷി ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിന്റെ സംസ്ഥാനതല പതിനാല് ശാഖകളിലൂടെ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഏൽപ്പിച്ചിരിക്കുന്ന വിവിധതരം പ്രവർത്തനങ്ങളും പദ്ധതികളും മികച്ച രീതിയിൽ ഫലപ്രദമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

നടപ്പുവർഷത്തിൽ വകുപ്പിലെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനങ്ങളും നേട്ടങ്ങളും താഴെ ചുരുക്കിപ്പറയുന്നു.

## 4.1 പ്ലാനിംഗ് & ഡെവലപ്പമെന്റ് വിഭാഗം

സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ഫണ്ടുകൾ ഉപയോഗിച്ച് വനം വകുപ്പിലെ വിവിധ വിഭാഗങ്ങളിലായി നടപ്പിലാക്കി വരുന്ന എല്ലാ വികസന പരിപാടികളുടെയും പ്രവൃത്തികളുടെയും മേൽനോട്ട ചുമതല ആസൂത്രണ വികസന വിഭാഗത്തിൽ നിയമപരമായി നിക്ഷിപ്തമാണ്.

### 4.1.1 വകുപ്പിന്റെ പദ്ധതി ക്രമങ്ങൾ

2023-24-ൽ വകുപ്പിലൂടെ നടപ്പാക്കപ്പെട്ട വിവിധ പ്ലാൻ പദ്ധതികൾ ചുവടെ ചേർക്കുന്നു.

**പട്ടിക 13**
**വകുപ്പിന്റെ പദ്ധതികൾ (തുക ലക്ഷത്തിൽ) 2023-24**

| ക്രമ നം. | പദ്ധതിയുടെ പേരും ശീർഷകവും | ബഡ്ജറ്റിൽ അനുവദിച്ച തുക |
|---|---|---|
| A | **സംസ്ഥാനതല പദ്ധതികൾ** | |
| I | **സ്വഭാവിക വനങ്ങളുടെ നടത്തിപ്പ്** | |
| | വനം സംരക്ഷണം (2406-01-101-81) | 2600.000 |
| | വന സംരക്ഷണം (വനാതിർത്തികളുടെ സർവെയും വനസംരക്ഷണവും (4406-01-101-99) | 2800.000 |
| | നശിച്ചുപോയ വനങ്ങളുടെ പുനരുദ്ധാരണം (2406-01-101-94) | 300.000 |
| | ഔഷധ സസ്യമുൾപ്പെടെയുള്ള തടിയേതര വനോൽപ്പന്നങ്ങളുടെ പോഷണം (2406-01-101-80) | 200.000 |
| | **ആകെ** | 5900.000 |
| II | **തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തൽ** | |
| | ഘന തടി വർഗം (4406-01-105-87) (01) | 500.000 |
| | വ്യവസായ അസംസ്കൃത വസ്തുക്കൾ (4406-01-105-87) (02) | 200.000 |
| | **ആകെ** | 700.000 |
| III | **അടിസ്ഥാന സൗകര്യ വികസനം** | |
| | റോഡുകൾ (4406-01-070-99) | 400.000 |
| | കെട്ടിടങ്ങൾ (4406-01-070-97) | 400.000 |
| | **അടിസ്ഥാന സൗകര്യ വികസനം ആകെ** | 800.000 |
| IV | ഇക്കോട്ടൂറിസം (4406-01-800-91) | 700.000 |

| ക്രമ നം. | പദ്ധതിയുടെ പേരും ശീർഷകവും | ബഡ്ജറ്റിൽ അനുവദിച്ച തുക |
|---|---|---|
| V | മാനവശേഷി വികസനം (2406-01-003-97) | 350.000 |
| VI | വിഭവ ആസൂത്രണവും ഗവേഷണവും (2406-01-004-92) | 150.000 |
| VII | ഫോറസ്റ്റ് മാനേജ്മെന്റ് വിവര സമ്പ്രദായവും ജിയോഗ്രാഫിക്കൽ വിവര സമ്പ്രദായവും (2406-01-800-57) | 150.000 |
| VIII | സാമൂഹിക വന വിപുലീകരണവും കാർഷിക വനവൽക്കരണവും (2406-01-101-78) | 1000.000 |
| IX | RIDF-ൽ നിന്നുള്ള സഹായത്തോടുകൂടിയ പണികൾ (4406-01-800-90) | 5157.000 |
| X | മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ (2406-02-110-09) | 3085.000 |
| XI | പുത്തൂർ സുവോളജിക്കൽ പാർക്ക്, തൃശ്ശൂർ (2406-02-110-48) | 600.000 |
| XII | ആനപുനരധിവാസ കേന്ദ്രം, കാപ്പുകാട്, കോട്ടൂർ (2406-02-110-29) | 100.000 |
| XIII | ജൈവ വൈവിദ്ധ്യ സംരക്ഷണം (2406-02-110-68) | 1000.000 |
| XIV | പരിസ്ഥിതി വികസന പരിപാടി (2406-02-110-56) | 375.000 |
| | **സംസ്ഥാനതല പദ്ധതികൾ ആകെ** (A) | 20067.000 |
| B | **പദ്ധതികളുടെ കേന്ദ്ര-സംസ്ഥാന വിഹിതം** (60:40) | |
| I | **വന്യജീവി സങ്കേതങ്ങളുടെ പരിപാലനം** | |
| 1 | നെയ്യാർ വന്യജീവി സങ്കേതം (2406-02-110-28) | 92.500 |
| 2 | വയനാട് വന്യജീവി സങ്കേതം (2406-02-110-27) | 200.000 |
| 3 | ഇടുക്കി വന്യജീവി സങ്കേതം (2406-02-110-26) | 100.000 |
| 4 | പീച്ചി വാഴാനി വന്യജീവി സങ്കേതം (2406-02-110-25) | 100.000 |
| 5 | പേപ്പാറ വന്യജീവി സങ്കേതം (2406-02-110-24) | 80.000 |
| 6 | ഷെന്തുരുണി വന്യജീവി സങ്കേതം (2406-02-110-23) | 100.000 |
| 7 | ചിമ്മിനി വന്യജീവി സങ്കേതം (2406-02-110-22) | 87.500 |
| 8 | ആറളം വന്യജീവി സങ്കേതം (2406-02-110-21) | 87.500 |
| 9 | ചിന്നാർ വന്യജീവി സങ്കേതം (2406-02-110-20) | 65.000 |
| 10 | തട്ടേക്കാട് പക്ഷി സങ്കേതം (2406-02-110-19) (01) | 57.500 |
| 11 | മംഗളവനം പക്ഷി സങ്കേതം (2406-02-110-18) | 20.000 |
| 12 | കുറിഞ്ഞിമല വന്യജീവി സങ്കേതം (2406-02-110-17) | 30.000 |
| 13 | ചൂളന്നൂർ മയിൽ സങ്കേതം (2406-02-110-16) | 25.000 |
| 14 | മലബാർ വന്യജീവി സങ്കേതം (2406-02-110-15) | 42.500 |
| 15 | കൊട്ടിയൂർ വന്യജീവി സങ്കേതം (2406-02-110-14) | 47.500 |

| ക്രമ നം. | പദ്ധതിയുടെ പേരും ശീർഷകവും | ബഡ്ജറ്റിൽ അനുവദിച്ച തുക |
|---|---|---|
| 16 | കരിമ്പുഴ വന്യജീവി സങ്കേതം (2406-02-110-13) | 55.000 |
| | **വന്യജീവി സങ്കേതങ്ങളുടെ പരിപാലനം ആകെ** | **1190.000** |
| II | **ദേശീയോദ്യാനങ്ങൾ** | |
| 1 | ഇരവികുളം ദേശീയോദ്യാനം (2406-02-110-79) | 125.000 |
| 2 | സൈലന്റ് വാലി ദേശീയോദ്യാനം (2406-02-110-78) | 140.000 |
| 3 | ആനമുടി ദേശീയോദ്യാനം (2406-02-110-77) | 55.000 |
| 4 | മതികെട്ടാൻചോല ദേശീയോദ്യാനം (2406-02-110-76) | 55.000 |
| 5 | പാമ്പാടുംചോല ദേശീയോദ്യാനം (2406-02-110-75) | 55.000 |
| | **ദേശീയോദ്യാനങ്ങൾ ആകെ** | **430.000** |
| III | **കമ്മ്യൂണിറ്റി റിസർവ്വുകളുടെ സംരക്ഷണം** | |
| 6 | വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്ര വികസനം– കമ്മ്യൂണിറ്റി റിസർവ്വുകളുടെ സംരക്ഷണം - കടലുണ്ടി – വള്ളിക്കുന്ന് (2406-02-110-72) | 30.000 |
| | **കമ്മ്യൂണിറ്റി റിസർവ്വുകളുടെ സംരക്ഷണം ആകെ** | **30.000** |
| IV | **കടുവാ സംരക്ഷണ പദ്ധതികൾ** | |
| 7 | പെരിയാർ കടുവാ സങ്കേതം (2406-02-110-74) | 906.770 |
| 8 | പറമ്പികുളം കടുവാ സങ്കേതം (2406-02-110-73) | 687.510 |
| | പെരിയാർ കടുവാ സങ്കേതം (TSP) (2406-02-796-96) | 43.230 |
| 9 | പറമ്പികുളം കടുവാ സങ്കേതം (TSP) (2406-02-796-94) | 37.490 |
| | **കടുവാ സംരക്ഷണ പദ്ധതി ആകെ** | **1675.000** |
| V | **പ്രോജക്ട് എലിഫെന്റ് സ്കീം** | |
| | പ്രോജക്ട് എലിഫെന്റ് (2406-02-110-35) | 1300.000 |
| | **പ്രോജക്ട് എലിഫെന്റ് സ്കീം ആകെ** | **1300.000** |
| VI | **ഗുരുതരമായ വംശനാശ, ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളെ സംരക്ഷണം** | |
| 10 | ഗുരുതരമായ വംശനാശ, ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി (2406-02-110-11) | 55.000 |
| | **ഗുരുതരമായ വംശനാശ ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളുടെ സംരക്ഷണം ആകെ** | **55.000** |
| VII | **വരയാടുകളുടെ പ്രത്യേക സംരക്ഷണം** | |
| 11 | വരയാടുകളുടെ പ്രത്യേക സംരക്ഷണം (2406-02-110-12) | 65.000 |
| 12 | **വരയാടുകളുടെ പ്രത്യേക സംരക്ഷണം ആകെ** | **65.000** |
| VIII | **ഹരിത ഇൻഡ്യയ്ക്കായുള്ള ദേശീയ പദ്ധതി** | |
| 13 | ദേശീയ വനവൽക്കരണ പദ്ധതി (2406-01-102-86) | 1000.000 |
| 14 | **ഹരിത ഇൻഡ്യയ്ക്കായുള്ള ദേശീയ പദ്ധതി ആകെ** | **1000.000** |

| ക്രമ നം. | പദ്ധതിയുടെ പേരും ശീർഷകവും | ബഡ്ജറ്റിൽ അനുവദിച്ച തുക |
|---|---|---|
| IX | **വനാഗ്നി തടയലും സംരക്ഷണവും പദ്ധതി** | |
| 15 | വനാഗ്നി തടയലും സംരക്ഷണവും പദ്ധതി (2406-01-101-77) (എഫ്.പി.എം.എസ്) | 786.010 |
| 16 | വനാഗ്നി തടയലും സംരക്ഷണവും പദ്ധതി (2406-01-796-98) (ടി.എസ്.പി) | 260.060 |
| | **വനാഗ്നി തടയലും സംരക്ഷണവും പദ്ധതി ആകെ** | 1046.070 |
| X | **പ്രകൃതി പ്രകൃതി വിഭവങ്ങളുടെയും ആവാസ വ്യവസ്ഥകളുടെയും സംരക്ഷണം** | |
| 17 | നീലഗിരി ബയോസ്ഫിയർ റിസർവ്വ് (2406-02-110-34) | 450.000 |
| | അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് (2406-02-110-33) | 300.000 |
| 18 | തണ്ണീർത്തട സംരക്ഷണം (2406-02-110-32) | 403.000 |
| 19 | ദേശീയ തീരദേശ ദൗത്യം (വേമ്പനാട്, കണ്ണൂർ മേഖലകളിലെ കണ്ടൽക്കാടുകളുടെ സംരക്ഷണവും പരിപാലനവും) (2406-02-110-10) | 14.550 |
| 20 | വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്ര വികസനം – വയനാട് വന്യജീവി സങ്കേതത്തിലെ സംരക്ഷിത പ്രദേശങ്ങളിൽ നിന്നും മനുഷ്യവാസ കേന്ദ്രങ്ങൾ സ്വമേധയാ മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതി (2406-02-110-31) | 1098.000 |
| 21 | വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്ര വികസനം - വന്യജീവി സംരക്ഷണ മേഖലയ്ക്ക് പുറത്തുള്ള വന്യജീവി സംരക്ഷണം (2406-02-110-52) | 1000.000 |
| | **പ്രകൃതി വിഭവങ്ങളും ആവാസവ്യവസ്ഥകളും ആകെ** | 3265.550 |
| | **ആകെ (B)** | 10056.62 |
| C | **പദ്ധതികളുടെ കേന്ദ്ര സംസ്ഥാന വിഹിതം (75 : 25)** | |
| | ചെറുകിട വനോൽപ്പന്നങ്ങൾക്കുള്ള കുറഞ്ഞ താങ്ങുവില (2406-01-105-89) | 400.000 |
| | **ആകെ (C)** | 400.000 |
| | **ആകെ (A + B + C)** | 30523.620 |

### 4.1.2 NABARD-RIDF

വനമേഖലകളിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2023-24 വർഷത്തിൽ NABARD-RIDF ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 5157.00 ലക്ഷം രൂപ ലഭ്യമാകുകയും 3616.892 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിലൂടെ 2023-24 വർഷത്തിൽ 11 ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റുകൾ, 3 മോഡൽ ഫോറസ്റ്റ് സ്റ്റേഷനുകൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു.

### 4.1.3 വനാഗ്നി തടയലും നിയന്ത്രണ പദ്ധതിയും (FPMS)

കാട്ടുതീ തടയലും നിയന്ത്രണ (FPMS-ജനറൽ) പദ്ധതി പ്രകാരം 2023-24 കേന്ദ്ര സംസ്ഥാന വിഹിതമായി യഥാക്രമം 471.600 ലക്ഷം, 314.410 ലക്ഷം രൂപ വീതം അനുവദിക്കുകയും, യഥാക്രമം 471.600 ലക്ഷം, 314.410 ലക്ഷം രൂപ വീതം ചെലവഴിക്കുകയും ചെയ്തു. കാട്ടുതീ തടയലും നിയന്ത്രണ (FPMS-ടി.എസ്.പി) പദ്ധതി പ്രകാരം 2023-24 ൽ കേന്ദ്ര സംസ്ഥാന വിഹിതമായി യഥാക്രമം 156.040 ലക്ഷം, 104.020 ലക്ഷം രൂപ വീതം അനുവദിക്കുകയും യഥാക്രമം 156.040 ലക്ഷം, 104.020 ലക്ഷം രൂപ വീതം ചെലവഴിക്കുകയും ചെയ്തു.

### 4.1.4. തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ

വകുപ്പിന്റെ അധീനതയിലുള്ള ഏകദേശം 140014.623 ഹെക്ടർ (ആകെ വനമേഖലയുടെ 12.14%) വിവിധ വർഗ്ഗങ്ങളിലുള്ള വനത്തോട്ടങ്ങളിൽ ഏതാണ്ട് 58837.184 ഹെക്ടർ (ആകെ തോട്ടങ്ങളുടെ 42%) തേക്കിൻ തോട്ടങ്ങളാണ്. ഈ തോട്ടങ്ങളുടെ അന്തിമ വെട്ടും ഇടമുറിക്കലുമാണ് വകുപ്പിന്റെ ഏറ്റവും വലിയ വാർഷിക വരുമാനം. മണ്ണിലെ പോഷക കുറവുമൂലവും വന്യജീവികൾ നശിപ്പിക്കുന്നതുമൂലവും പുതിയ തോട്ടങ്ങളിലെ തൈകൾ പിടിച്ച് കിട്ടുന്നതിന് ബുദ്ധിമുട്ടുണ്ടാവുന്നുണ്ട്. മണ്ണിന്റെ വളക്കൂറ് വർദ്ധിപ്പിക്കാനുള്ള ശാസ്ത്രീയ സമ്പ്രദായങ്ങളും നടാൻ പാകമായ ചെടികളുടെ കരുതലും (ശേഖരവും) പുതിയ തോട്ടങ്ങളിൽനിന്ന് മെച്ചപ്പെട്ട വിളകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി സ്വീകരിച്ചുവരുന്നു.

### പട്ടിക 14
### 2023-24-ൽ വളർത്തിയ തോട്ടങ്ങളുടെ വിവരം

| ക്രമ നം. | ഡിവിഷൻ | പദ്ധതിയുടെ പേര് | പ്ലാന്റേഷൻ വിവരങ്ങൾ | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|---|---|
| സതേൺ സർക്കിൾ, കൊല്ലം | | | | |
| 1 | കോന്നി | തേക്കിനും പൾപ്പ് വുഡിനും വേണ്ടിയുള്ള വനം റിവോൾവിങ് ഫണ്ട് | 2023 തേക്ക് പ്ലാന്റേഷൻ, കൈക്കന്നം | 29.82 |
| | | തേക്കിനും പൾപ്പ് വുഡിനും വേണ്ടിയുള്ള വനം റിവോൾവിങ് ഫണ്ട് ഫണ്ട് | 2023 തേക്ക് പ്ലാന്റേഷൻ, പാററൻതോട് | 12.58 |
| | തെന്മല | തേക്കിനും പൾപ്പ് വുഡിനും വേണ്ടിയുള്ള വനം റിവോൾവിങ് ഫണ്ട് | കട്ടിലപ്പാറ | 5.00 |
| | | തേക്കിനും പൾപ്പ് വുഡിനും വേണ്ടിയുള്ള വനം റിവോൾവിങ് ഫണ്ട് | കുളത്തൂപ്പുഴ | 7.50 |
| | | തേക്കിനും പൾപ്പ് വുഡിനും വേണ്ടിയുള്ള വനം റിവോൾവിങ് ഫണ്ട് | രാജക്കൂപ്പ് | 9.00 |
| | | NABARD-RIDF | അക്കേഷ്യ മാഞ്ചിയം പ്ലാന്റേഷൻ, ഉപ്പുകുഴി, ചാലിയക്കര | 25.00 |
| | പുനലൂർ | പൾപ്പ് വുഡിന് വേണ്ടിയുള്ള ഫണ്ട് | മുക്കടവ് | 0.11 |
| | | പൾപ്പ് വുഡിന് വേണ്ടിയുള്ള തുക | കൊങ്കൽ | 0.90 |
| | അച്ചൻകോവിൽ | പൾപ്പ് വുഡിന് വേണ്ടിയുള്ള ഫണ്ട് | 2023 തേക്ക് പ്ലാന്റേഷൻ മ്ലാൻതടം | 15.00 |
| | | | 2023 തേക്ക് പ്ലാന്റേഷൻ പള്ളിമുണ്ടൻ | 15.00 |
| | തിരുവനന്തപുരം | NABARD-RIDF | 2011 അക്കേഷ്യ ഒറിക്കുലിഫോംസ് പ്ലാന്റേഷൻ, കുണ്ടളം കുഴി | 15.00 |
| | | NABARD-RIDF | 2012 അക്കേഷ്യ ഒറിക്കുലിഫോംസ് പ്ലാന്റേഷൻ, കുണ്ടളം കുഴി | 15.08 |
| | | NABARD-RIDF | 2012 അക്കേഷ്യ ഒറിക്കുലിഫോംസ് പ്ലാന്റേഷൻ, കട്ടപ്പാറ | 6.00 |

| ക്രമ നം. | ഡിവിഷൻ | പദ്ധതിയുടെ പേര് | പ്ലാന്റേഷൻ വിവരങ്ങൾ | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|---|---|
| **ഹൈറേഞ്ച് സർക്കിൾ, കോട്ടയം** | | | | |
| 2 | കോട്ടയം | സംസ്ഥാന അതോറിറ്റി പ്രകാരം വനവൽക്കരണം (Compensatory Afforestation) | കോംപൻസേറ്ററി അഫോറസ്റ്റേഷൻ വർക്ക്- 1965 കരിക്കാട്ടൂർ, പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷൻ (Miscellaneous Species) | 0.80 |
| | | | കോംപൻസേറ്ററി അഫോറസ്റ്റേഷൻ വർക്ക് – പുളിക്കുന്ന് ഏരിയ വണ്ടൻ വാതിൽ ഫോറസ്റ്റ് സ്റ്റേഷൻ (Miscellaneous Species) | 1.50 |
| | കോതമംഗലം | നഗരവനം യോജന | എടവട്ടി (തൊടുപുഴ റെയിഞ്ച്) | 3.00 |
| | | | തലക്കോട് ഡിപ്പോ (കോതമംഗലം റെയിഞ്ച്) | 1.50 |
| | | ആർ.കെ.ഡി.പി ഏരിയ (Gap Planning) | കൈതപ്പാറ, മനയത്തടം, മഠത്തിൽ തൊട്ടി (തൊടുപുഴ റെയിഞ്ച്) | 3.00 |
| | മൂന്നാർ | ഗ്രീൻ ഇൻഡ്യ മിഷൻ | ഷോല സ്പീഷീസ് | 10.00 |
| **സെൻട്രൽ സർക്കിൾ, തൃശ്ശൂർ** | | | | |
| 3 | തൃശ്ശൂർ | NABARD-RIDF | Raising 2023-കണ്ടൻചിറ ബിറ്റ് I-ഇക്കോ റീസ്റ്റോറേഷൻ പ്ലാന്റിംഗ് | 18.00 |
| | | NABARD-RIDF | Raising 2023-കണ്ടൻചിറ ബിറ്റ് II-ഇക്കോ റീസ്റ്റോറേഷൻ പ്ലാന്റിംഗ് | 26.00 |
| | | NABARD-RIDF | Raising 2023-കൊടുമ്പ് -ഇക്കോ റീസ്റ്റോറേഷൻ പ്ലാന്റിംഗ് | 13.00 |
| | | NABARD-RIDF | Raising 2023-നെല്ലുവായ് -ഇക്കോ റീസ്റ്റോറേഷൻ പ്ലാന്റിംഗ് | 24.00 |
| | | NABARD-RIDF | Raising 2023-അരിശ്ശേരി-ഇക്കോ റീസ്റ്റോറേഷൻ പ്ലാന്റിംഗ് | 20.0 |
| **ഈസ്റ്റേൺ സർക്കിൾ, പാലക്കാട്** | | | | |
| 4 | നിലമ്പൂർ നോർത്ത് | തേക്കിനും പൾപ്പ് വുഡിനും വേണ്ടിയുള്ള വനം റിവോൾവിങ് ഫണ്ട് | 2023 എടക്കോട് നറുക്കൽ ബിറ്റ് 1- എടക്കോട് ഫോറസ്റ്റ് സ്റ്റേഷൻ-എടവണ്ണ റെയിഞ്ച് | 9.20 |
| | | ഘന തടി വർഗ്ഗം | 2023 എടക്കോട് നറുക്കൽ ബിറ്റ് 11- എടക്കോട് ഫോറസ്റ്റ് സ്റ്റേഷൻ-എടവണ്ണ റെയിഞ്ച് | 10.50 |
| | നിലമ്പൂർ സൗത്ത് | ഘന തടി വർഗ്ഗം | 2023 മുണ്ടക്കടവ് തേക്ക് പ്ലാന്റേഷൻ-കരുളായി റെയിഞ്ച് | 21.70 |
| | | സംസ്ഥാന അതോറിറ്റി പ്രകാരം വനവൽക്കരണം (Compensatory Afforestation) | ഇക്കോ റീസ്റ്റോറേഷൻ 2003 – ചുരുളിപ്പൊട്ടി തേക്ക് പ്ലാന്റേഷൻ | 15.00 |

| ക്രമ നം. | ഡിവിഷൻ | പദ്ധതിയുടെ പേര് | പ്ലാന്റേഷൻ വിവരങ്ങൾ | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|---|---|
| **ഈസ്റ്റേൺ സർക്കിൾ, പാലക്കാട്** | | | | |
| 4 | നിലമ്പൂർ സൗത്ത് | ഘന തടി വർഗ്ഗം | 2023 മുണ്ടക്കടവ് തേക്ക് പ്ലാന്റേഷൻ- കരുളായി റെയിഞ്ച് | 21.70 |
| | | സംസ്ഥാന അതോറിറ്റി പ്രകാരം വനവൽക്കരണം (Compensatory Affor-estation) | ഇക്കോ റീസ്റ്റോറേഷൻ 2003 – ചുരുളിപ്പൊട്ടി തേക്ക് പ്ലാന്റേഷൻ | 15.00 |
| | മണ്ണാർക്കാട് | ഘന തടി വർഗ്ഗം | 2023 പൊട്ടിക്കൽ തേക്ക് പ്ലാന്റേഷൻ- അട്ടപ്പാടി റെയിഞ്ച് | 10.00 |
| | പാലക്കാട് | ഔഷധ സസ്യം ഉൾപ്പെടെയുള്ള തടിയേതര വനോൽപ്പന്നങ്ങളുടെ പോഷണം | ഇക്കോ റീസ്റ്റോറേഷൻ-പ്ലാന്റിംഗ് RET സ്പീഷീസ് | 5.12 |
| | | കേരള വന വികസന ഫണ്ടിൽ നിന്ന് സോഫ്റ്റ് വുഡ്  മരങ്ങൾ നടാൻ ചെലവാക്കിയത് | മെഡിസിനൽ പ്ലാന്റിംഗ്- മുട്ടിക്കുളങ്ങര | 1.00 |
| | | | മിക്സഡ് പ്ലാന്റേഷൻ- കൽപ്പറമ്പ് | 1.00 |
| | നെന്മാറ | NABARD-RIDF | വള്ളാരംകടവ് ERZ | 6.28 |
| | | | ചെമ്മനംപതി  ERZ (Bit 1) | 8.00 |
| | | | ചപ്പക്കാട് ERZ | 2.30 |
| | | | സീതാർകുണ്ട് ERZ | 1.50 |
| | | | ചെമ്മനംപതി ERZ (Bit 11) | 5.00 |
| | | | വെള്ളപ്പാറക്കുന്ന് ERZ | 1.50 |
| **നോർത്തേൺ സർക്കിൾ, കണ്ണൂർ** | | | | |
| 5 | കാസർഗോഡ് | NABARD-RIDF | കയ്യാണി മിസല്ലേനിയസ് പ്ലാന്റേഷൻ | 10.48 |
| | | | വെള്ളാച്ചേരി മിസല്ലേനിയസ് പ്ലാന്റേഷൻ | 3.50 |
| | | | ബളവന്തടുക്ക മിസല്ലേനിയസ് പ്ലാന്റേഷൻ | 2.11 |
| | | | കട്ടിപ്പാലം മിസല്ലേനിയസ് പ്ലാന്റേഷൻ | 16.50 |
| | നോർത്ത് വയനാട് | ഗ്രീൻ ഇൻഡ്യ മിഷൻ | ഓലഞ്ചേരി മിസല്ലേനിയസ്  ഗ്യാപ് പ്ലാന്റേഷൻ | 10.00 |
| | | ഗ്രീൻ ഇൻഡ്യ മിഷൻ | മ്ലാഡി മിസല്ലേനിയസ്  ഗ്യാപ് പ്ലാന്റേഷൻ | 4.00 |
| | | സംസ്ഥാന അതോറിറ്റി പ്രകാരം വനവൽക്കരണം | പന്നിമുക്കംതറ | 4.00 |
| | | സംസ്ഥാന അതോറിറ്റി പ്രകാരം വനവൽക്കരണം | തീർത്ഥാവുക്കുന്ന് | 3.00 |
| | കോഴിക്കോട് | നഗരവനം | മാൻഗ്രൂവ് | 1.00 |
| | | ഗ്രീൻ ഇൻഡ്യ മിഷൻ | ബാംബു | 1.04 |
| | **ആകെ** | | | 430.52 |

**പട്ടിക 15**
**വനപ്രദേശങ്ങളുടെ 31.03.2024 പ്രകാരമുള്ള ഉപയോഗക്രമം**

| ക്രമ നം. | ഉപയോഗരീതി | വിസ്തൃതി (ച.കി.മീറ്ററിൽ) | ആകെ ശതമാനം |
|---|---|---|---|
| 1 | ഇടതൂർന്നതും/അല്ലാത്തതുമായ വനങ്ങൾ | 9510.673 | 82.44 |
| 2 | തോട്ടങ്ങൾ | 1457.463 | 12.63 |
| 3 | പാട്ടത്തിനു കൊടുത്ത സ്ഥലം | 566.130 | 4.91 |
| 4 | 1980-ലെ എഫ്.സി.ആക്ട് പ്രകാരം തരംമാറ്റിയ ഭൂമി | 1.985 | 0.02 |
| | ആകെ | 11536.251 | 100 |

**പട്ടിക 16**
**തോട്ടഭൂമിയുടെ ഇനംതിരിച്ചുള്ള വിസ്തൃതി 31.03.2024**

| ക്രമ നം. | ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | തേക്ക് | 55994.301 |
| 2 | തേക്ക് & സോഫ്റ്റ് വുഡ് | 11484.828 |
| 3 | റോസ് വുഡ് | 89.380 |
| 4 | മഹാഗണി | 460.043 |
| 5 | ചന്ദനം | 197.898 |
| 6 | ആഞ്ഞിലി | 616.420 |
| 7 | കമ്പകം | 194.960 |
| 8 | കാഷ്വറീന | 118.870 |
| 9 | വെന്തേക്ക് | 2.023 |
| 10 | വേങ്ങ | 9.712 |
| 11 | മറ്റുള്ളവ | 557.640 |
| 12 | സിൽവർ ഓക്ക് | 948.680 |
| 13 | പൈൻ | 546.400 |
| 14 | അൽനസ് | 74.350 |
| 15 | സൈറിസ് - അൽബിസിയ | 61.540 |
| 16 | ബാൽസ | 21.040 |
| 17 | മട്ടി | 488.010 |
| 18 | ഇലവ് | 80.240 |
| 19 | കുമ്പിൾ | 115.580 |
| 20 | മലവേപ്പ് | 48.500 |

| ക്രമ നം. | ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 21 | വെള്ളകിൽ | 100.00 |
| 22 | മറ്റ് സോഫ്റ്റ് വുഡ് | 762.425 |
| 23 | അക്കേഷ്യാ ഓറിക്കുലിഫോമിസ് | 7042.424 |
| 24 | അക്കേഷ്യാ മാഞ്ചിയം | 2767.557 |
| 25 | യൂക്കാലിപ്റ്റസ് | 6989.070 |
| 26 | വാറ്റിൽ | 2123.130 |
| 27 | മുള | 3942.005 |
| 28 | ഈറ്റ | 644.110 |
| 29 | വള്ളിച്ചൂരൽ | 1738.420 |
| 30 | റബ്ബർ | 42.100 |
| 31 | കശുമാവ് | 2796.690 |
| 32 | കുരുമുളക് | 30.000 |
| 33 | തേയില | 1.902 |
| 34 | ഔഷധസസ്യങ്ങൾ | 2035.829 |
| 35 | അഗേവ് | 9.640 |
| 36 | കണ്ടൽക്കാടുകൾ | 328.068 |
| 37 | മിക്സഡ് പ്ലാന്റേഷൻ | 4986.903 |
| 38 | മിസലേനിയസ് പ്ലാന്റേഷൻസ് | 22278.513 |
| 39 | ഇക്കോ റീസ്റ്റോറേഷൻ പ്ലാന്റേഷൻ ഏരിയ | 10144.875 |
| 40 | വാട്ടർ ഷെഡ് അഫോറസ്റ്റേഷൻ ഏരിയ | 2553.640 |
| 41 | കോമ്പൻസേഷൻ അഫോറസ്റ്റേഷൻ ഏരിയ | 2318.600 |
| | ആകെ | 145746.316 |

**പട്ടിക 17**
**തടി ഉൽപ്പാദനക്കണക്ക് 2023-24**

| ക്രമ നം. | ഇനം | അളവ് | ഉൽപാദനം |
|---|---|---|---|
| I | ഇൻഡസ്ട്രിയൽ വുഡ് | | |
| 1 | തേക്ക് | $M^3$ | 19161.210 |
| 2 | റോസ് വുഡ് | $M^3$ | 105.574 |
| 3 | മഹാഗണി | $M^3$ | 59.172 |

| ക്രമ നം. | ഇനം | അളവ് | ഉൽപ്പാദനം |
|---|---|---|---|
| 4 | ആഞ്ഞിലി | $M^3$ | 804.353 |
| 5 | കമ്പകം | $M^3$ | 25.559 |
| 6 | തേമ്പാവ് | $M^3$ | 330.829 |
| 7 | വേങ്ങ | $M^3$ | 40.085 |
| 8 | വെന്തേക്ക് | $M^3$ | 142.331 |
| 9 | ജാക്ക് /പ്ലാവ് | $M^3$ | 49.759 |
| 10 | മണിമരുത് | $M^3$ | 22.370 |
| 11 | മരുത് | $M^3$ | 1381.804 |
| 12 | ഇരുൾ | $M^3$ | 447.776 |
| 13 | മുള്ളുവേങ്ങ | $M^3$ | 119.802 |
| 14 | ഉന്നം/ചടച്ചി | $M^3$ | 179.112 |
| 15 | താന്നി | $M^3$ | 100.974 |
| 16 | കരിന്തകര | $M^3$ | 40.382 |
| 17 | പാതിരി | $M^3$ | 0.937 |
| 18 | പൂവം | $M^3$ | 48.611 |
| 19 | മുള്ളംകൈനി | $M^3$ | 2.585 |
| 20 | അൽബീസിയ/ ഈയൽ വാക | $M^3$ | 16.145 |
| 21 | എടന | $M^3$ | 1.760 |
| 22 | വെള്ളീട്ടി | $M^3$ | 10.824 |
| 23 | ഭദ്രാക്ഷം | $M^3$ | 0.241 |
| 24 | ആരംപുളി | $M^3$ | 13.013 |
| 25 | അരയാഞ്ഞിലി | $M^3$ | 14.414 |
| 26 | പേഴ് | $M^3$ | 1.607 |
| 27 | തേരകം | $M^3$ | 0.932 |
| 28 | നീർവെട്ടി | $M^3$ | 1.172 |
| 29 | പൊരിവട്ട | $M^3$ | 0.896 |
| 30 | കാര/രുദ്രാക്ഷം | $M^3$ | 3.736 |
| 31 | സിൽവർ ഓക്ക് | $M^3$ | 9.706 |
| 32 | ചോരക്കള്ളി | $M^3$ | 1.239 |
| 33 | പുളിവാക | $M^3$ | 5.620 |

| ക്രമ നം. | ഇനം | അളവ് | ഉൽപാദനം |
|---|---|---|---|
| 34 | വെക്കാളി | $M^3$ | 8.135 |
| 35 | താളി | $M^3$ | 1.759 |
| II | **പ്ലൈവുഡ് സ്പീഷീസ്** | | |
| 1 | കുളമാവ്/ഊരാവ് | $M^3$ | 16.523 |
| 2 | മാവ് | $M^3$ | 6.620 |
| 3 | ചന്ദനവേമ്പ് | $M^3$ | 15.124 |
| 4 | പൂൺ/പുന്ന/പുന്നപ്പ | $M^3$ | 22.804 |
| 5 | ചീനി | $M^3$ | 115.643 |
| 6 | കുമ്പിൾ | $M^3$ | 11.674 |
| 7 | ഞാവൽ | $M^3$ | 3.837 |
| 8 | വട്ട | $M^3$ | 56.801 |
| 9 | വെള്ളപൈൻ | $M^3$ | 0.465 |
| 10 | ചേര് | $M^3$ | 3.915 |
| 11 | നങ്ക് | $M^3$ | 9.379 |
| III | **മാച്ച് വുഡ് സ്പീഷീസ്** | | |
| 1 | എലവ്/പൂള | $M^3$ | 153.061 |
| 2 | പാല/മുക്കമ്പാല | $M^3$ | 48.397 |
| 3 | വാക | $M^3$ | 56.974 |
| 4 | മട്ടി | $M^3$ | 3.691 |
| IV | **ബോബിൻവുഡ് സ്പീഷീസ്** | | |
| 1 | അകിൽ/വെള്ളകിൽ | $M^3$ | 7.390 |
| 2 | മഞ്ഞക്കടമ്പ് | $M^3$ | 6.396 |
| 3 | കുരൻവട്ടി | $M^3$ | 19.686 |
| V | **പെൻസിൽ വുഡ് സ്പീഷീസ്** | | |
| 1 | പൂച്ചക്കടമ്പ് | $M^3$ | 0.663 |
| 2 | മഴമരം | $M^3$ | 2.614 |
| 3 | ഈയോലി | $M^3$ | 10.590 |
| VI | **പാക്കിംഗ് കേസ് വുഡ് സ്പീഷീസ്** | | |
| 1 | മലവേപ്പ് | $M^3$ | 1.397 |
| 2 | വെട്ടി | $M^3$ | 0.168 |

| ക്രമ നം. | ഇനം | അളവ് | ഉൽപ്പാദനം |
|---|---|---|---|
| 3 | കരിങ്ങഴ/പൂപ്പാതിരി | $M^3$ | 10.364 |
| 4 | ഉതി | $M^3$ | 1.166 |
| 5 | പയ്യാനി | $M^3$ | 1.464 |
| 6 | പൊരിപൂവം | $M^3$ | 0.162 |
| 7 | എലിപ്പ | $M^3$ | 24.448 |
| 8 | പാറകം | $M^3$ | 2.094 |
| 9 | അവൽ | $M^3$ | 4.670 |
| 10 | കണിക്കൊന്ന | $M^3$ | 5.618 |
| 11 | വല്ലഭം | $M^3$ | 1.336 |
| 12 | മലമ്പുന്ന | $M^3$ | 12.931 |
| 13 | കടുക്ക | $M^3$ | 2.756 |
| 14 | പാലി | $M^3$ | 29.462 |
| 15 | ഏറങ്കോൾ | $M^3$ | 247.000 |
| 16 | കരിവീട്ടി | $M^3$ | 1.596 |
| 17 | തെല്ലിപ്പൈൻ | $M^3$ | 11.600 |
| VII | പൾപ്പ് വുഡ് സ്പീഷീസ് | | |
| 1 | അക്കേഷ്യ ഓറിക്കുലിഫോമിസ് | MT | 15677.019 |
| 2 | യൂക്കാലിപ്റ്റസ് | MT | 96.212 |
| 3 | മുള | MT | 563.640 |
| 4 | ഈറ്റ | MT | 492.711 |
| 5 | അക്കേഷ്യ മാഞ്ചിയം | MT | 20.025 |
| VIII | മിസലേനിയസ് സ്പീഷീസ് | | |
| 1 | ഫയർവുഡ് | MT | 3620.975 |
| 2 | പലതരം ഫയർവുഡ് | | 114.325 |
| 3 | തേക്ക് കഴകൾ | MT | 7751.900 |
| 4 | ബില്ലറ്റ്സ് | MT | 2215.588 |
| 5 | ചന്ദനത്തടി | Kg | 153370.550 |

## പട്ടിക 18
## ചെറു വനവിഭവങ്ങളുടെ ഉൽപ്പാദനം 2023-24

| ക്രമ നം. | ഇനം | സംഭരിച്ച അളവ് (കിലോഗ്രാം) |
|---|---|---|
| 1 | അതിതിപ്പലി | 149.00 |
| 2 | അടപ്പതിയൻ | 64.00 |
| 3 | ചൂൽപ്പുല്ല് (ബ്രൂം ഗ്രാസ്) | 65900.00 |
| 4 | ഏലം | 11.00 |
| 5 | ചീനിക്കാ (1st) | 47216.00 |
| 6 | ചെറുതേക്ക് | 415.00 |
| 7 | ചെറുതേൻ | 104.25 |
| 8 | ചെറുവഴുതന | 20869.00 |
| 9 | ചുണ്ട | 1170.00 |
| 10 | ചെഞ്ചല്യം I | 234.00 |
| 11 | ചെഞ്ചല്യം II | 960.00 |
| 12 | ഏറംകോൾ | 18700.00 |
| 13 | ഇരുവേലി | 1037.00 |
| 14 | കക്കുംകായ/പറണ്ടക്ക | 65.000 |
| 15 | കൽപാസം | 915.00 |
| 16 | കസ്തൂരിമഞ്ഞൾ | 1217.00 |
| 17 | കണ്ടൻകോവ | 297.00 |
| 18 | കരിംകുറിഞ്ഞി | 40069.00 |
| 19 | കാട്ടുകുരുമുളക് വള്ളി ഒന്നാംതരം | 5983.00 |
| 20 | കാട്ടുപടവലം (ഉണക്ക) | 1951.00 |
| 21 | കുന്തിരിക്കം ഒന്നാംതരം | 998.00 |
| 22 | കുന്തിരിക്കം രണ്ടാംതരം | 695.00 |
| 23 | കുന്തിരിക്കം മൂന്നാംതരം | 528.75 |
| 24 | കുറുന്തോട്ടി | 66995.00 |
| 25 | കാട്ടുതിപ്പലി | 201.00 |
| 26 | കുമിഴിൻവേര് | 195.00 |
| 27 | കൊടിവെള്ളി | 800.00 |
| 28 | ഇഞ്ച | 1400.00 |

| ക്രമ നം. | ഇനം | സംഭരിച്ച അളവ് (കിലോഗ്രാം) |
|---|---|---|
| 29 | പുളിഞ്ചിക്ക | 350.00 |
| 30 | മൂവില | 9338.00 |
| 31 | നറുനീണ്ടി | 150.00 |
| 32 | ഓരില (ഉണക്ക) | 20656.00 |
| 33 | പാച്ചോറ്റി | 1600.00 |
| 34 | പാച്ചോറ്റിപട്ട | 370.00 |
| 35 | പാതിരിപ്പൂവ് (ചെറുത്) | 49.00 |
| 36 | പാതിരിപ്പൂവ് (ഒന്നാതരം) | 579.40 |
| 37 | പാതിരിപ്പൂവ് (രണ്ടാംതരം) | 27.25 |
| 38 | പാതിരിപ്പൂവ് (മൂന്നാതരം) | 70.00 |
| 39 | പാതിരിപ്പൂവ് പൊടി | 7.00 |
| 40 | പീനാറി | 2610.00 |
| 41 | പുത്തരിച്ചുണ്ട | 2256.00 |
| 42 | തെള്ളി I | 424.00 |
| 43 | തെള്ളി II | 770.00 |
| 44 | വൻതേൻ | 1833.50 |
| 45 | പടക്കിഴങ്ങ് | 61.00 |

## 4.2 ഭരണ വിഭാഗം

നടപ്പുവർഷത്തിൽ ഭരണ വിഭാഗം കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ജില്ലാ ഓഫീസുകളിലൂടെ വിവിധ വിഭാഗം ജീവനക്കാരുടെ നിയമനങ്ങൾ വിജയകരമായി നടത്തിയിട്ടുണ്ട്. സേവനത്തിലുള്ള ഓഫീസർമാരുടെയും മറ്റു ജീവനക്കാരുടെയും സ്ഥാനക്കയറ്റങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണ വിഭാഗം പ്രവർത്തിച്ചിട്ടുണ്ട്.

2023-24ൽ ആശ്രിത നിയമനങ്ങളടക്കം വിവിധ തസ്തികകളിൽ 427 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. 140 പേർ ഈ വർഷം വിരമിച്ചു. വകുപ്പിലെ 68 പേർക്കെതിരായി അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 3-ാം അധ്യായത്തിൽ പട്ടിക തിരിച്ചുള്ള വിശദവിവരങ്ങൾ നൽകിയിട്ടുണ്ട്.

### 2023-24 ലെ പ്രധാന നേട്ടങ്ങൾ

- **ഓൺലൈൻ ജനറൽ ട്രാൻസ്ഫർ**

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖേന ആക്കുന്നതിന് 21.10.2021 തീയതിയിലെ ജി.ഒ. (സാധാ) നമ്പർ 155/2021/ഉ.ഭ.പ.വ പ്രകാരം സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, 25.02.2017-ലെ ജി.ഒ.(പി) നമ്പർ 03/2017/ ഉ.ഭ.പ.വ സർക്കാർ ഉത്തരവിലെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് അനുസൃതമായി വനം വകുപ്പിൽ 2023- പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖേന നടത്തുന്നതിന് തീരുമാനിക്കുകയും, ക്ലാർക്ക്, ഡ്രൈവർ, ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (CA), ഹെഡ് അക്കൗണ്ടന്റ് (HA), ജൂനിയർ സൂപ്രണ്ട് (JS), ബീറ്റ് ഫോറസ്റ്റ് ഓഫീസർ (BFO), സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, വൈൽഡ് ലൈഫ് അസിസ്റ്റന്റ് എന്നീ പത്ത് തസ്തികകളിലെ പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖേന പൂർത്തിയാക്കുകയും ചെയ്തു.

## 4.3 വന്യജീവി വിഭാഗം

സംസ്ഥാനത്തെ സംരക്ഷിത വനമേഖല ശൃംഖലയുടെയും (Protected Area Network) വന്യജീവികളുടെയും ജൈവ വൈവിധ്യത്തിന്റെയും സംരക്ഷണമാണ് വന്യജീവി വിഭാഗത്തിന്റെ പ്രധാന ചുമതല. 1972-ലെ വന്യജീവി സംരക്ഷണ നിയമ പ്രകാരമാണ് സംസ്ഥാനത്തിലെ സംരക്ഷിത മേഖലകൾ പരിപാലിക്കപ്പെടുന്നത്. ഇപ്പോൾ മൂന്ന് വന്യജീവി

സർക്കിളുകളുടെ കീഴിൽ 11 വന്യജീവി ഡിവിഷനുകളുണ്ട്. സംരക്ഷിത മേഖലാ ശൃംഖലയിൽ ഉൾപ്പെടുന്ന 6 ദേശീയോദ്യാനങ്ങൾ, 18 വന്യജീവിസങ്കേതങ്ങൾ, (2 കടുവാസങ്കേതങ്ങൾ, 2 പക്ഷിസങ്കേതങ്ങൾ, 1 മയിൽ സങ്കേതം ഇവയടക്കം) ഒരു കമ്മ്യൂണിറ്റി റിസർവ് എന്നിവയടക്കമുള്ളവയുടെ പരിപാലനം ഉറപ്പു വരുത്തുന്നത് ഈ വിഭാഗമാണ്.

കടുവതോൽ, പുള്ളിപ്പുലി തോൽ, ആനക്കൊമ്പ്, പാമ്പിൻ വിഷം, വെള്ളിമൂങ്ങ, നക്ഷത്ര ആമ, ഇരുതലമൂരി തുടങ്ങിയ ജീവികൾ ഉൾപ്പെടുന്ന വന്യജീവി കുറ്റകൃത്യങ്ങൾക്ക് അന്തർ സംസ്ഥാന/അന്തർദേശീയ തലത്തിൽ ബന്ധങ്ങൾ ഉള്ളതിനാൽ ഇത്തരം കേസുകൾ അന്വേഷിക്കുന്നതിനായി വിവിധ സംസ്ഥാനങ്ങളിൽ മേഖല ഓഫീസുകളോടുകൂടി കേന്ദ്രസർക്കാർ Wildlife Crime Control Bureau രൂപീകരിച്ചിട്ടുണ്ട്. Wildlife Crime Control Bureau-യും മറ്റ് സംസ്ഥാന വനം വകുപ്പുകളും ചേർന്നാണ് ഗൗരവകരമായ വന്യജീവി കുറ്റകൃത്യങ്ങൾ അന്വേഷിച്ച് കൈകാര്യം ചെയ്തുവരുന്നത്.

അംഗീകരിക്കപ്പെട്ട മാനേജ്മെൻറ് പ്ലാനുകളുടെ അടിസ്ഥാനത്തിൽ സംരക്ഷിത പ്രദേശങ്ങളിലെ ടൂറിസം സോണുകളിൽ വനം വകുപ്പ് ഇക്കോടൂറിസം പ്രവർത്തികൾ നടത്തിവരുന്നുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങളിൽ പൂർണമായി സഹകരിച്ചു വരുന്ന ഗോത്ര വിഭാഗക്കാർക്കും വനാശ്രിത സമൂഹങ്ങൾക്കും അവർ ചെയ്യുന്ന നല്ല പ്രവർത്തികൾക്ക് അംഗീകാരം എന്നോണം ഇക്കോ ടൂറിസം പരിപാടികളിലൂടെ തൊഴിലവസരങ്ങൾ നൽകിവരുന്നുണ്ട്. ഗൈഡഡ് ട്രക്കിംഗ്, ടൈഗർ ട്രെയിൽ, ബോർഡർ ഹൈക്കിങ്, ബാംബൂ റാഫ്റ്റിംഗ്, ടെൻ്റ് ക്യാമ്പിംഗ്, ട്രൈബൽ ഹെറിറ്റേജ് മ്യൂസിയം, പങ്കാളിത്ത രീതിയിലുള്ള കാട്ടുതീ നിയന്ത്രണം, സംരക്ഷിത മേഖലയിലെ പ്ലാസ്റ്റിക് നീക്കം ചെയ്യൽ, ഇക്കോ-ഷോപ്പുകൾ, ചെറുകിട വനവിഭവ ഉൽപ്പന്നങ്ങളും തേനും മെഴുകും ഉൾപ്പടെയുള്ള വിവിധ മൂല്യവർധിത ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള സംവിധാനം ഒരുക്കി നൽകുക, റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക്കിൽ നിന്നും souvenior നിർമ്മിക്കുക, ടൈലറിംഗ് യൂണിറ്റ്, ഹാൻ്റിക്രാഫ്റ്റ് യൂണിറ്റ് തുടങ്ങിയവ നടത്തിക്കുന്നതിലാണ് ഇത്തരത്തിൽ ഗോത്ര വിഭാഗങ്ങളെയും വനാശ്രിത സമൂഹങ്ങളെയും വനം വകുപ്പ് പങ്കെടുപ്പിച്ചു വരുന്നത്.

വന്യജീവികളുടെ ആരോഗ്യം നിരന്തരം നിരീക്ഷിക്കുന്നതിനും വന്യജീവികളിൽ അസുഖങ്ങൾ പടർന്നു പിടിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനും വന്യജീവിസങ്കേതങ്ങളുടെയും നാഷണൽ പാർക്കുകളുടെയും ശാസ്ത്രീയമായ പരിപാലനം ആവശ്യമാണ്. കന്നുകാലികളിൽ നിന്നും പല തരത്തിലുള്ള സാംക്രമിക രോഗങ്ങളും വന്യജീവികളിലേക്ക് പടർന്നു പിടിക്കാൻ സാദ്ധ്യത ഉണ്ട്. സ.ഉ (കയ്യെഴുത്ത്) നം.12/2017/വനം നമ്പരിലുള്ള 20.03.2017 തീയതിയിലെ ഉത്തരവ് പ്രകാരം ഒരു ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറുടെയും 12 അസിസ്റ്റൻ്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർമാരുടെയും ഒഴിവുകൾ സൃഷ്ടിക്കപ്പെടുകയും സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൽനിന്ന് വകുപ്പ് മാറ്റത്തിലൂടെ അവ നികത്തപ്പെടുകയും ചെയ്തതിലൂടെ വകുപ്പിലെ മൃഗഡോക്ടർമാരുടെ എണ്ണം 17 ആയി ഉയർന്നിട്ടുണ്ട്.

ചീഫ് വൈൽഡ്‌ലൈഫ് വാർഡനും, വൈൽഡ്‌ലൈഫ് വാർഡൻമാരും ആണ് 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം ഔപചാരിക അധികാരികൾ. എല്ലാ വനങ്ങൾക്കകത്തും പുറത്തുമുള്ള വന്യജീവി സംരക്ഷണം അവരുടെ ഉത്തരവാദിത്തമാണ്. ചതുപ്പുകളുടെയും കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണത്തിന് വകുപ്പ് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

### 4.3.1. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ

വനങ്ങൾക്കകത്തും വനാതിർത്തിയിലും താമസിക്കുന്ന ജനങ്ങൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് മനുഷ്യ-വന്യജീവി സംഘർഷം. വന്യമൃഗങ്ങൾ ജനങ്ങൾ അധിവസിക്കുന്ന സ്ഥലങ്ങളിലേക്ക് കടക്കുകയും തൽഫലമായി മനുഷ്യ ജീവനും സ്വത്തിനും നഷ്ടമുണ്ടാകുന്ന സാഹചര്യമുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി കേരള വനംവകുപ്പ് വനാതിർത്തികളിലായി ആനക്കിടങ്ങുകൾ കുഴിച്ചും, മതിലുകൾ നിർമ്മിച്ചും, സൗരോർജ്ജ വൈദ്യുത വേലി കെട്ടിയും പ്രതിരോധം ഏർപ്പെടുത്തുന്നുണ്ട്. 17/6/2011 തീയതിയിലെ സ.ഉ. (സാ.) നം 265/2011/വനം പ്രകാരം സർക്കാർ ചില നിബന്ധനകൾക്ക് വിധേയമാക്കി വിളനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവെച്ചുകൊല്ലുവാനുള്ള അനുവാദം ഒരു വർഷത്തേക്ക് പരീക്ഷണാടിസ്ഥാനത്തിൽ നൽകിയിരുന്നു. അതിനുശേഷം, സർക്കാർ മേൽപ്പറഞ്ഞ ഉത്തരവുകളും നടപടി ക്രമങ്ങളും സമഗ്രമായി ഭേദഗതി ചെയ്തു. പിന്നീട്, 18.05.2020 തീയതിയിലെ സ.ഉ.(സാ.) നം 111/2020 ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ 6 മാസത്തേക്ക് പുതിയ ഭേദഗതികൾ വരുത്തുകയും, 18.11.2020-ലെ സ.ഉ.(സാ.) നം.284/2020/വനം പ്രകാരം 6 മാസത്തേക്ക് കൂടി ഇത് നീട്ടി നൽകുകയും ചെയ്തു. പിന്നീട് 28.01.2021 തീയതിയിലെ സ.ഉ.(സാ.) നം.25/2021/ വനം പ്രകാരം വനാതിർത്തിയുടെ 2 കി.മീറ്ററിനകത്ത് കെണിവെച്ച് പന്നികളെ കൊല്ലുന്നത് തടഞ്ഞുകൊണ്ട് ഉത്തരവ് പുതുക്കി. 31.05.2022 ലെ സ.ഉ.(സാധാ) 239/2022/വനം നമ്പർ ഉത്തരവ് പ്രകാരം, ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഹോണററി വൈൽഡ് ലൈഫ് വാർഡൻ, അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഡെലിഗേറ്റ് ചെയ്യുവാൻ ഉത്തരവായി. 2022 മുതൽ എല്ലാ വർഷവും പ്രസ്തുത ഉത്തരവിൻറെ കാലാവധി നീട്ടി നൽകുന്നുണ്ട് സ.ഉ.(കൈ) നം. 9/2024/വനം തീയതി 25.02.2024 പ്രകാരം ഈ അധികാരങ്ങളുടെ കാലാവധി 27.05.2025 വരെ ദീർഘിപ്പിക്കുകയും ചെയ്തു. പഞ്ചായത്ത് പ്രസിഡൻ്റമാർക്കും സെക്രട്ടറിമാർക്കും ലഭിച്ച ഈ അധികാരം ഫലപ്രദമായി വിനിയോഗിച്ചു കാട്ടുപന്നി ശല്യം ഒരു പരിധിവരെ കുറക്കുവാൻ സാധിച്ചിട്ടുണ്ട്.

#### ജനജാഗ്രതാ സമിതികൾ (JJS)

07.02.2017-ലെ GO (Rt.No.51/2017/F&WLD പ്രകാരം കേരളത്തിലുടനീളം 278 (JJS) ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. അവ മനുഷ്യവന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതിനുള്ള പ്രാഥമിക പ്രതികരണ സേനകളായി പ്രവർത്തിക്കുന്നു. പ്രസ്തുത സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മനുഷ്യ- വന്യജീവി സംഘർഷങ്ങൾ നിരന്തരം റിപ്പോർട്ട് ചെയ്യുന്ന പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനങ്ങളെയും വനം വകുപ്പ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിയാണ് ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ സർക്കിളിലേയും ജനജാഗ്രതാ സമിതികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സർക്കിൾ | ജനജാഗ്രതാ സമിതികളുടെ എണ്ണം |
|---|---|---|
| 1 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് തിരുവനന്തപുരം | 7 |
| 2 | വൈൽഡ് ലൈഫ്, കോട്ടയം | 14 |
| 3 | വൈൽഡ് ലൈഫ്, പാലക്കാട് | 12 |
| 4 | ഈസ്റ്റൺ സർക്കിൾ, പാലക്കാട് | 41 |
| 5 | നോർത്തേൺ സർക്കിൾ കണ്ണൂർ | 65 |
| 6 | സതേൺ സർക്കിൾ, കൊല്ലം | 76 |
| 7 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 37 |
| 8 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 26 |
| | ആകെ | 278 |

2023-24 ൽ മനുഷ്യ-വന്യമൃഗ സംഘർഷം മൂലം പരുക്കേറ്റവർ 1603 പേരാണ്. 807 കന്നുകാലികൾ കൊല്ലപ്പെട്ടു. വിളനാശവും സ്വത്ത് നാശവും സംഭവിച്ച 8141 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2023-24 ൽ 10627 മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2023-24 ൽ തേനീച്ച / കടന്നൽ എന്നിവയുടെ കുത്തേറ്റ് 18 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. ഈ വർഷം മനുഷ്യ-വന്യമൃഗ സംഘർഷം മൂലം ജീവഹാനി സംഭവിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

**പട്ടിക 19**
**മനുഷ്യ വന്യജീവി സംഘർഷം സംബന്ധിച്ച കണക്ക് 2023-24**

| സംഭവങ്ങളുടെ എണ്ണം | ആന | കാട്ടുപന്നി | കടുവ | കാട്ടുപോത്ത് | പുലി | പാമ്പ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|
| കൊല്ലപ്പെട്ടവർ | 22 | 11 | 1 | 4 | 0 | 34 | 4 | 76 |

സംസ്ഥാനത്തെ വനാതിർത്തികളിൽ മനുഷ്യരും മൃഗങ്ങളും തമ്മിലുണ്ടാകുന്ന സംഘർഷം കുറയ്ക്കുന്നതിനു വേണ്ടിയുള്ള സജീവ നടപടികളുമായി വന്യജീവി വിഭാഗം മുന്നോട്ടുപോകുകയാണ്. സൗരോർജ്ജവേലികൾ, കിടങ്ങുകൾ, ഭിത്തികൾ എന്നിവ നിർമ്മിച്ചും വനാതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്നവരെ ബോധവൽക്കരിക്കുകയും വന്യജീവി ആക്രമണങ്ങളുടെ ഇരകൾക്കും, വന്യജീവികൾ മുഖാന്തരമുള്ള വിളനാശത്തിനും മറ്റും നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നുണ്ട്. മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിന് നിർമ്മിക്കപ്പെട്ട പ്രതിരോധ സംവിധാനങ്ങളുടെ 2023-24 വർഷത്തെ വിശദാംശങ്ങൾ താഴെ നൽകുന്നു.

**പട്ടിക 20**
**മനുഷ്യ – വന്യജീവി സംഘർഷം ലഘൂകരിക്കാൻ നിർമ്മിക്കപ്പെട്ട 2023-24 വർഷത്തെ പ്രതിരോധ സംവിധാനങ്ങൾ സംബന്ധിച്ച വിവരം**

| സർക്കിളിന്റെ പേര് | സോളാർ പവർ ഫെൻസിങ്ങ് (കി.മി) | എലിഫെന്റ് പ്രൂഫ് ട്രെഞ്ച് (കി.മി) | എലിഫെന്റ് പ്രൂഫ് വാൾ (കി.മി) | സോളാർ ഹങ്ങിങ് ഫെൻസ് (കി.മി) | ആകെ |
|---|---|---|---|---|---|
| സതേൺ സർക്കിൾ, കൊല്ലം | 37.19 | 0.68 | 0.00 | 0.00 | 37.87 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 8.80 | 0.00 | 0.00 | 0.00 | 8.8 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 7.95 | 0.00 | 0.00 | 0.00 | 7.95 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 34.20 | 0.00 | 1.50 | 49 | 84.7 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 27.30 | 0.00 | 0.00 | 35.62 | 62.92 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 0.00 | 0.95 | 0.00 | 0.93 | 1.88 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 3.45 | 0.136 | 0.02 | 0.00 | 3.786 |

| സർക്കിളിന്റെ പേര് | സോളാർ പവർ ഫെൻസിങ്ങ് (കി.മി) | എലിഫെന്റ് പ്രൂഫ് ട്രെഞ്ച് (കി.മി) | എലിഫെന്റ് പ്രൂഫ് വാൾ (കി.മി) | സോളാർ ഹങ്ങിങ് ഫെൻസ് (കി.മി) | ആകെ |
|---|---|---|---|---|---|
| ഫീൽഡ് ഡയറക്ടർ, പാലക്കാട് | 7.01 | 3.00 | 0.01 | 0.00 | 10.02 |
| ആകെ | 125.9 | 4.766 | 1.53 | 85.55 | 217.926 |

### 4.3.2 വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരകളായവർക്ക് നൽകിയ സമാശ്വാസ ധനസഹായം

വന്യജീവി ആക്രമണങ്ങളുടെ ഇരകളായവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള Kerala rules for payment of compensation to victims of attacked by wild animals 1980 പ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ഇരകളാകുന്നവർക്ക് വനം വകുപ്പ് സമാശ്വാസ ധനസഹായം നൽകുന്നു. ഈ ഇനത്തിൽ 2023-24 ൽ 2179.80 ലക്ഷം രൂപ ആക്രമണത്തിനിരയായവർക്ക് വിതരണം ചെയ്തു.

**പട്ടിക-21**

**വന്യജീവികളുടെ ആക്രമണത്തിനു വിധേയരായവർക്കു 2023-24 കാലയളവിൽ നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിവരം**

| കൊല്ലപ്പെട്ടവർ | | പരിക്കേറ്റവർ | | കന്നുകാലി മരണം | | കൃഷി നാശവും സ്വത്ത് നാശവും | | ആകെ (രൂപ ലക്ഷത്തിൽ) | |
|---|---|---|---|---|---|---|---|---|---|
| അപേക്ഷകളുടെ എണ്ണം | അനുവദിച്ച തുക | അപേക്ഷകളുടെ എണ്ണം | അനുവദിച്ച തുക | അപേക്ഷകളുടെ എണ്ണം | അനുവദിച്ച തുക | അപേക്ഷകളുടെ എണ്ണം | അനുവദിച്ച തുക | അപേക്ഷകളുടെ എണ്ണം | അനുവദിച്ച തുക |
| 184* | 709.26 | 1603* | 603.41 | 807* | 230.11 | 8141* | 637.02 | 10735* | 2179.80 |

*നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി സമർപ്പിക്കേണ്ട അനുബന്ധരേഖകൾ അപേക്ഷകർ സമർപ്പിക്കാത്തതുമൂലമോ ഫണ്ടിന്റെ അപര്യാപ്തതമൂലമോ മുൻ വർഷങ്ങളിൽ വിതരണം ചെയ്യാൻ കഴിയാതിരുന്ന അപേക്ഷകളിൽ നഷ്ടപരിഹാരം തൻ വർഷം വിതരണം ചെയ്തതും, തൻ വർഷത്തിൽ ലഭിച്ച അപേക്ഷകളിൽ പാസ്സാക്കി നൽകിയതും ചേർന്നുള്ള എണ്ണം.

**2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ ഉണ്ടായ മനുഷ്യ-വന്യജീവി സംഘർഷങ്ങളും നഷ്ടപരിഹാര വിവരവും**



### 4.3.3 വന്യമൃഗങ്ങളുടെ മരണം സംബന്ധിച്ച കണക്ക്

120 ആനകളും, 13 കടുവകളും 9 പുലികളും ഉൾപ്പെടെ 695 വന്യമൃഗങ്ങൾ 2023-24 വർഷത്തിൽ കേരളത്തിൽ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

**പട്ടിക-22**
**വന്യമൃഗങ്ങളുടെ മരണം സംബന്ധിച്ചുള്ള കണക്ക്**

| സർക്കിൾ | ആന | കടുവ | പുലി | മറ്റുള്ളവ | ആകെ മരണം |
|---|---|---|---|---|---|
| സതേൺ സർക്കിൾ, കൊല്ലം | 21 | 3 | 1 | 139 | 164 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 12 | 1 | 0 | 66 | 79 |
| സെൻട്രൽ സർക്കി, തൃശ്ശൂർ | 21 | 0 | 0 | 92 | 113 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 23 | 0 | 0 | 59 | 82 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 6 | 2 | 5 | 126 | 139 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 5 | 0 | 0 | 12 | 17 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 16 | 3 | 0 | 47 | 66 |
| ഫീൽഡ് ഡയറക്ടർ, പാലക്കാട് | 16 | 4 | 3 | 12 | 35 |
| **ആകെ** | 120 | 13 | 9 | 553 | 695 |

### 4.3.4 ജനവാസ മേഖലയിലിറങ്ങുന്ന അപകടകാരികളായ കാട്ടുപന്നികളുടെ നിയന്ത്രണം

2023-24 വർഷത്തിൽ ജനവാസ മേഖലയിലെത്തിയ അപകടകാരികളായ 681 കാട്ടുപന്നികളെ വെടിവച്ചു കൊന്നിട്ടുണ്ട്.

**പട്ടിക-23**
**ജനവാസമേഖലയിൽ എത്തിചേർന്നതും മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയായ കാട്ടുപന്നികളെ നശിപ്പിച്ചതിന്റെ എണ്ണം**

| സർക്കിൾ | കാട്ടുപന്നികളെ നശിപ്പിച്ചതിന്റെ എണ്ണം |
|---|---|
| സതേൺ സർക്കിൾ, കൊല്ലം | 67 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 10 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 314 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 144 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 146 |
| **ആകെ** | 681 |

### 4.3.5 വന്യജീവികളുടെ വിവര ശേഖരണം

കേരളത്തിലെ വന മേഖലകളിൽ വന്യജീവികളുടെ കണക്കെടുപ്പ് കാലാകാലങ്ങളിൽ നടന്നുവരുന്നു. മുൻകാല കണക്കെടുപ്പുകൾ 1993, 2002, 2011, 2022 എന്നീ വർഷങ്ങളിലാണ് നടന്നത്. പൊതുവായ വന്യജീവികളുടെ കണക്കെടുപ്പിനു പുറമേ കടുവ, വരയാട്, ആന എന്നിവയ്ക്കു വേണ്ടി പ്രത്യേക കണക്കെടുപ്പുകളും നടന്നു വരുന്നു.

- **കടുവകളുടെ കണക്കെടുപ്പ്:**

**പട്ടിക-24**
**കേരളത്തിലെ കടുവകളുടെ എണ്ണം**

| 2006 | 2010 | 2014 | 2018 | 2022 |
|---|---|---|---|---|
| 46 | 71 | 136 | 190 | 213 (*SE±16) |

*Standard Error

- **ആനകളുടെ കണക്കെടുപ്പ്**

കേരളത്തിൽ, 2023 മെയ് 17 മുതൽ 19 വരെ ആനകളുടെ കണക്കെടുപ്പ് നടത്തുകയുണ്ടായി. സംസ്ഥാനത്തെ ആനകളുടെ എണ്ണം കണക്കാക്കുന്നതിന് Elephant dung count method, Block count method എന്നീ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചാണ് കണക്കെടുപ്പ് നടത്തി വരുന്നത്. അടിസ്ഥാന സർവേ യൂണിറ്റുകൾ ഓരോ ഫോറസ്റ്റ് ഡിവിഷനിലെയും ബ്ലോക്കുകളാണ്. മുൻകാലങ്ങളിലെ പോലെ ഇപ്പോഴത്തെ സർവേയിൽ കേരളത്തിലെ നാല് ആന സങ്കേതങ്ങളും (Elephant Reserve) ഉൾപ്പെടുത്തിയിട്ടുണ്ട്. വയനാട്, നിലമ്പൂർ, ആനമുടി, പെരിയാർ എന്നിവിടങ്ങളിൽ അതത് എലിഫന്റ് റിസർവ്വുകളിലെ ഫോറസ്റ്റ് ഡിവിഷനുകളിലെ സാമ്പിൾ ബ്ലോക്കുകൾ സംയോജിപ്പിച്ച്, 2023ൽ ബ്ലോക്ക് കൗണ്ട് രീതി പ്രകാരം ഒരു ചതുരശ്ര കിലോമീറ്ററിന് 0.20 (SE 3.1) സാന്ദ്രത എന്ന തോതിൽ 1920 ആനകളും Elephant dung count method രീതി പ്രകാരം 0.25 (SE 3.2) $km^2$ സാന്ദ്രത എന്ന തോതിൽ 2386 ആനകളും സംസ്ഥാനത്ത് ഉണ്ടെന്നാണ് കണക്കാക്കുന്നത്.

- **വരയാടുകളുടെ കണക്കെടുപ്പ്**

കേരളത്തിന്റെയും തമിഴ്നാടിന്റെയും തെക്കൻ പശ്ചിമഘട്ട പർവത മേഖലയിൽ പരിമിതമായി മാത്രം കാണപ്പെടുന്ന അന്യം നിന്നുകൊണ്ടിരിക്കുന്ന ജീവിവർഗമാണ് വരയാടുകൾ (നീലഗിരി വരയാടുകൾ). വളരെ കുറഞ്ഞ എണ്ണം, പരിമിതവും തുടർച്ചയില്ലാത്തതുമായ പ്രത്യുൽപ്പാദന സ്വഭാവം, വളരെയധികം ലോലമായ പാരിസ്ഥിതിക വ്യവസ്ഥയിൽ മനുഷ്യരുടെ ഇടപെടൽ എന്നിവ മൂലം നീലഗിരി വരയാടുകളെ IUCN റെഡ് ഡാറ്റാ ബുക്കിലെ (Red Data Book)' അന്യം നിന്നു കൊണ്ടിരിക്കുന്ന' എന്ന വിഭാഗത്തിലും 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഒന്നാം പട്ടികയിലും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇരവികുളം ദേശീയോദ്യാനത്തിലെ വരയാടുകളുടെ എണ്ണം കഴിഞ്ഞ വർഷങ്ങളിൽ കണക്കായിട്ടുള്ളത് താഴെ കൊടുക്കുന്നു

**പട്ടിക-25**
**കഴിഞ്ഞ പത്തു വർഷത്തെ**
**നീലഗിരി വരയാടുകളുടെ കണക്കാക്കിയ എണ്ണം**

| 2014 | 2015 | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 | 2023 |
|---|---|---|---|---|---|---|---|---|---|
| 894 | 900 | 664 | 575 | 643 | 526 | 723 | 782 | 785 | 803 |

### 4.3.6 ആനത്താര

2010-ലെ എലിഫെന്റ് ടാസ്ക് ഫോഴ്സ് റിപ്പോർട്ട് "ഗജ"പ്രകാരം രാജ്യത്ത് മുൻഗണന 1-ൽപ്പെട്ട 27 ഉം മുൻഗണന 11-പ്പെട്ട 61 ഉം ആനത്താരകൾ കണ്ടെത്തിയിരുന്നു. മുൻഗണന 1-ൽ കേരള സംസ്ഥാനത്തിലെ തിരുനെല്ലി-കുദ്രകോട് ആനത്താര ഉണ്ട്. മുൻഗണന രണ്ടിൽ കേരളത്തിലെ നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം, പക്രൻതളം-പെരിയ, കൊട്ടിയൂർ - പെരിയ തുടങ്ങിയ ആനത്താരകൾ ഉൾപ്പെടുന്നു. നിലമ്പൂർ-കോവിലകം – ന്യൂ അമരമ്പലത്തിന്റെ കാര്യത്തിൽ സ്ഥലമെടുപ്പ് ആവശ്യമില്ല. പക്രൻതളം - പെരിയയ്ക്ക് സ്ഥലം ഇനിയും ഏറ്റെടുക്കാനുണ്ട്. കൊട്ടിയൂർ - പെരിയയിൽ 97.33 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതിൽ 29.5992 ഹെക്ടർ മാത്രമാണ് ഇതുവരെ ഏറ്റെടുത്തത്. ആനത്താരകളുടെ വിശദവിവരം ചുവടെ നൽകിയിരിക്കുന്നു.

## പട്ടിക-26
## ആനത്താര/ആന ഇടനാഴികളുടെ വിശദവിവരങ്ങൾ

| ക്രമ നം. | തിരിച്ചറിഞ്ഞ ഇടനാഴിയുടെ പേര് | സുരക്ഷിതമാക്കി (secure) notify ചെയ്തിട്ടുണ്ടോ? | നീളം (കി.മീ) | വീതി (കി.മീ) | സർക്കാർ സ്വകാര്യ/ റവന്യൂ വനഭൂമി | പ്രധാന ഭൂമി | ആനകളുടെ സഞ്ചാര പാത |
|---|---|---|---|---|---|---|---|
| 1 | തിരുനെല്ലി-കുദ്രക്കോട് (സംസ്ഥാന ഇടനാഴി) | സുരക്ഷിതമാക്ക-കയും notify ചെയ്യുകയും ചെയ്തു | 6.00 | 1.00-1.50 | റിസർവ്വ് ഫോറസ്റ്റ് | വനം | പതിവായി |
| 2 | നിലമ്പൂർ കോവിലകം-നൃത്തമരാമ്പലം (സംസ്ഥാന ഇടനാഴി) | ഇല്ല ഏറ്റെടുക്കൽ ആവശ്യമാണ് | 1.00 | 0.50 | റിസർവ്വ് ഫോറസ്റ്റ് | വനം | പതിവായി |
| 3 | പെരിയ പക്രാൻതളം (സംസ്ഥാന ഇടനാഴി) | ഭൂമി ഏറ്റെടുക്കണം | 0.5 | 0.2 | റിസർവ്വ് ഫോറസ്റ്റ് | തരിശായി കിടക്കുന്ന വനഭൂമിയും ജനവാസ കേന്ദ്രവും | പതിവായി |
| 4 | കൊട്ടിയൂർ-പെരിയ (സംസ്ഥാന ഇടനാഴി) | ഭൂമിഏറ്റെടുക്കൽ പുരോഗതിയിൽ നടക്കുന്നു. 29.592 ഹെക്ടർ ഇതിനകം ഏറ്റെടുത്തു | 0.50 | 0.10 | റിസർവ്വ് ഫോറസ്റ്റ് | വനവും ജനവാസ കേന്ദ്രങ്ങളും | ഇടയ്ക്കിടെ |
| 5 | നിലമ്പൂർ-അപ്പനകാപ്പ് | സ്വകാര്യ വ്യക്തികളിൽ നിന്നും 22.8271 ഹെക്ടർ സ്ഥലം ആവശ്യമുണ്ട് | 0.40 | 0.50 | സ്വകാര്യ സ്ഥലം | വനവുമായി അതിർത്തി പങ്കിടുന്നു | ഇടയ്ക്കിടെ |
| 6 | മുതുമല- നിലമ്പൂർ | ഏറ്റെടുക്കൽ ആവശ്യമില്ല | 3.5 | 0.10 | റിസർവ്വ് ഫോറസ്റ്റ് | വനം | ഇടയ്ക്കിടെ |
| 7 | ബേഗൂർ- ബ്രഹ്മഗിരി | ഏറ്റെടുക്കൽ ആവശ്യമില്ല | 3.00 | 0.10 | റിസർവ്വ് ഫോറസ്റ്റ് | വനം | ഇടയ്ക്കിടെ |

### വന്യമൃഗങ്ങളുടെ സംരക്ഷണം.

2023-24 ൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സംബന്ധിച്ച ധാരാളം പരാതികൾ റിപ്പോർട്ട് ചെയ്യപ്പെടുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യവാസ മേഖലകളിലേക്ക് കടന്നുകയറുന്ന വന്യമൃഗങ്ങളെ ചട്ടപ്രകാരം പിടിക്കുകയും അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ തുറന്നുവിടുകയും ചെയ്തിട്ടുണ്ട്. വന്യജീവി വിഭാഗം അത്തരം നടപടികൾക്ക് കർശനമായ മാർഗരേഖ അനുസരിച്ച് അനുമതികൾ നൽകാറുണ്ട്.

### സർപ്പ ആപ്പ് (Snake Awarness, Rescue and Protection App (SARPA)

സ്നേക്ക് അവയർനസ്, റെസ്ക്യൂ ആൻഡ് പ്രൊട്ടക്ഷൻ ആപ്പ് (SARPA) എന്ന മൊബൈൽ ആപ്പ് ഉപയോഗിച്ച് ലഭ്യമാകുന്ന അലർട്ടുകളിന്മേൽ നടപടി സ്വീകരിക്കാൻ വിദഗ്ധ പരിശീലനം ലഭിച്ച അഞ്ഞൂറിലധികം ലൈസൻസ്ഡ് സന്നദ്ധപ്രവർത്തകർ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്നു. 2023-24 സാമ്പത്തികവർഷത്തിൽ SARPA വോളന്റിയർമാർ 15051 പാമ്പുകളേയും മരപ്പട്ടി പോലുള്ള ചെറു വന്യമൃഗങ്ങളേയും ജനവാസമേഖലകളിൽ നിന്നും രക്ഷിച്ച് അനുയോജ്യമായ ആവാസ വ്യവസ്ഥയിലേക്ക് എത്തിക്കുന്നതിന് വനം വകുപ്പിനെ സഹായിച്ചിട്ടുണ്ട്.

### 4.3.7 ദ്രുതകർമ്മ സേന (റാപ്പിഡ് റെസ്പോൺസ് ടീം)

വിളകൾ നശിപ്പിക്കുന്ന കാട്ടാനകളെ തുരത്തുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം നിയന്ത്രിക്കുന്നതിനുമായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ (ആർ.ആർ.ടി) ശക്തിപ്പെടുത്തുകയും മറ്റ് സെൻസിറ്റീവ് ഏരിയകളിൽ ആർ.ആർ.ടി-കൾ രൂപീകരിക്കുകയും ചെയ്തു. വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യമൃഗ സംഘർഷ സംഭവങ്ങൾ പരിഹരിക്കുന്നതിനായി, സംസ്ഥാന സർക്കാർ കണ്ണൂർ, കോഴിക്കോട് (താമരശ്ശേരി), നിലമ്പൂർ, പാലക്കാട്, മണ്ണാർക്കാട്, റാന്നി, പേപ്പാറ, വയനാട് (സുൽത്താൻ ബത്തേരി) എന്നിങ്ങനെ 8 സ്ഥലങ്ങളിൽ ആർ.ആർ.ടി-കൾ സ്ഥാപിച്ചു. കാസർകോട്, കൽപ്പറ്റ, മലയാറ്റൂർ,

മൂന്നാർ, പീരുമേട്, പുനലൂർ എന്നിവിടങ്ങളിലാണ് താൽക്കാലിക ആർ.ആർ.ടി-കൾ പ്രവർത്തിക്കുന്നത്. പരിചയസമ്പന്നരായ ഫോറസ്റ്റ് ഓഫീസർമാരുടെയും മറ്റ് വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യം ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ സംഘർഷ സാഹചര്യം നേരിടുന്നതിൽ പരമപ്രധാനമാണ്. ഇത് കൂടാതെ പുതിയ ആർ.ആർ.ടി-കൾ സ്ഥാപിക്കാനുള്ള നിർദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

**പട്ടിക-27**
**റാപ്പിഡ് റെസ്പോൺസ് ടീം വിശദാംശങ്ങൾ**

| ക്രമ നം. | സേനയുടെ പേര് | ആസ്ഥാനം / പ്രദേശം | ഡിവിഷൻ | ചുമതലപ്പെട്ട ഓഫീസർ | മൊബൈൽ / ഫോൺ |
|---|---|---|---|---|---|
| **സതേൺ സർക്കിൾ, കൊല്ലം** | | | | | |
| 1 | കോന്നി | കോന്നി | കോന്നി | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 8547600601 |
| 2 | റാന്നി | റാന്നി | റാന്നി | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 8547600927 |
| 3 | പേപ്പാറ | പരുത്തിപ്പള്ളി | തിരുവനന്തപുരം | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 8547600960<br>0472-2854022 |
| 4 | പുനലൂർ | അഞ്ചൽ, പുനലൂർ | പുനലൂർ | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 8547600725 |
| **ഹൈറേഞ്ച് സർക്കിൾ, കോട്ടയം** | | | | | |
| 5 | മൂന്നാർ | ദേവികുളം, മൂന്നാർ | മൂന്നാർ | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 8547601351 |
| **സെൻട്രൽ സർക്കിൾ, തൃശ്ശൂർ** | | | | | |
| 6 | ചാലക്കുടി | പരിയാരം, മലയാറ്റൂർ | ചാലക്കുടി | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 8547601812 |
| **ഈസ്റ്റേൺ സർക്കിൾ, പാലക്കാട്** | | | | | |
| 7 | നിലമ്പൂർ | നിലമ്പൂർ | നിലമ്പൂർ നോർത്ത് | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 8547602200 |
| 8 | മണ്ണാർക്കാട് | മണ്ണാർക്കാട് | മണ്ണാർക്കാട് | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 8547602315<br>0492 4222875 |
| 9 | പാലക്കാട് | പാലക്കാട് | പാലക്കാട് | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 8547602100 |
| 10 | അട്ടപ്പാടി | അട്ടപ്പാടി | മണ്ണാർക്കാട് | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 8547602308 |
| **നോർത്തേൺ സർക്കിൾ, കണ്ണൂർ** | | | | | |
| 11 | കോഴിക്കോട് | താമരശ്ശേരി | കോഴിക്കോട് | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 8547602798 |
| 12 | കാസർഗോഡ് | പാണ്ടി, കാസർഗോഡ് | കാസർഗോഡ് | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 8547602583 |
| 13 | കൽപ്പറ്റ | കൽപ്പറ്റ, മേപ്പാടി | വയനാട് നോർത്ത് | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 8547603486 |
| 14 | കണ്ണൂർ | ആറളം, കൊട്ടിയൂർ | കണ്ണൂർ | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 8547602678 |

| ക്രമ നം. | സേനയുടെ പേര് | ആസ്ഥാനം / പ്രദേശം | ഡിവിഷൻ | ചുമതലപ്പെട്ട ഓഫീസർ | മൊബൈൽ / ഫോൺ |
|---|---|---|---|---|---|
| **ഫീൽഡ് ഡയറക്ടർ, കോട്ടയം** | | | | | |
| 15 | പീരുമേട് | പീരുമേട് | പെരിയാർ വെസ്റ്റ് | ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ വെസ്റ്റ് | 8547603123<br>04869-233710 |
| **ഫീൽഡ് ഡയറക്ടർ, പാലക്കാട്** | | | | | |
| 16 | വയനാട് | കുപ്പാടി, സുൽത്താൻ ബത്തേരി | വയനാട് വൈൽഡ് ലൈഫ് | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 8547603486<br>04936-223500 |

### 4.3.8 വയനാട് വന്യജീവി സങ്കേതത്തിലെ ജനവാസ കേന്ദ്രങ്ങളുടെ സ്വയംസന്നദ്ധ പുനരധിവാസം

വയനാട്ടിലെ വന്യജീവി സങ്കേതത്തിലെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി 2012-മുതലാണാരംഭിച്ചത്. സങ്കേതത്തിൽ നിന്നുള്ള 14 വാസസ്ഥലങ്ങളിലെ അർഹരായ കുടുംബങ്ങളെ പുനർവിന്യസിപ്പിക്കുന്നതിന് 80 കോടി രൂപയുടെ പദ്ധതിയാണ് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം അംഗീകരിച്ചത്. അർഹരായ ഓരോ കുടുംബത്തിനും 2011-12 മുതൽ 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാനുള്ള ഈ നിർദേശത്തിന് ഭാരത സർക്കാർ ധന സഹായം ചെയ്തു തുടങ്ങി. 10 ലക്ഷം എന്നത് ഇപ്പോൾ 15 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രകാരം കേന്ദ്ര വിഹിതമായ 553.5 ലക്ഷം രൂപയും സംസ്ഥാന വിഹിതമായ 369 ലക്ഷം രൂപയും ചേർത്ത് ആകെ 922.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 61 കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ വീതവും ഒരാൾക്ക് ആദ്യഗഡു വായി 7.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 13 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്.

### 4.3.9 നാട്ടാന പരിപാലനം

കേരളത്തിന്റെ സാംസ്കാരികവും മതപരവും സാമൂഹികവുമായ പശ്ചാത്തലത്തിൽ നാട്ടാനകൾക്ക് ഒരു സവിശേഷ സ്ഥാനമുണ്ട്. നാട്ടാനകളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി നാട്ടാനകളുടെ (പരിപാലനവും സംരക്ഷണവും) ചട്ടങ്ങൾ ആദ്യമായി 2003-ൽ നോട്ടിഫൈ ചെയ്യുകയും, അതിനെ തുടർന്ന് 2012-ൽ അത് ഭേദഗതികൾ ഉൾപ്പെടുത്തി പുതുക്കുകയും ചെയ്തു. 1972ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെയും 2012ലെ കേരള ക്യാപ്റ്റീവ് എലിഫെന്റ് (പരിപാലനവും സംരക്ഷണവും) ചട്ടങ്ങളുടെയും വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കിവരുന്നു. 17/1/2015സ.ഉ(സാ.) നം. 03/2015/F&WLD പ്രകാരം നാട്ടാനകളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും നിരന്തരമായ നിരീക്ഷണത്തിലൂടെ അവയ്ക്കെതിരേയുള്ള ക്രൂരത തടയുന്നതിനുമായി സംസ്ഥാന-ജില്ലാ തലത്തിൽ കർമസമിതികൾ രൂപീകരിക്കപ്പെട്ടു.

**പട്ടിക-28**
**നാട്ടാനകളുടെ എണ്ണം 2023-24**

| മൈക്രോചിപ്പ് ഘടിപ്പിച്ച ആനകളുടെ എണ്ണം | | മൈക്രോചിപ്പ് ഘടിപ്പിക്കാത്ത ആനകളുടെ എണ്ണം | | 2022-23 കാലയളവിൽ ചരിഞ്ഞ ആനകളുടെ എണ്ണം | |
|---|---|---|---|---|---|
| സ്വകാര്യ ഉടമസ്ഥതയിൽ ഉള്ളവ | വനം വകുപ്പ് ഉടമസ്ഥതയിൽ ഉള്ളവ | സ്വകാര്യ ഉടമസ്ഥതയിൽ ഉള്ളവ | വനം വകുപ്പ് ഉടമസ്ഥതയിൽ ഉള്ളവ | സ്വകാര്യ ഉടമസ്ഥതയിൽ ഉള്ളവ | വനം വകുപ്പ് ഉടമസ്ഥതയിൽ ഉള്ളവ |
| 358 | 33 | 0 | 7 | 15 | 1 |

## 2023-24-ലെ നേട്ടങ്ങൾ

### മണ്ണിന്റെയും ജലത്തിന്റെയും സംരക്ഷണം

വനപ്രദേശത്തെ ആവാസ വ്യവസ്ഥ പരിരക്ഷിക്കുന്നതിനും നീരുറവകൾ സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. കുളങ്ങളിലും ചെക്ക് ഡാമുകളിലും അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മറ്റും നീക്കം ചെയ്തും പുതിയവ നിർമ്മിച്ചും നീരുറവകൾ സംരക്ഷിക്കുന്നതിനോടൊപ്പം വന്യജീവികൾക്ക് ആവശ്യമായ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

**വന്യജീവി വിഭാഗം സർക്കിളിന് കീഴിൽ നീരുറവകൾ സംരക്ഷിക്കുന്നതിന്റെ വിശദാംശങ്ങൾ**

| സർക്കിൾ | പ്രവൃത്തി | ഏരിയ/നിർമ്മാണം |
|---|---|---|
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | ഗള്ളി പ്ലഗിംങ്ങ് | 1210 ക്യൂ.മീ |
| | കുളങ്ങൾ | 4 എണ്ണം നിർമ്മിച്ചു |
| വൈൽഡ് ലൈഫ് പാലക്കാട് | വയൽ | 368 ഹെക്ടർ |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | ഗള്ളി പ്ലഗിംങ്ങ് | 763 ക്യൂ.മീ |
| | വയൽ | 180.3 ഹെക്ടർ |
| | കുളങ്ങൾ | 53 എണ്ണം നവീകരിച്ചു |

## 4.4 ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫെയർ വിഭാഗം

കേരളത്തിൽ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് 25 വർഷം പിന്നിടുകയാണ്. പങ്കാളിത്ത വനപരിപാലനത്തിലൂടെ വന സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും, ഗ്രാമതല വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനും, വനാശ്രിത സമൂഹങ്ങൾക്കും, വനാതിർത്തിയിലെ ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകുവാനും, അതുവഴി അവരുടെ ജീവിത നിലവാരം ഉയർത്തുവാനും സാധിച്ചിട്ടുണ്ട്.

ഇത്തരം വനസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും, അതുവഴി വനാശ്രിത സമൂഹങ്ങളുടെ ഉന്നമനത്തിൽ ഊന്നിയുള്ള നവീന പദ്ധതികൾ ആവിഷ്കരിച്ച് ഇക്കോ ഡെവലപ്മെന്റ് & ട്രൈബൽ വെൽഫെയർ വിംഗ് പങ്കാളിത്ത വന പരിപാലന പ്രവർത്തനങ്ങൾ (PFM) നടപ്പിലാക്കി വരുന്നു. നിലവിൽ സംസ്ഥാനത്തെ 36 FDA-കളിലായി 427 വനസംരക്ഷണ സമിതികളും (VSS) 213 ഇക്കോ ഡെവലപ്മെന്റ് കമ്മറ്റികളും (EDC) ഉണ്ട്.ഇവയിലൂടെ 71,503 കുടുംബങ്ങൾ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. കേരളത്തിലെ മൊത്തം വനമേഖലയുടെ 20 ശതമാനത്തോളം പങ്കാളിത്ത വന പരിപാലനത്തിലൂടെ VSS/EDC-കൾ പരിപാലിക്കുന്നു.

### 4.4.1 വനാവകാശ നിയമം 2006 നടപ്പാക്കൽ

വനഭൂമിയിൽ തലമുറകളായി താമസിച്ചു വരുന്ന ഗോത്രവിഭാഗങ്ങളുടെ വനാവകാശങ്ങൾ സ്ഥാപിച്ച് നൽകുന്നതിനുള്ള നിയമമാണ് 2006-ലെ വനാവകാശ നിയമം. പരമ്പരാഗതമായി വനങ്ങളിൽ ജീവിച്ചുപോരുന്ന ഗോത്രവിഭാഗങ്ങൾക്കും മറ്റു വനവാസികൾക്കും, വനഭൂമിയിലും വനവിഭവങ്ങളുടെ മേലുമുള്ള അവകാശം ഏതാനും നിബന്ധനകളോടുകൂടി അംഗീകരിച്ച് കൊടുക്കുന്നതിന് ഈ നിയമം അനുശാസിക്കുന്നു. വ്യക്തിഗത അവകാശം, വികസനാവകാശം, സാമൂഹിക അവകാശം എന്നിങ്ങനെ മൂന്ന് തരത്തിലുള്ള അവകാശങ്ങളാണ് വനാവകാശ നിയമം അനുസരിച്ച് നൽകി വരുന്നത്. പട്ടികവർഗ വികസന വകുപ്പാണ് കേരളത്തിൽ വനാവകാശ നിയമം നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി. റവന്യൂ, പട്ടികവർഗ വികസന വകുപ്പുകളുമായി ചേർന്ന് ഈ നിയമം മികച്ച രീതിയിൽ നടപ്പിലാക്കുവാൻ ആവശ്യമായ സഹായ സഹകരണങ്ങൾ വനം വകുപ്പ് നൽകി വരുന്നു. നാളിതുവരെ വ്യക്തിഗത അവകാശങ്ങൾക്കായി 28972 ടൈറ്റിലുകളും, സാമൂഹികാവകാശങ്ങൾക്കായി 258 ടൈറ്റിലുകളും, വികസനാവശ്യങ്ങൾക്കായി 537 ടൈറ്റിലുകളും അനുവദിച്ചു നൽകിയിട്ടുണ്ട്.

**വനാവകാശ നിയമവുമായി ബന്ധപ്പെട്ട കമ്മറ്റി വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

**ഉപഡിവിഷൻതല സമിതി** (SDLC)

ആർ. ഡി.ഒ/സബ്കളക്ടർ - അധ്യക്ഷൻ

റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ - അംഗം

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ - അംഗം

**ജില്ലാതല സമിതി** (DLC)

ജില്ലാകളക്ടർ - അധ്യക്ഷൻ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ - അംഗം

റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ/ ITDP/TDO - അംഗം

**സംസ്ഥാനതല നിരീക്ഷണ സമിതി** (SLMC)

ചീഫ് സെക്രട്ടറി - അധ്യക്ഷൻ

സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ

| | | |
|---|---|---|
| വികസനവകുപ്പ് | - | അംഗം |
| സെക്രട്ടറി, വനം-വന്യജീവിവകുപ്പ് | - | അംഗം |
| സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് | - | അംഗം |
| സെക്രട്ടറി, റവന്യൂവകുപ്പ് | - | അംഗം |
| പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ | - | അംഗം |
| ഡയറക്ടർ, ഗോത്രവർഗ ക്ഷേമ ഡയറക്ടർ | - | അംഗം |

## വ്യക്തിഗത അവകാശം

ആക്ടിൽ വിവരിച്ചിരിക്കുന്ന പോലെ, വനഭൂമിയിൽ ഒരു വ്യക്തിയുടേയോ പൊതുവായ തൊഴിലിന്റേയോ കീഴിൽ കൈവശം വയ്ക്കാനും ജീവിക്കാനുമുള്ള അവകാശം അല്ലെങ്കിൽ വനവാസി പട്ടികവർഗ്ഗക്കാർക്കോ മറ്റ് പരമ്പരാഗത വന വാസികൾക്കോ ഉപജീവനത്തിനായി സ്വയം കൃഷി ചെയ്യാനോ ഉള്ള അവകാശം 31.03.2023 വരെ, ജില്ലാതല കമ്മറ്റി (DLC) പാസാക്കിയ യോഗ്യരായ 29466 ക്ലെയിമുകളിൽ 28972 ടൈറ്റിലുകൾ വിതരണം ചെയ്തു.

## കമ്മ്യൂണിറ്റി അവകാശം

ഇതിൽ ഉടമസ്ഥാവകാശം, വിവരശേഖരണം എന്നിവ ഉൾപ്പെടുന്നു. ഗ്രാമാതിർത്തികൾക്കകത്തോ പുറത്തോ പരമ്പരാഗതമായി ശേഖരിക്കുന്ന ചെറിയ വനവിഭവങ്ങൾ ഉപയോഗിക്കുകയും വിനിയോഗിക്കുകയും ചെയ്യുക. 31.03.2024-ലെ കണക്കനുസരിച്ച് ജില്ലാതല കമ്മറ്റികൾ (DLC) പാസാക്കിയ 415 യോഗ്യതയുള്ള ക്ലെയിമുകളിൽ 258 ടൈറ്റിലുകൾ ശീർഷകങ്ങൾ വിതരണം ചെയ്തു.

## വികസന അവകാശം

സർക്കാർ നിയന്ത്രണത്തിലുള്ള സ്കൂളുകൾ, ആശുപത്രികൾ ജലവിതരണം തുടങ്ങിയ 13 വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി പരമാവധി ഒരു ഹെക്ടർ വനഭൂമി പരിവർത്തനം ചെയ്യുന്നതിനുള്ള അവകാശം. അതിൽ ഒരു ഹെക്ടറിനുള്ളിൽ 75 മരങ്ങളിലധികവും മുറിക്കാൻ പാടില്ല. 31.03.2024 വരെ വനംവകുപ്പ് പാസാക്കിയ 871 ക്ലെയിമുകളിൽ ആകെ 188.29 ഏക്കറിന് 537 വികസനാവകാശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

## 4.4.2 ഇക്കോഡെവലപ്മെന്റ് ആന്റ് ട്രൈബൽ വെൽഫയർ വിഭാഗത്തിന് കീഴിൽ 2023-24-ൽ നടപ്പിലാക്കിയ പദ്ധതികൾ.

### ഗ്രീൻ ഇൻഡ്യാ മിഷൻ (GIM)

കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ചുള്ള ദേശീയ പ്രവർത്തന പദ്ധതിയുടെ (എൻ.എ.പി.സി.സി) എട്ട് ദൗത്യങ്ങളിൽ ഒന്നാണ് നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇൻഡ്യ (ജി.ഐ.എം) പരിസ്ഥിതി മെച്ചപ്പെടുത്തൽ, കാലാവസ്ഥാ ലഘൂകരണം, ഭക്ഷ്യസുരക്ഷ, ജലസുരക്ഷ, ജൈവ വൈവിധ്യ സംരക്ഷണം, വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ഉപജീവന സുരക്ഷ എന്നിവ GIM വിഭാവനംചെയ്യുന്നു. വനമേഖലയിലെ കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട പ്രധാന ആശങ്കകൾ പരിഹരിക്കാൻ ഗ്രീൻ ഇൻഡ്യ മിഷൻ ലക്ഷ്യമിടുന്നു. ഗ്രീൻ ഇൻഡ്യ മിഷന്റെ കീഴിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ. 1) വനമേഖലയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുകയും ആവാസ വ്യവസ്ഥ യുടെ സേവനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക. 2) ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുകയും വനവിസ്തൃതി വർദ്ധിപ്പി ക്കുകയും ചെയ്യുക. 3) നഗര പ്രദേശങ്ങളിൽ വൃക്ഷങ്ങളുടെ സംരക്ഷണം വർദ്ധിപ്പിക്കുക. 4) അഗ്രോഫോറസ്ട്രിയും സോഷ്യൽ ഫോറസ്ട്രിയും ബയോമാസ് വർദ്ധിപ്പിക്കുകയും കാർബൺ സിങ്ക് സൃഷ്ടിക്കുകയും ചെയ്യുന്നു. 5) തണ്ണീർത്തടങ്ങളുടെ പുനരുദ്ധാരണം. 6) ഇതര ഇന്ധന ഊർജ്ജസംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക.

2016-17 സാമ്പത്തികവർഷം മുതൽ ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. 33 വനവികസന ഏജൻസികൾ പദ്ധതി നടത്തിപ്പിൽ പങ്കാളികളാണ്. 2023-24 സാമ്പത്തിക വർഷത്തിൽ മുൻവർഷത്തെ സംസ്ഥാന വിഹിതത്തിൽ നിന്നും ബാക്കിയുണ്ടായിരുന്ന 289.07 ലക്ഷം രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി ചിലവഴിച്ചു. തൻവർഷം 3,547.68 ഹെക്ടർ വനപ്രദേശത്ത് വനസംരക്ഷണ, വനവൽക്കരണ പ്രവർത്തനങ്ങൾ നടത്തുവാനും, വനാശ്രിത സമൂഹത്തിന്റെ ഇന്ധനത്തിനായുള്ള വനാശ്രിതത്വം കുറയ്ക്കുന്നതിനായി ടി കുടുംബങ്ങൾക്ക് 1295 പ്രകൃതി സൗഹൃദവും പുനരുപയോഗക്ഷമവുമായ പകര ഇന്ധന-ഊർജ്ജ സംവിധാനങ്ങൾ വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്.

### ഇക്കോ ടൂറിസം

വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ അതിജീവനത്തിനായി പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായാണ് കേരളത്തിലെ ഇക്കോട്ടൂറിസം വികസിപ്പിച്ചെടുത്തത്. വന്യജീവി സങ്കേതങ്ങളും ദേശീയ പാർക്കുകളും ഉൾപ്പെടെ 71 അംഗീകൃത ഇക്കോട്ടൂറിസം കേന്ദ്രങ്ങൾ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. 4406-01-800-91 ഇക്കോട്ടൂറിസം എന്ന ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം 430.804 ലക്ഷം രൂപ അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിച്ചിട്ടുണ്ട്.

## 4.4.3 ട്രൈബൽ ഇൻഷുറൻസ് പദ്ധതി

വനത്തിനുള്ളിലും, വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സമൂഹങ്ങൾക്ക് കേരള വനംവകുപ്പ് ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു.

ഇടിമിന്നലേറ്റുള്ള മരണം, മുങ്ങി മരണം, മരത്തിൽ നിന്നും വീഴ്ച, വിഷബാധ, വൈദ്യുതാഘാതം. മോട്ടോർ വാഹന അപകടം, വന്യജീവി ആക്രമണം, പാമ്പുകടി തുടങ്ങിയ കാരണങ്ങളാലുള്ള മരണത്തിനും, സ്ഥായിയായ അംഗവൈകല്യത്തിനും 1 ലക്ഷം രൂപയും, അപകടത്തെ തുടർന്നുള്ള ആശുപത്രി ചികിത്സയ്ക്ക് 5000/- രൂപയും, കൂടാതെ ആശുപത്രി യാത്രാ ചെലവിന് 1000/- രൂപയും നൽകുന്നു. വന്യജീവി ആക്രമണം മൂലം വീടുകൾക്ക് കേടുപാട് സംഭവിച്ചാൽ 5000/- രൂപ ഇൻഷ്വറൻസ് പരിരക്ഷയും നൽകുന്നു. കൂടാതെ വനത്തിന് പുറത്ത് താമസിക്കുന്ന പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ആളുകൾക്ക് വന്യജീവി ആക്രമണം മൂലമുള്ള അപകട മരണത്തിന് 1 ലക്ഷം രൂപയും ആശുപത്രി ചികിത്സയ്ക്ക് 5000/- രൂപയും ഈ ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

'വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികൾക്കും വനത്തിനോട് ചേർന്ന് താമസിക്കുന്ന ഇതര വിഭാഗക്കാർക്കുമായി' വന്യജീവി ആക്രമണം മൂലവും മറ്റുമുള്ള അപകടങ്ങൾക്കും, അതുമൂലമുണ്ടാകുന്ന അപകട മരണത്തിനുമായി യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ടി പോളിസി കാലാവധിയായ 16.03.2023 മുതൽ 15.03.2024 വരെ നഷ്ടപരിഹാരമായി നൽകിയ തുകയുടെ വിശദാംശങ്ങൾ ഇൻഷുറൻസ് കമ്പനിയിൽ നിന്നും ലഭിച്ചത് ചുവടെ ചേർക്കുന്നു.

| വർഷം | പ്രീമിയം തുക | ആകെ ലഭിച്ച അപേക്ഷകൾ | മരണം സംബന്ധിച്ച ധനസഹായം നൽകിയ അപേക്ഷകളുടെ എണ്ണം | മരണ ധന സഹായമായി അനുവദിച്ച ആകെ തുക | ചികിത്സാ ചിലവുകൾക്കായി ലഭിച്ച അപേക്ഷകളിൽ അനുവദിച്ചവ | ചികിത്സാ ധന സഹായമായി അനുവദിച്ച ആകെ തുക | പോളിസി കാല യളവിൽ ആകെ അനുവദിച്ച തുക |
|---|---|---|---|---|---|---|---|
| 2023-24 | 18,18,750/- | 12 | 4* | 4,00,000/- | -- | -- | 4,00,000/- |

* 8 അപേക്ഷകൾ ആവശ്യമായ രേഖകൾ ലഭിക്കുന്നതിനായി പെൻഡിംഗ് ആണ്.

## 4.4.4 പരിസ്ഥിതി വ്യവസ്ഥ പരിപാലന ധനം (EMF FUND)

സംസ്ഥാനത്താകെയുള്ള 71 ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങളിൽനിന്നുള്ള സേവന ഫീസുകൾ ഉപയോഗിച്ച് രൂപീകൃതമായ ഇക്കോ സിസ്റ്റം മാനേജ്മെന്റ് ഫണ്ട് (EMF) എന്ന് വിളിക്കപ്പെടുന്ന പ്രത്യേക ഫണ്ട് ഉപയോഗിച്ച്, ഒരു പരിധിവരെ ഇക്കോട്ടൂറിസം കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നു.

## 4.4.5 വനശ്രീ യൂണിറ്റുകൾ

വനാശ്രിതരായ തദ്ദേശവാസികൾ ശേഖരിക്കുന്ന തടി ഒഴികെയുള്ള വനവിഭവങ്ങൾ, അവർ നിർമ്മിക്കുന്ന ശിൽപങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവയുടെ വിൽപന വിപുലപ്പെടുത്തേണ്ടത് വനത്തെ ആശ്രയിച്ച് ജീവിക്കുന്ന സമൂഹത്തിന്റെ ഉന്നമനത്തിന് അത്യാവശ്യമാണ്. വനശ്രീ എന്ന വിപണന ഉദ്യമം വനംവകുപ്പ് ഇതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ളതാണ്. 35 വനവികസന ഏജൻസികളുടെ കീഴിലായി 2 സഞ്ചരിക്കുന്ന വിൽപനശാല ഉൾപ്പെടെ 74 വനശ്രീ ഇക്കോഷോപ്പുകൾ കേരളത്തിൽ പ്രവർത്തിക്കുന്നു. സഞ്ചരിക്കുന്ന 2 വിൽപനശാലകളിലും 72 വനശ്രീ ഇക്കോഷോപ്പുകളിലും കൂടി 2023-24 വർഷം 8.97 കോടി രൂപ വരുമാനം ഉണ്ടാക്കിയിട്ടുണ്ട്.

**പട്ടിക-29**

**ഡിവിഷൻ തിരിച്ചുള്ള വനശ്രീ ഇക്കോഷോപ്പുകൾ**

| ക്രമ നം. | ജില്ല | ഡിവിഷന്റെ പേര് | വനശ്രീ യൂണിറ്റിന്റെ പേര് |
|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം | വനശ്രീ, തിരുവനന്തപുരം |
| 2 | | | ഇക്കോഷോപ്പ്, കല്ലാർ |
| 3 | | | ഇക്കോഷോപ്പ്, പൊന്മുടി |
| 4 | | | വനശ്രീ,ഇക്കോഷോപ്പ് പൊന്മുടി, |
| 5 | | | വനശ്രീ, പാലോട് |
| 6 | | | വനശ്രീ,ഇക്കോഷോപ്പ്, കുളത്തൂപ്പുഴ |
| 7 | | | മൊബൈൽ വനശ്രീ യൂണിറ്റ് |
| 8 | | നെയ്യാർ - പേപ്പാറ | ഇക്കോഷോപ്പ്, കോട്ടൂർ |
| 9 | | | വനശ്രീ ഇക്കോഷോപ്പ്,നെയ്യാർഡാം |
| 10 | | | വനശ്രീ ഇക്കോഷോപ്പ്,പേപ്പാറ (അവധി ദിവസങ്ങളിലും വിശേഷ ദിവസങ്ങളിലും മാത്രം) |
| 11 | കൊല്ലം | തെന്മല | വനശ്രീ ഇക്കോഷോപ്പ്, പാലരുവി |
| 12 | | പുനലൂർ | വനശ്രീ ആയൂർ |
| 13 | | | വനശ്രീ ഇക്കോഷോപ്പ്,പത്തനാപുരം |
| 14 | | അച്ചൻകോവിൽ | വനശ്രീ അച്ചൻകോവിൽ |
| 15 | | ശെന്തുരുണി | വനശ്രീ ഇക്കോഷോപ്പ് ശെന്തുരുണി (Fic) |
| 16 | | | വനശ്രീറോസ്മല |
| 17 | പത്തനംതിട്ട | കോന്നി | വനശ്രീ കോന്നി |
| 18 | | | വനശ്രീ അടവി ഇക്കോട്ടൂറിസം സെന്റർ |
| 19 | | റാന്നി | വനശ്രീ ഇക്കോഷോപ്പ്, റെയിഞ്ച് ഓഫീസ്, ആങ്ങാമൂഴി |
| 20 | | | വനശ്രീ ഇക്കോഷോപ്പ്, പമ്പ (ശബരിമല സീസൺ) |
| 21 | ആലപ്പുഴ | ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി | വനശ്രീ കൊമ്മാടി |
| 22 | കോട്ടയം | നഗരംപാറ-അയ്യപ്പൻ കോവിൽ | ഇക്കോഷോപ്പ് കാൽവരി മൗണ്ട് |
| | | | ഇക്കോഷോപ്പ് പുല്ലുപാറ |
| 23 | ഇടുക്കി | മറയൂർ | ഇക്കോഷോപ്പ് മറയൂർ |
| 24 | | | ഇക്കോഷോപ്പ് കാന്തല്ലൂർ, ആനക്കോട്ടപ്പാറ |
| 25 | | മൂന്നാർ | മസാലപ്പെട്ടി നേര്യമംഗലം |
| 26 | | | വനശ്രീ പാലാർ |
| 27 | | ആനമുടി | ഇക്കോഷോപ്പ് ഫ്ലാർ 1 ഇരവികുളം നാഷണൽ പാർക്ക് |
| 28 | | | ഇക്കോഷോപ്പ്, ലക്കം ഇരവികുളം നാഷണൽ പാർക്ക് |
| 29 | | | ഇക്കോഷോപ്പ് കരിമുട്ടിചിന്നാർ വൈൽഡ് ലൈഫ് സാങ്ച്വറി |
| 30 | | | ഇക്കോഷോപ്പ് ടോപ് സ്റ്റേഷൻ ഷോല നാഷണൽ പാർക്ക് |
| 31 | | | ഇക്കോഷോപ്പ് ചിന്നാർ വൈൽഡ്ലൈഫ് സാങ്ച്വറി |

| ക്രമ നം. | ജില്ല | ഡിവിഷന്റെ പേര് | വനശ്രീ യൂണിറ്റിന്റെ പേര് |
|---|---|---|---|
| 32 | ഇടുക്കി | ഇടുക്കി | ഇക്കോഷോപ്പ് തട്ടേക്കാട് |
| 33 | | | ഇക്കോഷോപ്പ് വെള്ളാപ്പാറ |
| 34 | | | ഇക്കോഷോപ്പ് വെള്ളാപ്പാറ |
| 35 | | പെരിയാർ വെസ്റ്റ് | പഗ് മാർക്ക് ഇക്കോ ഷോപ്പ് പമ്പ (ശബരിമല സീസൺ) |
| 36 | | പെരിയാർ ഈസ്റ്റ് | പഗ് മാർക്ക് ഷോപ്പ് ബോട്ട് ലാൻഡിംഗ് |
| 37 | | | പഗ് മാർക്ക് ഷോപ്പ് ഇൻഫർമേഷൻ സെന്റർ ഔട്ട്ലെറ്റ് |
| 38 | | | പഗ് മാർക്ക് ഷോപ്പ് വള്ളക്കടവ് ചെക്ക് പോസ്റ്റ് ഔട്ട്ലെറ്റ് |
| 39 | എറണാകുളം | കോതമംഗലം തൊടുപുഴ | വനശ്രീ ഇക്കോഷോപ്പ്, തൊമ്മൻകുത്ത് |
| 40 | | മലയാറ്റൂർ | വനശ്രീ കോടനാട്, മലയാറ്റൂർ |
| 41 | | | വനശ്രീ ഇക്കോഷോപ്പ് മുളങ്കുഴി |
| 42 | | | വനശ്രീ പാണായേലിപോര് |
| 43 | | | മൊബൈൽ വനശ്രീ യൂണിറ്റ് |
| 44 | തൃശ്ശൂർ | ചാലക്കുടി | വനശ്രീ ഇക്കോഷോപ്പ് ചാലക്കുടി |
| 45 | | വാഴച്ചാൽ | വനശ്രീ ഇക്കോഷോപ്പ് വാഴച്ചാൽ |
| 46 | | | വനശ്രീ ഇക്കോഷോപ്പ് ആതിരപ്പള്ളി |
| 47 | | പീച്ചി | വനശ്രീ ഇക്കോഷോപ്പ്, റെയിഞ്ച് ഓഫീസ്, പീച്ചി |
| 48 | | | വനശ്രീ ചിമ്മിനി |
| 49 | പാലക്കാട് | പാലക്കാട് | ഇക്കോഷോപ്പ് മലമ്പുഴ |
| 50 | | | ഇക്കോഷോപ്പ് അനങ്ങൻമല |
| 51 | | സൈലന്റ് വാലി | വനശ്രീ ഇക്കോഷോപ്പ് മുക്കാലി ഇൻഫർമേഷൻ സെന്റർ |
| 52 | | | വനശ്രീ ഇക്കോഷോപ്പ് മുക്കാലി ടൗൺ |
| 53 | | മണ്ണാർക്കാട് | വനശ്രീ ആനക്കട്ടി |
| 54 | | | വനശ്രീ ഇക്കോഷോപ്പ്, കാഞ്ഞിരം പുഴ |
| 55 | | | വനശ്രീ തൊടുക്കാപ്പുകുന്ന് |
| 56 | | നെന്മാറ | വനശ്രീ ഇക്കോഷോപ്പ്, പോത്തുണ്ടി |
| 57 | | പറമ്പിക്കുളം | വനശ്രീ ഇക്കോഷോപ്പ് ആനപ്പാടി |
| 58 | | | വനശ്രീ ഇക്കോഷോപ്പ് പറമ്പിക്കുളം |
| 59 | മലപ്പുറം | നിലമ്പൂർ നോർത്ത് | വനശ്രീ അരുവാക്കോട് |
| 60 | | നിലമ്പൂർ സൗത്ത് | വനശ്രീ കൊടികുത്തിമല |
| 61 | | | വനശ്രീ ഇക്കോഷോപ്പ്, നെടുങ്കയം |
| 62 | കോഴിക്കോട് | കോഴിക്കോട് | വനശ്രീ ഇക്കോഷോപ്പ്, തുഷാരഗിരി |
| 63 | | | വനശ്രീ ഇക്കോഷോപ്പ്, പെരുവണ്ണാമൂഴി |
| 64 | വയനാട് | വയനാട് സൗത്ത് | വനശ്രീ ഇക്കോഷോപ്പ്, ചെമ്പ്ര |
| 65 | | | വനശ്രീ ഇക്കോഷോപ്പ്, ബാണാസുര |
| 66 | | വയനാട് നോർത്ത് | വനശ്രീ ഇക്കോഷോപ്പ്, മാനന്തവാടി |
| 67 | | | വനശ്രീ ഇക്കോഷോപ്പ്, പാറത്തോടം |

| ക്രമ നം. | ജില്ല | ഡിവിഷന്റെ പേര് | വനശ്രീ യൂണിറ്റിന്റെ പേര് |
|---|---|---|---|
| 68 | വയനാട് | വയനാട് വൈൽഡ് ലൈഫ് | വനശ്രീ ഇക്കോഷോപ്പ്, മുത്തങ്ങ |
| 69 | | | വനശ്രീ ഇക്കോഷോപ്പ്, ബേഗ്ഗർ |
| 70 | | | വനശ്രീ ഇക്കോഷോപ്പ്, തോൽപ്പെട്ടി |
| 71 | കണ്ണൂർ | ആറളം | വനശ്രീ ഇക്കോഷോപ്പ്, ആറളം ഫാം |
| 72 | | | വനശ്രീ ഇക്കോഷോപ്പ്, മുക്കാലി ടൗൺ |
| 73 | | കണ്ണൂർ | ഇക്കോഷോപ്പ് നെടുംപൊയിൽ |
| 74 | കാസർഗോഡ് | കാസർഗോഡ് | ഇക്കോഷോപ്പ് റാണിപുരം |

### 4.4.6 മൂല്യ വർദ്ധിത വികസനത്തിലൂടെയും താങ്ങുവിലയിലൂടെയും ചെറുവന വിഭവങ്ങളുടെ വിപണന രീതി

പരിസ്ഥിതിവികസനവും ഗോത്രവർഗക്ഷേമവും വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന വികസന ഏജൻസി (SFDA) ചെറുകിട വനവിഭവങ്ങളുടെ (MFP) കുറഞ്ഞ താങ്ങുവില (MSP) ഉറപ്പാക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റിനു കീഴിലുള്ള ന്യൂഡൽഹിയിലെ ട്രൈബൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഡെവലപ്മെന്റ് ഫെഡറേഷൻ ലിമിറ്റഡുമായി (TRIFED) ഒരു ധാരണയിൽ എത്തിയിട്ടുണ്ട്. ഈ ധാരണ പ്രകാരം, സംസ്ഥാനത്തെ ഗോത്രവർഗസമൂഹങ്ങൾ ശേഖരിക്കുന്ന തേനിന് ട്രൈഫെഡ് കുറഞ്ഞ താങ്ങുവില (MSP) നൽകുന്നതും, വനശ്രീയുടേയും ട്രൈഫെഡിന്റെയും വിപണന കേന്ദ്രങ്ങളിലൂടെ ഇവരുടെയും വനശ്രീയുടേയും ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് സഹായിക്കുകയും ചെയ്യും. നിലവിൽ കേരളത്തിൽ ഉൾപ്പെടുന്ന 24 ഇനം ചെറുകിട വന വിഭവങ്ങളെ കേന്ദ്ര സർക്കാരിന്റെ താങ്ങുവില പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്.

ചെറുകിട വനവിഭവങ്ങൾ (MFP) സൂക്ഷിച്ചുവയ്ക്കാനുള്ള സൗകര്യം കണ്ടെത്തുക HAAT ബസാറുകൾ തുറക്കാനും അവ നവീകരിക്കാനും നടപടികൾ സ്വീകരിക്കുക, തേൻ സംഭരിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് എന്നീ മൂന്ന് കാര്യങ്ങളാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

2019-20 സാമ്പത്തിക വർഷം മുതൽ ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. പദ്ധതിയിൻ കീഴിൽ പുതിയ വനശ്രീ യൂണിറ്റുകളുടെ നിർമ്മാണം, ആധുനിക വത്കരണം, ചെറുകിട വന വിഭവ ശേഖരണ കേന്ദ്രങ്ങൾ, തേൻ ശേഖരണത്തിനായി റിവോൾവിംഗ് ഫണ്ടിന്റെ രൂപീകരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം ലഭ്യമായ തുക പൂർണ്ണമായും ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. 2024-25 വർഷത്തേയ്ക്കുള്ള 607.56 ലക്ഷം രൂപയുടെ പ്രൊപ്പോസൽ TRIFED-ന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

### 4.4.7 പ്രധാനമന്ത്രിയുടെ "വൻധൻ വികാസ് കേന്ദ്ര' (100% CSS)

ആദിവാസി സമൂഹത്തിന്റെ ഉടമസ്ഥതയിലുള്ള വൻധൻ വികാസ് കേന്ദ്ര ക്ലസ്റ്ററുകൾ (VDVKC) സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ആശയം. ഒരു VDVK ക്ലസ്റ്ററിൽ 15 ട്രൈബൽ SHGs വൻധൻ കേന്ദ്രങ്ങൾ ഉണ്ടായിരിക്കും. ഓരോന്നിലും 20 വരെ ആദിവാസി NTFP ശേഖരിക്കുന്നവരോ കരകൗശല വിദഗ്ധരോ ആയ ആദിവാസികൾ ഉൾപ്പെടുന്നു. നിലവിൽ 31 VDVK-കൾ വനം വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. ഇതിൽ 617 SHGs-കൾ ഉൾപ്പെടുന്നു. പദ്ധതിയിൽ നിലവിൽ 12038 ട്രൈബൽ സംരംഭകർ പങ്കാളികളാണ്. 31 VDVK-കൾ വഴി 44 മൂല്യവർദ്ധിത ചെറുകിട വന വിഭവങ്ങൾ വിപണനം ചെയ്തു വരുന്നുണ്ട്. 402.25ലക്ഷം രൂപയാണ് പദ്ധതിയുടെ ആകെ അടങ്കൽ തുക. ഇതിൽ ആദ്യ ഗഡുവായി ലഭിച്ച 201.125 ലക്ഷം രൂപയിൽ ബാക്കിയുണ്ടായിരുന്ന 83.162 ലക്ഷം രൂപ 2023-24 വർഷം പദ്ധതിയുടെ നടത്തിപ്പിനായി ചെലവഴിച്ചു.

### 4.4.8 PVTG വൻ ധൻ വികാസ് കേന്ദ്രങ്ങളുടെ രൂപീകരണം (100% CSS)

ആദിവാസി വിഭാഗങ്ങളിൽ PVTG (Particularly Vulnerable Tribal Groups -PVTG) വിഭാഗക്കാർ കൂടുതൽ ദുർബ്ബലരാണ്. ഈ നിലക്ക് PVTG വിഭാഗങ്ങളുടെ വികസനത്തിന് കൂടുതൽ ഫണ്ട് ആവശ്യമായി വരുന്നു. ഈ സാഹചര്യത്തിൽ കേന്ദ്രസർക്കാർ വിവിധ ഘട്ടങ്ങളിലായി ഏകദേശം 75 ദുർബ്ബല ആദിവാസി വിഭാഗങ്ങളെ രാജ്യത്താകമാനം തിരിച്ചറിയുകയുണ്ടായി. ഇതിൽ കേരളത്തിൽ നിന്നും ചോലനായ്ക്കൻ (കാട്ടുനായ്ക്കൻമാരുടെ ഒരു വിഭാഗം), കാടർ, കാട്ടുനായ്ക്കൻ, കുറുമ്പ, കൊറഗർ എന്നിങ്ങനെ 5 വിഭാഗങ്ങളെ ടി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വിഭാഗക്കാർ ജനസംഖ്യാനുപാതികമായി എണ്ണത്തിൽ വളരെ കുറവുള്ള വിഭാഗക്കാരാണ്. ടി വിഭാഗങ്ങളുടെ ശാക്തീകരണത്തിനായി VDVK പദ്ധതി വഴി PVTGVDVK-കൾ രൂപീകരിക്കുന്നതിനുള്ള പദ്ധതി TRIFED-ന്റെ ധനസഹായത്തോടെ നടപ്പാക്കി വരുന്നു.

കേരളത്തിൽ നിലവിൽ വയനാട്, പാലക്കാട് ജില്ലകളിലായി അഞ്ച് PVTGVDVK-കൾ രൂപീകരിച്ചിട്ടുണ്ട്. അവയുടെ വിശാദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക-30**
**PVTGVDVK-കളുടെ വിശദാംശങ്ങൾ**

| ജില്ല | ബ്ലോക്ക് താലൂക്ക് | FDA | PVTG VDVK-യുടെ പേര് | അംഗ ങ്ങളുടെ എണ്ണം | അംഗീക രിച്ച തുക (ഒരംഗ ത്തിന് Rs.5000/- വീതം) | 50% ഒന്നാം ഗഡു TRIFED അനുവദിച്ചത് | FDA-കൾക്ക് അനുവദിച്ച തുക (50% ഒന്നാം ഗഡുവിന്റെ 92% തുക) |
|---|---|---|---|---|---|---|---|
| വയനാട് | മാനന്തവാടി | നോർത്ത് വയനാട് | നോർത്ത് വയനാട് | 142 | 7.10 | 3.55 | 3.266 |
| വയനാട് | മാനന്തവാടി | വയനാട് വൈൽഡ് ലൈഫ് | തിരുനെല്ലി | 102 | 5.10 | 2.55 | 2.346 |
| പാലക്കാട് | അട്ടപ്പാടി | മണ്ണാർ ക്കാട് | ഗോട്ടിയാർ കണ്ടി | 76 | 3.80 | 1.90 | 1.748 |
| പാലക്കാട് | അട്ടപ്പാടി | മണ്ണാർ ക്കാട് | കടുകമണ്ണ | 63 | 3.15 | 1.575 | 1.449 |
| പാലക്കാട് | അട്ടപ്പാടി | മണ്ണാർ ക്കാട് | കുറുക്കത്തി കല്ല് | 50 | 2.50 | 1.25 | 1.150 |
| **ആകെ** | | | | | 21.65 | 10.825 | 9.959 |

### 4.4.9 നഗർ വൻ/ നഗർ വാടിക പദ്ധതി (100% CSS)

ചെറുവനങ്ങൾ സൃഷ്ടിക്കുന്നതിലൂടെ നഗരങ്ങളിൽ വൃക്ഷാവാരണം വർദ്ധിപ്പിക്കുക, അവിടങ്ങളിലെ ഹരിതാഭ വർദ്ധിപ്പിക്കുക, അതുവഴി വായുവിനെ ശുദ്ധീകരിക്കുക, നഗരങ്ങളുടെ സൗന്ദര്യ വൽക്കരണം, വൃക്ഷവത്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ നഗർ വൻ യോജനയ്ക്ക് (NVY)കീഴിൽ രാജ്യത്ത് നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണ് നഗർ വൻ/ നഗർ വാടിക പദ്ധതി. 18 FDA-കളുടെ കീഴിലായി 25 നഗർ വൻ പദ്ധതികൾ സംസ്ഥാനത്ത് നടപ്പാ ക്കി വരുന്നു. ആകെ 1507.54 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയുടെ ഒന്നാം ഗഡുവായി 1055.27 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 540.96 ലക്ഷം രൂപ പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി ചിലവഴിച്ചിട്ടുണ്ട്.

### 4.4.10 സ്കൂൾ നഴ്സറി യോജന (100% CSS)

നമ്മുടെ പരിസ്ഥിതിയെയും പരിസരത്തെയും സംരക്ഷിക്കുന്ന കാര്യങ്ങളിൽ ഭാവി തലമുറയായ യുവവിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനും അവരിൽ അത്തരം ഒരു ശീലം വളർത്തുന്നതിനും വേണ്ടി 'സ്കൂൾ നഴ്സറി യോജന' എന്ന പദ്ധതി രാജ്യത്ത് നടപ്പിലാക്കി വരുന്നു. 2020-21 മുതൽ 2024-25 വരെ അഞ്ച് വർഷമാണ് പദ്ധതി കാലാവധിയായി നിശ്ചയിച്ചിട്ടുള്ളത്. 14 ജില്ലകളിലായി 52 സ്കൂളുകളെയാണ് പദ്ധതിക്കായി തിരഞ്ഞെടുത്തിട്ടുള്ളത്. 47 ലക്ഷം രൂപ അടങ്കൽ തുകയിൽ 32.90 ലക്ഷം രൂപ ഒന്നാം ഗഡുവായി അനുവദിച്ചിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട 14 സോഷ്യൽ ഫോറസ്ട്രി FDA-കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

### 4.4.11 കിഫ്ബി-യുടെ പദ്ധതികൾ

വനം വകുപ്പ് സംസ്ഥാന വന വികസന ഏജൻസി വഴി നടപ്പാക്കുന്ന 'Fencing along Identified Areas of Forest Boundary to Reduce Human-Wildlife Conflict under the Special Investment Plan (KIIFB)' പദ്ധതിയിൽ 31-03-2024 വരെ നോർത്ത് വയനാട്, സൗത്ത് വയനാട് ഡിവിഷനുകൾക്ക് കീഴിൽ 2.63 കോടി രൂപയ്ക്ക് 4 കി.മീ. ക്രാഷ് ഗാർഡ് സ്റ്റീൽ റോപ് ഫെൻസിങ് നിർമ്മിച്ചിട്ടുണ്ട്.

## 2023-24-ലെ നേട്ടങ്ങൾ/പ്രവർത്തനങ്ങൾ

1. **'നവകിരണം' സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുടെ** 31.03.2024 വരെയുള്ള പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേരും ഘടകങ്ങളും | തുക അനുവദിക്കുന്ന പദ്ധതി | ആകെ അനുവദിച്ച തുക (കോടിയിൽ) | യൂണിറ്റ് | പരിഹാര തുക നൽകി സർക്കാർ പദ്ധതി പ്രകാരം വാങ്ങിയ വനഭൂമിയുടെ അളവ് (ഹെക്ടർ) |
|---|---|---|---|---|
| 'നവകിരണം സ്വയം സന്നദ്ധ പുനരധിവാസം' | RKDP | 35.325 | 235.50 | 43.7945 |
| | KIIFB | 6.825 | 45.50 | 12.3125 |
| **ആകെ** | | 42.150 | 281 | 56.107 |

2. വയനാട് വന്യജീവി സങ്കേതത്തിലെ വന ഭാഗങ്ങളിൽ അധിനിവേശ കളയായി പടർന്നു പിടിച്ച സെന്ന എന്ന സസ്യത്തെ സംബന്ധിച്ച പഠനങ്ങളുടെ അടിസ്ഥാനത്തിൽ നടന്ന സെന്ന നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ 2023-24 ലെ പുരോഗതി ചുവടെ ചേർക്കുന്നു.

ആർ.കെ.ഡി.പി പദ്ധതി പ്രകാരം 10 സെന്റീമീറ്ററിന് താഴെയുള്ള സെന്ന തൈകൾ പിഴുതുമാറ്റിയ പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ

| ക്രമ നം. | റെയിഞ്ച് | ബ്ലോക്ക് | ആകെ വിസ്തൃതി (ഹെക്ടർ) | സെന്ന മരങ്ങൾ നീക്കം ചെയ്ത വിസ്തൃതി (ഹെക്ടർ) | പ്രവൃത്തി ചിലവ് (രൂപ) |
|---|---|---|---|---|---|
| 1 | തോൽപ്പെട്ടി | T-22 ബാവലി | 254.50 | 178 | 3,37,000 |
| 2 | മുത്തങ്ങ | M-10 | 50.49 | 40 | 68,000 |
| **ആകെ** | | | 304.99 | 218 | 4,05,000 |

ആർ.കെ.ഡി.പി പദ്ധതിയിൽ 10 സെന്റീമീറ്ററിൽ അധികം വണ്ണമുള്ള സെന്ന മരങ്ങളുടെ തൊലി ചെത്തി നീക്കൽ നടത്തിയ പ്രവർത്തിയുടെ വിവരങ്ങൾ

| ക്രമ നം. | റെയിഞ്ച് | ബ്ലോക്ക് | ആകെ വിസ്തൃതി (ha) | സെന്ന മരങ്ങൾ നീക്കം ചെയ്ത വിസ്തൃതി (ha) | ഡീ ബാർക്ക് ചെയ്ത മരങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1 | തോൽപ്പെട്ടി | T-22 ബാവലി | 254.50 | 250 | 7,079 |
| 2 | മുത്തങ്ങ | M-10 | 50.49 | 50 | 19,011 |
| **ആകെ** | | | 304.99 | 300 | 26,090 |

ആർ. കെ. ഡി. പി പദ്ധതി പ്രകാരമുള്ള മേൽ പ്രവർത്തിയ്ക്ക് 34,24,114 രൂപയുള്ള ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്.

3. കാട്ടുതീ ബാധിച്ച വനഭൂമി/ തോട്ടഭൂമി സംബന്ധിച്ച വിശദാംശങ്ങൾ

2023-24 ഫയർ സീസണിൽ (ഡിസംബർ–മെയ്) ഫയർ മോണിറ്ററിംഗ് സെന്ററിലെ കണക്കനുസരിച്ച് കേരളത്തിലെ വനപ്രദേശങ്ങളിൽ 290 സ്ഥലങ്ങളിലായി 421.63 ഹെക്ടർ വനഭൂമിയിലും പ്ലാന്റേഷൻ ഏരിയയിൽ 42 സ്ഥലങ്ങളിലായി 53.7506 ഹെക്ടർ വനഭൂമിയേയും കാട്ടുതീ ബാധിച്ചിട്ടുള്ളതായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

## 4.5 പരിസ്ഥിതിലോല പ്രദേശം വിഭാഗം

31.03.2024 വരെ 152.88 സ്ക്വയർ കിലോമീറ്റർ ഭൂമി ഇ.എഫ്.എൽ നോട്ടിഫൈ ചെയ്തിട്ടുണ്ട്. എന്നാൽ തിരുത്തൽ വിജ്ഞാപനത്തിന് ശേഷം ഇ.എഫ്.എൽ ആയി നോട്ടിഫൈ ചെയ്തിട്ടുള്ള ഭൂമിയുടെ ആകെ വിസ്‌തൃതി 141.77 സ്ക്വയർകിലോമീറ്റർ ആണ്. അതിൽനിന്നും 7.24 സ്ക്വയർ കിലോമീറ്റർ ഭൂമി ഇ.എഫ്.എൽ നിയമത്തിലെ വിവിധ പരിഹാര മാർഗ്ഗങ്ങൾ പ്രകാരം ഡീ-നോട്ടിഫൈ ചെയ്തിട്ടുള്ളതുമാണ്. തിരുത്തൽ വിജ്ഞാപനത്തിനും ഡീ-നോട്ടിഫിക്കേഷനും ശേഷം ഇപ്പോൾ 134.54 സ്ക്വയർകിലോമീറ്റർ ഭൂമിയാണ് ഇ.എഫ്.എൽ ആയി സംരക്ഷിച്ച് വരുന്നത്.

ഹൈറേഞ്ച് സർക്കിളിനു കീഴിൽ മൂന്നാർ ഡിവിഷനിൽ സെക്ഷൻ 4 നോട്ടിഫിക്കേഷൻ പ്രകാരം 3.6634 കിലോ മീറ്റർ സ്ക്വയർ വിസ്തൃതി നിർദ്ദിഷ്ട സംരക്ഷിത വനം (PRF) 1,5,364.89 ഹെക്ടർ കൂടി വർദ്ധിപ്പിച്ചിട്ടുണ്ട്. യഥാക്രമം മൂന്നാർ ഡിവിഷനിലെ ആനയിറങ്കൽ, ചിന്നക്കനാൽ റിസർവ്വുകളിലായാണ് പുതിയ നോട്ടിഫിക്കേഷൻ വന്നിട്ടുള്ളത്.

**പട്ടിക-31**
**ഇ.എഫ്.എൽ ട്രൈബ്യൂണലുകൾക്കു മുന്നിൽ ശേഷിക്കുന്ന കേസുകളുടെ എണ്ണം**

| ക്രമ നം. | ട്രൈബ്യൂണലിന്റെ പേര് | കേസുകളുടെ എണ്ണം |
|---|---|---|
| 1 | കൊല്ലം | 1 |
| 2 | കോട്ടയം | 6 |
| 3 | പാലക്കാട് | 97 |
| 4 | കോഴിക്കോട് | 56 |
| ആകെ | | 160 |

## 4.6 ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗം

വനഭൂമിയുടെ കണക്ക് സൂക്ഷിക്കുക, പുതിയ റിസർവുകൾ പ്രഖ്യാപിക്കാൻ നിർദേശങ്ങൾ തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക. കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിക്ഷിപ്തവനത്തെ സ്വകാര്യ ഉടമകൾക്ക് വിട്ടുനൽകുക, ഭൂമി ഏറ്റെടുക്കൽ നടപടികൾ കൈക്കൊള്ളുക എന്നിവയാണ് ഫോറസ്റ്റ് മാനേജ്മെന്റ് (FM) കൈകാര്യംചെയ്യുന്നത്.

വനാതിർത്തികൾ സർവെ ചെയ്യുക, വനങ്ങൾ സംരക്ഷിക്കുക, നശിച്ചുപോയ വനങ്ങൾ പുനരുജ്ജീവിപ്പിക്കുക എന്നീ പ്രധാന ജോലികളാണ് വകുപ്പ് 2023-24-ൽ ചെയ്തത്. വനാതിർത്തികളിൽ ജണ്ട, കയ്യാല കെട്ടൽ തുടങ്ങിയ പണികൾ ചെയ്തു വരുന്നു. വനാതിർത്തിയുടെ ആകെ നീളം 16873.689 കിലോമീറ്റർ ആണ്. ഇതിൽ നാളിതുവരെ 10710.1974 കിലോമീറ്റർ ഭാഗം അതിർത്തി നിർണ്ണയം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള 5230.434 കിലോമീറ്റർ ഭാഗം സ്വാഭാവിക അതിർത്തികളാൽ ചുറ്റപ്പെട്ടതാണ്.വന നിബിഢത നഷ്ടപ്പെട്ട ഇടങ്ങളിൽ പ്രാദേശിക വൃക്ഷത്തൈകൾ നട്ട് പുനരുദ്ധരിച്ചുവരുന്നു. ഫയർ ലൈനുകൾ സ്ഥാപിച്ചും കാട്ടുതീ സംരക്ഷണവാച്ചർമാരെ ഏർപ്പെടുത്തിയും കാട്ടുതീയിൽ നിന്നും വനത്തെ സംരക്ഷിക്കുന്നു.

### 4.6.1 വനഭൂമി പാട്ടത്തിനു നൽകൽ

56612.96323 ഹെക്ടർ വനഭൂമി നാളിതുവരെ ദീർഘകാല അടിസ്ഥാനത്തിൽ വിവിധ ഏജൻസികൾക്ക് പാട്ടത്തിനു കൊടുത്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ 2.72 Ha പാട്ടഭൂമി തിരികെ ലഭിച്ചിട്ടുണ്ട്. 31.03.2024 വരെ പാട്ടത്തിനു കൊടുത്ത വനഭൂമി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക-32**
**വിവിധ ഏജൻസികൾക്ക് പാട്ടത്തിന് കൊടുത്ത വനഭൂമി 2023-24**

| ക്രമ നം. | ഡിവിഷൻ | പ്രൈവറ്റ് സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും, മറ്റുള്ളവർക്കും പാട്ടത്തിന് നൽകിയ ഭൂമിയുടെ വിവരം (ഹെക്ടറിൽ) | സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകിയ ഭൂമിയുടെ വിവരം (ഹെക്ടറിൽ) | വ്യക്തികൾക്ക് പാട്ടത്തിന് നൽകിയ ഭൂമിയുടെ വിവരം (ഹെക്ടറിൽ) | ആകെ ഭൂമി (ഹെക്ടറിൽ) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | - | 2433.729 | - | 2433.729 |
| 2 | തെന്മല | 0.1687 | 67.719 | - | 67.8877 |
| 3 | പുനലൂർ | - | 10550.622 | - | 10550.622 |
| 4 | അച്ചൻകോവിൽ | - | 791.01 | - | 791.01 |

| ക്രമ നം. | ഡിവിഷൻ | പ്രൈവറ്റ് സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും, മറ്റുള്ളവർക്കും പാട്ടത്തിന് നൽകിയ ഭൂമിയുടെ വിവരം (ഹെക്ടറിൽ) | സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകിയ ഭൂമിയുടെ വിവരം (ഹെക്ടറിൽ) | വ്യക്തികൾക്ക് പാട്ടത്തിന് നൽകിയ ഭൂമിയുടെ വിവരം (ഹെക്ടറിൽ) | ആകെ ഭൂമി (ഹെക്ടറിൽ) |
|---|---|---|---|---|---|
| 5 | റാന്നി | 6.75 | 4463.776925 | - | 4470.526925 |
| 6 | കോന്നി | 0.24 | 2886.651 | - | 2886.891 |
| 7 | കോട്ടയം | - | 6171.6863 | - | 6171.6863 |
| 8 | മൂന്നാർ | - | 1365.468 | - | 1365.468 |
| 9 | കോതമംഗലം | 1.2141 | 336.5645 | - | 337.7786 |
| 10 | മാങ്കുളം | - | 146.84 | - | 146.84 |
| 11 | മലയാറ്റൂർ | 0.4087 | 3132.767 | - | 3133.1757 |
| 12 | വാഴച്ചാൽ | 813.7291 | 1465.0151 | - | 2278.7442 |
| 13 | ചാലക്കുടി | 3615.4032 | 4264.8445 | - | 7880.2477 |
| 14 | തൃശ്ശൂർ | 81.6886 | 1136.6979 | - | 1218.3865 |
| 15 | നെന്മാറ | 3074.912 | 197.315 | - | 3272.227 |
| 16 | പാലക്കാട് | - | 338.1494 | - | 338.1494 |
| 17 | മണ്ണാർകാട് | - | 771.2368 | - | 771.2368 |
| 18 | നിലമ്പൂർ (നോർത്ത്) | - | 480.561 | - | 480.561 |
| 19 | കോഴിക്കോട് | - | 1619.3865 | - | 1619.3865 |
| 20 | വയനാട് (സൗത്ത്) | - | 477.6103 | - | 477.6103 |
| 21 | വയനാട് (നോർത്ത്) | 5.432 | 100.67 | - | 106.102 |
| 22 | കണ്ണൂർ | 6.6049 | 0.113 | - | 6.7179 |
| 23 | കാസർഗോഡ് | 18.685202 | 1522.91 | - | 1541.595202 |
| 24 | പെരിയാർ (വെസ്റ്റ്) പീരുമേട് | - | 24.288 | - | 24.288 |
| 25 | പെരിയാർ(ഈസ്റ്റ്) തേക്കടി | - | 11.444 | - | 11.444 |
| 26 | വന്യജീവികേന്ദ്രം, പീച്ചി | - | 1374.1722 | - | 1374.1722 |
| 27 | പറമ്പിക്കുളം | - | 2455.22 | - | 2455.22 |
| 28 | വന്യജീവികേന്ദ്രം, വയനാട് | - | 2.2256 | 389.6363 | 391.8619 |
| 29 | എൻ.എസ്.സി കാലടി | 9.3974 | - | - | 9.3974 |
| | ആകെ | 7634.633902 | 48588.69303 | 389.6363 | 56612.96323 |

### 4.6.2 വനം കയ്യേറ്റം

നാളിതുവരെ കയ്യേറ്റം ചെയ്യപ്പെട്ടതും ഒഴിവാക്കപ്പെടേണ്ടതുമായ വനഭൂമി 4973.6949 ഹെക്ടർ ആണ്. നടപ്പുവർഷം 0.859 ഹെക്ടർ വനഭൂമി കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്.

**പട്ടിക 33**
**വനഭൂമി കയ്യേറ്റ വിവരങ്ങൾ 2023-24**

| സർക്കിൾ | ജില്ല | ഡിവിഷൻ | കയ്യേറ്റം ചെയ്യപ്പെട്ടതും ഒഴിപ്പിക്കപ്പെടേണ്ടതും ആയ ഭൂമി (ഹെക്ടറിൽ) |
|---|---|---|---|
| സതേൺ സർക്കിൾ കൊല്ലം | പത്തനംതിട്ട | കോന്നി | 10.5898 |
| | | റാന്നി | 1.7404 |
| | കൊല്ലം | തെന്മല | 1.9928 |
| | | പുനലൂർ | 0.97 |
| | തിരുവനന്തപുരം | തിരുവനന്തപുരം | 0.59202 |
| | ആകെ | | 15.8850 |
| ഹൈറേൻജ് സർക്കിൾ, കോട്ടയം | എറണാകുളം | കോതമംഗലം | 434.0366 |
| | കോട്ടയം | കോട്ടയം | 105.8837 |
| | ഇടുക്കി | മൂന്നാർ | 1093.5907 |
| | | മറയൂർ | 0.03 |
| | | മാങ്കുളം | 358.4255 |
| | ആകെ | | 1991.9665 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | തൃശ്ശൂർ | തൃശ്ശൂർ | 191.6903 |
| | | ചാലക്കുടി | 0.2644 |
| | എറണാകുളം | മലയാറ്റൂർ | 127.6550 |
| | ആകെ | | 319.6097 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | മലപ്പുറം | നിലമ്പൂർ വടക്ക് | 657.8708 |
| | | നിലമ്പൂർ തെക്ക് | 2.12 |
| | പാലക്കാട് | പാലക്കാട് | 37.685 |
| | | മണ്ണാർക്കാട് | 635.1787 |
| | | നെന്മാറ | 237.6512 |
| | ആകെ | | 1570.5057 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | കോഴിക്കോട് | കോഴിക്കോട് | 75.429 |
| | | കോഴിക്കോട് (തടി വിൽപ്പന) | 0.5165 |
| | വയനാട് | വയനാട് തെക്ക് | 705.0679 |
| | | വയനാട് വടക്ക് | 230.5123 |
| | കണ്ണൂർ | കണ്ണൂർ | 40.537 |
| | കാസർഗോഡ് | കാസർഗോഡ് | 5.437 |
| | ആകെ | | 1057.5007 |

| സർക്കിൾ | ജില്ല | ഡിവിഷൻ | കയ്യേറ്റം ചെയ്യപ്പെട്ടതും ഒഴിപ്പിക്കപ്പെടേണ്ടതും ആയ ഭൂമി (ഹെക്ടറിൽ) |
|---|---|---|---|
| ഫീൽഡ് ഡയറക്ടർ, കോട്ടയം | ഇടുക്കി | പെരിയാർ ഈസ്റ്റ് ഡിവിഷൻ, തേക്കടി | 4.006 |
| | ആകെ | | 4.006 |
| ഫീൽഡ് ഡയറക്ടർ, പാലക്കാട് | പാലക്കാട് | സൈലന്റ്‌വാലി | 11.5785 |
| | കണ്ണൂർ | ആറളം | 2.00 |
| | വയനാട് | വയനാട് | 0.6428 |
| | ആകെ | | 14.2213 |
| ആകെ | | | 4973.6949 |

## 4.7 വിവരസാങ്കേതിക വിദ്യവിഭാഗം

വനം വകുപ്പിലെ ജീവനക്കാർക്ക് വിവരസാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനും അത് കൈകാര്യം ചെയ്യുന്നതിനുമുള്ള കാര്യക്ഷമതയുണ്ടാക്കുക, കേരള വനംവകുപ്പിന്റെ വിവിധ യൂണിറ്റുകൾക്കിടയിൽ വിവരവിനിമയം സാധ്യമാക്കുക, പ്രത്യേകിച്ച് വിവരാധിഷ്ഠിത നിയന്ത്രണ സംവിധാനം, ഭൗമവിവര സംവിധാനം എന്നീ വിവരസാങ്കേതിക വിദ്യയുടെ മുഖ്യ ധാരാ ഉപയോഗം ക്രമപ്പെടുത്തുക, ഇന്റർനെറ്റ് കണക്ടിവിറ്റി വികസിപ്പിക്കുകയും വകുപ്പിനുള്ളിലെ ഉപയോക്താക്കൾക്ക്ഏറ്റവും പുതിയ വനവിവര ഇൻവെന്ററി പരിശോധനയ്ക്കായി ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിക്കൊണ്ടാണ് കേരള ഫോറസ്ട്രി പ്രോജക്ടിന്റെ കീഴിൽ ഇത്തരം ഒരുവിഭാഗം രൂപീകരിച്ചത്. ഇലക്ട്രോണിക് രീതിയിൽ ഭരണ നിർവഹണം നടപ്പിലാക്കാൻ സഹായിക്കാനാണ് ഈ വിഭാഗംപ്രവർത്തിക്കുന്നത്. ഇതോടൊപ്പം ഡിജിറ്റൽ സേവനവും വകുപ്പിന്റെ വയർലെസ്സ് ആശയ വിനിമയത്തിനും ഈ വിഭാഗം സൗകര്യമുണ്ടാക്കുന്നു.

### 4.7.1 പ്രധാന പ്രവർത്തന മേഖല

- ഫോറസ്റ്റ് സ്റ്റേഷൻ തലം വരെയുള്ള ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം.
- പൊതുജനങ്ങൾക്കായുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം ഒരുക്കുക.
- വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള ഡാറ്റ കൈമാറ്റം സുഗമമാക്കുന്നതിന് ഓൺലൈൻ സംവിധാനങ്ങൾ ഒരുക്കുക, കേരളത്തിലെ മുഴുവൻ വനമേഖലകളിലും സെക്ഷൻ ലെവൽ, റിസർവ്വ് ഫോറസ്റ്റ്, സംരക്ഷിത പ്രദേശം പ്ലാന്റേഷൻ ഏരിയ, നീർത്തടം, ആദിവാസി സെറ്റിൽമെന്റുകൾ എന്നിവയുടെ തീമാറ്റിക് മാപ്പുകൾ തയ്യാറാക്കുക.
- കേരളത്തിലെ ഫോറസ്റ്റ് ഡിവിഷനുകൾക്ക് ഫോറസ്റ്റ് അറ്റ്‌ലസ് തയ്യാറാക്കി നൽകുക.
- വകുപ്പിന്റെ വെബ് സൈറ്റിലെ വിവരങ്ങൾ പുതുക്കുക.

**2023-24 ലെ പ്രധാന നേട്ടങ്ങൾ**

- വനം വകുപ്പാസ്ഥാനം ഉൾപ്പെടെ എല്ലാ ഓഫീസുകളിലും (ഏകദേശം 100 ഓഫീസുകളിൽ) ഇ-ഓഫീസ് നടപ്പിലാക്കി. റെയിഞ്ച് തല ഓഫീസുകളിൽ 01.04.2024 മുതൽ നടപ്പിലാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.
- 20 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും, 20 ലാപ്ടോപ്പ് കമ്പ്യൂട്ടറുകളും വകുപ്പിലേയ്ക്ക് വാങ്ങിച്ചു.
- വിവിധ ഓഫീസുകളിൽ കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ് സൗകര്യം ഏർപ്പെടുത്തി.
- മേൽപറഞ്ഞ വിവിധ സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ആയത് 2024-25 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി നടപ്പിലാക്കുവാൻ കഴിയും.

## 4.8 മാനവശേഷി വികസന വിഭാഗം

വന പരിശീലന കേന്ദ്രത്തിൽ തുടർച്ചയായി വിവിധ തസ്തികകളിലെ ഉദ്യോഗസ്ഥർക്കും ഓഫീസർമാർക്കും വകുപ്പു തല പരിശീലനം നടപ്പിലാക്കി വരുന്നു.

അരിപ്പയിലെ സംസ്ഥാന വനം പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിലും, വാളയാറിലെ സംസ്ഥാന വനം പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിലും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് ഒരു വർഷവും, ബീറ്റ്ഫോറസ്റ്റ് ഓഫീസർമാർക്ക് ഒമ്പത് മാസവും നീണ്ടുനിൽക്കുന്ന Induction Training നൽകിവരുന്നു. ഇപ്പോഴുള്ള സൗകര്യങ്ങൾ വച്ചുകൊണ്ട് പ്രതിവർഷം ശരാശരി 140 ബീറ്റ്ഫോറസ്റ്റ് ഓഫീസർമാർക്കും 100 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്കും പരിശീലനം നൽകാൻ സാധിക്കും. ഫോറസ്റ്റ് ബോട്ടണി, ഫോറസ്റ്റ് മെൻസുറേഷൻ, ഫോറസ്റ്റ് സർവെ, ഫോറസ്റ്റ് എഞ്ചിനീയറിംഗ്, വൈൽഡ്‌ലൈഫ്

മാനേജ്മെന്റ്, ഫോറസ്റ്റ് ആക്ടുകളും റൂളുകളും എന്നിവ ക്ലാസ്റൂം പഠനത്തിലൂടെയും പ്രായോഗിക പരിശീലനം ക്യാമ്പ സിലും സ്റ്റഡിടൂറിലുമായി സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്കും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കും നൽകിവരുന്നു. പഠന യാത്രാകാലത്തെ സംബന്ധിക്കുന്ന പ്രായോഗിക പഠനത്തിനാണ് പ്രാമുഖ്യം നൽകുന്നത്. വനം കുറ്റകൃത്യം സം ബന്ധിച്ച കേസുകൾ കണ്ടുപിടിക്കുക, അവ രജിസ്റ്റർ ചെയ്യുക, പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുക, വനത്തിന്റെ നിലനിൽപ്പ്, വനപുനരുജ്ജീവനം, തടിയുടെ വിൽപ്പന ഉൾപ്പെടെ തടി സംബന്ധിച്ച കാര്യങ്ങൾ മുതലായവയുമാണ് പഠിപ്പിക്കുന്നത്. ശാരീരിക കാര്യക്ഷമത, കളികൾ എന്നിവയും പാഠ്യവിഷയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റിക്രൂട്ട്മെന്റ് നിയമങ്ങൾ മാറ്റിയതോടെ നേരിട്ടുള്ള നിയമനം നിർത്തലാക്കിയതിനാൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്കുള്ള Induction Training നിർത്തിവച്ചിരിക്കുകയാണ്.

2023-24 കാലയളവിൽ എച്ച്.ആർ.ഡി വിഭാഗത്തിന് കീഴിൽ വിവിധ സ്ഥാപനങ്ങളിലായി നൽകിയ പരിശീലന ങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

**പട്ടിക 34**
**കാറ്റഗറി തിരിച്ചുള്ള പരിശീലന വിവരങ്ങൾ**

| തസ്തിക | അരിപ്പ | വാളയാർ | പി.ടി.പി നഗർ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 294 | 516 | - | - | 810 |
| സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 3 | 73 | - | - | 76 |
| സെക്ഷൻ ഫോറസ്റ്റ് ഓഫീസർ/ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 0 | 73 | - | - | 73 |
| ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 28 | 0 | - | - | 28 |
| റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 0 | 0 | 121 | 40 | 161 |
| റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ/ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 0 | 28 | - | - | 28 |
| അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ/ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | 0 | 33 | - | - | 33 |
| ജൂനിയർ സൂപ്രണ്ട് | 0 | 23 | - | - | 23 |
| ക്ലാർക്ക് | 0 | 37 | - | - | 37 |
| VSS/EDC സെക്രട്ടറി | 0 | 37 | - | - | 37 |
| ഹെഡ് അക്കൗണ്ടന്റ് | 0 | 22 | - | - | 22 |
| ഫോറസ്റ്റ് ഡ്രൈവർ | 25 | 30 | - | - | 55 |
| KFDC ഫീൽഡ് ഓഫീസർ | 0 | 2 | - | - | 2 |
| നീന്തൽ പരിശീലകൻ | 0 | - | - | 59 | 59 |
| **ആകെ** | 350 | 874 | 121 | 99 | 1444 |

### 4.8.1 ഹ്രസ്വകാല ഇൻ-സർവ്വീസ്

താഴെപ്പറയുന്ന ജീവനക്കാർക്ക് തിരുവനന്തപുരത്തുള്ള പി.റ്റി.പിനഗറിലെ വനപരിശീലന കേന്ദ്രത്തിൽവച്ച് ഹ്ര സ്വകാല പരിശീലനം നൽകിവരുന്നു.

- അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ
- റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
- ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ/ഡിപ്പോ ഓഫീസർ
- ബീറ്റ് ഫോറസ്റ്റ് ഓഫീസർ
- സീനിയർ/ജൂനിയർ സൂപ്രണ്ട്/ഹെഡ്അക്കൗണ്ടന്റ്
- പേഴ്സണൽ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്

- ക്ലാർക്ക്/സീനിയർ ക്ലാർക്ക്
- ഡ്രൈവർ

### 4.8.2 ഫ്രണ്ട്‌ലൈൻ ഉദ്യോഗസ്ഥർക്ക് റിഫ്രഷർ കോഴ്സ്

വാളയാറിലെയും അരിപ്പയിലെയും സംസ്ഥാനവന പരിശീലന സ്ഥാപനത്തിൽവച്ച് സംരക്ഷണ വിഭാഗം ജീവനക്കാരായ ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർമാർ,സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ എന്നിവർക്കായി റിഫ്രഷർ കോഴ്സുകൾ നടത്തി വരുന്നു.

### 4.8.3 എസ്.റ്റി.പി. പരിശീലനങ്ങൾ

സംസ്ഥാന പരിശീലന നയം (സ്റ്റേറ്റ് ട്രെയിനിംഗ് പോളിസി) പ്രകാരം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുകൾ നടത്തുന്ന പരിശീലനങ്ങൾ വനംവകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകാൻ വേണ്ടി ഉപയോഗപ്പെടുത്തി വരുന്നു.

വനംവകുപ്പിലെ വിവിധ തസ്തികളിലുള്ള 1444 ജീവനക്കാർക്ക് ഈ വർഷം പലതരത്തിലുള്ള പരിശീലനം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച സംക്ഷിപ്തവിവരം ചുവടെ ചേർക്കുന്നു.

**പട്ടിക-35**
**വിവിധ പരിശീലന പരിപാടികളിൽ പങ്കെടുത്തവർ 2023-24**

| ക്രമ നം. | സ്ഥാപനം | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|
| 1 | സംസ്ഥാന വനപരിശീലന സ്ഥാപനം, അരിപ്പ | 350 |
| 2 | സംസ്ഥാന വനപരിശീലന സ്ഥാപനം, വാളയാർ | 874 |
| 3 | പി.ടി.പി. നഗർ | 121 |
| 4 | മറ്റുള്ളവ | 99 |
| **ആകെ** | | 1444 |

#### 2023-24-ലെ പ്രധാന നേട്ടങ്ങൾ

സംസ്ഥാന വനപരിശീലന കേന്ദ്രം, അരിപ്പയിൽ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്. എഫ്.റ്റി.ഐ ക്യാമ്പസിലെ മെസ് ഹാൾ, കിച്ചൺ, ലൈബ്രറി, റിക്രിയേഷൻ ഹാൾ, ബാരക്ക് എന്നിവയുടെ അറ്റകുറ്റപണികളും സംസ്ഥാന വനപരിശീലന കേന്ദ്രം, വാളയാറിൽ മെസ്സിലെ അടുക്കളയോട് ചേർന്ന് ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, ബസ് ഗ്യാരേജ് നിർമ്മാണം, പെരിയാർ ബാരക്കിൽ ലീച്ച് പിറ്റ് നിർമ്മാണം, പുതുതായി നിർമ്മിച്ച കിണറിന് ചുറ്റുമതിൽ നിർമ്മാണം എന്നിവയും 2023-24 സാമ്പത്തിക വർഷത്തിൽ പൂർത്തിയായിട്ടുള്ളതാണ്.

## 4.9 സോഷ്യൽ ഫോറസ്ട്രി വിഭാഗം

പൊതുജനങ്ങളുടെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ കണക്കിലെടുത്തും, വനത്തിന് പുറത്തെ വൃക്ഷാവരണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും സോഷ്യൽ ഫോറസ്ട്രി വിഭാഗം വിവിധയിനം വൃക്ഷത്തൈകൾ ഉൾപ്പാദിപ്പിച്ചു വിതരണം ചെയ്യുകയും അതുവഴി വനമേഖലയിലെ സമ്മർദ്ദം കുറയ്ക്കുവാനും ലക്ഷ്യമിടുന്നു.

### 4.9.1 2023-24 കാലയളവിൽ ഉത്പാദിപ്പിച്ച തൈകളുടെ വിതരണം/നടീൽ

വനമഹോത്സവം, ലോക പരിസ്ഥിതി ദിനാചരണം എന്നിവയുടെ ഭാഗമായി ഇൻസ്റ്റിറ്റ്യൂഷണൽ/അവന്യൂ പ്ലാന്റിംഗിനുമായി സോഷ്യൽ ഫോറസ്ട്രി വിഭാഗം 21.31 ലക്ഷം തൈകൾ 2023-24 വർഷത്തിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്.

### 4.9.2 സ്വകാര്യ വനവൽക്കരണത്തിന് പ്രോൽസാഹന പദ്ധതി

17.02.2012-ലെ സ.ഉ. (സാ) നമ്പർ 99/2012/F&WLD പ്രകാരം, സ്വകാര്യ ഭൂമിയിൽ കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന വ്യക്തികൾക്ക് ധനസഹായം നൽകി വൃക്ഷം വളർത്തൽ പ്രോൽസാഹിപ്പിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. തേമ്പാവ്, കുന്നിവാക, കുമ്പിൾ, കമ്പകം, ഈട്ടി, പ്ലാവ്, ആഞ്ഞിലി, മഹാഗണി, ചന്ദനം, തേക്ക് എന്നീ മരങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സന്നദ്ധ സംഘടനകൾ, കർഷക സഹകരണ സംഘങ്ങൾ, സ്വയം സഹായ സംഘം, കുടുംബശ്രീ യൂണിറ്റുകൾ ഇ.ഡി.സി-കൾ, വിഎസ്സ്.എസ്സ്-കൾ, വ്യക്തികൾ, കർഷകർ എന്നിവർക്കാണീ പദ്ധതി മുഖേന ധന സഹായം നൽകിവരുന്നത്. സ്വകാര്യ ഭൂമിയിയിൽ അമ്പതു വൃക്ഷത്തൈകളെങ്കിലും നടുന്നവരാണ് ഇതിന് അർഹരായിട്ടുള്ളവർ.

പട്ടിക-36
സ്വകാര്യ വനവൽക്കരണത്തിനുള്ള പ്രോൽസാഹന തുക വിവരം

| | | |
|---|---|---|
| 1 | 50 മുതൽ 200 വരെ വൃക്ഷത്തൈകൾ | 50/- രൂപ വച്ച് ഓരോ തൈകൾക്കും |
| 2 | 201 മുതൽ 400 വരെ വൃക്ഷത്തൈകൾ | 40/-രൂപ വച്ച് കുറഞ്ഞത് 10,000/- രൂപ |
| 3 | 401 മുതൽ 625 വരെ വൃക്ഷത്തൈകൾ | 30/- രൂപ വച്ച് കുറഞ്ഞത് 16,000/- രൂപ |

സഹായധനത്തിന്റെ അമ്പതു ശതമാനം ആദ്യവർഷവും, ബാക്കി അമ്പതു ശതമാനം മൂന്നാംവർഷവും പ്രസ്തുത സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി നൽകിവരുന്നു. മുകളിൽ സൂചിപ്പിച്ചിട്ടുള്ള സ്ലാബുകളിൽ ഏറ്റവും നല്ല പ്രകടനം കാഴ്ച വയ്ക്കുന്ന മൂന്ന് കർഷകർക്ക് അഞ്ചാം വർഷാവസാനവും പത്താം വർഷാവസാനവും ക്യാഷ് അവാർഡുകൾ നൽകുന്നതാണ്. 2023-24 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പ്രകാരം 4.061 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

### 4.9.3 നിക്ഷിപ്ത വനങ്ങൾക്ക് പുറമെയുള്ള ജൈവ-വൈവിധ്യ പരിരക്ഷ ജോലികൾ

- **കാവുകളുടെ സംരക്ഷണവും പരിരക്ഷയും**

24.12.2016-ലെ സർക്കാർ ഉത്തരവ് (സാ.) നം.485/16/F&WLD പ്രകാരം അതാത് ഡിവിഷനുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി ബന്ധപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഓരോ ജില്ലാ തലത്തിലും അഞ്ച് അപേക്ഷകൾ, സംസ്ഥാനതല വിദഗ്ധ സമിതി മുമ്പാകെ സമർപ്പിക്കുന്നു. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററും കാവുകളുടെ ഉടമകളുമായി ഒരു ധാരണാ പത്രം ഒപ്പു വയ്ക്കുകയുംചെയ്യുന്നു. ആകെ അടങ്കൽ തുകയുടെ 10% പരമാവധി 25,000/- രൂപ വരെ ആദ്യ ഗഡുവായി നൽകുന്നു. വൗച്ചറുകൾ ഹാജരാക്കുന്ന മുറയ്ക്ക് പൂർത്തിയാക്കിയ ജോലികൾക്ക് അർഹമായ ബാക്കി തുക നൽകുന്നു. 2023-24 വർഷത്തിൽ സംസ്ഥാനത്താകെ 51 കാവുകൾ ധനസഹായത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്.

- **കണ്ടൽക്കാട് സംരക്ഷണത്തിനായി സാമ്പത്തിക സഹായം**

നിലവിലുള്ള കണ്ടൽക്കാടുകൾ നശിച്ചു പോകാതെ സംരക്ഷിക്കുന്നതിനും സമൂഹത്തിന് പാരിസ്ഥിതിക സേവനം ലഭ്യമാക്കുന്നതിനും ഉടമകൾ ചെയ്യുന്ന നിസ്തുലസേവനങ്ങൾ പരിഗണിച്ച് ഒരു ഏക്കറിന് 4000 രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകിവരുന്നു. 24.12.2016-ലെ സ.ഉ (സാ) നമ്പർ 485/16/F&WLD- പ്രകാരം സാമൂഹിക വനവൽക്കരണ വിഭാഗമാണ് ഈ പദ്ധതി നിർവഹിച്ചു വരുന്നത്. മാധ്യമങ്ങളിലൂടെ വലിയ പ്രചരണം നൽകി ഓരോ ജില്ലയിലെയും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (SF) ഇതിനായി അപേക്ഷ ക്ഷണിക്കുന്നു. ഉടമസ്ഥാവകാശ രേഖയും പ്രദേശത്തിന്റെ ഒരു സ്കെച്ചും സഹിതം നിശ്ചിത ഫോർമാറ്റിൽ അതാത് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ സമർപ്പിക്കണം. കണ്ടൽക്കാടിന്റെ വലിപ്പവും അനുവദിക്കേണ്ട തുകയും തീരുമാനിക്കുക ജില്ലാ കമ്മിറ്റിയാണ്. 2023-24-ൽ ഒരു അപേക്ഷയും ലഭിച്ചിട്ടില്ല.

- **നദീതട സംരക്ഷണം**

സംസ്ഥാനത്തെ നദീതടങ്ങളുടെ സംരക്ഷണാർത്ഥം 2 ലക്ഷം മുള തൈകളും 50,000 കണ്ടൽ തൈകളും അനുയോജ്യമായ പ്രദേശങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും പൊതുജന പങ്കാളിത്തത്തോടെയും വെച്ചുപിടിപ്പിച്ചിട്ടുണ്ട്.

- **അങ്ങാടിക്കുരുവികളുടെ സംരക്ഷണത്തിനുള്ള പദ്ധതി**

തിരുവനന്തപുരം ജില്ലയിലെ ചാല കമ്പോളം, കണ്ണിമേര മാർക്കറ്റ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ അങ്ങാടിക്കുരുവികളെ സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതി പത്രപ്രവർത്തക സംഘടനകളുമായി ചേർന്ന് പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കിയിട്ടുള്ളതാണ്.

- **കടലാമ സംരക്ഷണം**

കടലാമകളുടെ പ്രജനനവും സംരക്ഷണവുമായി ബന്ധപ്പെട്ട് കേരളത്തിലെ 9 ജില്ലകളിൽ ഇക്കഴിഞ്ഞ നവംബർ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ സർവ്വേയും മറ്റ് പരിപാലന പ്രവർത്തനങ്ങളും നടത്തുകയുണ്ടായിരുന്നു. ജില്ലകളിൽ വിവിധ ക്ലബ്ബുകൾ, NGO-കൾ എന്നിവരുമായി സഹകരിച്ചും നേരിട്ടും കടലാമയുടെ മുട്ട സംരക്ഷിച്ച് വിരിയിച്ചതിന് ശേഷം കടലിലേയ്ക്ക് തുറന്നു വിടുന്ന പ്രവർത്തനങ്ങൾ കാലങ്ങളായി തുടർന്നു വരുന്നു. ഇതുവഴി കടലാമകളുടെ മുട്ടകൾ സംരക്ഷിക്കുവാനും, മുട്ട വിരിഞ്ഞുവരുന്ന കുഞ്ഞുങ്ങളുടെ സംരക്ഷണവും ഉറപ്പു വരുത്തുന്നു.

- **പക്ഷി സംരക്ഷണം**

കേരളത്തിലെ പക്ഷികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡിസ്ട്രിക്റ്റ് ലെവൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും, തുടർന്ന് 14 ജില്ലകളെയും ഉൾപ്പെടുത്തിക്കൊണ്ട് Comprehensive State Strategic Plan തയ്യാറാക്കുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് Water Bird Count, Sea Bird Survey, Common Bird Survey, Heronry Survey എന്നിവ 2023-24 സാമ്പത്തിക വർഷത്തിൽ നടത്തി.

### 4.9.4 വനമിത്ര അവാർഡ്

ജൈവ വൈവിധ്യ സംരക്ഷണ രംഗത്ത് മികച്ച സേവനം കാഴ്ച വയ്ക്കുന്ന വ്യക്തികൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, കർഷകർ എന്നിവർക്ക് 24.12.2016-ലെ സ.ഉ (സാ) നമ്പർ 485/16/F&WLD-ലെ മാർഗ്ഗനിർദ്ദേശ പ്രകാരം "വനമിത്ര" അവാർഡ് നൽകി വരുന്നു. 2023-24-ൽ 15 പേർക്ക് വനമിത്ര അവാർഡ് നൽകിയിട്ടുണ്ട്.

**പുതുതായി ആരംഭിച്ച പദ്ധതികളും പ്രോജക്ടുകളും**

**a) വിദ്യാവനം**

വിദ്യാലയങ്ങളിൽ വളരെ ചുരുങ്ങിയ സ്ഥലത്ത് അതിസാന്ദ്രതയിൽ മരങ്ങൾ നട്ടു വളർത്തിയെടുക്കുന്ന സ്വാഭാവിക വനങ്ങളുടെ സാദൃശ്യമുള്ള ചെറുവനങ്ങളാണ് വിദ്യാവനങ്ങൾ. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലേയും കോളേജുകളിലേയും ഫോറസ്ട്രി ക്ലബുകളിലൂടെ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പരിപാടിയുടെ ആസൂത്രണവും നടത്തിപ്പും തുടർന്നുള്ള പരിപാലനവും വിലയിരുത്തലും നിർവ്വഹിക്കുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിന് ഏറ്റവും കുറഞ്ഞത് 5 സെന്റ് സ്ഥലമെങ്കിലും ആവശ്യമായി വരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പ് പരമാവധി 2 ലക്ഷം രൂപ വരെ ചെലവുകൾക്കായി വനംവകുപ്പ് നൽകുന്നു.

ജൈവരീതികളിലൂടെ മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുക, ജല ആഗിരണശേഷി വർദ്ധിപ്പിക്കുക, വൃക്ഷാവരണങ്ങളുടെ വിവിധ തട്ടുകളിൽ വരുന്ന തദ്ദേശീയ ഇനങ്ങളായ ഔഷധികൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ, മരങ്ങൾ എന്നിവ അതിസാന്ദ്രതയിൽ നട്ടുപിടിപ്പിച്ച് പരിപാലിക്കൽ തുടങ്ങിയവയാണ് ഈ പദ്ധതിയുടെ പ്രത്യേകത. 2023-24 സാമ്പത്തിക വർഷത്തിൽ 44 വിദ്യാവനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

**പട്ടിക-37**
**വിദ്യാവനം സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെ പട്ടിക 2023-24**

| ക്രമ നം. | ജില്ല | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | ഡി.വി.എം.എൻ.എൻ.എച്ച്.എസ്.എസ്, മാറനല്ലൂർ |
| | | ഗവ.എച്ച്.എസ്.എസ്, കണ്ടല |
| | | ഗവ.വി.എച്ച്.എസ്.എസ്,മലയിൻകീഴ് |
| | | എസ്.എൻ കോളേജ്, വർക്കല |
| | | കേന്ദ്രീയ വിദ്യാലയം, ആക്കുളം |
| 2 | കൊല്ലം | ഗവ.എച്ച്.എസ്.എസ്, കൊല്ലം |
| | | വിവേകാനന്ദ എച്ച്.എസ്.എസ്, ഓച്ചിറ |
| 3 | പത്തനംതിട്ട | ജവഹർനവോദയ വിദ്യാലയം, വെച്ചൂച്ചിറ |
| | | തിരുവല്ല ബാലികാമഠം, എച്ച്.എസ് |
| | | സെന്റ്തോമസ് കോളേജ്, കോഴഞ്ചേരി |
| 4 | കോട്ടയം | സെന്റ്മേരീസ് കോൺവെന്റ്സ്കൂൾ, എലിവാലിക്കര |
| | | ഗവ.വലവൂർ യു.പി.എസ് |
| | | ദേവമാതാകോളേജ്, കുറവിലങ്ങാട് |
| | | മംഗളം കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ഏറ്റുമാനൂർ |
| | | സെന്റ്ജോർജ് ഇ.എം എച്ച്.എസ്, തലയോലപ്പറമ്പ് |
| | | സി.എം.എസ്, എച്ച്. എസ്, പള്ളം |

| ക്രമ നം. | ജില്ല | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 5 | എറണാകുളം | ശാലോംവി.എച്ച്.എസ്.എസ് |
| | | നിർമല കോളേജ്, മൂവാറ്റുപുഴ |
| | | സെന്റ്ജോസഫ് എച്ച്.എസ്.എസ് |
| | | സെന്റ്മേരീസ് എച്ച്.എസ്.എസ് |
| 6 | ഇടുക്കി | ഗവ.വി.എച്ച്.എസ്.എസ്, മണിയാറൻകുടി |
| | | സെന്റ്തോമസ് എച്ച്.എസ് , തുടങ്ങനാട് |
| | | പഞ്ചായത്ത് എച്ച്.എസ്, ഏലപ്പാറ |
| | | ഗവ.എച്ച്.എസ്, വെള്ളത്തൂവൽ |
| 7 | തൃശ്ശൂർ | ജി.വി.എച്ച്.എസ്.എസ്, പുത്തൻച്ചിറ |
| | | രാമരാജ യു.പി സ്കൂൾ |
| 8 | പാലക്കാട് | അഹല്യ സ്കൂൾ ഓഫ് മാനേജ്മെന്റ് |
| | | ഗംഗോത്രി സ്കൂൾ |
| | | കരുണ സെൻട്രൽ സ്കൂൾ |
| | | ഭവൻസ് വിദ്യാമന്ദിരം |
| | | ഗവ.ഹൈസ്കൂൾ |
| 9 | മലപ്പുറം | ബധിര വിദ്യാലയം |
| | | സഫ കോളേജ് ഓഫ് ആർട്സ്& സയൻസ് |
| | | വേദവ്യാസ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി |
| | | അംബേദ്കർ ആർട്സ് & സയൻസ് കോളേജ് |
| 10 | വയനാട് | സെന്റ്മേരീസ് എച്ച്.എസ്.എസ്, സുൽത്താൻ ബത്തേരി |
| | | വിജയ എച്ച്.എസ്.എസ് |
| 11 | കോഴിക്കോട് | ലിറ്റിൽഫ്ലവർ യുപി സ്കൂൾ, വേനപ്പാറ |
| | | സി.എം.എം .എച്ച്.എസ്.എസ്, തലക്കുളത്തൂർ |
| 12 | കണ്ണൂർ | ഗ്ലോബൽ പബ്ലിക് സ്കൂൾ |
| | | ജി.യു.പി.എസ് പുറച്ചേരി |
| 13 | കാസർകോട് | ജി.എച്ച്.എസ്.എസ്. കയ്യൂർ |
| | | ജി.യു.പി.എസ്, കുവട്ടി |
| | | ജി.യു.പി.എസ്, കോളിയാടുക്കം |

**ഫോറസ്ട്രി ക്ലബ്ബ്**

വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളിലൊന്നാണ് ഫോറസ്ട്രി ക്ലബ്. വനം വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളായ തൈ വിതരണം, പ്രകൃതി സംരക്ഷണ ബോധവത്ക്കരണ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പ്രകൃതി പഠന ക്യാമ്പുകൾ, കാട്ടുതീ, അനധികൃത മരം മുറി എന്നിവക്കെതിരെയുള്ള ക്യാമ്പയിനുകൾ തുടങ്ങിയവയുടെ നടത്തിപ്പിൽ ഫോറസ്ട്രി ക്ലബ്ബുകൾക്ക് പ്രധാന പങ്ക് വഹിക്കാവുന്നതാണ്. ആകെ 1131 ഫോറസ്ട്രി ക്ലബ്ബുകളാണ് നിലവിൽ സംസ്ഥാനത്താകെ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത്.എന്നാൽ അവയിൽ ഭൂരിഭാഗവും നിഷ്ക്രിയമാണ്. 2023-24 സാമ്പത്തിക വർഷത്തിൽ 104 ഫോറസ്ട്രി ക്ലബ്ബുകൾ പുതിയതായി രൂപീകരിച്ചിട്ടുണ്ട്.

## b) നഗരവനം

നഗരവനം പദ്ധതി പ്രകാരം കൃത്രിമ വനങ്ങൾ നഗരങ്ങളിൽ സൃഷ്ടിക്കുന്നു. കേവലം 5 സെന്റ് വിസ്തീർണ്ണമുള്ള സ്ഥലം മുതൽ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. വനംവകുപ്പ് പരമാവധി 2 ലക്ഷം രൂപ വരെ ചെലവുകൾക്കായി നൽകുന്നു. വിദ്യാർത്ഥികൾ, റെസിഡൻസ് അസോസിയേഷനുകൾ, നേച്ചർ ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെ നടപ്പിൽ വരുത്തുന്ന ഇത്തരം നഗരവനങ്ങൾ ഹരിതഗൃഹ പ്രഭാവ ലഘൂകരണം, ശുദ്ധവായു ഉറപ്പാക്കുന്നത് പക്ഷികളുടെ ആവാസ കേന്ദ്രമൊരുക്കൽ, ഹരിതാഭ വർദ്ധനവ് എന്നിവയോടൊപ്പം ജനങ്ങളിൽ പ്രകൃതിയോട് സ്നേഹവും, അനുഭാവവും, സംരക്ഷണ ചിന്താമനോഭാവവും ഉണർത്തുവാൻ ഉപകരിക്കുന്നു. 2023-24 വർഷത്തിൽ 4 ജില്ലകളിലായി 6 നഗരവനങ്ങൾ രൂപീകരിച്ചു.

| ക്രമ നം. | ജില്ല | സ്ഥലം | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | തിരുവനന്തപുരം | മേനംകുളം | വനിതാ പോലീസ് ബറ്റാലിയൻ, മേനംകുളം |
| 2 | പത്തനംതിട്ട | പറക്കോട് ബ്ലോക്ക് | കേരള ആംഡ് പോലീസ് ക്യാമ്പ്, അടൂർ |
| | | പുളിക്കീഴ് ബ്ലോക്ക് | ബിലീവേഴ്സ് മെഡിക്കൽ കോളേജ് തിരുവല്ല. |
| | | തിരുവല്ല | റെയിൽവേ സ്റ്റേഷൻ പരിസരം |
| 3 | എറണാകുളം | ആലുവ | ആലുവ മുനിസിപ്പൽ ഏരിയ |
| 4 | തൃശ്ശൂർ | വെള്ളാനിക്കര | കൃഷി വിജ്ഞാനം കേന്ദ്രം |

## c) വൃക്ഷസമൃദ്ധി

വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും തൊഴിലുറപ്പ് മിഷൻ വഴി സംയുക്തമായി നടത്തിവരുന്ന പദ്ധതിയാണ് വൃക്ഷസമൃദ്ധി പദ്ധതി. കേരളത്തിൽ ഹരിതമേലാപ്പ് വർദ്ധിപ്പിക്കുന്നതിനും കാർബൺ സ്വാംശീകരണത്തിനും ഉതകുന്ന തരത്തിലുള്ള വൃക്ഷതൈകളാണ് ഈ പദ്ധതിയിലൂടെ നട്ട് പിടിപ്പിക്കുന്നത്. ഈ പദ്ധതി നടപ്പാക്കേണ്ടതിന് ആവശ്യമായ സാങ്കേതിക സഹായം വനം വകുപ്പ് സോഷ്യൽ ഫോറസ്ട്രി വിഭാഗം നൽകുന്നതാണ്. മദർ ബെഡ് നഴ്സറിയ്ക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ സമാഹരിച്ച് നഴ്സറികളിലേയ്ക്ക് വിതരണം ചെയ്യുന്നതാണ് സാമൂഹിക വനവത്ക്കരണ വിഭാഗത്തിന്റെ ചുമതല. ഈ പദ്ധതി പ്രകാരം 2023-24 കാലയളവിൽ 30.15 ലക്ഷം തൈകൾ നട്ട് പിടിപ്പിച്ചിട്ടുണ്ട്.

## d) ജില്ലാ സ്ഥിരം നഴ്സറി

വൃക്ഷങ്ങൾ നൽകുന്ന പാരിസ്ഥിതിക സേവനങ്ങൾ, വൃക്ഷവർഗങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുക, അവയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുക, നാശോന്മുഖമായവയും അപൂർവമായവയുമായ വൃക്ഷത്തൈകൾ നടുക, സിൽവി കൾച്ചറൽ പ്രാക്ടീസ് സ്റ്റാൻഡേർഡ് പ്രകാരം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിക്കുക എന്നിവയാണ് ജില്ലാ സ്ഥിരം നഴ്സറി കൊണ്ട് ഉദ്ദേശിയ്ക്കുന്നത്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, വയനാട്, കോഴിക്കോട് കാസർകോഡ് ജില്ലകളിൽ സ്ഥിരം നഴ്സറികൾ പ്രവർത്തിച്ചു വരുന്നു.

## ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ (FIB)

സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ (FIB) കേരള വനം വകുപ്പിന്റെ പബ്ലിസിറ്റി എക്സ്റ്റൻഷൻ യൂണിറ്റാണ്. എഫ്.ഐ.ബി തയ്യാറാക്കുന്ന വകുപ്പിന്റെ ആനുകാലികമായ "അരണ്യം" പ്രാദേശിക ഭാഷയായ മലയാളത്തിലാണ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്.

വനം വകുപ്പിന്റെ പ്രചാരണ ഏകോപനപ്രവർത്തനങ്ങൾക്കായി പബ്ലിക് റിലേഷൻസ് വകുപ്പ്, നിയമസഭ, വിവിധ ഔദ്യോഗിക അനൗദ്യോഗിക മാധ്യമങ്ങൾ എന്നിവയുമായി നിരന്തരം ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. വനം വകുപ്പുമായി ബന്ധപ്പെട്ട മുഴുവൻ പരിപാടികളുടെയും വാർത്തകളും, അനുബന്ധ വീഡിയോകളും പൊതുജനങ്ങളിലെത്തിക്കുന്നു. വനം വകുപ്പിനെതിരായി വരുന്ന വാർത്തകൾക്കും. പ്രചാരണങ്ങളുടെയും, നിജസ്ഥിതി പൊതുസമൂഹത്തിനെ അറിയിക്കാൻ കൃത്യസമയങ്ങളിൽ പ്രതിപത്രിക (Rejionder) തയ്യാറാക്കി നൽകിവരുന്നു.

### 2023-2024-ലെ പ്രധാന നേട്ടങ്ങൾ

1. ഫോറസ്റ്റ് ഗൈഡ്, പരിസ്ഥിതി പുനഃസ്ഥാപന നയരേഖ രണ്ടാം പതിപ്പ്, വൃക്ഷസമൃദ്ധി പദ്ധതി രേഖ, പരിസ്ഥിതി സംവേദക മേഖലയുമായി ബന്ധപ്പെട്ടുണ്ടായ കോടതി വിധിയെത്തുടർന്ന് പൊതുജനങ്ങളുടെ അറിവിലേക്കായുള്ള കൈപ്പുസ്തകം, നഗരവനം, വിദ്യാവനം, സർപ്പ, ഫോറസ്ട്രിക്ലബ്ബുകൾ എന്നിവ സംബന്ധിച്ച ബ്രോഷറുകൾ, വനം വകുപ്പിന്റെ വിവിധ പരിപാടികൾ സംബന്ധിച്ച കോഫീ ടേബിൾ ബുക്കുകൾ തുടങ്ങിയവ FIB തയ്യാറാക്കി അച്ചടിച്ച് വിതരണം ചെയ്തു.
2. കേരളീയം, നവകേരള സദസ്സ്, വനസൗഹൃദ സദസ്സ്, ഭരണഭാഷാ വാരാഘോഷം, ഫയൽ തീർപ്പാക്കൽ

പരിപാടി, വനദിനം, പരിസ്ഥിതിദിനം, വനമഹോത്സവം, വന്യജീവിവാരാഘോഷം, വനരക്തസാക്ഷിദിനാചരണം, മലയാള ഭാഷാ ദിനാഘോഷം, വനം കായികമേള എന്നിങ്ങനെ വിവിധ പരിപാടികളുമായി ബന്ധപ്പെട്ട പ്രചരണം, മാധ്യമ പ്രചരണ ഏകോപനം എന്നിവ നടത്തി. ടി പരിപാടികളുമായി ബന്ധപ്പെട്ട് ആഡിയോ-വീഡിയോ പരസ്യങ്ങൾ, പ്രധാന വ്യക്തികളുടെ സന്ദേശങ്ങൾ എന്നിവ തയ്യാറാക്കി നൽകി.

3. ഇക്കോ സെൻസിറ്റീവ് സോൺ-പരിധി നിർണ്ണയിക്കൽ, വനം വന്യജീവി സംഘർഷം, കാട്ടുപന്നി ആക്രമണം, പരിസ്ഥിതി പുനഃസ്ഥാപന നയരേഖ എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് എഫ്.ഐ.ബി. ശ്രദ്ധേയമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തി.
4. കേരള സർക്കാരിന്റെയും നിയമസഭയുടെയും വാർഷിക ഡയറി, കേരള പോലീസിന്റെ ഡാറ്റ പേജസ്, വകുപ്പുതല ടെലിഫോൺ ഡയറക്ടറി എന്നിവയ്ക്കായി വിവരങ്ങൾ എഫ്.ഐ.ബി. ശേഖരിച്ചു നൽകി. കൂടാതെ സംസ്ഥാന വനം വകുപ്പ് കേന്ദ്ര വനംവകുപ്പിനും മന്ത്രിമാർക്കും നൽകുന്നതിനായി നാല് 'മെമ്മോറാണ്ടം ഓഫ് റിക്വസ്റ്റ്കൾ' രണ്ട് ഭാഷകളിൽ തയ്യാറാക്കി നൽകി.
5. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് 'ഹരിത തീർത്ഥാടനം' എന്ന ആശയത്തിലടിസ്ഥിതമായുള്ള ക്യാമ്പയിനായി 5 ഭാഷകളിൽ പരിസ്ഥിതി - വനം വന്യജീവി സംരക്ഷണ നിർദ്ദേശങ്ങൾ ഉൾപ്പെട്ട ബ്രോഷറുകൾ തയ്യാറാക്കി വിവിധ വനം ഡിവിഷനുകൾക്ക് നല്കി.

## 4.10 സ്പെഷ്യൽ അഫോറസ്റ്റേഷൻ വിഭാഗം (Compensatory Afforestation)

ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് 1980, വനം (പരിപാലന) നിയമം 1980 പ്രകാരം വന പ്രദേശം വനേതര പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ വേണ്ട അപേക്ഷ, നോഡൽ ഓഫീസർ ആണ് കൈകാര്യംചെയ്യുന്നത്. 2023-24-ൽ ഇപ്രകാരം കിട്ടിയ എല്ലാ അപേക്ഷകളും പരിശോധനാ വിധേയമാക്കുകയും തുടർനടപടിയ്ക്കായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഭൂരിപക്ഷം അപേക്ഷകൾക്കും അംഗീകാരം ആയിട്ടുണ്ട്. ശേഷിച്ചവയ്ക്ക് വിവിധതലങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു. 2023-24 വർഷത്തിൽ പരിവേഷ് 1.0, 2.0 പോർട്ടലുകളിലായി 33 അപേക്ഷകളിന്മേൽ അന്തിമ അനുമതി (Stage II)നൽകിയിട്ടുണ്ട്. 78 അപേക്ഷകളിന്മേൽ തത്വാധിഷ്ഠിത അനുമതിയും (StageI) ലഭ്യമായിട്ടുണ്ട്. അന്തിമ അനുമതി പ്രകാരം 13.056 ഹെക്ടർ വനഭൂമി വനേതരാവശ്യങ്ങൾക്കായി കൈമാറ്റം ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക-38**

**എഫ്.സി.എ 1980 പ്രകാരം പരിവർത്തിതമാക്കപ്പെട്ട വനഭൂമി 2023-24**

| ക്രമ നം. | പ്രൊപ്പോസലിന്റെ പേര് | എണ്ണം | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|---|
| | | Stage I (തത്വാധിഷ്ഠിത അനുമതി) | |
| 1 | ജലജീവൻ മിഷൻ | 7 | 0.4490 |
| 2 | ഒപ്റ്റിക്കൽ ഫൈബർ 4ജി/5ജി | 12 | 2.9963 |
| 3 | റോഡ് നിർമ്മാണം | 3 | 0.708 |
| 4 | കുടിവെള്ള വിതരണം | 1 | 0.26 |
| 5 | ഇലക്ട്രിക് കണക്ഷൻ | 2 | 0.1356 |
| 6 | ഇറിഗേഷൻ | 1 | 0.1893 |
| 7 | ബ്രിഡ്ജ് | 2 | 0.3297 |
| 8 | പൈപ്പ് ലൈൻ | 2 | 0.0320 |
| 9 | ട്രാൻസ്മിഷൻ ലൈൻ | 1 | 7.4140 |
| 10 | മറ്റുള്ളവ | 2 | 94.2823 |
| | **ആകെ** | 33 | 106.7962 |
| | | | Stage II (അന്തിമ അനുമതി) |
| 1 | ജലജീവൻ മിഷൻ | 42 | 4.7190 |
| 2 | ഒപ്റ്റിക്കൽ ഫൈബർ 4ജി/5ജി | 19 | 3.2978 |

| ക്രമ നം. | പ്രൊപ്പോസലിന്റെ പേര് | എണ്ണം | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|---|
| 3 | ഇലക്ട്രിക് കണക്ഷൻ | 4 | 0.9256 |
| 4 | കുടിവെള്ള വിതരണം | 2 | 0.072 |
| 5 | മെറ്റീരോളജി | 1 | 0.03 |
| 6 | റോഡ് നിർമ്മാണം | 9 | 3.7116 |
| 7 | ഹൈഡൽ പ്രോഡക്ട് | 1 | 0.3 |
| | **ആകെ** | 78 | 13.056 |

### 4.10.1 മരാധിഷ്ഠിത വ്യവസായങ്ങൾക്കുള്ള ലൈസൻസ്, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് മേൽനോട്ടം വഹിക്കൽ

മരാധിഷ്ഠിത വ്യവസായങ്ങളുടെ നടത്തിപ്പിനായി സാമിൽ ചട്ടങ്ങൾ പ്രകാരം രൂപീകൃതമായ സ്റ്റേറ്റ് ലവൽ കമ്മിറ്റിയുടെ സുഗമമായ നടത്തിപ്പും, തടിയധിഷ്ഠിത വ്യവസായം സംബന്ധിച്ച കാര്യങ്ങളുടെ ഏകോപനവും ഒറ്റത്തവണ നിക്ഷേപവും ഈ ഓഫീസിന്റെ ചുമതലയിലാണ്.

സ്റ്റേറ്റ് ലവൽ കമ്മിറ്റി 2023-24 സാമ്പത്തിക വർഷത്തിൽ 22.07.2023, 07.11.2023, 26.03.2024 എന്നീ തീയതികളിൽ യോഗം ചേർന്നിരുന്നു. സ്റ്റേറ്റ് ലവൽ കമ്മിറ്റിയുടെ 22.07.2023-ലെ യോഗ തീരുമാന പ്രകാരം ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള 34 അപേക്ഷകളും, അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള 10 അപേക്ഷകളും, 07.11.2023ന് ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള 43 അപേക്ഷകളും,അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള 7 അപേക്ഷകളും, 26.03.2024 ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള 46അപേക്ഷകളും, അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള 9 അപേക്ഷകളും,അംഗീകരിച്ച് തത്വത്തിൽ അനുമതി നൽകിയിട്ടുള്ളതും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആതറൈസ്ഡ് ഓഫീസർമാർക്ക് നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

കൂടാതെ II, V, VII, VIII, IX, X കാറ്റഗറിയിൽപ്പെട്ട മരാധിഷ്ഠിത വ്യവസായ യൂണിറ്റുകളുടെ യന്ത്രശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഭേദഗതി 03.11.2023-ലെ ജി.ഒ.പി 21/2023-വനം വന്യജീവി വകുപ്പ് പ്രകാരം ഉത്തരവായിട്ടുള്ളതാണ്. വിവിധ കാരണങ്ങളാൽ സംസ്ഥാനത്ത് 30.10.2002-ന് മുമ്പ് മുതൽ പ്രവർത്തിച്ച് വരുന്ന തടിമില്ല് ഉൾപ്പെടെയുള്ള മരാധിഷ്ഠിത വ്യവസായ സ്ഥാപന ഉടമകൾക്ക് ഫോറസ്റ്റ് ലൈസൻസിന് അപേക്ഷിക്കുന്നതിനുള്ള സമയപരിധി ഈ ഭേദഗതി നിലവിൽ വന്ന 03.11.2023 മുതൽ ആറു മാസത്തേക്ക് ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ്. സർക്കാരിന്റെയോ, സർക്കാർ ആധീനതയിലുള്ള പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് പോലെയുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്കോ വനം വകുപ്പ് പാട്ടത്തിന് നൽകിയിട്ടുള്ളതും, റിസർവ്വ് ഫോറസ്റ്റ് സ്റ്റാറ്റസ്സുള്ളതും എന്നാൽ നിലവിൽ റബ്ബർ പ്ലാന്റേഷൻ ഉള്ളതുമായ സ്ഥലങ്ങളിൽ കാറ്റഗറി –V, VII എന്നിവയിൽപ്പെട്ട റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്ക് ലൈസൻസ് അനുവദിക്കുന്നതിന്, തൊട്ടടുത്തുള്ള റിസർവ്വ് വനത്തിൽ നിന്നും 5 കിലോമീറ്റർ radial distance പരിധിക്ക് പുറത്തായിരിക്കണമെന്ന വ്യവസ്ഥ ടി ഭേദഗതിയിൽ ഒഴിവാക്കിയിട്ടുണ്ട്.

മരാധിഷ്ഠിത യൂണിറ്റുകൾ ലൈസൻസ് ലഭിക്കുന്നതിനായി ഒറ്റത്തവണ അടക്കുന്ന തുകയുടെ (OTP) പലിശയുടെ അടിസ്ഥാനത്തിൽ 2023-24 വർഷത്തേക്ക് തയ്യാറാക്കിയ 203.15 ലക്ഷം രൂപയുള്ള APO-ക്ക് സ്റ്റേറ്റ് ലെവൽ കമ്മിറ്റി അംഗീകാരം നൽകിയതിനെതുടർന്ന് തുക വിവിധ പ്രവർത്തനങ്ങൾക്കായി ഡിവിഷനുകൾക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. മരാധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്ക് ലൈസൻസ് ലഭിക്കുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സോഫ്റ്റ് വെയർ നാഷണൽ ഇൻഫോമാറ്റിക് സെന്ററുമായി ചേർന്ന് നടപ്പാക്കുന്നതിന്റെ അന്തിമ ഘട്ടത്തിലാണ്. 2023-24 സാമ്പത്തിക വർഷത്തിൽ OTP ഇനത്തിൽ ലഭിച്ച സ്ഥിരനിക്ഷേപം 210.319 ലക്ഷം രൂപയാണ്.

### 4.10.2 CAMPA (സ്റ്റേറ്റ് കോംപൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് അതോറിറ്റി)

കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് ആക്ട് 2016 (38 of 2016) 13.09.2018-ൽ നിലവിൽ വന്നു. 2023-24 സാമ്പത്തിക വർഷത്തിൽ 13.65 കോടി രൂപയുടെ APO അംഗീകാരത്തിനായി നാഷണൽ ക്യാമ്പ മുമ്പാകെ സമർപ്പിക്കുകയും ആയതിൽ 9.06 കോടി രൂപയുടെ APO അംഗീകരിച്ച് നാഷണൽ ക്യാമ്പ ഉത്തരവായിട്ടുമുണ്ട്. യഥാക്രമം 5 കോടി രൂപ 2023 ജൂൺ മാസം BH:2406-04-103-99-State Compensatory Afforestation (NP) എന്ന ഹെഡിൽ ലഭ്യമായിട്ടുള്ളതും 4.72 കോടി രൂപ ചിലവഴിച്ചിട്ടുള്ളതുമാണ്.

## പട്ടിക-39
## CAMPA ഫണ്ട് ലക്ഷ്യവും നേട്ടവും 2023-24

| ക്രമ നം. | ജോലിയുടെ ഘടകം/ വിശേഷണങ്ങൾ | സാമ്പത്തിക ലക്ഷ്യം (രൂപ ലക്ഷത്തിൽ) | സാമ്പത്തിക നേട്ടം (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| I | പരിഹാര വനവൽക്കരണ ഫണ്ട് | | |
| 1 | പരിഹാര വനവൽക്കരണം | 260.55 | 137.50 |
| II | വനം വന്യജീവി സംരക്ഷണം | | |
| 1 | ഫീൽഡ് റേഷൻ | 22.00 | 11.21 |
| 2 | മണ്ണ് ജല സംരക്ഷണം | 53.00 | 36.82 |
| 3 | സംയുക്ത പട്രോളിംഗും റെയ്ഡും സംഘടിപ്പിക്കുക | 65.70 | 25.26 |
| 4 | കുളങ്ങൾ/ കുഴികൾ കുഴിക്കൽ | 3.75 | 0.66 |
| 5 | പരിസ്ഥിതി പുനഃസ്ഥാപനം | 167.99 | 70.90 |
| 6 | ഗവേഷണ പ്ലോട്ടുകളുടെയും വിത്തുൽപ്പാദന മേഖലകളുടെയും സംരക്ഷണം | 8.00 | -- |
| III | ഫോറസ്റ്റ് ഫയൽ മാനേജ്മെന്റ് | | |
| 1 | ഫയർ മസ്ദൂർ/ഫയർ ഗാങ്ങ് | 75.60 | 72.60 |
| 2 | അഗ്നിശമന ബോധവൽക്കരണ ക്യാമ്പയിൻ | 11.00 | 3.20 |
| 3 | അഗ്നിശമന ഉപകരണങ്ങൾ | 7.80 | 3.27 |
| 4 | ഫയർലൈൻ/ഫയർബ്രേക്ക് നിർമ്മാണം | 65.44 | 40.19 |
| IV | ജൈവ വൈവിധ്യ സംരക്ഷണം | | |
| 1 | വിദേശ കള നീക്കം ചെയ്യൽ | 25.10 | 18.57 |
| 2 | വയൽ പരിപാലനം | 23.14 | 8.35 |
| 3 | ആവാസ സമ്പുഷ്ടീകരണം | 37.50 | 7.22 |
| V | മനുഷ്യ വന്യജീവി സംഘർഷം | | |
| 1 | മൃഗസംരക്ഷണ കേന്ദ്രത്തിന്റെ സ്ഥാപനം, പ്രവർത്തനം, പരിപാലനം, വന്യമൃഗങ്ങൾക്കുള്ള വെറ്ററിനറി ചികിത്സാ സൗകര്യങ്ങൾ | 25.00 | 9.26 |
| VI | ഇന്ററസ്റ്റ് കമ്പോണന്റ് | | |
| 1 | മോണിറ്ററിംഗ് & ഇവാല്യവേഷൻ | 30.00 | 14.00 |
| 2 | സി.ഇ.ഒ-യുടെ ശമ്പളം, സി.എ, പി.സി.എ എന്നിവയുടെ വർദ്ധിച്ചുവരുന്ന ചെലവ് നികത്തൽ | 40.00 | 12.11 |
| 3 | ഓഫീസ് സ്ഥാപനം, സ്റ്റേഷനറി, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ഫീൽഡ് സന്ദർശനം | 8.70 | 0.84 |
| | ആകെ | 930.27 | 472 |

## 4.11 വിജിലൻസ് വിഭാഗം

289/71 MS 23.12.1971-ലെ സർക്കാർ ഉത്തരവനുസരിച്ച് വകുപ്പിലെ അഴിമതിയും, കെടുകാര്യസ്ഥതയും ഫലപ്രദമായി ചെറുക്കുക, വനം കുറ്റകൃത്യങ്ങൾ കണ്ടെത്തി തടയുക എന്നിവയാണ് വിജിലൻസ് വിഭാഗത്തിന്റെ ലക്ഷ്യം. വിജിലൻസ് വിഭാഗം താഴെ പറയുന്ന ഇനം ക്രമക്കേടുകൾ കണ്ടെത്തി നടപടി സ്വീകരിക്കുകയും, ക്രമക്കേടുകൾ ഉണ്ടാകാതിരിക്കാൻ കഴിയുന്നത്ര ജാഗ്രത പുലർത്തുകയും ചെയ്യുന്നു.

- ഉദ്യോഗസ്ഥരുടെ സ്വജനപക്ഷപാതം.
- സർക്കാർ വസ്തുവകകൾക്ക് അന്യായമായി നഷ്ടം ഉണ്ടാക്കുക, വരുമാന നഷ്ടമുണ്ടാക്കുക /അതിനുള്ള സാധ്യത ഉണ്ടാക്കുക.
- തെറ്റായ രീതിയിൽ റ്റി.എ, വീട്ടുവാടക തുടങ്ങിയവ കൈപ്പറ്റുക.
- പെരുമാറ്റം ദൃഷ്യമോ അധികാര ദുർവിനിയോഗങ്ങളോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുക.
- സർക്കാർ നടപടികളിൽ അനാവശ്യമായ കാലതാമസം വരുത്തുക.
- സർക്കാർ വസ്തുവകകൾ ദുർവിനിയോഗം നടത്തുകയോ ദുരുപയോഗം ചെയ്യുകയോ ചെയ്യൽ.
- ജോലിയിൽ തികഞ്ഞ അവഗണനയോ കടുത്ത അനാസ്ഥയോ കൃത്യ വിലോപമോ ചെയ്യുക.
- തെറ്റായതോ നിയമ വിരുദ്ധമായതോ ആയ പെരുമാറ്റം.
- മുകളിൽ സൂചിപ്പിച്ച കുറ്റങ്ങൾക്ക് പ്രേരണ നൽകുക.
- നിയമ വിരുദ്ധമായി വനവിഭവങ്ങളുടെ കടത്ത്.

### 4.11.1 വനം ഇന്റലിജൻസ് സെൽ

ഗുരുതരമായ വന കുറ്റകൃത്യങ്ങളും, വനം ഇന്റലിജൻസ് സെൽ വഴി ശേഖരിക്കുന്ന രഹസ്യങ്ങളുടെ അടിസ്ഥാനത്തിൽ വന്യജീവികൾക്കെതിരേയുള്ള കുറ്റകൃത്യങ്ങളും കണ്ടുപിടിക്കാനും, പ്രതികളെ അറസ്റ്റു ചെയ്യാനും വളരെയധികം സഹായിച്ചിട്ടുണ്ട്. ഇത്തരത്തിൽ രഹസ്യ വിവരം നൽകിയവർക്ക് 2023-24 കാലയളവിൽ 1,73,000 രൂപനൽകിയിട്ടുണ്ട്.

**പട്ടിക-40**
**ഫോറസ്റ്റ് ഇന്റലിജൻസ് സെൽ പിടിച്ചെടുത്ത കള്ളക്കടത്തു വസ്തുക്കൾ 2023-24**

| ക്രമ നം. | ഒ.ആർ കേസ് നം | കേസ് തീയതി | റെയ്ഞ്ച് | കേസ് വിവരം | എണ്ണം | വാഹനം | പ്രതികൾ |
|---|---|---|---|---|---|---|---|
| 1 | 06/2022 | 13.04.2023 | പരുത്തിപ്പള്ളി | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട ഇരുതലമൂരി പാമ്പിനെ കൈവശം വച്ച വിൽപ്പന നടത്തവേ പിടികൂടി | 1 എണ്ണം | 1 | 3 |
| 2 | 05/2023 | 03.05.2023 | പത്തനാപുരം | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട ഇരുതലമൂരി പാമ്പിനെ കൈവശം വച്ച വിൽപ്പന നടത്തവേ പിടികൂടി | 2 എണ്ണം | 0 | 4 |
| 3 | 03/2023 | 10.05.2023 | ഒറ്റപ്പാലം | അനധികൃതമായി ചന്ദനമരം മുറിച്ച് കഷണങ്ങളാക്കി ശേഖരിച്ച് വിൽപ്പന നടത്തവേ പിടികൂടി | 6.3 കി.ഗ്രാം | 1 | 3 |
| 4 | 16/2023 | 27.06.2023 | താമരശ്ശേരി | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട ആനയുടെ കൊമ്പ് ശേഖരിച്ച് വിൽപ്പന നടത്തവേ പിടികൂടി | കഷ്ണങ്ങൾ | 0 | 1 |
| 5 | 02/2023 | 01.07.2023 | കോടനാട് | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട ആനയുടെ കൊമ്പ് ശേഖരിച്ച് വിൽപ്പന നടത്തവേ പിടികൂടി | 1 എണ്ണം | 2 | 4 |
| 6 | 03/2023 | 23.07.2023 | അഞ്ചൽ | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട ഇരുതലമൂരി പാമ്പിനെ കൈവശം വച്ച വിൽപ്പന നടത്തവേ പിടികൂടി | 1 എണ്ണം | 3 | 6 |
| 7 | 18/2023 | 30.07.2023 | താമരശ്ശേരി | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട ആനയുടെ കൊമ്പ് ശേഖരിച്ച് വിൽപ്പന നടത്തവേ പിടികൂടി | 2 എണ്ണം | 1 | 5 |

| ക്രമ നം. | ഒ.ആർ കേസ് നം | കേസ് തീയതി | റെയ്ഞ്ച് | കേസ് വിവരം | എണ്ണം | വാഹനം | പ്രതികൾ |
|---|---|---|---|---|---|---|---|
| 8 | 17/2023 | 31.07.2023 | പാലോട് | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട നക്ഷത്ര ആമയെ കൈവശം വച്ച് വിൽപ്പന നടത്തവേ പിടികൂടി | 2 എണ്ണം | 1 | 3 |
| 9 | 07/2023 | 17.08.2023 | കോന്നി | അനധികൃതമായി ചന്ദനമരം മുറിച്ച് കഷണങ്ങളാക്കി ശേഖരിച്ച് വിൽപ്പന നടത്തവേ പിടികൂടി | 21 കി.ഗ്രാം | 0 | 2 |
| 10 | 03/2023 | 19.08.2023 | ഒലവക്കോട് | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട കടൽക്കുതിരയെ കൈവശം വച്ച് വിൽപ്പന നടത്തവേ പിടികൂടി | 96 എണ്ണം | 0 | 1 |
| 11 | 05/2023 | 20.08.2023 | അഞ്ചൽ | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട മ്ലാവിറച്ചികൈവശം വച്ചതിന്  പിടികൂടി | 3 കി.ഗ്രാം | 0 | 3 |
| 12 | 05/2023 | 20.08.2023 | ആര്യങ്കാവ് | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട മ്ലാവിറച്ചി കൈവശം വച്ചതിന്പിടികൂടി | 6 കി.ഗ്രാം | 0 | 2 |
| 13 | 15/2023 | 02.09.2023 | പരുത്തിപ്പള്ളി | അനധികൃതമായി ചന്ദനമരം മുറിച്ച് കഷണങ്ങളാക്കി ശേഖരിച്ച് വിൽപ്പന നടത്തവേ പിടികൂടി | 43 കി.ഗ്രാം | 0 | 1 |
| 14 | 05/2023 | 16.09.2023 | എരുമേലി | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട ആനയുടെ കൊമ്പ് ശേഖരിച്ച് വിൽപ്പന നടത്തവേ പിടികൂടി | 2 എണ്ണം | 0 | 3 |
| 15 | 06/2023 | 25.09.2023 | അഞ്ചൽ | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട ഇരുതലമൂരി പാമ്പിനെ കൈവശം വച്ച് വിൽപ്പന നടത്തവേ പിടികൂടി | 1 എണ്ണം | 2 | 2 |
| 17 | 08/2023 | 08.11.2023 | കോന്നി | വന്യജീവി സംരക്ഷണ നിയമത്തിൽ ഉൾപ്പെടുന്നപക്ഷികളെ ശേഖരിച്ച് വിൽപ്പന നടത്തവേ പിടികൂടി | 44 എണ്ണം | 1 | 1 |
| 18 | 09/2023 | 09.11.2023 | തൊടുപുഴ | അനധികൃതമായി ചന്ദനമരം മുറിച്ച് കഷണങ്ങളാക്കി ശേഖരിച്ച് വിൽപ്പന നടത്തവേ പിടികൂടി | 120 കി.ഗ്രാം | 2 | 7 |
| 19 | 08/2023 | 24.11.2023 | അഞ്ചൽ | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട ഇരുതലമൂരി പാമ്പിനെ കൈവശം വച്ച് വിൽപ്പന നടത്തവേ പിടികൂടി | 1 എണ്ണം | 0 | 4 |
| 20 | 05/2023 | 07.12.2023 | കാളികാവ് | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട ആനയുടെ കൊമ്പ് ശേഖരിച്ച് വിൽപ്പന നടത്തവേ പിടികൂടി | 2 എണ്ണം | 4 | 9 |

| ക്രമ നം. | ഒ.ആർ കേസ് നം | കേസ് തീയതി | റെയ്ഞ്ച് | കേസ് വിവരം | എണ്ണം | വാഹനം | പ്രതികൾ |
|---|---|---|---|---|---|---|---|
| 21 | 15/2023 | 05.12.2023 | അട്ടപ്പാടി | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട ആനയുടെ കൊമ്പ് ശേഖരിച്ച് വിൽപ്പന നടത്തവേ പിടികൂടി | 2 എണ്ണം | 2 | 4 |
| 22 | 05/2023 | 08.12.2023 | അടിമാലി | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട ആനയുടെ കൊമ്പ് ശേഖരിച്ച് വിൽപ്പന നടത്തവേ പിടികൂടി | 2 എണ്ണം | 0 | 3 |
| 23 | 11/2023 | 14.12.2023 | നേര്യമംഗലം | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട ആനയുടെ കൊമ്പ് ശേഖരിച്ച് വിൽപ്പന നടത്തവേ പിടികൂടി | 2 എണ്ണം | 0 | 3 |
| 24 | 01/2024 | 03.01.2024 | ദേവികുളം | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട മുള്ളൻ പന്നിയുടെ ഇറച്ചി | 2 കി.ഗ്രാം പിടികൂടി | 1 | 3 |
| 25 | 03/2024 | 26.01.2024 | ഒറ്റപ്പാലം | അനധികൃതമായി ചന്ദനമരം മുറിച്ച് കഷണങ്ങളാക്കി ശേഖരിച്ച് വിൽപ്പന നടത്തവേ പിടികൂടി | 2 കി.ഗ്രാം | 1 | 2 |
| 26 | 01/2024 | 31.01.2024 | പാലോട് | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ 1-ൽ ഉൾപ്പെട്ട ആനയുടെ കൊമ്പ് ശേഖരിച്ച് ശില്പങ്ങൾ ആക്കി വിൽപ്പന നടത്തവേ പിടികൂടി | 1എണ്ണം | 2 | 5 |
| 27 | 03/2024 | 08.02.2024 | പരുത്തിപ്പള്ളി | അനധികൃതമായി ചന്ദനമരം മുറിച്ച് കഷണങ്ങളാക്കി ശേഖരിച്ച് വിൽപ്പന നടത്തവേ പിടികൂടി | 9.5 കി.ഗ്രാം | 0 | 1 |
| 28 | 01/2024 | 14.02.2024 | അഞ്ചൽ | വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട മുള്ളൻ പന്നിയുടെ ഇറച്ചി പിടികൂടി | 4 കി.ഗ്രാം | 1 | 1 |
| 29 | 11/2024 | 28.03.2024 | ഒറ്റപ്പാലം | അനധികൃതമായി ചന്ദനമരം മുറിച്ച് കഷണങ്ങളാക്കി ശേഖരിച്ച് വിൽപ്പന നടത്തവേ പിടികൂടി | 15 കി.ഗ്രാം | 0 | 1 |

ഇതിനുപുറമെ, അനധികൃത വാറ്റ്തടയുന്നതിനും കഞ്ചാവ് ചെടികൾ നശിപ്പിക്കുന്നതിനുമായി ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷനുകൾ സംസ്ഥാനം ഒട്ടാകെ 146 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. കാട്ടുവിഭവങ്ങൾ കടത്തിക്കൊണ്ടുപോകാനുപയോഗിച്ച നിരവധി വാഹനങ്ങളും പിടികൂടുകയുണ്ടായി.

### 4.11.2 ടോൾ ഫ്രീ ടെലിഫോൺ സൗകര്യം/ CMO പോർട്ടൽ

പൊതുജനങ്ങളിൽനിന്ന് പരാതികളും വിവരങ്ങളും ലഭിക്കുന്നതിനായി തിരുവനന്തപുരം വനം ആസ്ഥാനത്ത് 1800 425 4733 എന്ന ഒരു ടോൾഫ്രീ ടെലിഫോൺ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് 24 മണിക്കൂറും പ്രവർത്തിക്കുന്ന സൗകര്യമാണ്. ഇതിൽ ലഭിക്കുന്ന പരാതികളും അറിയിപ്പുകളും പ്രിന്റ് ചെയ്യപ്പെടുകയും തുടർനടപടികൾക്കായി അതാത് ഫീൽഡ് ഓഫീസർക്ക് കൈമാറുകയുംചെയ്യും. 2016 മുതലാണ് ടോൾഫ്രീ ടെലിഫോൺ സംവിധാനം നിലവിൽ വന്നത്. 2023-24-ൽ ആകെ 250 പരാതികൾ ഇതിലൂടെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ 250 പരാതികൾ അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം CMO പോർട്ടലിൽ 60 പരാതികൾ ലഭിക്കുകയും അവ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. 2023-24 ൽ 624 പരാതികളും ക്രമക്കേടുകളും അന്വേഷിച്ചിട്ടുണ്ട്. അവയുടെ വിശദവിവരം താഴെ ചേർക്കുന്നു.

## പട്ടിക-41
## വിജിലൻസ് വിഭാഗം അന്വേഷിച്ച പരാതികൾ/ക്രമക്കേടുകൾ 2023-24

| ക്രമ നം. | വിശദ വിവരം | കേസുകളുടെ എണ്ണം | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | | തിരുവനന്തപുരം | പുനലൂർ | കോതമംഗലം | ഇടുക്കി | കണ്ണൂർ | കോഴിക്കോട് | പാലക്കാട് | എറണാകുളം | |
| 1 | അനധികൃത മരംമുറിയും തടികൾ, മറ്റ് വനവിഭവങ്ങൾ കടത്തൽ | 9 | 4 | 23 | 11 | 2 | 3 | 12 | 8 | 72 |
| 2 | റിസർവ്വ് വനത്തിലെ കയ്യേറ്റം | 7 | 7 | 3 | 1 | 0 | 7 | 0 | 2 | 27 |
| 3 | വനം പ്രവൃത്തികൾക്കുള്ള ചെലവിൽ ക്രമക്കേടുകൾ, സർക്കാർ പണത്തിന്റെ ദുരുപയോഗം | 5 | 0 | 0 | 0 | 0 | 0 | 2 | 4 | 11 |
| 4 | വകുപ്പുതല പ്രവൃത്തികളുടെ നടത്തിപ്പി ലെ ക്രമക്കേട് | 3 | 6 | 0 | 1 | 0 | 2 | 6 | 3 | 21 |
| 5 | അന്തിമവെട്ട് തടിവിതരണത്തിലെ ക്രമക്കേട് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 6 | വിതരണം, വിൽപ്പന ക്ലപ്പ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 7 | കാട്ടാനകളെയും മറ്റ്കാട്ടുമൃഗങ്ങളെയും സംബന്ധിച്ച ക്രമക്കേടുകൾ | 1 | 1 | 0 | 0 | 2 | 0 | 0 | 3 | 7 |
| 8 | കാട്ടാനയെയും മറ്റ്മൃഗങ്ങളെയും വെടി വയ്ക്കുന്നത് സംബന്ധിച്ച് | 0 | 0 | 2 | 0 | 0 | 1 | 0 | 0 | 3 |
| 9 | കീഴുദ്യോഗസ്ഥരുടെ മോശം പെരുമാറ്റ വുമായി ബന്ധപ്പെട്ട കേസുകൾ | 29 | 0 | 0 | 0 | 2 | 0 | 0 | 4 | 35 |
| 10 | സർക്കാരിൽ നിക്ഷിപ്തമായ വനവിഭവ ങ്ങളുടെ അനധികൃത കടത്ത് | 1 | 0 | 0 | 1 | 0 | 0 | 2 | 0 | 4 |
| 11 | ലേലത്തിലെ അഴിമതി സമ്പ്രദായങ്ങൾ | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 1 |
| 12 | ആക്രമണം മുതലായവ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 13 | മറ്റ് തരത്തിലുള്ള പരാതികൾ | 0 | 0 | 3 | 14 | 10 | 16 | 13 | 10 | 66 |
| 14 | KPT നിയമങ്ങളുടെ/ നിയമത്തിന്റെ ലംഘനം | 0 | 0 | 0 | 0 | 0 | 9 | 0 | 0 | 9 |
| 15 | വന്യജീവി നിയമത്തിന്റെ ലംഘനം | 0 | 5 | 5 | 0 | 0 | 2 | 0 | 0 | 12 |
| 16 | അനധികൃത വാറ്റ് | 2 | 0 | 0 | 0 | 0 | 2 | 0 | 0 | 4 |
| 17 | ആദിവാസികൾക്ക് എതിരായ അതിക്ര മങ്ങൾ | 0 | 0 | 0 | 2 | 0 | 0 | 3 | 0 | 5 |
| 18 | മൃഗങ്ങൾക്കെതിരായ അതിക്രമങ്ങൾ | 1 | 0 | 0 | 5 | 1 | 0 | 0 | 3 | 10 |
| 19 | ചരൽ, മണൽഎന്നിവയുടെ അനധി കൃത ശേഖരണം | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 2 |
| 20 | കഞ്ചാവ് കൃഷി | 0 | 0 | 0 | 1 | 0 | 0 | 0 | 0 | 1 |

| ക്രമ നം. | വിശദ വിവരം | കേസുകളുടെ എണ്ണം | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | | തിരുവനന്തപുരം | പുനലൂർ | കോതമംഗലം | ഇടുക്കി | കണ്ണൂർ | കോഴിക്കോട് | പാലക്കാട് | എറണാകുളം | |
| 21 | സ്വകാര്യ ഭൂമിയിൽനിന്ന് അനധികൃതമായി മരംമുറിക്കലും, സംഭരണവും, കടത്തലും | 5 | 9 | 0 | 0 | 0 | 0 | 0 | 0 | 14 |
| 22 | വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെയുള്ള ഹർജി | 7 | 37 | 47 | 23 | 0 | 28 | 0 | 74 | 216 |
| 23 | വനസംരക്ഷണസമിതി/ഇ.ഡി സി.-ക്കെതിരായ ഹർജി | 4 | 4 | 0 | 1 | 0 | 1 | 0 | 7 | 17 |
| 24 | മുളയും ഞാങ്ങണയും കടത്തിയതുമായി ബന്ധപ്പെട്ട കേസുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 25 | പെരിയാറിലെ ജലം അനധികൃതമായി വഴി തിരിച്ചു വിടൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 26 | പത്രമാധ്യമ റിപ്പോർട്ട് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 27 | സർക്കാരിൽ നിക്ഷിപ്തമല്ലാത്ത വനവിഭവങ്ങൾ അനധികൃത കടത്ത് | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 2 |
| 28 | കഞ്ചാവ് കൃഷി, ലഹരി വിൽപ്പന തുടങ്ങിയ ആരോപണങ്ങൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 29 | തൗംഗ്യയിലെയും മറ്റ്കേസുകളിലെയും ക്രമക്കേടുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 30 | തീപ്പിടുത്തം | 0 | 1 | 0 | 0 | 0 | 0 | 0 | 1 | 2 |
| 31 | വകുപ്പുതല വാഹനങ്ങളുടെ ദുരുപയോഗം | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 1 |
| 32 | ലൈസൻസില്ലാത്ത് തോക്ക് കൈവശം വയ്ക്കൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 33 | പണത്തിന്റെ ദുരുപയോഗം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 34 | മണൽ കടത്ത് | 0 | 1 | 0 | 0 | 0 | 2 | 0 | 3 | 6 |
| 35 | നാട്ടാനയെ സംബന്ധിച്ചപരാതി | 1 | 9 | 22 | 21 | 0 | 0 | 0 | 2 | 55 |
| 36 | വിളനാശം സംബന്ധിച്ച പരാതി | 0 | 0 | 0 | 0 | 0 | 0 | 0 | 5 | 5 |
| 37 | വനമേഖലയ്ക്ക് തൊട്ടടുത്തായുള്ള അനധികൃത ഖനനം | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 2 |
| 38 | വനംവകുപ്പിന്റെ കെടുകാര്യസ്ഥത സംബന്ധിച്ച പരാതി | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 2 |
| 39 | വനത്തിലേക്കുള്ള അനധികൃത പ്രവേശനം | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 1 |
| 40 | മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ | 0 | 0 | 0 | 0 | 0 | 9 | 0 | 2 | 11 |
| | **ആകെ** | 75 | 85 | 105 | 81 | 17 | 82 | 39 | 140 | 624 |

## 4.12 വർക്കിംഗ് പ്ലാൻ & റിസർച്ച് വിഭാഗം

വനം വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട നയങ്ങളുടെ തുടർച്ച ഉറപ്പുവരുത്തുന്ന തരത്തിലും വനപരിപാലനത്തിന് ശാസ്ത്രീയമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും എഴുതി തയ്യാറാക്കുന്ന രേഖയാണ് വർക്കിംഗ് പ്ലാൻ. കേരളത്തിലെ വിവിധ വനം ഡിവിഷനുകളുടെ വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന പ്രവൃത്തികൾ വർക്കിംഗ് പ്ലാൻ ആൻഡ് റിസർച്ച് വിഭാഗം ആണ് ചെയ്തു വരുന്നത്. ഇതിനു പുറമേ വിവിധ സ്ഥലങ്ങളിൽ വനശാസ്ത്ര ഗവേഷണവും വന പരിപാലനവുമായി ബന്ധപ്പെട്ട പെർമനന്റ് പ്രിസർവേഷൻ പ്ലോട്ടുകൾ, ദീർഘകാല നിരീക്ഷണത്തിനായുള്ള പ്ലോട്ടുകൾ, പുതിയ ഇനങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനുള്ള ഗവേഷണം എന്നിവയൊക്കെ വർക്കിംഗ് പ്ലാൻ ആൻഡ് റിസർച്ച് വിഭാഗം ഏറ്റെടുത്ത് നടത്തിവരുന്നു. ഇത്തരത്തിൽ ഓരോ പ്ലോട്ടിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ ശാസ്ത്രീയമായി അവലോകനം ചെയ്യുന്നത് വനപരിപാലനത്തിന് ശാസ്ത്രീയവും സാങ്കേതികവുമായ അടിത്തറ ഉണ്ടാക്കുന്നതിന് സഹായകരമാകും എന്നാണ് കാണുന്നത്. റിസർച്ച് പ്ലോട്ടുകളുടെ അവലോകനത്തിനായി രൂപീകരിച്ച സാങ്കേതിക സമിതി, ഈ വർഷം ഈ പ്ലോട്ടുകൾ എല്ലാം തന്നെ പുനഃപരിശോധിക്കുകയും വിലയിരുത്തൽ നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

TBGRI, KFRI, KAU, College of Forestry, IFGTB തുടങ്ങിയ വിവിധ ഗവേഷണസ്ഥാപനങ്ങളുമായി ഒരു ഇന്റർഫേസ് ആയി പ്രവർത്തിക്കുന്നത് ഈ വിഭാഗത്തിന്റെ ഗവേഷണ ഡിവിഷനുകളാണ്. ഈ ഡിവിഷനുകൾ പ്രാദേശിക ഫീൽഡ് സാഹചര്യങ്ങളിൽ പല ഗവേഷണ കണ്ടെത്തലുകളുടെ ഫലപ്രാപ്തി പരിശോധിക്കുന്നതിനായി മൾട്ടി ലൊക്കേഷൻ ട്രയലുകൾ നടത്തിയിരുന്നു. പീച്ചിയിലെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സീഡ് സെന്റർ നടത്തി വരുന്നത് ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ റിസർച്ച് തൃശ്ശൂർ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ എന്നിവർ സംയുക്തമായാണ്.

### 2023-24-ലെ പ്രധാന നേട്ടങ്ങൾ

RKDP പ്രോജക്ടുകൾക്ക് കീഴിലുള്ള രണ്ട് സ്കോപ്പിംഗ് പഠനങ്ങളിൽ - *"Scoping Study to develop people inclusive livelihood-based governance strategy for the long-term conservation of mangrove forests of Kerala" (ഡാറ്റ കളക്ഷൻ പൂർത്തിയാക്കി ഇടക്കാല റിപ്പോർട്ട് KFRI-ൽ ലഭ്യമാക്കിയിട്ടുണ്ട്.) "Scoping Study to assess the Hydrological Services provisioned by the Forest Ecosystems of Kerala" (50 % ഡാറ്റ കളക്ഷൻ പൂർത്തിയാക്കിയിട്ടുണ്ട്. CWRDM ആണ് പഠനം നടത്തുന്നത്)* മേൽ പഠനങ്ങൾ വർക്കിംഗ് പ്ലാൻ &റിസർച്ച് വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് നടന്നു വരുന്നത്. ടി രണ്ടു പഠനങ്ങളും സമയബന്ധിതമായി പുരോഗമിക്കുന്നുണ്ട്.

**1. വർക്കിംഗ് പ്ലാൻ ഓഫീസ്, പുനലൂർ**

2023-24 വർഷത്തിൽ മാങ്കുളം, കോന്നി ഡിവിഷനുകളുടെ വർക്കിംഗ് പ്ലാൻ തയാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുനലൂർ വർക്കിംഗ് പ്ലാൻ ഓഫീസർ മുഖേന നടന്നു. മാങ്കുളം ഡിവിഷന്റെ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

**2. വർക്കിംഗ് പ്ലാൻ ഓഫീസ്, അച്ചൻകോവിൽ**

2023-24 വർഷത്തിൽ പുനലൂർ, റാന്നി എന്നീ രണ്ട് വർക്കിംഗ് പ്ലാനുകൾതയാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അച്ചൻകോവിൽ വർക്കിംഗ് പ്ലാൻ ഓഫീസർ മുഖേന നടന്നു. 06.02.2024 ലെ F(C) A/11.6/15/WP/KER/419 നമ്പർ ഉത്തരവ് പ്രകാരം പുനലൂർ ഫോറസ്റ്റ് ഡിവിഷന്റെ (2023-24 മുതൽ 2032-33 വരെ) വർക്കിംഗ് പ്ലാൻ MoEF & CC അംഗീകരിച്ചു. കൂടാതെ റാന്നി ഡിവിഷന്റെ പുതിയ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചുവരുന്നു. ആയതിന്റെ ഭാഗമായുള്ള ഡാറ്റ കളക്ഷൻ ജോലികൾ നടന്നുവരുന്നു.

**3. വർക്കിംഗ് പ്ലാൻ ഓഫീസ്, മൂന്നാർ**

2023-24 വർഷത്തിൽ മൂന്നാർ, മലയാറ്റൂർഎന്നീ ഡിവിഷനുകളുടെ വർക്കിംഗ് പ്ലാൻ തയാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മൂന്നാർ വർക്കിംഗ് പ്ലാൻ ഓഫീസർ മുഖേന നടന്നു. മൂന്നാർ ഡിവിഷന്റെ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തികൾ അന്തിമഘട്ടത്തിലാണ്. മലയാറ്റൂർ ഡിവിഷന്റെ വർക്കിംഗ് പ്ലാൻ തയാറാക്കുന്നതിന് ആവശ്യമായ ഡാറ്റകളക്ഷനുകൾക്കുള്ള പരിശീലന പരിപാടികൾ പുരോഗമിച്ചു വരുന്നു.

**4. വർക്കിംഗ് പ്ലാൻ ഓഫീസ്, പാലക്കാട്**

2023-24 വർഷത്തിൽ മണ്ണാർക്കാട്, നിലമ്പൂർ സൗത്ത് എന്നീ ഡിവിഷനുകളുടെ വർക്കിംഗ് പ്ലാൻ തയാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പാലക്കാട് വർക്കിംഗ് പ്ലാൻ ഓഫീസർ മുഖേന നടന്നു. മണ്ണാർക്കാട് വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി തേക്ക് തോട്ടങ്ങളുടെ സ്റ്റോക്ക് / സൈറ്റ് ക്വാളിറ്റി അസസ്മെന്റ് ചെയ്ത് സ്റ്റോക്ക് മാപ് തയ്യാറാക്കിയിട്ടുണ്ട്. ടി ഡിവിഷനിൽ നിന്നും ശേഖരിച്ച മണ്ണ് സാമ്പിളുകൾ KFRI-ക്ക് നൽകി പരിശോധിച്ച് ആയതിന്റെ മാപ്പും റിസൾട്ടും ലഭ്യമാക്കിയിട്ടുണ്ട്. വർക്കിംഗ് പ്ലാനിന്റെ ആവശ്യത്തിലേക്കായി സ്പീഷീസ് സർവ്വേയും നടത്തിയിരുന്നു. നിലമ്പൂർ സൗത്ത് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ തയാറാക്കുന്നതിലേക്കായി VAN ആപ്പിന്റെ പരിശീലനം ഫീൽഡ് സ്റ്റാഫുകൾക്ക് നൽകിയിട്ടുണ്ട്. ടി ഡിവിഷന്റെ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചുവരുന്നു.

**5. വർക്കിംഗ് പ്ലാൻ ഓഫീസ്, കോഴിക്കോട്**

2023-24 വർഷത്തിൽ കോഴിക്കോട്, സൗത്ത് വയനാട് എന്നീ ഡിവിഷനുകളുടെ വർക്കിംഗ് പ്ലാൻ തയാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കോഴിക്കോട് വർക്കിംഗ് പ്ലാൻ ഓഫീസർ മുഖേന നടന്നു. 30.10.2023ലെ F(C) A/11.6/11/WP/KER/208 നമ്പർഉത്തരവ് പ്രകാരം കോഴിക്കോട് ഫോറസ്റ്റ് ഡിവിഷന്റെ (2021-22മുതൽ 2033-34വരെ) വർക്കിംഗ് പ്ലാൻ MoEF & CC അംഗീകരിച്ചു.സൗത്ത് വയനാട് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ടി ഡിവിഷന്റെ വന ഭൂമികളുടെ സർവ്വേ സ്കെച്ചും വിവിധ മാപ്പുകളും തയ്യാറാക്കി വരുന്നു.

**6. റിസർച്ച് നോർത്ത്ഡിവിഷൻ, തൃശ്ശൂർ**

ഈ ഡിവിഷനു കീഴിലെ വിവിധ തോട്ടങ്ങളിൽ നിന്നും 2023-24 വർഷത്തിൽ 741 കി.ഗ്രാം. വിത്ത് ശേഖരിച്ചതിൽ ഗ്രേഡിംഗിനു ശേഷം 598 കി.ഗ്രാം വിത്ത് വിതരണത്തിന് തയ്യാറാക്കി. ആയതിൽ നിന്നും 309 കി.ഗ്രാം വിത്തും മുൻ വർഷത്തിൽ (2021-22) ശേഖരിച്ച് ക്രയോപ്രിസർവേഷൻ യൂണിറ്റിൽ സൂക്ഷിച്ചിരുന്ന 1111 കി.ഗ്രാം വിത്തും ഉൾപ്പടെ ആകെ 1420 കി.ഗ്രാം വിത്ത് വിതരണം നടത്തി. ബാക്കി 289 കി.ഗ്രാം വിത്ത് വരും വർഷത്തെ ആവശ്യത്തിനായി സൂക്ഷിച്ചിട്ടുണ്ട്.

**7. റിസർച്ച് സൗത്ത് ഡിവിഷൻ, തിരുവനന്തപുരം**

വിവിധ ഗവേഷണ പരിപാടികളുടെ ഭാഗമായി റിസർച്ച് സൗത്ത് ഡിവിഷൻ 108 പ്ലോട്ടുകൾ സംരക്ഷിച്ചു വരുന്നുണ്ട്. ആയതിൽ 64 പ്ലോട്ടുകൾ റിസർച്ച് ഇനത്തിൽപ്പെട്ടതും 16 പ്ലോട്ടുകൾ തേക്ക് വിത്ത് പരിപാലനത്തിനായും 15 എണ്ണം ക്ലോണൽ/ സീഡിംഗ് ഓർക്കാഡും 4 എണ്ണം പ്രൊവിൻസ് / പ്രോജനി ട്രയൽ പ്ലോട്ടുകളും 9 എണ്ണം പെർമെനന്റ് പ്രിസർവേഷൻ പ്ലോട്ടുകളുമാണ്. റിസർച്ച് യൂണിറ്റിന് കീഴിലുള്ള പ്ലോട്ടുകളുടെ മെഷർമെന്റ് യഥാസമയം രേഖപ്പെടുത്തിയിട്ടുണ്ട്.

2023-24 വർഷത്തിൽ റിസർച്ച് സൗത്ത് ഡിവിഷന്റെ അധികാരപരിധിയിലുള്ള വിവിധ തോട്ടങ്ങളിൽ നിന്നും 4721.7കി.ഗ്രാം. തേക്ക് വിത്തും 207 കി.ഗ്രാം. ചന്ദന വിത്തും ശേഖരിച്ചിട്ടുണ്ട്. ലഭിച്ചിട്ടുള്ള വിത്തുകൾ യഥാസമയം KFRI ൽ പരിശോധനയ്ക്കും തുടർ വിതരണത്തിനുമായി നൽകിയിട്ടുണ്ട്.

**8. ഫോറസ്റ്റ് റിസോഴ്സ് സർവേ സെൽ (FRSC), തൃശ്ശൂർ**

2023-24വർഷത്തിൽ തൃശ്ശൂർ ഫോറസ്റ്റ് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്ന ജോലികൾ പുരോഗമിക്കുന്നു. ടി ഡിവിഷന്റെ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് മച്ചാട്, പട്ടിക്കാട്, വടക്കാഞ്ചേരി റെയ്ഞ്ചുകളിലെ ഫീൽഡ് സ്റ്റാഫുകൾക്ക് VAN APP പരിശീലനം നൽകുകയും, VAN APP വഴി നാച്ചുറൽ ഫോറസ്റ്റ് ഗ്രിഡ് എന്യൂമറേഷൻ പ്ലോട്ടുകളിൽ 131 പ്ലോട്ടുകളുടെ ഫീൽഡ് ജോലികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തികളുടെ 31.03.2024 ലെ സ്ഥിതി**

31.03.2024-ലെ കണക്കനുസരിച്ച്, 25 ടെറിട്ടോറിയൽ ഫോറസ്റ്റ് ഡിവിഷനുകളിൽ 19 ഡിവിഷനുകളിലും സാധുതയുള്ള വർക്കിംഗ് പ്ലാനുകൾ നിലവിലുണ്ട്. 2023-24 കാലയളവിൽ പുനലൂർ, കോഴിക്കോട് എന്നീ ഫോറസ്റ്റ് ഡിവിഷനുകളുടെ വർക്കിംഗ് പ്ലാനുകൾക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. മൂന്നാർ, മാങ്കുളം എന്നീ 2 ഫോറസ്റ്റ് ഡിവിഷനുകളുടെ വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. മണ്ണാർക്കാട്, സൗത്ത് വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 4 ഡിവിഷനുകളുടെ വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തികൾ പുരോഗമിക്കുകയാണ്.

**പട്ടിക-42**
**വർക്കിംഗ് പ്ലാനുകളുടെ 31.03.2024 വരെയുള്ള സ്ഥിതി**

| ക്രമ നം. | ഡിവിഷൻ | എന്നു വരെ | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|
| 1 | കോഴിക്കോട് | 31.03.2034 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 2 | പുനലൂർ | 31.03.2033 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 3 | തിരുവനന്തപുരം | 31.03.2031 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 4 | തെന്മല | 31.03.2031 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 5 | അച്ചൻകോവിൽ | 31.03.2031 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 6 | മറയൂർ | 31.03.2031 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 7 | ചാലക്കുടി | 31.03.2030 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |

| ക്രമ നം. | ഡിവിഷൻ | എന്നു വരെ | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|
| 8 | പാലക്കാട് | 31.03.2030 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 9 | വാഴച്ചാൽ | 31.03.2028 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 10 | കോട്ടയം | 31.03.2027 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 11 | കോതമംഗലം | 31.03.2026 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 12 | വയനാട് നോർത്ത് | 31.03.2025 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 13 | നെന്മാറ | 31.03.2025 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 14 | നിലമ്പൂർ നോർത്ത് | 31.03.2025 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 15 | മലയാറ്റൂർ | 31.03.2025 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 16 | കോന്നി | 31.03.2025 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 17 | റാന്നി | 31.03.2024 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 18 | നിലമ്പൂർ സൗത്ത് | 31.03.2024 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 19 | തൃശ്ശൂർ | 31.03.2024 | വർക്കിംഗ് പ്ലാൻ നിലവിലുണ്ട് |
| 20 | കാസർകോട് | 31.03.2023 | പുതിയ വർക്കിംഗ് പ്ലാൻ തയ്യാറാക്കി വരുന്നു |
| 21 | കണ്ണൂർ | 31.03.2023 | പുതിയ വർക്കിംഗ് പ്ലാൻ തയ്യാറാക്കി വരുന്നു |
| 22 | മണ്ണാർക്കാട് | 31.03.2023 | പുതിയ വർക്കിംഗ് പ്ലാൻ തയ്യാറാക്കി വരുന്നു |
| 23 | വയനാട് സൗത്ത് | 31.03.2022 | പുതിയ വർക്കിംഗ് പ്ലാൻ തയ്യാറാക്കി വരുന്നു |
| 24 | മാങ്കുളം | 31.03.2022 | പുതിയ വർക്കിംഗ് പ്ലാൻ തയ്യാറാക്കി വരുന്നു |
| 25 | മൂന്നാർ | 31.03.2020 | പുതിയ വർക്കിംഗ് പ്ലാൻ തയ്യാറാക്കി വരുന്നു |

## 4.13 കേരള ഫോറസ്റ്റ് സീഡ് സെന്റർ

പീച്ചിയിലെ കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ (KFRI) സഹായത്തോടെ ശാസ്ത്രീയമായി വിത്ത് പരിശോധന, ഗ്രേഡിംഗ്, സർട്ടിഫിക്കേഷൻ എന്നിവ ചെയ്യുന്നതിനായി കേരള ഫോറസ്റ്റ് സീഡ് സെന്റർ (KFSC) പ്രവർത്തിച്ചുവരുന്നു. KFRI ൽ വിത്ത് സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്.

**പട്ടിക-43**
**തേക്ക് വിത്തുൽപ്പാദന പ്രദേശങ്ങളുടെ (TSPA) വിശദാംശങ്ങൾ 2023-2024**

| ക്രമ നം. | പ്രദേശം | വനം ഡിവിഷൻ | വർഷം | വിസ്തൃതി (ഹെക്ടർ) |
|---|---|---|---|---|
| റിസർച്ച് നോർത്ത് ഡിവിഷൻ,തൃശ്ശൂർ വിഭാഗത്തിന്റെ കീഴിലുള്ള 2023-24 ലെ TSPA | | | | |
| 1 | ശങ്കരങ്കോട് | നിലമ്പൂർ | 2011 | 42.00 |
| 2 | പൂളക്കപ്പാറ | നിലമ്പൂർ | 2016 | 55.14 |
| 3 | നെടുങ്കയം | നിലമ്പൂർ | 2011 | 55.40 |
| 4 | പൂളക്കപ്പാറ | നിലമ്പൂർ | 2011 | 43.80 |

| ക്രമ നം. | പ്രദേശം | വനം ഡിവിഷൻ | വർഷം | വിസ്തൃതി (ഹെക്ടർ) |
|---|---|---|---|---|
| 5 | ചെറുപുഴ | നിലമ്പൂർ | 2015 | 20.00 |
| 6 | നെടുങ്കയം | നിലമ്പൂർ | 2015 | 9.072 |
| 7 | നെടുങ്കയം (ഭാഗികം) | നിലമ്പൂർ | 2011 | 15.00 |
| 8 | എളഞ്ചേരി | നിലമ്പൂർ | 2016 | 31.00 |
| 9 | ആരവല്ലിക്കാവ് (ഭാഗികം) | നിലമ്പൂർ | 2016 | 22.00 |
| 10 | എഴുത്തുകൽ | നിലമ്പൂർ | 2022 | 5.00 |
| 11 | വട്ടിക്കൽ | നിലമ്പൂർ | 2022 | 10.00 |
| 12 | ചെറുപുഴ ബിറ്റ് II | നിലമ്പൂർ | 2022 | 4.20 |
| 13 | പൂളക്കപ്പാറ | നിലമ്പൂർ | 2022 | 14.90 |
| 14 | പൂളക്കപ്പാറ | നിലമ്പൂർ | 2022 | 5.00 |
| 15 | നെടുങ്കയം | നിലമ്പൂർ | 2022 | 24.30 |
| 16 | കാനക്കുത്ത് | നിലമ്പൂർ | 2022 | 8.70 |
| 17 | ചീയമ്പം | മാനന്തവാടി | 2012 | 51.40 |
| 18 | ബേഗൂർ ബീറ്റ് I | മാനന്തവാടി | 2011 | 51.50 |
| 19 | ബേഗൂർ ബിറ്റ് II | മാനന്തവാടി | 2011 | 67.50 |
| 20 | ബേഗൂർ ക്ലപ്പ് VIII | മാനന്തവാടി | 2022 | 30.00 |
| 21 | ബേഗൂർ | മാനന്തവാടി | 2022 | 47.00 |
| | | | ആകെ | 612.912 |
| റിസർച്ച് സൗത്ത്, തിരുവനന്തപുരം വിഭാഗത്തിന്റെ കീഴിലുള്ള 2023-24ലെ TSPA | | | | |
| 1 | പടയണിപ്പാറ | റാന്നി | 1967 | 27.39 |
| 2 | തെക്കുമല | റാന്നി | 1967 | 26.98 |
| 3 | തെക്കുമല | റാന്നി | 1968 | 29.61 |
| 4 | തെക്കുമല | റാന്നി | 1988 | 30.00 |
| 5 | തെങ്കോടം | കോതമംഗലം | 1960 | 21.05 |
| 6 | പടയണിപ്പാറ | റാന്നി | 1968 | 29.76 |
| 7 | മാങ്ങാപ്പെറ്റ | കോട്ടയം | 1965 | 47.79 |
| 8 | കടപ്പനക്കുളം | റാന്നി | 1980 | 28.77 |
| 9 | മാങ്ങാപ്പെറ്റ | കോട്ടയം | 1962 | 88.30 |
| 10 | കരിക്കട്ടൂർ | കോട്ടയം | 1965 | 47.58 |
| 11 | ലിറ്റിൽ കൊണ്ടോടി | കോന്നി | 1965 | 16.97 |
| 12 | അളിഞ്ഞമൺ | അച്ചൻകോവിൽ | 1987 | 18.28 |

| ക്രമ നം. | പ്രദേശം | വനം ഡിവിഷൻ | വർഷം | വിസ്തൃതി (ഹെക്ടർ) |
|---|---|---|---|---|
| 13 | കോടമല | അച്ചൻകോവിൽ | 1987 | 37.10 |
| 14 | ചെമ്പനരുവി | കോന്നി | 1974 | 49.75 |
| 15 | ചെമ്പനരുവി | കോന്നി | 1975 | 52.9 |
| 16 | ആവോലിക്കുഴി | കോന്നി | 1970 | 39.45 |
| 17 | ബഡ് ഫോർഡ് | തെന്മല | 1978 | 43.03 |
| 18 | ഇടപ്പാളയം | തെന്മല | 1973 | 71.25 |
| 19 | ഇടപ്പാളയം | തെന്മല | 1989 | 35.20 |
| 20 | പാലരുവി | തെന്മല | 1968 | 6.27 |
| 21 | പാലരുവി | തെന്മല | 1970 | 9.8 |
| 22 | കോട്ടവാസൽ | തെന്മല | 1981 | 18.24 |
| 23 | ചുട്ടിപ്പാറ | അച്ചൻകോവിൽ | 1993 | 15.7 |
| 24 | അളിഞ്ഞമൺ ബിറ്റ് 2 | അച്ചൻകോവിൽ | 1981 | 32.5 |
| 25 | പള്ളിവാസൽ | അച്ചൻകോവിൽ | 1993 | 14.7 |
| 26 | വളയം | കല്ലാർ | 1981,82,83 | 83.62 |
| 27 | മുള്ളപ്പന | ചാലക്കുടി | 1976 | 126.00 |
| 28 | മുള്ളപ്പന | ചാലക്കുടി | 1980 | 110 |
| 29 | മുള്ളപ്പന | ചാലക്കുടി | 1982 | 11.76 |
| 30 | വടാട്ടുപാറ | മലയാറ്റൂർ | 1971 | 101 |
| | | | **ആകെ** | 1270.75 |
| **ആകെ മൊത്തം** | | | | 1883.662 |

# അധ്യായം 5
# സാമ്പത്തികം

## 5.1 ബജറ്റ് വിഹിതവും ചെലവും

2023-24-ലെ ബജറ്റ് വിഹിതം 853.25 കോടിയും ചെലവ് 707.88 കോടി രൂപയുമായിരുന്നു. കഴിഞ്ഞ അഞ്ചു വർഷകാലയളവിലെ (2019-20 മുതൽ 2023-24 വരെ) ബജറ്റ് വിഹിതവും ചെലവും ചുവടെ കൊടുക്കുന്നു.

**പട്ടിക – 44**
**2019-20 മുതൽ 2023-24 വരെയുള്ള ബജറ്റ് വിഹിതം അനുവദിച്ചത് / ചെലവ് ഇനത്തിലെ താരതമ്യനില**

| വർഷം | പദ്ധതി ബജറ്റ് വിഹിതം (രൂപ കോടിയിൽ) | അനുവദിച്ചത് (രൂപ കോടിയിൽ) | ചെലവ് (രൂപ കോടിയിൽ) | പദ്ധതിയേതര ബജറ്റ് വിഹിതം (രൂപ കോടിയിൽ) | ചെലവ് (രൂപ കോടിയിൽ) | ആകെ ബജറ്റ് വിഹിതം (രൂപ കോടിയിൽ) | ആകെ ചെലവ് (രൂപ കോടി യിൽ) |
|---|---|---|---|---|---|---|---|
| 2023-24 | 305.23 | 211.197 | 188.41 | 548.02 | 519.47 | 853.25 | 707.88 |
| 2022-23 | 281.21 | 181.841 | 174.36 | 573.62 | 524.79 | 854.83 | 699.15 |
| 2021-22 | 252.22 | 205.614 | 204.31 | 549.44 | 565.55 | 801.66 | 769.86 |
| 2020-21 | 269.46 | 249.475 | 247.61 | 441.99 | 375.72 | 711.45 | 623.33 |
| 2019-20 | 256.01 | 216.17 | 160.27 | 408.99 | 390.91 | 665.00 | 551.18 |

**പട്ടിക-45**
**2022-23, 2023-24 വർഷങ്ങളിലെ പദ്ധതികളുടെ സെക്ടർ തിരിച്ചുള്ള ബഡ്ജറ്റ് വിഹിതവും ചെലവും (രൂപ കോടിയിൽ)**

| പദ്ധതികൾ | 2022-23 | | 2023-24 | |
|---|---|---|---|---|
| | വിഹിതം | ചെലവ് | വിഹിതം | ചെലവ് |
| സ്റ്റേറ്റ് സെക്ടർ | 226.00 | 158.90 | 242.57 | 162.80 |
| സെൻട്രൽസെക്ടർ | 55.20 | 15.46 | 62.66 | 25.61 |
| ആകെ (പദ്ധതി) | 281.21 | 174.36 | 305.23 | 188.41 |
| പദ്ധതിയേതരം | 573.62 | 524.79 | 548.02 | 519.47 |
| **ആകെമൊത്തം** | 854.83 | 699.15 | 853.25 | 707.88 |

2023-24-ലെ പദ്ധതി വിഹിതത്തിന്റെ 61.73% ശതമാനമായ 188.41 കോടി രൂപയായിരുന്നു പദ്ധതി ചെലവുകൾ. ഇതിൽ സ്റ്റേറ്റ് സെക്ടറിൽ 162.80 കോടി രൂപയും സെൻട്രൽ സെക്ടറിൽ 25.61 കോടി രൂപയുമാണ് ചെലവഴിച്ചത്.

## A. പ്ലാൻ സ്കീമുകൾക്കുള്ള ബഡ്ജറ്റ് വിഹിതവും ചെലവും

2023-24 കാലയളവിൽ, 30523.62 ലക്ഷം രൂപ ബജറ്റിൽ പ്ലാൻ സ്കീമുകൾക്കായി വകയിരുത്തിയിരുന്നതിൽ 21119.715 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. ഇതിൽ 18840.836 ലക്ഷം രൂപയാണ് വിനിയോഗിച്ചത്. സംസ്ഥാന-കേന്ദ്ര പദ്ധതികളുടെ ബജറ്റ് വിഹിതവും അനുവദിച്ച തുകയുടെയും ചെലവുകളുടെയും സംഗ്രഹം ചുവടെ ചേർക്കുന്നു.

## പട്ടിക-46
## പ്ലാൻ സ്കീമുകൾക്ക് കീഴിലുള്ള സാമ്പത്തിക പുരോഗതി

| ക്രമ നം. | വിഭാഗം | ബഡ്ജറ്റ് വിഹിതം | അനുവദിച്ച തുക | ചെലവ് | അനുവദിച്ച തുകയിന്മേലുള്ള ചെലവിന്റെ % | ബഡ്ജറ്റ് വിഹിതത്തി-ന്മേലുള്ള ചെലവിന്റെ % |
|---|---|---|---|---|---|---|
| 1 | 100% സ്റ്റേറ്റ് സ്കീം | 20067.000 | 16618.360 | 14470.516 | 87.080 | 72.110 |
| 2 | 40% സംസ്ഥാന വിഹിതം | 4089.980 | 1940.360 | 1809.325 | 93.250 | 44.240 |
| 3 | സംസ്ഥാന വിഹിതം 25% | 100.000 | 0 | 0 | 0 | 0 |
| | **സംസ്ഥാന പദ്ധതികളും CSSന്റെ സംസ്ഥാന വിഹിതവും - ആകെ** | **24256.98** | **18558.72** | **16279.841** | **87.72** | **67.11** |
| 4 | 60% കേന്ദ്ര വിഹിതം | 5966.640 | 2560.995 | 2560.995 | 100.000 | 42.930 |
| 5 | 75% കേന്ദ്ര വിഹിതം | 300.000 | 0 | 0 | 0 | 0 |
| | CSS ആകെ കേന്ദ്ര വിഹിതം | 6266.640 | 2560.995 | 2560.995 | 100.000 | 40.870 |
| | **ആകെ മൊത്തം (സ്റ്റേറ്റ് + CSS)** | 30523.620 | 21119.715 | 18840.836 | 89.210 | 61.730 |

## പട്ടിക - 47
## പ്ലാൻ സ്കീമുകളുടെ സാമ്പത്തിക നേട്ടങ്ങൾ 2023-24

| ക്രമ നം. | പദ്ധതിയുടെ പേരും ശീർഷകവും | തുക (ലക്ഷത്തിൽ) | |
|---|---|---|---|
| | | ബഡ്ജറ്റ് വിഹിതം | ചിലവ് |
| A | **സ്റ്റേറ്റ് സെക്ടർ സ്കീമുകൾ** | | |
| I | **സ്വാഭാവിക വനങ്ങളുടെ നടത്തിപ്പ്** | | |
| 1 | വനസംരക്ഷണം (2406-01-101-81) | 2600.000 | 2273.188 |
| 2 | വനസംരക്ഷണം (വനാതിർത്തികളുടെ സർവെയും വനസംരക്ഷണവും) (4406-01-101-99) | 2800.000 | 1608.731 |
| 3 | നശിച്ചുപോയ വനങ്ങളുടെ പുനരുദ്ധാരണം (2406-01-101-94) | 300.000 | 187.101 |
| 4 | ഔഷധ സസ്യമുൾപ്പെടെയുള്ള തടിയേതര വനോൽപ്പന്നങ്ങളുടെ പോഷണം (2406-01-101-80) | 200.000 | 127.834 |
| | **ആകെ** | 5900.000 | 4196.855 |
| II | **തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തൽ** | | |
| 1 | ഘനതടിവർഗം (4406-01-105-87) (01) | 500.000 | 330.999 |

| ക്രമ നം. | പദ്ധതിയുടെ പേരും ശീർഷകവും | തുക (ലക്ഷത്തിൽ) | |
|---|---|---|---|
| | | ബഡ്ജറ്റ് വിഹിതം | ചിലവ് |
| 2 | വ്യവസായ അസംസ്കൃത വസ്തുക്കൾ (4406-01-105-87) (02) | 200.000 | 130.720 |
| | **ആകെ** | 700.000 | 461.719 |
| III | **അടിസ്ഥാന സൗകര്യവികസനം** | | |
| 1 | റോഡുകൾ (4406-01-070-99) | 400.000 | 245.236 |
| 2 | കെട്ടിടങ്ങൾ (4406-01-070-97) | 400.000 | 246.680 |
| | **ആകെ** | 800.00 | 491.916 |
| IV | ഇക്കോട്ടൂറിസം (4406-01-800-91) | 700.000 | 430.804 |
| V | മാനവശേഷിവികസനം (2406-01-003-97) | 350.000 | 348.665 |
| VI | വിഭവ ആസൂത്രണവും ഗവേഷണവും (2406-01-004-92) | 150.000 | 100.465 |
| VII | ഫോറസ്റ്റ് മാനേജ്മെന്റ് വിവരസമ്പ്രദായവും ജിയോഗ്രാഫിക്കൽ വിവരസമ്പ്രദായവും (2406-01-800-57) | 150.000 | 97.459 |
| VIII | സാമൂഹിക വനവിപുലീകരണവും കാർഷിക വനവൽക്കരണവും (2406-01-101-78) | 1000.000 | 616.752 |
| IX | RIDF-ൽനിന്നുള്ള സഹായത്തോടു കൂടിയപണികൾ (4406-01-800-90) | 5157.000 | 3616.892 |
| X | മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ (2406-02-110-09) | 3085.000 | 2914.892 |
| XI | പുത്തൂർ സുവോളജിക്കൽ പാർക്ക്, തൃശ്ശൂർ (2406-02-110-48) | 600.000 | 176.797 |
| XII | ആന പുനരധിവാസ കേന്ദ്രം, കാപ്പുകാട്, കോട്ടൂർ (2406-02-110-29) | 100.000 | 62.490 |
| XIII | ജൈവവൈവിദ്ധ്യ സംരക്ഷണം (2406-02-110-68) | 1000.000 | 719.129 |
| XIV | പരിസ്ഥിതി വികസനപരിപാടി (2406-02-110-56) | 375.000 | 235.681 |
| | **സംസ്ഥാനതല പദ്ധതികൾ ആകെ (A)** | **20067.000** | **14470.516** |
| B | **പദ്ധതികളുടെ കേന്ദ്ര-സംസ്ഥാന വിഹിതം (60:40)** | | |
| I | **വന്യജീവി സങ്കേതങ്ങളുടെ പരിപാലനം** | | |
| 1 | നെയ്യാർ വന്യജീവി സങ്കേതം (2406-02-110-28) (01) | 55.5000 | 15.090 |
| | നെയ്യാർ വന്യജീവി സങ്കേതം (2406-02-110-28) (02) | 37.000 | 9.752 |
| | **ആകെ** | 92.500 | 24.842 |
| 2 | വയനാട് വന്യജീവി സങ്കേതം (2406-02-110-27) (01) | 120.000 | 27.321 |
| | വയനാട് വന്യജീവി സങ്കേതം (2406-02-110-27) (02) | 80.000 | 18.214 |
| | **ആകെ** | 200.000 | 45.535 |

| ക്രമ നം. | പദ്ധതിയുടെ പേരും ശീർഷകവും | തുക (ലക്ഷത്തിൽ) | |
|---|---|---|---|
| | | ബഡ്ജറ്റ് വിഹിതം | ചിലവ് |
| 3 | ഇടുക്കി വന്യജീവി സങ്കേതം (2406-02-110-26) (01) | 60.000 | 17.669 |
| | ഇടുക്കി വന്യജീവി സങ്കേതം (2406-02-110-26) (02) | 40.000 | 11.779 |
| | **ആകെ** | 100.000 | 29.448 |
| 4 | പീച്ചി വാഴാനി വന്യജീവി സങ്കേതം (2406-02-110-25) (01) | 60.000 | 15.479 |
| | പീച്ചി വാഴാനി വന്യജീവി സങ്കേതം (2406-02-110-25) (02) | 40.000 | 10.319 |
| | **ആകെ** | 100.000 | 25.798 |
| 5 | പേപ്പാറ വന്യജീവി സങ്കേതം (2406-02-110-24) (01) | 48.000 | 9.300 |
| | പേപ്പാറ വന്യജീവി സങ്കേതം (2406-02-110-24) (02) | 32.000 | 5.574 |
| | **ആകെ** | 80.000 | 14.874 |
| 6 | ഷെന്തുരുണി വന്യജീവി സങ്കേതം (2406-02-110-23) (01) | 60.000 | 13.215 |
| | ഷെന്തുരുണി വന്യജീവി സങ്കേതം (2406-02-110-23) (02) | 40.000 | 8.761 |
| | **ആകെ** | 100.000 | 21.976 |
| 7 | ചിമ്മിനി വന്യജീവി സങ്കേതം (2406-02-110-22) (01) | 52.500 | 13.661 |
| | ചിമ്മിനി വന്യജീവി സങ്കേതം (2406-02-110-22) (02) | 35.000 | 7.431 |
| | **ആകെ** | 87.500 | 21.092 |
| 8 | ആറളം വന്യജീവി സങ്കേതം (2406-02-110-21) (01) | 52.500 | 12.255 |
| | ആറളം വന്യജീവി സങ്കേതം (2406-02-110-21) (02) | 35.000 | 8.093 |
| | **ആകെ** | 87.500 | 20.348 |
| 9 | ചിന്നാർ വന്യജീവി സങ്കേതം (2406-02-110-20) (01) | 39.000 | 11.349 |
| | ചിന്നാർ വന്യജീവി സങ്കേതം (2406-02-110-20) (02) | 26.000 | 7.566 |
| | **ആകെ** | 65.000 | 18.915 |
| 10 | തട്ടേക്കാട് പക്ഷി സങ്കേതം (2406-02-110-19) (01) | 34.500 | 13.751 |
| | തട്ടേക്കാട് പക്ഷി സങ്കേതം (2406-02-110-19) (02) | 23.000 | 9.167 |
| | **ആകെ** | 57.500 | 22.918 |
| 11 | മംഗളവനം പക്ഷി സങ്കേതം (2406-02-110-18) (01) | 12.000 | 2.910 |
| | മംഗളവനംപക്ഷി സങ്കേതം (2406-02-110-18) (02) | 8.000 | 1.940 |
| | **ആകെ** | 20.000 | 4.850 |
| 12 | കുറിഞ്ഞിമല വന്യജീവി സങ്കേതം (2406-02-110-17) (01) | 18.000 | 5.493 |
| | കുറിഞ്ഞിമല വന്യജീവിസങ്കേതം (2406-02-110-17) (02) | 12.000 | 3.662 |
| | **ആകെ** | 30.000 | 9.155 |

| ക്രമ നം. | പദ്ധതിയുടെ പേരും ശീർഷകവും | തുക (ലക്ഷത്തിൽ) | |
|---|---|---|---|
| | | ബഡ്ജറ്റ് വിഹിതം | ചിലവ് |
| 13 | ചൂളന്നൂർ മയിൽ സങ്കേതം (2406-02-110-16) (01) | 15.000 | 4.080 |
| | ചൂളന്നൂർ മയിൽ സങ്കേതം (2406-02-110-16) (02) | 10.000 | 2.720 |
| | **ആകെ** | **25.000** | **6.800** |
| 14 | മലബാർ വന്യജീവി സങ്കേതം (2406-02-110-15) (01) | 25.500 | 6.033 |
| | മലബാർ വന്യജീവി സങ്കേതം (2406-02-110-15) (02) | 17.000 | 4.012 |
| | **ആകെ** | **42.500** | **10.045** |
| 15 | കൊട്ടിയൂർ വന്യജീവി സങ്കേതം (2406-02-110-14) (01) | 28.500 | 7.125 |
| | കൊട്ടിയൂർ വന്യജീവി സങ്കേതം (2406-02-110-14) (02) | 19.000 | 4.280 |
| | **ആകെ** | **47.500** | **11.405** |
| 16 | കരിമ്പുഴ വന്യജീവി സങ്കേതം (2406-02-110-13) (01) | 33.000 | 8.543 |
| | കരിമ്പുഴ വന്യജീവി സങ്കേതം (2406-02-110-13) (02) | 22.000 | 4.815 |
| | **ആകെ** | **55.000** | **13.358** |
| | **വന്യജീവി സങ്കേതങ്ങളുടെ പരിപാലനം - ആകെ** | **1190.000** | **301.359** |
| II | **ദേശീയോദ്യാനങ്ങൾ** | | |
| 1 | ഇരവികുളം ദേശീയോദ്യാനം (2406-02-110-79) (01) | 75.000 | 18.171 |
| | ഇരവികുളം ദേശീയോദ്യാനം (2406-02-110-79) (02) | 50.000 | 12.114 |
| | **ആകെ** | **125.000** | **30.285** |
| 2 | സൈലന്റ് വാലി ദേശീയോദ്യാനം (2406-02-110-78) (01) | 84.000 | 15.053 |
| | സൈലന്റ് വാലി ദേശീയോദ്യാനം (2406-02-110-78) (02) | 56.000 | 10.060 |
| | **ആകെ** | **140.000** | **25.113** |
| 3 | ആനമുടി ദേശീയോദ്യാനം (2406-02-110-77) (01) | 33.000 | 8.355 |
| | ആനമുടി ദേശീയോദ്യാനം (2406-02-110-77) (02) | 22.000 | 5.570 |
| | **ആകെ** | **55.000** | **13.925** |
| 4 | മതികെട്ടാൻമല ദേശീയോദ്യാനം (2406-02-110-76) (01) | 33.000 | 8.664 |
| | മതികെട്ടാൻമല ദേശീയോദ്യാനം (2406-02-110-76) (02) | 22.000 | 5.776 |
| | **ആകെ** | **55.000** | **14.440** |
| 5 | പാമ്പാടുംഷോല ദേശീയോദ്യാനം (2406-02-110-75) (01) | 33.000 | 8.679 |
| | പാമ്പാടുംഷോല ദേശീയോദ്യാനം (2406-02-110-75) (02) | 22.000 | 5.786 |
| | **ആകെ** | **55.000** | **14.465** |
| | **ദേശീയോദ്യാനങ്ങൾ ആകെ** | **430.000** | **98.228** |

| ക്രമ നം. | പദ്ധതിയുടെ പേരും ശീർഷകവും | തുക (ലക്ഷത്തിൽ) | |
|---|---|---|---|
| | | ബഡ്ജറ്റ് വിഹിതം | ചിലവ് |
| III | **കമ്മ്യൂണിറ്റി റിസർവ്വുകളുടെ സംരക്ഷണം** | | |
| 1 | വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്രവികസനം – കമ്മ്യൂണിറ്റി റിസർവ്വുകളുടെ സംരക്ഷണം - കടലുണ്ടി – വള്ളിക്കുന്ന് (2406-02-110-72) (01) | 18.000 | 4.695 |
| | വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്രവികസനം – കമ്മ്യൂണിറ്റി റിസർവ്വുകളുടെ സംരക്ഷണം - കടലുണ്ടി – വള്ളിക്കുന്ന് (2406-02-110-72) (02) | 12.000 | 3.130 |
| | **കമ്മ്യൂണിറ്റി റിസർവ്വുകളുടെ സംരക്ഷണം - ആകെ** | 30.000 | 7.825 |
| IV | **കടുവാ സംരക്ഷണപദ്ധതികൾ** | | |
| 1 | പെരിയാർ കടുവാസങ്കേതം (2406-02-110-74) (01) | 546.490 | 305.573 |
| | പെരിയാർ കടുവാസങ്കേതം (2406-02-110-74 (02) | 360.280 | 254.974 |
| | **ആകെ** | 906.770 | 560.547 |
| 2 | പറമ്പികുളം കടുവാസങ്കേതം (2406-02-110-73 (01) | 414.950 | 260.619 |
| | പറമ്പികുളം കടുവാസങ്കേതം (2406-02-110-73 (02) | 272.560 | 220.088 |
| | **ആകെ** | 687.510 | 480.707 |
| 3 | പെരിയാർകടുവാസങ്കേതം (TSP) (2406-02-796-96) (01) | 23.510 | 23.510 |
| | പെരിയാർകടുവാസങ്കേതം (TSP) (2406-02-796-96) (02) | 19.720 | 19.720 |
| | **ആകെ** | 43.230 | 43.230 |
| 4 | പറമ്പികുളം കടുവാസങ്കേതം (TSP) (2406-02-796-94) (01) | 20.050 | 20.050 |
| | പറമ്പികുളം കടുവാസങ്കേതം (TSP) (2406-02-796-94) (02) | 17.440 | 17.440 |
| | **ആകെ** | 37.490 | 37.490 |
| | **കടുവാസംരക്ഷണ പദ്ധതി ആകെ** | 1675.000 | 1121.974 |
| V | **പ്രോജക്ട് എലിഫെന്റ് സ്കീം** | | |
| 1 | പ്രോജക്ട് എലിഫെന്റ് (2406-02-110-35 (01) | 780.000 | 342.912 |
| | പ്രോജക്ട് എലിഫെന്റ് (2406-02-110-35 (02) | 520.000 | 222.292 |
| | **പ്രോജക്ട് എലിഫെന്റ് സ്കീം ആകെ** | 1300.000 | 565.204 |
| VI | **ഗുരുതരമായ വംശനാശഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളുടെ സംരക്ഷണം** | | |
| 1 | ഗുരുതരമായ വംശനാശ, ഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി (2406-02-110-11) (01) | 33.000 | 8.309 |
| | ഗുരുതരമായ വംശനാശ, ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി (2406-02-110-11) (02) | 22.000 | 5.542 |

| ക്രമ നം. | പദ്ധതിയുടെ പേരും ശീർഷകവും | തുക (ലക്ഷത്തിൽ) | |
|---|---|---|---|
| | | ബഡ്ജറ്റ് വിഹിതം | ചിലവ് |
| | **ഗുരുതരമായ വംശനാശഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളുടെ സംരക്ഷണം ആകെ** | **55.000** | **13.851** |
| | **വരയാടുകളുടെ പ്രത്യേക സംരക്ഷണം** | | |
| 1 | വരയാടുകളുടെ പ്രത്യേകസംരക്ഷണം (2406-02-110-12 (01) | 39.000 | 9.750 |
| 2 | വരയാടുകളുടെ പ്രത്യേകസംരക്ഷണം (2406-02-110-12 (02) | 26.000 | 6.500 |
| | **വരയാടുകളുടെ പ്രത്യേകസംരക്ഷണം ആകെ** | **65.000** | **16.250** |
| VII | **ഹരിത ഇൻഡ്യയ്ക്കായുള്ള ദേശീയപദ്ധതി** | | |
| 1 | ദേശീയ വനവൽക്കരണപദ്ധതി (2406-01-102-86) (01) | 600.000 | 0 |
| | ദേശീയ വനവൽക്കരണപദ്ധതി (2406-01-102-86) (02) | 400.000 | 0 |
| | **ആകെ** | **1000.000** | **0** |
| VIII | **വനാഗ്നിതടയലും സംരക്ഷണവും** | | |
| 1 | വനാഗ്നിതടയലും സംരക്ഷണവും പദ്ധതി (2406-01-101-77) (01) (എഫ്.പി.എം.എസ്) | 471.600 | 471.600 |
| | വനാഗ്നിതടയലും സംരക്ഷണവും പദ്ധതി (2406-01-101-77) (02) (എഫ്.പി.എം.എസ്) | 314.410 | 314.410 |
| | **ആകെ** | **786.010** | **786.010** |
| 2 | വനാഗ്നിതടയലും സംരക്ഷണവും പദ്ധതി (2406-01-796-98) (01) (ടി.എസ്.പി) | 156.040 | 156.040 |
| | വനാഗ്നിതടയലും സംരക്ഷണവും പദ്ധതി (2406-01-796-98) (02) (ടി.എസ്.പി) | 104.020 | 104.020 |
| | **ആകെ** | **260.060** | **260.060** |
| | **വനാഗ്നിതടയലും സംരക്ഷണവും ആകെ** | **1046.070** | **1046.070** |
| IX | **പ്രകൃതിവിഭവങ്ങളുടെയും ആവാസവ്യവസ്ഥകളുടെയും സംരക്ഷണം** | | |
| 1 | നീലഗിരി ബയോസ്ഫിയർ റിസർവ്വ് (2406-02-110-34) (01) | 270.000 | 0 |
| | നീലഗിരി ബയോസ്ഫിയർ റിസർവ്വ് (2406-02-110-34) (02) | 180.000 | 0 |
| | **ആകെ** | **450.000** | **0** |
| 2 | അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് (2406-02-110-33) (01) | 180.000 | 59.656 |
| | അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് (2406-02-110-33) (02) | 120.000 | 39.768 |
| | **ആകെ** | **300.000** | **99.424** |
| 3 | തണ്ണീർത്തട സംരക്ഷണം(2406-02-110-32) (01) | 242.000 | 0 |
| | തണ്ണീർത്തടസംരക്ഷണം(2406-02-110-32) (02) | 161.000 | 0 |
| | **ആകെ** | **403.000** | **0** |

| ക്രമ നം. | പദ്ധതിയുടെ പേരും ശീർഷകവും | തുക (ലക്ഷത്തിൽ) | |
|---|---|---|---|
| | | ബഡ്ജറ്റ് വിഹിതം | ചിലവ് |
| 4 | ദേശീയ തീരദേശദൗത്യം (വേമ്പനാട്, കണ്ണൂർ മേഖലകളിലെ കണ്ടൽക്കാടുകളുടെ സംരക്ഷണവും പരിപാലനവും) (2406-02-110-10) (01) | 0 | 0 |
| | ദേശീയ തീരദേശദൗത്യം (വേമ്പനാട്, കണ്ണൂർ മേഖലകളിലെ കണ്ടൽക്കാടുകളുടെ സംരക്ഷണവും പരിപാലനവും) (2406-02-110-10) (02) | 14.550 | 12.550 |
| | **ആകെ** | 14.550 | 12.550 |
| 5 | വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്രവികസനം – വയനാട് വന്യജീവി സങ്കേതത്തിലെ സംരക്ഷിത പ്രദേശങ്ങളിൽ നിന്നും മനുഷ്യവാസ കേന്ദ്രങ്ങൾ സ്വമേധയാമാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതി (2406-02-110-31) (01) | 600.000 | 553.500 |
| | വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്രവികസനം – വയനാട് വന്യജീവി സങ്കേതത്തിലെ സംരക്ഷിത പ്രദേശങ്ങളിൽ നിന്നും മനുഷ്യവാസകേന്ദ്രങ്ങൾ സ്വമേധയാമാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതി (2406-02-110-31) (02) | 498.000 | 369.000 |
| | **ആകെ** | 1098.000 | 922.500 |
| 6 | വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്രവികസനം – വന്യജീവി സംരക്ഷണമേഖലയ്ക്ക് പുറത്തുള്ള വന്യജീവി സംരക്ഷണം (2406-02-110-52) (01) | 600.000 | 102.551 |
| | വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്രവികസനം-വന്യജീവി സംരക്ഷണമേഖലയ്ക്ക് പുറത്തുള്ള വന്യജീവി സംരക്ഷണം (2406-02-110-52) (02) | 400.000 | 62.534 |
| | **ആകെ** | 1000.000 | 165.085 |
| | **പ്രകൃതി വിഭവങ്ങളുടെയും ആവാസവ്യവസ്ഥകളുടെയും സംരക്ഷണം ആകെ** | 3265.550 | 1199.559 |
| | **ആകെ** (B) | 10056.62 | 4370.320 |
| C | **പദ്ധതികളുടെ കേന്ദ്ര സംസ്ഥാനവിഹിതം** (75 : 25) | | |
| 1 | ചെറുകിട വനോൽപ്പന്നങ്ങൾക്കുള്ള കുറഞ്ഞ താങ്ങുവില (2406-01-105-89) (01) | 300.000 | 0 |
| | ചെറുകിട വനോൽപ്പന്നങ്ങൾക്കുള്ള കുറഞ്ഞ താങ്ങുവില (2406-01-105-89) (02) | 100.000 | 0 |
| | **ആകെ** (C) | 400.000 | 0 |
| | **ആകെ**(A + B + C) | 30523.620 | 18840.836 |

## B. നോൺ-പ്ലാൻ സ്കീമുകൾക്കുള്ള ബഡ്ജറ്റ് വിഹിതവും ചെലവും

ബഡ്ജറ്റ് വിഹിതമായി 54802.180 ലക്ഷം രൂപ നീക്കിവച്ചതിൽ 51947.038 ലക്ഷം രൂപ ചെലവഴിച്ചു. ബഡ്ജറ്റ് ഹെഡ്ഡ് പ്രകാരം അനുവദിച്ച തുകയും വന്നിട്ടുള്ള ചെലവും ചുവടെ കൊടുക്കുന്നു.

**പട്ടിക-48**
**നോൺ-പ്ലാൻ സ്കീമുകളിലെ സാമ്പത്തിക നേട്ടങ്ങൾ 2023-24**

| ക്രമ നം. | പദ്ധതിയുടെ പേരും ശീർഷകവും | തുക (ലക്ഷത്തിൽ) | |
|---|---|---|---|
| | | ബഡ്ജറ്റ് വിഹിതം | ചെലവ് |
| I | **ഭരണവുംനടത്തിപ്പും (2406-01-001)** | | |
| 1 | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ് (2406-01-001-99) | 2481.120 | 2479.751 |
| 2 | ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്(2406-01-001-98) -സർക്കിൾ ഓഫീസ് | 988.760 | 967.665 |
| 3 | പ്രവർത്തന പദ്ധതിയും ഗവേഷണ സർക്കിളും (2406-01-001-97) വർക്കിംഗ് പ്ലാൻ & റിസർച്ച് സർക്കിൾ | 94.060 | 77.628 |
| 4 | വിജിലൻസ്– ഇവാല്വേഷൻ വിഭാഗം (2406-01-001-96) | 2110.130 | 2129.912 |
| 5 | ജില്ലാ ഓഫീസുകൾ (2406-01-001-95) | 16549.600 | 16061.905 |
| 6 | സ്ഥിതി വിവരകണക്ക് വിഭാഗം (2406-01-001-94) | 8.670 | 9.451 |
| 7 | തടി വിൽപ്പന വിഭാഗം (2406-01-001-93) | 865.840 | 848.094 |
| 8 | വനങ്ങളെ സംബന്ധിച്ചുള്ള പ്രചാരണവും പരസ്യവും (2406-01-001-91) | 60.350 | 65.524 |
| 9 | വന പരിപാലനം ത്വരിതപ്പെടുത്തൽ (2406-01-001-90) | 355.380 | 238.253 |
| | **ആകെ** | **23513.910** | **22878.183** |
| II | **വിദ്യാഭ്യാസവും പരിശീലനവും (2406-01-003)** | | |
| 1 | വിദ്യാഭ്യാസവും പരിശീലനവും (2406-01-003-99) | 470.330 | 214.051 |
| | **ആകെ** | **470.330** | **214.051** |
| III | **വനഗവേഷണം (2406-01-004)** | | |
| 1 | വനഗവേഷണവും പരിശീലനവും (2406-01-004-99) | 94.950 | 92.52093 |
| 2 | കേരളത്തിലെ വനവികസന ഫണ്ടിൽ നിന്നും വനഗവേഷണത്തിനു നൽകിയത് (2406-01-004-95) | 517.120 | 129.42338 |
| | **ആകെ** | **612.070** | **221.94431** |
| IV | വനവിഭവങ്ങളുടെ സർവ്വേയും ഉപയോഗപ്പെടുത്തലും (2406-01-005) | | |
| 1 | വനവിഭവസർവെ (2406-01-005-99) | 62.380 | 55.181 |
| 2 | വനഅതിർത്തികളുടെസർവ്വേ (2406-01-005-98) | 302.760 | 263.616 |
| 3 | എക്കോസെൻസിറ്റീവ് സോണിലെ ഭൗതിക സ്ഥല പരിശോധനയ്ക്കായി നിയോഗിക്കപ്പെട്ട വിദഗ്ദ്ധ പരിശോധനാ സമിതി (2406-01-005-97) | 12.730 | 0 |
| | **ആകെ** | **377.87** | **318.797** |
| V | സ്ഥിതി വിവരക്കണക്കുകൾ (2406-01-013) | | |
| 1 | ആസൂത്രണസ്ഥിതി വിവരക്കണക്ക് വിഭാഗം (2406-01-013-99) | 220.420 | 230.365 |
| | **ആകെ** | **220.420** | **230.365** |
| VI | ഗതാഗതവും കെട്ടിടങ്ങളും (2406-01-070) | | |
| 1 | റോഡുകളും പാലങ്ങളും (2406-01-070-99) | 38.000 | 23.680 |
| 2 | കെട്ടിടങ്ങൾ (2406-01-070-98) | 71.350 | 43.014 |
| | **ആകെ** | **109.350** | **66.694** |
| VII | വനസംരക്ഷണവും വികസനവും പുനരുദ്ധാരണവും (2406-01-101) | | |

| ക്രമ നം. | പദ്ധതിയുടെ പേരും ശീർഷകവും | തുക (ലക്ഷത്തിൽ) | |
|---|---|---|---|
| | | ബഡ്ജറ്റ് വിഹിതം | ചെലവ് |
| 1 | വനസംയോജനവും സ്വകാര്യവനങ്ങൾ ഏറ്റെടുക്കലും (2406-01-101-99) | 5161.630 | 5579.269 |
| 2 | പ്രവർത്തന പരിശീലന പരിപാടികൾ, വിലയിരുത്തൽ സർവ്വേ മുതലായവ (2406-01-101-98) | 1.800 | 1.099 |
| 3 | സിൽവി കൾച്ചറൽ ജോലികൾ (2406-01-101-97) | 8.000 | 5.200 |
| 4 | കാട്ടുതീ സംരക്ഷണജോലി (2406-01-101-96) | 11.080 | 10.476 |
| 5 | കുടിയേറ്റ വനഭൂമിയിന്മേൽ തീറാധാരംനൽകുന്നതിന് പകരമായുള്ള വനവൽക്കരണം (2406-01-101-92) | 5.000 | 3.175 |
| 6 | കേരള വനവികസന ഫണ്ടിൽ നിന്നും സോഫ്റ്റ്‌വുഡ് മരങ്ങൾ നടാൻ ചെലവാക്കിയത് (2406-01-101-91) | 775.670 | 682.959 |
| 7 | തേക്കിനും പൾപ്പ് വുഡിനും വേണ്ടിയുള്ള കേരള വനം റിവോൾവിങ് ഫണ്ട് റൂൾസ്, 1999-പ്രകാരം തേക്കിനുവേണ്ടി മാറ്റപ്പെട്ട തുക (2406-01-101-90-തേക്ക്) | 1065.530 | 690.092 |
| 8 | തേക്കിനും പൾപ്പ് വുഡിനും വേണ്ടിയുള്ള കേരള വനം റിവോൾവിങ് ഫണ്ട് റൂൾസ് 1999-പ്രകാരം പൾപ്പ് വുഡിനുവേണ്ടി മാറ്റപ്പെട്ട തുക (2406-01-101-89 പൾപ്പ് വുഡ്) | 1.270 | 0.825 |
| 9 | വനസംരക്ഷണം (2406-01-101-81) | 6105.330 | 6344.349 |
| | **ആകെ** | **13135.310** | **13317.443** |
| VIII | സാമൂഹികവും കൃഷി പ്രദാനവുമായ വനവൽക്കരണം (2406-01-102) | | |
| 1 | ശീഘ്രവളർച്ചയുള്ള മരങ്ങൾ വച്ചുപിടിപ്പിക്കൽ (2406-01-102-99) | 420.870 | 432.597 |
| 2 | ലോകബാങ്ക് സഹായത്തോടെ പരിസ്ഥിതി വികസന സാമൂഹിക വനവൽക്കരണം (2406-01-102-98) | 3409.070 | 3364.439 |
| 3 | ലോകബാങ്ക് സഹായത്തോടെ പരിസ്ഥിതി വികസന സാമൂഹിക വനവൽക്കരണം - രണ്ടാംഘട്ടം (2406-01-102-92) | 143.350 | 175.535 |
| | **ആകെ** | **3973.290** | **3972.571** |
| IX | വനവിഭവങ്ങൾ (2406-01-105) | | |
| 1 | സർക്കാർ ഏജൻസി വഴിതടിയും മറ്റുൽപ്പന്നങ്ങളും സംഭരിക്കുന്നതിന് (2406-01-105-99) | 3600.000 | 2296.058 |
| 2 | സർക്കാർ ഏജൻസികൾ വഴിവിറകും കരിയും സംഭരിക്കുന്നതിന് (2406-01-105-98) | 1.500 | 0.128 |
| 3 | സർക്കാർ ഏജൻസികൾ മാറ്റിയമറ്റ് വിഭവങ്ങൾ(2406-01-105-97) | 0.080 | 0.000 |
| 4 | ഉപഭോക്താവ് മാറ്റിയ തടിയുംമറ്റ് വിഭവങ്ങളും (2406-01-105-96) | 0.050 | 0.000 |
| 5 | കണ്ടുകെട്ടുന്ന വനവിഭവങ്ങൾ - ഒഴുകിവരുന്ന സാധനങ്ങൾ, ഉടമസ്ഥരില്ലാത്ത തടികൾ (2406-01-105-95) | 0.500 | 0.099 |
| 6 | കന്നുകാലികൾ (2406-01-105-94) | 948.540 | 805.267 |
| 7 | പലവക, മുൻകൂറുകൾ, സസ്പെൻസ് (2406-01-105-93) | 0.010 | 0.000 |
| 8 | തേക്കുതടി (2406-01-105-92) | 1501.070 | 1468.974 |
| 9 | ഉറപ്പ് കുറഞ്ഞ തടികൾ (2406-01-105-91) | 118.990 | 112.627 |
| | **ആകെ** | **6170.740** | **4683.153** |
| X | മറ്റുചെലവുകൾ (2406-01-800) | | |

| ക്രമ നം. | പദ്ധതിയുടെ പേരും ശീർഷകവും | തുക (ലക്ഷത്തിൽ) | |
|---|---|---|---|
| | | ബഡ്ജറ്റ് വിഹിതം | ചെലവ് |
| 1 | വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാവുന്നവർക്കുള്ള ആശ്വാസം (2406-01-800-92) | 1370.000 | 1361.355 |
| 2 | വനം കൊള്ളയെക്കുറിച്ച് വിവരം നൽകുന്നവർക്കുള്ള പ്രതിഫലം (2406-01-800-91) | 0.450 | 0.400 |
| | **ആകെ** | **1370.450** | **1361.755** |
| XI | വന്യമൃഗ സംരക്ഷണം (2406-02-110) | | |
| 1 | വന്യമൃഗ സംരക്ഷണ വിഭാഗം (2406-02-110-99) | 3082.190 | 2895.903 |
| 2 | പെരിയാർ ടൈഗർ റിസർവ്വ് പ്രോജക്ട് (2406-02-110-93) | 351.000 | 336.175 |
| 3 | ആഗോള പരിസ്ഥിതി സൗകര്യങ്ങൾക്ക് കീഴിലുള്ള ജൈവവികസനം (2406-02-110-69) | 106.780 | 110.390 |
| 4 | ജൈവവൈവിദ്ധ്യ സംരക്ഷണം (2406-02-110-68) | 689.930 | 768.439 |
| | **ആകെ** | **4229.900** | **4110.907** |
| XII | നിയമസഭാ മണ്ഡല ആസ്തി വികസനപദ്ധതി (4406-01-101) | | |
| 1 | നിയമസഭാമണ്ഡലത്തിൽ ആസ്തി വികസന സ്കീമുകളുടെ കീഴിലുള്ള പദ്ധതികൾ (4406-01-101-97) | 118.520 | 98.302 |
| | **ആകെ** | **118.520** | **98.302** |
| XIII | ഇ.എഫ്.എൽ (4406-01-102) | | |
| 1. | കേരളവനം (പരിസ്ഥിതി ലോലഭൂമിയുടെ നിക്ഷിപ്തമാക്കലും മാനേജ്മെന്റും) നിയമം 2003-ന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി ലോല പ്രദേശങ്ങളായി വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമികളുടെ ഏറ്റെടുക്കൽ ചെലവ് (4406-01-102-96) | 0.010 | 0 |
| | **ആകെ** | **0.010** | **0** |
| XIV | സംസ്ഥാന അതോറിറ്റി പ്രകാരം വനവൽക്കരണം (2406-04-103-99) | | |
| 1 | സ്റ്റേറ്റ് അതോറിറ്റി (കോംപൻസേറ്ററി അഫോറസ്റ്റേഷൻ) (2406-04-103-99) | 500.010 | 472.873 |
| | **ആകെ** | **500.010** | **472.873** |
| | **ആകെ മൊത്തം** | **54802.18** | **51947.038** |

## 5.2 വരുമാനം

സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ വനം വകുപ്പ് കാര്യമായ സംഭാവനയാണ് നൽകുന്നത്. തടി, മറ്റുവനവിഭവങ്ങൾ എന്നിവയുടെ വിൽപ്പനയിലൂടെ 2023-24-ൽ 261.04 കോടി രൂപയാണ് വനം വകുപ്പ് ഉണ്ടാക്കിയത്. വനം വരുമാനത്തിന്റെ സിംഹഭാഗവും തടിവിൽപ്പനയിലൂടെയാണ് ഉണ്ടാകുന്നത്. വനവിഭവ വരുമാനത്തിന്റെ ഏകദേശം 90 ശതമാനം വരുന്ന 234.52 കോടി രൂപ തടിവിൽപ്പനയിലൂടെയാണ് നേടിയിട്ടുള്ളത്.

## പട്ടിക -49
## തടി, മറ്റ് വനോൽപ്പന്നങ്ങൾ എന്നിവയിൽ നിന്നുള്ള വരുമാനം

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട്സ് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2 | 3 |
| 0406-01-101 തടിയുടെയും മറ്റു വന വിഭവങ്ങളുടെയും വിൽപന | | |
| 1 | 99 തടി | 23451.50 |
| 2 | 98 വിറകും കരിയും | 33.81 |
| 3 | 97 കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് പ്രകാരം വനവിഭവ വിൽപനയിലൂടെയുള്ള വരവ് | 0.00 |
| 4 | 96 വനവികസന ടാക്സിൽ നിന്നുള്ള വരുമാനം | 1216.19 |
| 5 | 95 കേരള വനവിഭവങ്ങളിൽ നിന്നുള്ള വരുമാനം | 49.62 |
| 6 | 94 മറ്റ് ഇനങ്ങൾ | 87.31 |
| | **ആകെ (101)** | **24838.43** |
| 0406-01-800 മറ്റു രസീതുകൾ | | |
| 1 | 99 റവന്യൂ കുടിശ്ശികയിൽ നിന്നുള്ള പലിശ | 75.48 |
| 2 | 98 വന്യജീവി വകുപ്പിൽ നിന്നുള്ള വരുമാനം | 267.33 |
| 3 | 97 ഗ്രാമപ്രദേശങ്ങളിലെ ഭൂരഹിത തൊഴിലാളികൾക്ക് വീടും സ്ഥലവും നൽകുന്ന പദ്ധതി - സൗജന്യമായ തടി നൽകൽ | 0.00 |
| 4 | 96 അടിക്കാട് വിൽപനയിലൂടെ കേരള വനം വികസന കോർപ്പറേഷനിൽ നിന്നുള്ള വരുമാനം | 0.40 |
| 5 | 95 മറ്റ് ഇനങ്ങൾ | 833.84 |
| 6 | 94 ലൈവ് സ്റ്റോക്ക് | 0.0 |
| 7 | 93 കാലാവധി കഴിഞ്ഞതും പിടിച്ചെടുത്തതുമായ നിക്ഷേപങ്ങളിൽ നിന്നുള്ള വരവുകൾ | 0.0 |
| 8 | 91 കണ്ടുകെട്ടിയതും നഷ്ടപ്പെട്ടതുമായ നിക്ഷേപങ്ങളിൽ നിന്നുള്ള വരവ് (Recovery) | 0.50 |
| 9 | 90 വനഭൂമിയുടെ പാട്ട വാടക | 192.19 |
| 10 | 89 അരണ്യം മാസികയിൽ നിന്നുള്ള വരുമാനം | 0.73 |
| | **ആകെ (800)** | **1370.47** |
| | **ആകെ മൊത്തം** | **26208.9** |
| | റീഫണ്ട് (0406-01-900-00) | 104.487 |
| | നെറ്റ് വരുമാനം | 26104.41 |

**പട്ടിക -50**

**2019-20 മുതൽ 2023-24 വരെയുള്ള വരുമാനം (കോടിയിൽ)**

| വർഷം | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| വരുമാനം | 255.84 | 236.6 | 200.56 | 290.61 | 261.04 |

## 5.3 വന വികസന നികുതി (FDT)

വനം വിഭവങ്ങളുടെ വിൽപനയുടെ 5 ശതമാനം വീതമാണ് വനവിഭവ നികുതിയായി എടുക്കുന്നത്. നികുതി പിരിക്കുന്നതിന്റെ ചെലവ് കഴിച്ചുള്ള തുക അഡീഷണൽ ബജറ്റ് സോഴ്സ് ആയി നീക്കിവയ്ക്കും. 2023-24 വർഷത്തിൽ 1216.19 ലക്ഷം രൂപ ഇപ്രകാരം സംഭരിച്ചിട്ടുണ്ട്.

## 5.4 വനവരുമാനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക തുക

2023-24 അവസാനത്തിൽ 42092.14 കോടി രൂപ വനവരുമാന കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്. കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക-51**

**വനവരുമാനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക വിവരങ്ങൾ**

| ക്രമ നം. | കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുള്ളത് | 60.13 |
| 2 | കേരള സർക്കാർ/മറ്റു സംസ്ഥാന സർക്കാർ എന്നിവരിൽ നിന്നും ലഭിക്കാനുള്ളത് | 671.61 |
| 3 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ളത് | 10.88 |
| 4 | കേന്ദ്രസർക്കാറിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ളത് | 309.01 |
| 5 | സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ളത് | 39871.64 |
| 6 | സ്വകാര്യ കമ്പനി/സ്വകാര്യ സ്ഥാപനം/സ്വകാര്യ വ്യക്തികൾ/എന്നിവരിൽ നിന്നും ലഭിക്കാനുള്ളത് | 1168.87 |
| **ആകെ** | | 42092.14 |

## 5.5 മറ്റു വകുപ്പുകൾക്ക് / ഏജൻസികൾക്കു വേണ്ടി നടത്തിയ പ്രവൃത്തികൾ

മറ്റ് സർക്കാർ വകുപ്പുകൾക്കുവേണ്ടിയും സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയും തദ്ദേശസ്ഥാപന ങ്ങൾക്കും മറ്റ് ഏജൻസികൾക്കുവേണ്ടിയുമുള്ള പ്രവൃത്തികൾ നടപ്പുവർഷം ഒന്നുംതന്നെ നടന്നിട്ടില്ല.

# അധ്യായം 6
# അടിസ്ഥാന സൗകര്യം

വനങ്ങളെ കാര്യക്ഷമമായി പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും വനവിഭവങ്ങളുടെ സുസ്ഥിര ഉപയോഗത്തിനും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ അനിവാര്യമാണ്. 2023-24 വർഷത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പഴയവ അറ്റകുറ്റപ്പണി ചെയ്യുന്നതിനുമായി 246.680 ലക്ഷം രൂപ ചെലവു ചെയ്തു. ഇതേ വർഷം പുതിയ റോഡുകൾ നിർമിക്കുന്നതിനും പഴയ റോഡുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനുമായി 245.236 ലക്ഷം രൂപ ചെലവഴിച്ചു. അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ്-ആർ.ഐ.ഡി.എഫ് പദ്ധതിയിൽ നിന്നുള്ള തുകയും വിനിയോഗിച്ചിട്ടുണ്ട്.

## 6.1 റോഡ്

31.03.2024 പ്രകാരം വനംവകുപ്പ് പരിപാലിക്കുന്ന വിവിധതരം റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക 52**
**31.3.2024 വരെയുള്ള റോഡുകളുടെ വിവരം**

| ക്രമ നം. | റോഡ് ടൈപ്പ് | നീളം (കി. മീറ്ററിൽ) |
|---|---|---|
| 1 | സിമന്റ്, കോൺക്രീറ്റ് | 132.083 |
| 2 | ടാർ | 591.773 |
| 3 | മെറ്റൽ | 779.895 |
| 4 | മണ്ണ് റോഡ് (സർഫസ് ചെയ്യാത്തത്) | 3579.527 |
| | **ആകെ** | 5083.278 |

ആകെയുള്ള 5083.278 കി. മീറ്റർ റോഡിൽ 4316.643 കി.മീ. ഗതാഗതയോഗ്യവും 766.635 കി.മീ. അല്ലാത്തവയുമാണ്.

## 6.2 കെട്ടിടങ്ങൾ

31.03.2024 വരെ 3614 കെട്ടിടങ്ങൾ വനംവകുപ്പിന്റെ അധീനതയിലുണ്ട്. ഇതിന്റെ വിശദവിവരങ്ങൾ താഴെ കൊടുത്തിട്ടുള്ള പട്ടികയിൽ വ്യക്തമാക്കിയിരിക്കുന്നു.

**പട്ടിക 53**
**31.03.2024 വരെയുള്ള കെട്ടിടങ്ങളുടെ കണക്ക്**

| ക്രമ നം. | കെട്ടിടത്തിന്റെ ഇനം | എണ്ണം |
|---|---|---|
| 1 | ഓഫീസ് കെട്ടിടങ്ങൾ | 340 |
| 2 | ഗവൺമെന്റ് കോട്ടേജുകൾ/ഇൻസ്പെക്ഷൻബംഗ്ലാവ് (ഐ.ബി)കൾ | 63 |
| 3 | ക്വാർട്ടേഴ്സുകൾ | |
| | a) ടൈപ്പ് VI | 20 |
| | b) ടൈപ്പ് V | 15 |
| | c) ടൈപ്പ് IV | 76 |
| | d) ടൈപ്പ് III | 214 |
| | e) ടൈപ്പ് II | 667 |

| ക്രമ നം. | കെട്ടിടത്തിന്റെ ഇനം | എണ്ണം |
|---|---|---|
| | f) ടൈപ്പ് I | 343 |
| | g) മറ്റ് ക്വാർട്ടേഴ്സുകൾ | 214 |
| 4 | ഡോർമിറ്ററികൾ | 114 |
| 5 | കമ്മ്യൂണിറ്റി ഹാളുകൾ | 46 |
| 6 | വനം സ്റ്റേഷനുകളും അനുബന്ധ കെട്ടിടങ്ങളും | 162 |
| 7 | മറ്റ് കെട്ടിടങ്ങൾ | 1340 |
| | **ആകെ** | **3614** |

## 6.3 വാഹനങ്ങൾ

വിവിധ ഉപയോഗങ്ങൾക്കായുള്ള 770 സർക്കാർ വാഹനങ്ങൾ വനംവകുപ്പിനുണ്ട്. ഇവയിൽ 586 എണ്ണം പ്രവർത്തനയോഗ്യവും 184 എണ്ണം പ്രവർത്തനയോഗ്യമല്ലാത്തവയുമാണ്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക 54**
**31.03.2024 വരെയുള്ള വാഹനങ്ങളുടെ കണക്ക്**

| ക്രമ നം. | വാഹനങ്ങൾ | വാഹനങ്ങളുടെ എണ്ണം | | ആകെ വാഹനങ്ങളുടെ എണ്ണം |
|---|---|---|---|---|
| | | പ്രവർത്തന യോഗ്യമായവ | പ്രവർത്തന യോഗ്യമല്ലാത്തവ | |
| 1 | മഹീന്ദ്ര ജീപ്പ്/ താർ | 185 | 44 | 229 |
| 2 | മഹീന്ദ്ര ബൊലേറോ കാംപർ/ സ്കോർപ്പിയോ/ ഗെറ്റവേ/ഇസുസു | 58 | 2 | 60 |
| 3 | മോട്ടോർ സൈക്കിൾ | 61 | 89 | 150 |
| 4 | അംബാസിഡർ കാർ | 2 | 12 | 14 |
| 5 | മഹീന്ദ്ര വെറിറ്റോ | 3 | 0 | 3 |
| 6 | മാരുതി എസ് എക്സ് 4/സിയാസ് | 15 | 0 | 15 |
| 7 | ടാറ്റാ വിംഗർ | 3 | 0 | 3 |
| 8 | മഹീന്ദ്ര സൈലോ/എക്സ് യു വി/ സ്കോർപ്പിയോ/ ബൊലേറോ/ ഇൻവേഡർ/ക്വാളിസ്/മറാസ്സോ | 123 | 18 | 141 |
| 9 | ബസ്/ മിനിബസ് | 26 | 3 | 29 |
| 10 | ഇന്നോവ | 35 | 0 | 35 |
| 11 | മിനി ലോറി / ലോറി | 2 | 0 | 2 |
| 12 | ഇലക്ട്രിക് റിക്ഷാ | 0 | 1 | 1 |
| 13 | ആമ്പുലൻസ് | 3 | 0 | 3 |
| 14 | ഫോർഡ് ഫിയസ്റ്റാ | 1 | 0 | 1 |
| 15 | എ.ടി.വി | 1 | 0 | 1 |

| ക്രമ നം. | വാഹനങ്ങൾ | വാഹനങ്ങളുടെ എണ്ണം | | ആകെ വാഹനങ്ങളുടെ എണ്ണം |
|---|---|---|---|---|
| | | പ്രവർത്തന യോഗ്യമായവ | പ്രവർത്തന യോഗ്യമല്ലാത്തവ | |
| 16 | ഫോഴ്സ് ഗ്വർഖാ എക്സ്പ്ലോറർ | 20 | 1 | 21 |
| 17 | ടാറ്റാ ഇൻഡിഗോ/ മൻസ/നെക്സോൺ/ ഇൻഡിക/സുമോ | 4 | 3 | 7 |
| 18 | റ്റാറ്റാ സഫാരി | 4 | 0 | 4 |
| 19 | പിക്ക് അപ്/റ്റാറ്റ യോദ്ധാ | 17 | 2 | 19 |
| 20 | മാരുതി ഗിപ്സി | 0 | 1 | 1 |
| 21 | ബോട്ട് | 22 | 8 | 30 |
| 22 | ഫയർ റെസ്പോണ്ടർ | 1 | 0 | 1 |
| | **ആകെ** | 586 | 184 | 770 |

## 6.3.1 വാഹനങ്ങൾ വാങ്ങിക്കൽ/ ഒഴിവാക്കൽ

വകുപ്പ് 2023-24 സാമ്പത്തിക വർഷത്തിൽ 5 വാഹനങ്ങൾ വാങ്ങുകയും 11 വാഹനങ്ങൾ നീക്കം ചെയ്യുകയും ചെയ്തു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക 55**
**2023-24-ൽ വാങ്ങിയതും ഒഴിവാക്കിയതുമായ വാഹനങ്ങളുടെ വിവരം**

| ക്രമ നം. | വാഹന ഇനം | ബജറ്റിൽ/സ്കീമിൽ ഉൾപ്പെടുത്തി വാങ്ങിയവ | വാഹനങ്ങളുടെ എണ്ണം | വില (രൂപയിൽ) |
|---|---|---|---|---|
| 1 | ഇസുസു കാബ് | ഇ.എം.എഫ് | 1 | 11,57,112 |
| 2 | ബൊലേറോ നിയോ N.10 | ഇ.എം.എഫ് | 1 | 10,94,933 |
| 3 | ബൊലേറോ കാമ്പർ | എം.എൽ.എ. ഫണ്ട് | 1 | 10,52,569 |
| 4 | ഇസുസു കാബ് 2 WD | എം.പി. ഫണ്ട് | 1 | 15,00,000 |
| 5 | മഹീന്ദ്ര സ്കോർപിയോ | എഫ്.ഡി.എ | 1 | 18,10,540 |
| | **ആകെ** | | 5 | 66,15,154 |

| ക്രമ നം. | വാഹന ഇനം (ഒഴിവാക്കിയ) | വാഹനങ്ങളുടെഎണ്ണം |
|---|---|---|
| 1 | മഹീന്ദ്ര ജീപ്പ് | 5 |
| 2 | ബുള്ളറ്റ് | 1 |
| 3 | ബൊലേറോ | 3 |
| 4 | മഹീന്ദ്ര ഇൻവേഡർ | 1 |
| 5 | സ്വരാജ് മസ്ദ | 1 |
| | **ആകെ** | 11 |

11 വാഹനങ്ങൾ ഒഴിവാക്കിയതിലൂടെ 15.85 **ലക്ഷം** രൂപ വരുമാനമായി ലഭ്യമായിട്ടുണ്ട്.

## 6.4 ആയുധങ്ങളും വെടിക്കോപ്പുകളും

അപായ സാധ്യതയുള്ള വനമേഖലകളെയും വന്യജീവികളെയും സംരക്ഷിക്കുന്നതിനായി ഫോറസ്റ്റ് സ്റ്റേഷൻ ഉദ്യോഗസ്ഥർക്കും, ഫോറസ്റ്റ് റെയിഞ്ച് ഓഫീസർമാർക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും ആവശ്യത്തിനുവേണ്ട ആയുധങ്ങളും വെടിക്കോപ്പുകളും നൽകിയിട്ടുണ്ട്. 31.03.2024 വരെയുള്ള ഇതിന്റെ വിശദ വിവരങ്ങളുടെ പട്ടിക ചുവടെചേർക്കുന്നു.

**പട്ടിക 56**
**31.03.2024 വരെയുള്ള ആയുധങ്ങളുടേയും വെടിക്കോപ്പുകളുടേയും കണക്ക്**

| ക്രമ നം. | സർക്കിൾ/ ഓഫീസ് | തോക്കുകളുടെ എണ്ണം | റിവോൾവറുകളുടെ എണ്ണം | പമ്പ് ആക്ഷൻ ഗൺ | വെടിക്കോപ്പുകൾ (കാട്രിഡ്ജുകളും ബുള്ളറ്റുകളും) |
|---|---|---|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | 31 | 11 | 12 | 1315 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 49 | 14 | 10 | 1517 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 49 | 10 | 5 | 1233 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 52 | 8 | 12 | 1476 |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 31 | 6 | 4 | 3715 |
| 6 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 12 | 5 | 2 | 1123 |
| 7 | പ്രോജക്ട് ടൈഗർ, ഫീൽഡ് ഡയറക്ടർ, കോട്ടയം | 91 | 19 | 70 | 2641 |
| 8 | വന്യജീവി വിഭാഗം, പാലക്കാട് | 72 | 15 | 22 | 3523 |
| 9 | ഇൻസ്പെക്ഷൻ & ഇവാല്യൂവേഷൻ വിഭാഗം, കോട്ടയം | 15 | 6 | 0 | 298 |
| 10 | ഇൻസ്പെക്ഷൻ & ഇവാല്യൂവേഷൻ വിഭാഗം, കോഴിക്കോട് | 16 | 8 | 0 | 469 |
| 11 | സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, എച്ച്. ആർ. ഡി. | 2 | 2 | 1 | 35 |
|  | **ആകെ** | 420 | 104 | 138 | 17345 |

# അധ്യായം 7
# വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ

പൊതുജന സമ്പർക്കത്തിനും വിജ്ഞാന വ്യാപനത്തിനുമായി രൂപീകരിച്ചിട്ടുള്ള വനം വകുപ്പിലെ വിഭാഗമാണ് ഫോറസ്ട്രി ഇൻഫോർമേഷൻ ബ്യൂറോ (എഫ്.ഐ.ബി). വന്യജീവി വാരാഘോഷം, ലോക പരിസ്ഥിതി ദിനാചരണം എന്നിവയുമായി ബന്ധപ്പെട്ട പ്രചാരണം, വനവിജ്ഞാന സംബന്ധമായ ബുക്ക് ലെറ്റുകൾ, ലഘുലേഖകൾ, പോസ്റ്ററുകൾ തുടങ്ങിയവയുടെ പ്രസിദ്ധീകരണം, പത്രക്കുറിപ്പുകൾ, സാമൂഹിക മാധ്യമങ്ങളിലൂടെയുള്ള പ്രചാരണം എന്നിവ എഫ്.ഐ.ബി.യുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു. വനം വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പരസ്യങ്ങൾ നിർമ്മിക്കുക, അവയുടെ പ്രചാരണം, മേളകൾ, ആഘോഷങ്ങൾ എന്നിവ നടത്തുവാൻ പ്രദർശന വസ്തുക്കൾ രൂപകൽപന ചെയ്യുക, ഹ്രസ്വ ചിത്രങ്ങൾ നിർമ്മിക്കുക, സംസ്ഥാനതല പരിപാടികൾക്ക് പ്രചാരണം നൽകുക തുടങ്ങി വനം വകുപ്പിന്റെ വിവിധ പദ്ധതികളുടെ നടത്തിപ്പിനും, വനം വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളിലും പൊതു ജനങ്ങളെ ഭാഗമാക്കുന്നതിനും വേണ്ടി വിവിധ തരത്തിലുള്ള പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുക, മറ്റ് അവബോധന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക തുടങ്ങിയവ ഫോറസ്ട്രി ഇൻഫോർമേഷൻ ബ്യൂറോ ചെയ്തുവരുന്നു.

## 7.1 പ്രസിദ്ധീകരണങ്ങൾ

ഹരിത കേരളം, ലോക പരിസ്ഥിതി ദിനം എന്നിവയെകുറിച്ചുള്ള ഫോട്ടോ ആൽബം തയ്യാറാക്കിയിട്ടുണ്ട്. ശബരിമല തീർത്ഥാടനം, വനം-വന്യജീവി വാരാഘോഷം, വനമഹോൽസവം എന്നിവയുമായി ബന്ധപ്പെട്ട് ഓഡിയോ പരസ്യങ്ങൾ തയ്യാറാക്കി വിവിധ മീഡിയകളിലൂടെ സംപ്രേഷണം ചെയ്തു. കൂടാതെ മനുഷ്യ-വന്യമൃഗ സംഘർഷം, പശ്ചിമഘട്ട സംരക്ഷണ ബിൽ, കാട്ടുപന്നികളുടെ നിയന്ത്രണം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് ബ്രോഷറുകൾ, പത്രപരസ്യങ്ങൾ, പോസ്റ്ററുകൾ, എന്നിവ തയ്യാറാക്കി വിതരണം ചെയ്യുകയും, സംസ്ഥാനതല ശിൽപശാല നടത്തുകയും ചെയ്തു.

### ♦ മാസികകൾ

വനം വകുപ്പിന്റെ പ്രതിമാസ പ്രസിദ്ധീകരണമായ 'അരണ്യം' ഫോറസ്ട്രി ഇൻഫോർമേഷൻ ബ്യൂറോ പ്രസിദ്ധീകരിക്കുന്നു. കെട്ടിലും മട്ടിലും അന്തസത്തയിലും ദേശീയ നിലവാരത്തിലുള്ള ഒരു പ്രതിമാസ പ്രസിദ്ധീകരണമായിട്ടാണ് 2015 മുതൽ 'അരണ്യം' പ്രസിദ്ധീകരിക്കുന്നത്. ഇപ്പോൾ മൾട്ടി കളർ പേജുകളിലാക്കി പൊതു ജനങ്ങൾക്കിടയിൽ ഏറെ സ്വീകാര്യതയും പ്രചാരവും നേടിയിട്ടുള്ള അരണ്യത്തിന്റെ 12 ലക്കങ്ങൾ, 2023-24 വർഷത്തിൽ പ്രസിദ്ധീകരിച്ചു.

### ♦ കൈപ്പുസ്തകങ്ങൾ

2023-2024 വർഷത്തിൽ ഫോറസ്റ്റ് ഗൈഡ്, പരിസ്ഥിതി പുനഃസ്ഥാപനരേഖ രണ്ടാം പതിപ്പ്, വൃക്ഷസമൃദ്ധി പദ്ധതി രേഖ, പരിസ്ഥിതി സംവേദക മേഖലയുമായി ബന്ധപ്പെട്ടുണ്ടായ കോടതി വിധിയെത്തുടർന്ന് പൊതുജനങ്ങളുടെ അറിവിലേക്കായുള്ള  കൈപ്പുസ്തകം, നഗരവനം, വിദ്യാവനം, സർപ്പ, ഫോറസ്ട്രി ക്ലബ്ബുകൾ എന്നിവ സംബന്ധിച്ച ബ്രോഷറുകൾ, വനംവകുപ്പിന്റെ വിവിധ പരിപാടികൾ സംബന്ധിച്ച കോഫീ ടേബിൾ ബുക്കുകൾ (7 എണ്ണം) 2023-24 വർഷം സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ ആക്ഷൻ പ്ലാനനുസരിച്ച് ആക്റ്റിവിറ്റി കലണ്ടർ, നോട്ടീസുകൾ, വനം വകുപ്പിലെ വിവിധ ഓഫീസുകളുടെ ഫോൺ നമ്പറുകൾ ഉൾപ്പെടെയുള്ള ടെലിഫോൺ ഡയറക്ടറി തുടങ്ങിയ തയ്യാറാക്കി അച്ചടിച്ച് വിതരണം ചെയ്തു.

### ♦ ഫോറസ്റ്റ് ഗൈഡുകൾ

ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ വനം വകുപ്പിലെ വിവരങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കിയ 8,000 ഫോറസ്റ്റ് ഗൈഡുകൾ ജീവനക്കാർക്ക് വിതരണംചെയ്തു.

### ♦ വാർഷിക റിപ്പോർട്ടുകൾ

2023-24 വാർഷിക ഭരണ റിപ്പോർട്ട് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം തയ്യാറാക്കി, കൂടാതെ 2023-24-ലെ ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. റിപ്പോർട്ടിന്റെ അച്ചടി ജോലികൾ പുരോഗമിക്കുന്നു.

## 7.2 ഫോട്ടോ-വീഡിയോ ഡോക്കുമെന്റേഷനുകൾ

### 1. ഏകദിന മൊബൈൽ ഫോൺ ഫോട്ടോഗ്രാഫി ശിൽപശാല

പെരിയാർ ടൈഗർ റിസർവ് 20-01-2024-ന് ഇക്കോടൂറിസം പ്രോഗ്രാമുകളുടെ ഗൈഡുകൾക്കായി ഒരു ഏകദിന മൊബൈൽ ഫോൺ ഫോട്ടോഗ്രാഫി ശിൽപശാല സംഘടിപ്പിച്ചു. ഫോട്ടോഗ്രാഫിയുടെ നൈതികത, ചെയ്യേണ്ടതും ചെയ്യരുതാത്തതും, മൊബൈൽ ഫോട്ടോഗ്രാഫിയുടെ വ്യാപ്തിയും അവസരങ്ങളും, നിലവിലുള്ള മൊബൈൽ ക്യാമറകൾ മികച്ച ക്യാമറകളാക്കി മാറ്റാനുള്ള ആക്സസറികൾ, വർക്ക്ഷോപ്പിന്റെ നിർണ്ണായകഘടകങ്ങളാണ്. പോസ്റ്റ്-പ്രോസസ്സിംഗ് ടെ

ക്ലിക്കുകളുടെ പ്രാധാന്യം, ഏകദിന മൊബൈൽ ഫോൺ ഫോട്ടോഗ്രഫി ശിൽപശാല പെരിയാർ ഈസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ ഡോ. പാട്ടീൽ സുയോഗ് സുബാഷ് റാവു ഐ.എഫ്.എസ്. ഉദ്ഘാടനം ചെയ്തു. ശ്രീ. ദിജീഷ് വി, വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫർ, ബാംഗ്ലൂർ, ശ്രീ.സതീശൻ കെ.വി, വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫർ, പാലക്കാട് എന്നിവർ സെഷനുകൾ കൈകാര്യം ചെയ്തു.

2. ശബരിമല തീർത്ഥാടന കാലത്തെ വിവിധ പ്രവർത്തനങ്ങളെ ആസ്പദമാക്കി ഫോട്ടോ ചിത്രീകരണം

പെരിയാർവെസ്റ്റ് ഡിവിഷന്റെ ഒരു പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ് ശബരിമല തീർത്ഥാടന മാനേജ്മെന്റ്. സീസണിൽ ശബരിമല ദർശനത്തിനെത്തുന്ന തീർത്ഥാടകർക്കുവേണ്ടി എല്ലാവിധ സൗകര്യങ്ങളും ഒരുക്കി. പരമ്പരാഗതകാനന പാതയായ പമ്പ മുതൽ സന്നിധാനം വരെ വിവിധ പരിപാടികളെ സംബന്ധിച്ച് ഒരു ഫോട്ടോ ഡോക്യുമെന്റേഷൻ നടത്തുകയുണ്ടായി.

3. ഫോട്ടോ പ്രദർശനം

കേരളത്തിലെ പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനത്തിന്റെ തുടക്കക്കാരനായിരുന്ന കെ.കെ.നീലകണ്ഠൻ എന്ന് തൂലികനാമത്തിൽ അറിയപ്പെടുന്ന ഇന്ത്യയിലെ പ്രശസ്ത പക്ഷി നിരീക്ഷകനായിരുന്ന ശ്രീ. ഇന്ദുചൂഡന്റെ ജന്മശതാബ്ദി ആഘോഷം പാലക്കാട് ഗവ. വിക്ടോറിയ കോളേജിൽ മാർച്ച് 12,13,14 എന്നീ തീയതികളിൽ നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി 267 പക്ഷികളുടെ 300ൽ അധികം ചിത്രങ്ങളുടെ ഫോട്ടോ പ്രദർശനം സംഘടിപ്പിച്ചു. കൂടാതെ 1000-ത്തിലധികം ആളുകൾ മൂന്ന് ദിവസത്തെ ഫോട്ടോ പ്രദർശനം സന്ദർശിക്കുകയുണ്ടായി.

4. ഗ്രീൻപനോരമ-പരിസ്ഥിതി ഫിലിം ഫെസ്റ്റിവൽ-2023

പെരിയാർ ടൈഗർ റിസർവ്, പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ എന്നിവയുടെ സഹകരണത്തോടെ ജൂൺ 7 മുതൽ 9 വരെ 'ഗ്രീൻ പനോരമ-പരിസ്ഥിതി ഫിലിം ഫെസ്റ്റിവൽ-2023' സംഘടിപ്പിച്ചു. വെറ്റ്ലാൻഡ്സ്, ദ ലൈഫ്‌ലൈൻ ഓഫ് എർത്ത്, ബെല്ലി ആൻഡ് സെബാസ്റ്റ്യൻ, വുൾഫ് ടോട്ടം, ദി റെമെയ്ൻസ് ഓഫ് ലാസ്റ്റ് ലീഫ്, ബ്രദേഴ്സ് ഓഫ് ദി വിൻഡ് എന്നിവ ജനപ്രിയ ഹ്രസ്വചിത്രങ്ങളും ദ എലിഫന്റ് വിസ്പറേഴ്സ്, എ ലൈഫ് ഫോർ ബേർഡ്സ്, ലൈഫ് ഫോർ ലൈവ്സ്, എലൈഫ് ഓൺ ഔർ എർത്ത് എന്നിവയാണ് ഡോക്യുമെന്ററികൾ. കാലാവസ്ഥാ വ്യതിയാനം, മലിനീകരണം, പകർച്ചവ്യാധികൾ, പ്രകൃതിദുരന്തങ്ങൾ തുടങ്ങിയ പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ബോധവത്കരിക്കുന്ന തിനുള്ള ഒരു ദൃശ്യ ഉപകരണമായിരുന്നു ചലച്ചിത്രോത്സവം.

## 7.3 സർവ്വേകൾ

### 1. പറമ്പിക്കുളം ടൈഗർ റിസർവിൽ ഉരഗങ്ങളെക്കുറിച്ചും ഉഭയജീവികളെക്കുറിച്ചും സർവ്വേ

ഡോ. സന്ദീപ്ദാസ്, ഡോ. രാജ്കുമാർ എന്നിവരുടെ നേതൃത്വത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സന്നദ്ധ പ്രവർത്തകരുടെയും പറമ്പിക്കുളം ടൈഗർ റിസർവിലെ വാച്ചർമാരുടെയും ഫീൽഡ് സ്റ്റാഫുകളുടെയും സഹായത്തോട് കൂടി 2023 ജൂലൈ 27 മുതൽ 29 വരെയുള്ള കാലയളവിൽ നടത്തിയ കണക്കെടുപ്പിൽ 66 ഇനം ഉഭയ ജീവികളെയും 81 ഉരഗങ്ങളെയും പറമ്പിക്കുളം ടൈഗർ റിസർവിലെ പല ഭാഗങ്ങളിൽ നിന്നും കണ്ടെത്തി.


പറമ്പിക്കുളത്തുണ്ട്,
ഇതുവരെ കാണാത്തവർ

### 2. പറമ്പിക്കുളം കടുവാ സങ്കേതത്തിൽ പക്ഷി-ശലഭ സർവ്വേ

പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ട്രാവൻകൂർ നാച്വറലിസ്റ്റ് സൊസൈറ്റിയുമായി ഏകോപിപ്പിച്ച് 2024 ജനുവരി 12 മുതൽ 15 വരെ പറമ്പിക്കുളത്ത് പക്ഷി സർവ്വേ നടത്തി. പറമ്പിക്കുളം കടുവാ സങ്കേതത്തിലെ ഫീൽഡ് സ്റ്റാഫുകളുടെയും വാച്ചർമാരുടെയും പിന്തുണയോടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സന്നദ്ധപ്രവർത്തകർ ഉൾപ്പെടെ 97അംഗങ്ങൾ ഈ സർവേയിൽ പങ്കെടുത്തു. 204 ഇനം ചിത്രശലഭങ്ങളുടെയും 162 ഇനം പക്ഷികളുടെയും 41 ഇനം ഡ്രാഗൺഫ്ലൈകളുടെയും സാന്നിധ്യം സർവേയിൽ രേഖപ്പെടുത്തി. പറമ്പിക്കുളത്ത് പുതുതായി 3 ഇനം സ്പീഷിസുകളെയും 4 ഇനം പൂമ്പാറ്റകളെയും 4 ഇനം ഡ്രാഗൺഫ്ലൈകളെയും കണ്ടെത്താൻ ഡോ.കലേഷ് സദാശിവന്റെ സർവേയിലൂടെ സാധിച്ചു.



3. വന്യജീവി സർക്കിളുകളിലെ സർവ്വേ

പാലക്കാട് വന്യജീവി സർക്കിളിനു കീഴിൽ ആറളം, വയനാട് മേഖലകളിൽ പക്ഷി സർവ്വേ നടത്തി. അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിളിന് കീഴിൽ തിരുവനന്തപുരം വന്യജീവി ഡിവിഷനിൽ ഒഡോണേറ്റ് സർവ്വേ, ചിത്രശലഭ സർവ്വേ എന്നിവ നടത്തി.

**പക്ഷി സർവ്വേ- വിശദാംശങ്ങൾ**

| സർക്കിൾ | ഡിവിഷൻ | സർവേ | തീയതി |
|---|---|---|---|
| വൈൽഡ് ലൈഫ് പാലക്കാട് | വയനാട് | വയനാട് പക്ഷി സർവേ ആകെ 273 സ്പീഷിനെ കണ്ടെത്തി | 2024 ജനുവരി 26 മുതൽ 28 വരെ |
| | | കഴുകൻ സർവേ (53 കഴുകന്മാരെ കണ്ടെത്തി) | 2024ഫെബ്രുവരി 26 മുതൽ 28 വരെ |
| ഫീൽഡ് ഡയറക്ടർ കോട്ടയം | പെരിയാർ ഈസ്റ്റ് | വേഴാമ്പൽ സർവേ | 2024ഫെബ്രുവരി 09 മുതൽ 12 വരെ |
| | പെരിയാർ വെസ്റ്റ് | വാട്ടർ ബേർഡ് സർവേ | 2024 ജനുവരി 21 |

4. ചിത്രശലഭ സർവ്വേ

ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങളിൽ നടത്തിയ ഇരുപത്തി നാലാമത് വാർഷിക ചിത്രശലഭ സർവ്വേയിൽ ചൈനീസ്ഡാർട്ട്, ഈസ്റ്റേൺ ഗ്രാസ്ജ്യുവൽ എന്നീ രണ്ട് പുതിയ ഇനം ചിത്രശലഭങ്ങളെ കണ്ടെത്തിയിട്ടുണ്ട്.

## 7.4 സാമൂഹിക മാധ്യമങ്ങൾ വഴിയുള്ള പ്രചാരണം

പ്രചാരണത്തിന്റെ ഭാഗമായി വകുപ്പ് സാമൂഹിക മാധ്യമങ്ങളായ ഫെയ്സ്ബുക്ക്, യൂട്യൂബ്, ട്വിറ്റർ എന്നിവ സജീവമായി വനംവകുപ്പ് കൈകാര്യം ചെയ്യാറുണ്ട്. പൊതുജനങ്ങൾക്ക് തുടർച്ചയായ സേവനങ്ങൾ ഉറപ്പ് വരുത്തുന്നതിനും, ജൈവവൈവിധ്യ പരിപാലനത്തിനും വനസംരക്ഷണത്തിനും പങ്കാളിത്ത വനപരിപാലനത്തിന്റെ പ്രസക്തിയുടെ അടിസ്ഥാന സന്ദേശം യുവജനങ്ങളിൽ എത്തിക്കാനും വേണ്ടി വകുപ്പിന്റെ സാമൂഹികമാധ്യമ ഇടപെടലുകൾ സഹായകമായിട്ടുണ്ട്.

1. ഫെയ്സ്ബുക്ക്

വകുപ്പിന്റെ ഫെയ്സ്ബുക്ക് പേജ് പൊതുജനങ്ങളിൽ സജീവമായി നിലനിർത്തുന്നതിനായി അതാത് സമയങ്ങളിൽ ഈ പേജിൽ അപ്ഡേറ്റുകൾ നൽകാറുണ്ട്. വകുപ്പിന്റെ എല്ലാ പരിപാടികളുടേയും ഹ്രസ്വവീഡിയോ ചിത്രങ്ങളും അപ്‌ലോഡ് ചെയ്യുന്നുണ്ട്. നിലവിൽ 16,000 ഫോളോവേഴ്സ് ഫെയ്സ്ബുക്ക് പേജിനുണ്ട്.

2. യൂട്യൂബ്

വകുപ്പിന്റെ ഉടമസ്ഥതയിൽ കേരളവനം വന്യജീവിവകുപ്പ് എന്ന പേരിൽ ഒരുയൂട്യൂബ് ചാനൽ നടത്തിവരുന്നു. എല്ലാ ദിവസങ്ങളിലും വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് 3 അപ്ഡേറ്റുകൾ ചെയ്യാറുണ്ട്, എല്ലാ 15 ദിവസങ്ങളിലും ഒരു പുതിയ വീഡിയോ ചിത്രം ഈ ചാനലിൽ അപ്‌ലോഡ് ചെയ്യുന്നു. വകുപ്പ് പൊതുജന ബോധവൽക്കരണത്തിനായി നടത്തുന്ന വിവിധ പരിപാടികൾ, വന്യജീവി പരിപാലനം, വനംസംരക്ഷണം എന്നീ പ്രധാനമേഖലകളെ സംബന്ധിച്ചുള്ള വീഡിയോകളും അപ്‌ലോഡ് ചെയ്തുവരുന്നു. വർഷത്തിൽ ഏകദേശം നൂറു വീഡിയോയിലധികം അപ്‌ലോഡ് ചെയ്യുന്ന ഈചാനലിന് നിലവിൽ 18,200-ത്തിലധികം സബ്സ്ക്രൈബേഴ്സ് ഉണ്ട്. 2023-24വർഷത്തിൽ 38 പ്രധാന വീഡിയോകളും 37 ലഘു വീഡിയോകളും 126 റീലുകളും അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

3. ട്വിറ്റർ

'കേരള വനംവകുപ്പ് എന്ന ട്വിറ്റർ ഹാന്റിലുകൾ കൈകാര്യം ചെയ്തുവരുന്ന ഈ വകുപ്പിന് നിലവിൽ 3619-ൽ അധികം ഫോളോവേഴ്സ് ഉണ്ട്.വകുപ്പിന്റെ പ്രചാരണത്തിനും ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും ഈ ഹാന്റിൽ ഉപയോഗിച്ചു വരുന്നു.

# അധ്യായം 8
# പരിപാടികൾ

## 8.1 സംസ്ഥാനതല പരിപാടികൾ

### ♦ വന്യജീവി വാരാഘോഷം



2023 ഒക്ടോബർ 2 മുതൽ 8 വരെ വന്യജീവി വാരം ആഘോഷിച്ചു. വന്യജീവി വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം വനം വന്യജീവി വകുപ്പുമന്ത്രി എ.കെ. ശശീന്ദ്രൻ ഒക്ടോബർ 2-ന് പുത്തൂരിലെ തൃശ്ശൂർ സുവോളജിക്കൽ പാർക്കിൽ നടന്ന ചടങ്ങിൽ നിർവഹിച്ചു.റവന്യൂവകുപ്പ് മന്ത്രികെ. രാജൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു വനം വകുപ്പിന്റെ ഔദ്യോഗിക പ്രസിദ്ധീ കരണമായ അരണ്യത്തിന്റെ വന്യജീവി വാരാഘോഷ വിശേഷാൽപതിപ്പിന്റെ പ്രകാശനം നിർവ്വഹിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടാകുന്ന മനുഷ്യ വന്യജീവി സംഘർഷം തടയുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാർ കൈക്കൊണ്ടു വരികയാണെന്ന് വനംവകുപ്പ് മന്ത്രി അറിയിച്ചു.

വന്യജീവി വാരാഘോഷം – 2023 സമാപനം ഒക്ടോബർ 8 ന് കോഴിക്കോട് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് മെമ്മോറിയൽ സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി ഹാളിൽ വനം-വന്യജീവി വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ ഓൺലൈനായി നിർവ്വഹിച്ചു. ടി.പി. രാമകൃഷ്ണൻ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വന്യജീവി വാരാഘോഷ സംസ്ഥാനതല മത്സര ജേതാക്കൾക്കുള്ള സമ്മാനദാനവും അദ്ദേഹം നിർവ്വഹിച്ചു.

### ♦ റിപ്പബ്ലിക് ദിനവും സ്വാതന്ത്ര്യദിനവും



കേരള വനംവകുപ്പാസ്ഥാനത്തും വകുപ്പിലെ വിവിധ ഓഫീസുകളിലും സ്വാതന്ത്ര്യ ദിനവും റിപ്പബ്ലിക് ദിനവും ആഘോഷിച്ചു. എഴുപത്തിയഞ്ചാമത് റിപ്പബ്ലിക് ദിനാചരണത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആൻഡ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഡി.ജയപ്രസാദ് ഐ.എഫ്.എസ് വനംവകുപ്പ് ആസ്ഥാനത്തെ രക്തസാക്ഷി സ്മാരകത്തിൽ പുഷ്പചക്രം സമർപ്പിക്കുകയും ദേശീയ പതാക ഉയർത്തുകയും ചെയ്തു തുടർന്ന് വനം സേനാംഗങ്ങളുടെ ഗാർഡ് ഓഫ് ഓർണർ സ്വീകരിച്ചുകൊണ്ട് സുസ്ഥിര വികസനത്തിനൊപ്പം നമ്മുടെ ആവാസവ്യവസ്ഥയെ സംരക്ഷിക്കാൻ നാം ഓരോരുത്തരും പ്രതിജ്ഞാബദ്ധരാകണം എന്നുള്ള റിപ്പബ്ലിക് ദിന സന്ദേശം നൽകി. ചടങ്ങിൽ മറ്റ് വനം വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

### ♦ വന രക്തസാക്ഷി ദിനം

വനസംരക്ഷണ പ്രവർത്തനങ്ങൾക്കിടയിൽ ജീവത്യാഗം നടത്തിയവരെയും പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതിന് നിസ്വാർത്ഥ സേവനം ചെയ്തവരെയും സ്മരിച്ചുകൊണ്ട് സംസ്ഥാനത്തു വനരക്തസാക്ഷിദിനം സമുചിതമായി ആചരിച്ചു. വനംവകുപ്പ് ആസ്ഥാനത്തെ രക്തസാക്ഷി സ്മാരകത്തിനു മുന്നിൽനടന്ന ദിനാചരണ ചടങ്ങിൽ വനം മേധാവി ഗംഗാസിംങ് ഐ.എഫ്.എസ്. രക്തസാക്ഷി സ്മാരകത്തിൽപുഷ്പചക്രം അർപ്പിച്ചു. ലോകത്തിന്റെ നിലനിൽപ്പിന് ആധാരമായവനങ്ങളെ സംരക്ഷിക്കുന്ന മഹത്തായ ചുമതലകൾ നിർവ്വഹിച്ച് ജീവഹാനിസംഭവിച്ച വനപാലകരെ ചടങ്ങിൽ അനുസ്മരിച്ചു.

## ♦ ലോകപരിസ്ഥിതി ദിനാചരണം



ഭൂമി പുനഃസ്ഥാപിക്കൽ, മരുഭൂമീകരണത്തെ ചെറുക്കൽ, വരൾച്ചയെ അതിജീവിക്കാനുള്ള ശേഷിവർധിപ്പിക്കൽ" (Land Restoration, Desertification and Drought Resilience)" എന്നതാണ് ഈ വർഷത്തെ പരിസ്ഥിതി ദിന സന്ദേശം.ലോക പരിസ്ഥിതി ദിനാചരണ ഭാഗമായി വനം വകുപ്പ് ആരംഭിച്ച 'നാട്ടുമാവും തണലും' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും വകുപ്പുമന്ത്രി എ.കെ. ശശീന്ദ്രൻ പാവണ്ടൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ നിർവ്വഹിച്ചു. ഭാവി തലമുറയ്ക്കായി പ്രകൃതിയെ കാത്തുസൂക്ഷി ക്കാൻ വേണ്ടി അന്യംനിന്നുകൊണ്ടിരിക്കുന്ന നാട്ടു മാവുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ് നാട്ടുമാവും തണലും പദ്ധതിക്ക് വനം വകുപ്പ് രൂപം നൽകിയത്. ഇതിനായി പാതയോരങ്ങളിലും പൊതുസ്ഥലങ്ങളിലും വ്യവസായ സ്ഥാപന ങ്ങളിലും നാട്ടുമാവിന്റെ തൈകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നട്ടുപിടിപ്പിക്കുക എന്നതാണ് ലക്ഷ്യം. എല്ലാ ജനങ്ങളുടെയും കൂട്ടായപ്രവർത്തനം അനിവാര്യമാണെന്ന് വനം വകുപ്പുമന്ത്രിപറഞ്ഞു.

## ♦ അന്താരാഷ്ട്ര വനദിനാചരണം

അന്താരാഷ്ട്ര വനദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം വനം മേധാവി ഗംഗാസിംഗ് വനം വകുപ്പാസ്ഥാനത്ത് നിർവ്വഹിച്ചു. വനശ്രീ ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ചീഫ് വൈൽഡ്ലൈഫ് വാർഡൻ ഡി. ജയപ്രസാദ് ഐ.എഫ്.എസ് അദ്ധ്യക്ഷത വഹിച്ചു. അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബഡ്ജറ്റ് & ആഡിറ്റ്) ഡോ. പി. പുകഴേന്തി ഐ.എഫ്.എസ് വനദിന സന്ദേശം നൽകി. അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) ഡോ.എൽ.ചന്ദ്രശേഖർ ഐ.എഫ്.എസ് വനദിന പ്രതിജ്ഞ ചൊല്ലി കൊടുത്തു.




വനം വകുപ്പ് പ്രസിദ്ധീകരണമായ അരണ്യം മാസികയുടെ വനദിന പ്രത്യേക പതിപ്പിന്റെ പ്രകാശനം വനം വകുപ്പ് മേധാവിക്ക് നൽകി അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്. എസ് നിർവ്വഹിച്ചു.

## ♦ വനമഹോത്സവം

വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 1 മുതൽ 7 വരെ സംഘടിപ്പിച്ച വനമഹോത്സവത്തിന്റെ സംസ്ഥാനതല ഉത്ഘാടനം ഇടുക്കി ജില്ലയിലെ കുമളിയിൽ ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ നിർവ്വഹിച്ചു. സംസ്ഥാനത്തെ വനവിസ്തൃതി വർധിപ്പിക്കുക എന്ന സർക്കാർ ലക്ഷ്യം മുൻനിർത്തി കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുക എന്നത് മാത്രമല്ല നമ്മൾ ലക്ഷ്യമി ടേണ്ടതെന്നും അവയുടെ തുടർ പരിപാലനത്തിലും ശ്രദ്ധിക്കണമെന്നും അദ്ദേഹം അറിയിച്ചു.

ചടങ്ങിൽ വാഴൂർ സോമൻ എം.എൽ.എ. അദ്ധ്യക്ഷനായിരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.റ്റി. ബിനു, മുഖ്യ വനം മേധാവി ബെന്നിച്ചൻ തോമസ് ഐ.എഫ്.എസ്, പി.സി.സി.എഫ് മാരായപ്രകൃതി ശ്രീവാസ്തവ ഐ.എഫ്.എസ്, നോയൽ തോമസ് ഐ.എഫ്.എസ്, ജയപ്രസാദ് ഐ.എഫ്.എസ്.ഇ. പ്രദീപ്കുമാർ ഐ.എഫ്.എസ്. എ.പി.സി.സി.എഫ്. ഡോ. പി.പുകഴേന്തി ഐ.എഫ്.എസ്, സി.സി.എഫ്. പി.പി. പ്രമോദ് ഐ.എഫ്.എസ്, ജനപ്രതിനിധികൾ മറ്റ് വന ഉദ്യോഗ സ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

വനമഹോത്സവത്തിന്റെ സംസ്ഥാനതല സമാപന സമ്മേളനം ജൂലൈ 7-ന് തിരുവനന്തപുരത്ത് ജഗതി ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഫോർ ദി ഡഫിൽ ഗതാഗതവകുപ്പുമന്ത്രി അഡ്വ. ആന്റണിരാജു നിർവ്വഹിച്ചു. വികസനത്തിനൊപ്പം പ്രകൃതി-വനസംരക്ഷണത്തിനും പ്രാധാന്യം നൽകേണ്ടത് ഓരോ പൗരന്റെയും ഉത്തരവാദിത്വമാ ണെന്ന് അദ്ദേഹം അറിയിച്ചു.

മുൻസിപ്പൽ കൗൺസിലർ അഡ്വ. രാഖി രവികുമാർ അദ്ധ്യക്ഷയായിരുന്നു. ചീഫ് വൈൽഡ്ലൈഫ് വാർഡൻ ഗംഗാസിങ് ഐ.എഫ്.എസ്. വനമഹോത്സവ സന്ദേശം നൽകി. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരായ ഡി.ജയപ്രസാദ് ഐ.എഫ്.എസ്, ഇ.പ്രദീപ്കുമാർ ഐ.എഫ്.എസ്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർ വേറ്റർ എൽ.ചന്ദ്രശേഖർ ഐ.എഫ്.എസ്, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരായ ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ്. ഡോ.ആർ.കമലാഹർ ഐ.എഫ്.എസ്,മറ്റ് ജനപ്രതിനിധികൾ, വകുപ്പിലെ വിവിധ ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## 8.2 സംസ്ഥാനകായിക മേള



28-ാമത് സംസ്ഥാന വനം കായികമേളയുടെ ഉദ്ഘാടനം പാലാ മുനിസിപ്പൽ സ്റ്റേഡിയത്തിൽ വനം മന്ത്രി എ.കെ. ശശീന്ദ്രൻ 2023 നവംബർ -16ന് നിർവഹിച്ചു. കോട്ടയത്തു വെച്ചുനടന്ന 28-ാമത് വനം കായിക മേളയിൽ 55 സ്വർണ്ണം. 54 വെള്ളി, 43 വെങ്കലവുമുൾപ്പെടെ ആകെ 568 പോയിന്റ് നേടി വീണ്ടും ഈസ്റ്റേൺ സർക്കിൾ ജേതാക്കളായി. 40 സ്വർണ്ണവും 31 വെള്ളിയും 51 വെങ്കലവുമുൾപ്പെടെ 451 പോയിന്റ് നേടി നോർത്തേൺ സർക്കിൾ രണ്ടാം സ്ഥാനവും, 52 സ്വർണ്ണവും 32 വെള്ളിയും, 29 വെങ്കലവുമുൾപ്പെടെ 444 പോയിന്റുമായി സതേൺസർക്കിൾ മൂന്നാം സ്ഥാനവും നേടി. ജേതാക്കൾക്ക് മാണി. സി.കാപ്പൻ എം.എൽ.എ ട്രോഫികൾ വിതരണം ചെയ്തു.

## 8.3 സെമിനാറുകൾ, കോൺഫെറൻസുകൾ, ശിൽപ്പശാലകൾ

വനം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ പി.ടി.പി നഗർ എച്ച്.ആർ.ഡി ട്രെയിനിംഗ് ഹാളിൽ പ്രൊബേഷണറി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്കായി "Forest Vigilance & Intelligence for Integrity and Efficiency" എന്ന വിഷയത്തിൽ ഏകദിന ശിൽപ ശാല സംഘടിപ്പിച്ചു.

കേരളത്തിലെ ഫോറസ്റ്റ് ഡിവിഷനുകളിൽ വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള വിവര ശേഖരണം നടത്തുന്നത് VANAPP എന്ന സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വഴിയാണ്. ഇതിന്റെ ഭാഗമായി 24-2023 സാമ്പത്തിക വർഷത്തിൽ നിലമ്പൂർ സൗത്ത്, മലയാറ്റൂർ, തൃശ്ശൂർ എന്നീ ഫോറസ്റ്റ് ഡിവിഷനുകളിൽ VANAPP സിസ്റ്റം ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട പരിശീലനം വർക്കിംഗ് പ്ലാൻ ആന്റ് റിസർച്ച് വിഭാഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

വനം വകുപ്പിന്റെ വിവിധ കർമ്മ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ലോക ഗജദിനാചരണം സംഘടിപ്പിച്ചു. സംസ്ഥാനത്തുടനീളം വിപുലമായ പരിപാടികൾ വനം വകുപ്പിലെ സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപ്പിലാക്കി.

സതേൺ സർക്കിൾ കൊല്ലം -24-2023ലെ വന്യജീവി വാരാഘോഷം സമുചിതമായി നടത്തി. ആഘോഷത്തിന്റെ ഭാഗമായി അച്ചൻകോവിൽ, തിരുവനന്തപുരം, പുനലൂർ, തെന്മല, കോന്നി എന്നീ ഡിവിഷനിൽ ചിത്ര രചന മത്സരം, ക്വിസ് കോമ്പറ്റീഷൻ തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിച്ചു. സതേൺ സർക്കിൾ കൊല്ലം വിദ്യാർത്ഥികൾക്കും നാട്ടുകാർക്കും പൊതുജനങ്ങൾക്കും റാലിയും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി. മങ്കയം എക്കോ ടൂറിസം സെന്ററിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി അഞ്ചൽ റെയിഞ്ചിൽ വന്യജീവി ഫോട്ടോഗ്രാഫി പ്രദർശനം സംഘടിപ്പിച്ചു. വി.എസ്.എസുകളുടെ പങ്കാളിത്തത്തോടെ ഉറുകുന്നു-മലവേടർ കോളനിയിൽ ഏകദിന മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

സെൻട്രൽ സർക്കിളിനു കീഴിൽ തൃശ്ശൂർ ഡിവിഷനിൽ 24-2023 വർഷത്തിൽ പൊതുജനങ്ങൾക്കായി 12 അഗ്നിസുരക്ഷ ബോധവത്ക്കരണ ക്ലാസുകൾ നടത്തി. ഡിവിഷന് കീഴിൽ 5 വനവിഭവ വിപണന മേളകൾ നടത്തി. വാഴച്ചാൽ ഡിവിഷന് കീഴിൽ PSC പരിശീലനം, വ്യക്തിത്വവികസന ക്ലാസ്സുകൾ, മണ്ണുത്തി കൃഷി വിജ്ഞാന വന കേന്ദ്രവുമായി ചേർന്ന് വിവിധ കൃഷി രീതിയിൽ പരിശീലനം, തയ്യൽ പരിശീലനം, കരകൗശല വസ്തുക്കളുടെ നിർമ്മാണ പരിശീലനം, തുണി സഞ്ചി നിർമ്മാണ പരിശീലനം, കായിക പരിശീലനം, മൂല്യ വർദ്ധിത ഉൽപ്പാദനങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ WWF-മായി ചേർന്ന് അധിനിവേശ സസ്യങ്ങളെക്കുറിച്ച് ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. വനാശ്രിത സമൂഹത്തിനുവേണ്ടി വിവിധ തരത്തിലുള്ള ബോധവൽക്കരണ ക്ലാസുകളും, തൊഴിലധിഷ്ഠിത പരിശീലന ക്ലാസ്സ്, ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്, ആദിവാസി വിദ്യാർത്ഥികൾക്കായി 'കാടറിവ് ' എന്ന അവധിക്കാല ക്ലാസ്സ് എന്നിവയും ഈ കാലയളവിൽ സംഘടിപ്പിച്ചു.

ഈസ്റ്റേൺ സർക്കിൾ പാലക്കാട് ലോക പരിസ്ഥിതി ദിനം, വന്യജീവി വാരാഘോഷം എന്നിവയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ സംഘടിപ്പിച്ചു. സർക്കിളിനു കീഴിൽ സർവ്വീസ് അദാലത്ത്, വനസൗഹൃദ സദസ്സ്, കരുതലും കൈത്താങ്ങും നവ കേരള സദസ്സ്, അഗ്നി സുരക്ഷാ ബോധവൽക്കരണ ക്യാമ്പ്, ആദിവാസി സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ് എന്നിവ നടത്തി. യു.പി, ഹൈസ്കൂൾ കുട്ടികൾക്കായി വിവിധ മത്സരങ്ങൾ, ബോധവത്ക്കരണ പരിപാടികൾ, റാലികൾ എന്നിവ നടത്തി.

വൈൽഡ് ലൈഫ് പാലക്കാടിന് കീഴിൽ ആറളം വന്യജീവി സങ്കേതത്തിൽ വിവിധയിടങ്ങളിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തി. വിദ്യാർത്ഥികളും അധ്യാപകരും ഉൾപ്പെടെ -32ഓളം പേർ പങ്കെടുത്തു. പ്രകൃതി പഠന ക്യാമ്പിൽ 1381 ആളുകൾ പങ്കെടുത്തു. ആറളം, കണ്ണൂർ ഡിവിഷനുകളിൽ ജീവനക്കാർക്കായി ആറളം വന്യജീവി സങ്കേതത്തിൽ വച്ച് ഏകദിന ക്ലാസ് നടത്തി. വയനാട് ഡിവിഷനിൽ 50 പ്രകൃതി പഠന ക്യാമ്പുകളിലായി 2000 പേർ പങ്കെടുത്തു.പറമ്പികുളം ടൈഗർ റിസർവ്വിലെ ജീവനക്കാർക്കും, ആന്റി പോച്ചിംഗ് വാച്ചർമാർക്കുമായി അടിയന്തിര സാഹചര്യങ്ങളിൽ കാട്ടുതീ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം 2023 ഡിസംബർ -12ന് സംഘടിപ്പിച്ചു.

ഫീൽഡ് ഡയറക്ടർ, പ്രൊജക്ട് ടൈഗർ സർക്കിളിനു കീഴിൽ വിവിധ അദാലത്തുകൾ, ശുചീകരണ പ്രവർത്തികൾ, റാലികൾ, അഗ്നിബോധവൽക്കരണം, പ്ലാസ്റ്റിക് നിർമ്മാർജ്ജനം, മനുഷ്യ-വന്യജീവി സംഘർഷങ്ങൾ എന്നിവയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ജില്ലയിലെ പഞ്ചായത്ത് പ്രസിഡന്റ്മാർക്ക് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള സാങ്കേതിക വിദ്യകളെക്കുറിച്ച് പി.ടി.സി.എഫ് മുഖേന 3 ദിവസത്തെ ശിൽപ്പശാല നടത്തി.അന്താരാഷ്ട്ര വനദിനത്തോട് അനുബന്ധിച്ച് 15.03.2024 മുതൽ 25.03.2024 വരെ അധിനിവേശ സസ്യങ്ങളുടെ നിർമ്മാർജ്ജന പരിപാടി വാഞ്ചിവയൽ സെറ്റിൽമെന്റിൽ സംഘടിപ്പിച്ചു. വാഞ്ചിവയൽ വള്ളക്കടവ് സെറ്റിൽമെന്റിലെ 50 ഇ.ഡി.സി അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരണ നടപടികൾ പൊതുപങ്കാളിത്തവും ഏകദിന സെമിനാർ പെരിയർ ടൈഗർ റിസർവ്വിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. വിവിധ കോളേജുകളിൽ നിന്നും എക്കോഡെവലപ്മെന്റ് അംഗങ്ങളുമായി 85 പേർ സെമിനാറിൽ പങ്കെടുത്തു.

സോഷ്യൽ ഫോറസ്ട്രി എറണാകുളത്തിന്റെ ആഭിമുഖ്യത്തിൽ 2023 നവംബർ 20,21 തീയതികളിലായി തൃശ്ശൂർ ഫോറസ്ട്രി കോളേജിൽ വച്ച് "നാട്ടാന പരിശീലനം" എന്ന വിഷയത്തിൽ എലിഫന്റ് സ്ക്വാഡിലെ വെറ്ററിനറി ഡോക്ടർമാർക്കായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ തൃശ്ശൂർ, പാലക്കാട്, ഇടുക്കി, എറണാകുളം ജില്ലകളിലായി 50 ഡോക്ടർമാർ പങ്കെടുത്തു. ഈ മേഖലയിൽ വിദഗ്ദരായ വെറ്ററിനറി ഡോക്ടർമാരും വനം വകുപ്പ് ഉദ്യോഗസ്ഥരും പരിശീലനത്തിന് നേതൃത്വം നൽകി. സോഷ്യൽ ഫോറസ്ട്രി എറണാകുളം സർക്കിളിന് കീഴിലുള്ള എല്ലാ ഓഫീസുകളും അന്താരാഷ്ട്ര വനദിനം, ലോക പരിസ്ഥിതി ദിനം, വന്യജീവി വാരാഘോഷം, വനമഹോത്സവം എന്നിവ സമുചിതമായി ആചരിച്ചു. ഇടുക്കി സോഷ്യൽ ഫോറസ്ട്രി വന മഹോൽസവ വാരാഘോഷത്തോടനുബന്ധിച്ച് മുളത്തൈകൾ നട്ടു. പാലക്കാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ജില്ലയിൽ അഗ്നിശമന ബോധവൽക്കരണ ക്യാമ്പയിൻ നടത്തി. എറണാകുളം സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ 17 പ്രകൃതിപഠന ക്യാമ്പുകളും, 20 പ്രകൃതി പഠന ക്ലാസ്സുകളും 5 എക്സിബിഷനുകളും ഓൺലൈൻ സെമിനാറും നടത്തി.

സോഷ്യൽ ഫോറസ്ട്രി കോഴിക്കോട് നോർത്തേൺ റീജ്യണിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിയും സംഘടിപ്പിച്ചു. പാലക്കാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അഗ്നിശമന ബോധവൽക്കരണ ക്യാമ്പയിൻ നടത്തി. സ്കൂളുകളിൽ വിദ്യാവനം സ്ഥാപിച്ചു. എറണാകുളം സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ ഈ കാലയളവിൽ 17 പ്രകൃതി ക്യാമ്പുകൾ നടത്തി.

## 8.4 കടുവ സങ്കേതങ്ങളുടെ കീഴിലുള്ള വിവിധ പ്രവർത്തനങ്ങൾ

### 1. അധിനിവേശ സസ്യനശീകരണം



അധിനിവേശ സസ്യങ്ങളുടെ വ്യാപനം പ്രകൃതിയുടെ സന്തുലനാവസ്ഥയെയും കാർഷിക മേഖലയ്ക്കും കാര്യമായ ഭീഷണി ഉയർത്തുന്നു. അധിനിവേശ സസ്യങ്ങളുടെ വ്യാപനം തടയുന്ന പ്രവർത്തനത്തിന്റെ ഭാഗമായി പെരിയാർ ടൈഗർ റിസർവിൽ അധിനിവേശ സസ്യം (Lantana) നീക്കം ചെയ്യപ്പെട്ടു. ഇതിലൂടെ ആവാസവ്യവസ്ഥയുടെ ഗുണമേന്മ മെച്ചപ്പെടുകയും നാട്ടുസസ്യങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ കുറയുകയും ചെയ്യും.

### 2. വനാശ്രിതരായ വിദ്യാർഥികൾക്കായി മെഡിക്കൽ ക്യാമ്പ്

വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി, 2023 ഒക്ടോബർ 8-ന്, ഗവ. എച്ച്.എസ്.എസിലെ പീഡിയാട്രീഷ്യൻ ഡോ.സെന്തിൽനാഥന്റെ നേതൃത്വത്തിൽ, പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ വനാശ്രിതരായ വിദ്യാർത്ഥികൾക്കായി സുങ്കം ഗവൺമെന്റ് ട്രൈബൽ എൽ.പി സ്കൂളിൽ ഒരു മെഡിക്കൽ ക്യാമ്പ് നടത്തി.

### 3. "സ്നേഹഹസ്തം" ട്രൈബൽ മെഡിക്കൽ ക്യാമ്പ്

ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും കേരള ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റും ചേർന്ന് 2024 മാർച്ച് 24-ന് ആദിവാസി സമൂഹങ്ങൾക്കായി പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ (PaTCoF) ഒരു മെഡിക്കൽ ക്യാമ്പ് നടത്തി. 100-ലധികം പേർക്ക് മെഡിക്കൽസംഘം ചികിത്സ നൽകി.



## 8.5 സംസ്ഥാന വനവികസന ഏജൻസിയുടെ കീഴിൽ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങൾ

### 1. ആദിവാസി ഊരുകളിൽ കതിർ പദ്ധതിയുടെ ഭാഗമായി 100 ലൈബ്രറികൾ

കേരളത്തിലെ വനത്തിനുള്ളിലുള്ള ഉന്നതികളിൽ താമസിക്കുന്ന ആദിവാസി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് മികച്ച പഠനത്തിനും വായനയ്ക്കും സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ആദിവാസി സെറ്റിൽമെന്റുകളിൽ കതിർ പദ്ധതിയുടെ ഭാഗമായി 100 ലൈബ്രറികൾ സ്ഥാപിക്കുന്നതിന് സംസ്ഥാന വന വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം ലൈബ്രറികൾ ആരംഭിക്കുന്നതിന് ഒരു ലൈബ്രറിക്ക് 25,000/- രൂപ വീതം VSS/EDC-കൾക്ക് സംസ്ഥാന വന വികസന ഏജൻസിയിൽ നിന്നും ധനസഹായം നൽകുന്നു. ഇത്തരത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 15 FDA കളിലായി 44VSS/EDC ആദിവാസി ഊരുകളിൽ ലൈബ്രറി സ്ഥാപിക്കുകയും ഇതിനായി 11 ലക്ഷം രൂപ ചിലവഴിച്ചിട്ടുമുണ്ട്.

### 2. കതിർ പദ്ധതിയിലെ പങ്കാളിത്തത്തിന് പുരസ്ക്കാരം

സംസ്ഥാന വനവികസന ഏജൻസി, വനപരിപാലന പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ വിവിധ വനാശ്രിത ഗോത്ര സങ്കേതങ്ങളിൽ വിവിധ അക്കാദമിക് സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കിവരുന്ന 'കതിർ' വായനശാലാ പദ്ധതിയുമായി ബന്ധപ്പെട്ട നടത്തിയ മികച്ച പ്രവർത്തനങ്ങൾക്ക് മലയിൻകീഴ് എം.എം.എസ്. ഗവൺമെന്റ് കോളേജ് നാഷണൽ സർവ്വീസ് സ്കീം പുരസ്ക്കാരം നേടി.

തിരുവനന്തപുരം വന്യജീവി ഡിവിഷനിലെ ആറ് ആദിവാസി ഊരുകൾ (മാങ്കോട്. വാലിപ്പാറ, മുളമൂട്. ചോനാമ്പാറ, കൈത്തോട്, അരിയാവില) ഉൾപ്പെടുന്ന മാങ്കോട് ഇ.ഡി.സി.യിൽ, മലയിൻകീഴ് ഗവ. കോളേജുമായി ചേർന്ന് വായനശാല ആരംഭിച്ച പദ്ധതിയിൽ പുസ്തകങ്ങൾ സംഭാവന നൽകിയതിനും, വായനശാല ആരംഭിയ്ക്കുന്നതിന് ക്രീയാത്മക പങ്കു വഹിച്ചതിനുമാണ് കോളേജിന് സംസ്ഥാനതല അംഗീകാരം ലഭിച്ചത്. കോളേജിലെ എൻ.എസ്.എസ്സ്. പ്രോഗ്രാം ഓഫീസർ ഡോ. അഖിൽ സി.കെ. സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദുവിൽ നിന്ന് പുരസ്ക്കാരം ഏറ്റുവാങ്ങി.

### 3. ഗോത്രവർഗ്ഗ വിദ്യാർത്ഥികളിൽ ശാസ്ത്ര ബോധമുണർത്താൻ “ജ്യോത്സ്ന”

കേരള വനംവകുപ്പ് വനാശ്രിത സമൂഹത്തിലെ വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനായി ചാലക്കുടി വനം ഡിവിഷനിലെ ആനപ്പാന്തം വനസംരക്ഷണ സമിതിയിൽ 'ജ്യോത്സ്ന' എന്ന പേരിൽ ത്രിദിനശാസ്ത്ര പഠന ക്യാമ്പ് സംഘടിപ്പിച്ചു. വനംവകുപ്പ് ഇക്കോ ഡെവലപ്പ്മെന്റ് & ട്രൈബൽ വെൽഫെയർ വിഭാഗം ചാലക്കുടി വനവികസന ഏജൻസിയുമായി സഹകരിച്ചു സംഘടിപ്പിച്ച ക്യാമ്പിന് വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് സയൻസ് ആൻഡ് ടെക്നോളജി (IST) നേതൃത്വം നൽകി. ക്യാമ്പിന്റെ ഭാഗമായി വിദ്യാർത്ഥികൾ നിർമ്മിച്ച റോക്കറ്റിന്റെ വിക്ഷേപണം ശാസ്താംപൂവ്വം ഊരിലെ ജനങ്ങൾക്ക് പുതിയൊരനുഭവമായി മാറി. IIST യിലെ ഗവേഷകരുമായി സംവദിയ്ക്കാനുള്ള അവസരവും ക്യാമ്പിൽ വിദ്യാർത്ഥികൾക്കായി ഒരുക്കിയിരുന്നു. വനംവകുപ്പ് ഉദ്യോഗസ്ഥർ, ആനപ്പാന്തം ഊരു നിവാസികൾ എന്നിവരും ക്യാമ്പിൽ പങ്കെടുത്തു.

# അധ്യായം 9
# വിവരാവകാശ നിയമം

വിവരാവകാശ നിയമം 2005 കേരള വനം വകുപ്പിന്റെ വിവിധ തലങ്ങളിൽ നിയമ വ്യവസ്ഥകൾക്ക് അനുസൃതമായി നടപ്പാക്കി വരുന്നു. വകുപ്പിൽ, 31.03.2024 വരെ 311 സംസ്ഥാന വിവരാവകാശ ഓഫീസർമാരും അപ്പീൽ അധികാരികളും ഉണ്ട്. ആസ്ഥാന കാര്യാലയത്തിലും സർക്കിൾ ഓഫീസുകളിലുമുള്ള സംസ്ഥാന വിവരാവകാശ ഓഫീസർമാരുടെയും അപ്പീൽ അധികാരികളുടെയും വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ പറയുന്നു.

**പട്ടിക-57**

**വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട വിവരാവകാശ ഓഫീസർമാരുടെയും അപ്പീൽ അധികാരികളുടെയും പേരും മേൽവിലാസവും**

| ക്രമ നം. | ഓഫീസ് | സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | ഫോൺ നമ്പർ | അപ്പീൽ അധികാരി |
|---|---|---|---|---|
| 1 | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്) ഓഫീസ്, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം | ഹെഡ് അക്കൗണ്ടന്റ് | 0471 -2529140 | ടെക്നിക്കൽ അസിസ്റ്റന്റ് ടു ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് |
| 2 | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്) ഓഫീസ്, വനം വകുപ്പാസ്ഥാനം,തിരുവനന്തപുരം | സീനിയർ സൂപ്രണ്ട് (അക്കൗണ്ട്സ്) | 0471-2529217 | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഡെവലപ്മെന്റ്) |
| 3. | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ഓഫീസ് വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം | സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 0471-2529115 | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| 4 | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (FM) ഓഫീസ്, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം | സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 0471-2529136 | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) |
| 5 | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി) ഓഫീസ്, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 0471-2529315 | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ(വൈൽഡ് ലൈഫ്) |
| 6. | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കോ ഡെവലപ്മെന്റ് ആൻഡ് ട്രൈബൽ വെൽഫെയർ) ഓഫീസ്, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം | ഹെഡ് അക്കൗണ്ടന്റ് | 0471-2529225 | ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കോ ഡെവലപ്മെന്റ് ആൻഡ് ട്രൈബൽ വെൽഫെയർ) |
| 7 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (IT)ഓഫീസ്, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം | ഹെഡ് അക്കൗണ്ടന്റ് | 0471-2529244 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) |

| ക്രമ നം. | ഓഫീസ് | സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | ഫോൺ നമ്പർ | അപ്പീൽ അധികാരി |
|---|---|---|---|---|
| 8. | അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്)ഓഫീസ്, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം | സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 0471-2529126 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) |
| 9 | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) ഓഫീസ്, വനം വകുപ്പാസ്ഥാനം , തിരുവനന്തപുരം | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 0471-2529354 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) |
| 10 | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിംഗ് പ്ലാൻ) ഓഫീസ്, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം | സീനിയർ സൂപ്രണ്ട് | 0471-2529262 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിംഗ് പ്ലാൻ & റിസർച്ച്) |
| 11 | ഫോറസ്റ്റ് കൺസർവേറ്റർ (IHRD) ഓഫീസ്, വനം വകുപ്പാസ്ഥാനം. തിരുവനന്തപുരം | ജൂനിയർ സൂപ്രണ്ട് | 0471-2362291 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (IHRD) |
| 12 | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (SA&NO) ഓഫീസ്, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം | ജൂനിയർ സൂപ്രണ്ട് (1) | 0471-2529243 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (SA&NO) |
| 13 | കസ്റ്റോഡിയൻ (EFL) ഓഫീസ്, വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം | ജൂനിയർ സൂപ്രണ്ട് | 0471-2529229 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ |
| 14 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്)ഓഫീസ് വനം വകുപ്പാസ്ഥാനം, തിരുവനന്തപുരം | ജൂനിയർ സൂപ്രണ്ട് | 0471-2529334 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ |
| 15 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ) ഓഫീസ്, കൊല്ലം | സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 0474-2742660 | ടെക്നിക്കൽ അസിസ്റ്റന്റ് ടു ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ |
| 16 | ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി വിഭാഗം) ഓഫീസ്, കൊല്ലം | സീനിയർ സൂപ്രണ്ട് | 0474-2750336 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ |
| 17 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ) ഓഫീസ്, കോട്ടയം | സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 0481-2312448 | ടെക്നിക്കൽ അസിസ്റ്റന്റ് ടു ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ |
| 18 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഫീൽഡ് ഡയറക്ടർ പ്രൊജക്ട് ടൈഗർ ഓഫീസ്, കോട്ടയം | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 0481-2311740 | ടെക്നിക്കൽ അസിസ്റ്റന്റ് ടു ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ |
| 19 | ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ &ഇവാല്യൂവേഷൻ) ഓഫീസ്, കോട്ടയം | സീനിയർ സൂപ്രണ്ട് | 0481-2312402 | ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ &ഇവാല്യൂവേഷൻ) |

| ക്രമ നം. | ഓഫീസ് | സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | ഫോൺ നമ്പർ | അപ്പീൽ അധികാരി |
|---|---|---|---|---|
| 20 | അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) ഓഫീസ്, എറണാകുളം | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 0484-2331448 | ടെക്നിക്കൽ അസിസ്റ്റന്റ് ടു ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ |
| 21 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സെൻട്രൽ സർക്കിൾ) ഓഫീസ്, തൃശ്ശൂർ | സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 0487-2423189 | ടെക്നിക്കൽ അസിസ്റ്റന്റ് ടു ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ |
| 22 | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ റീജ്യൻ) ഓഫീസ്, കോഴിക്കോട് | സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 0495-2418400 | ടെക്നിക്കൽ അസിസ്റ്റന്റ് ടു ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ |
| 23 | ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ &ഇവാല്യൂവേഷൻ) ഓഫീസ്, കോഴിക്കോട് | സീനിയർ സൂപ്രണ്ട് | 0495-2416800 | ടെക്നിക്കൽ അസിസ്റ്റന്റ് ടു ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ |
| 24 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) കോഴിക്കോട് | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 0495-2418500 | ടെക്നിക്കൽ അസിസ്റ്റന്റ് ടു ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ |
| 25 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസ്, (ഈസ്റ്റേൺ സർക്കിൾ) പാലക്കാട് | സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 0491-2555389 | ടെക്നിക്കൽ അസിസ്റ്റന്റ് ടു ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ |
| 26 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) ഓഫീസ്, പാലക്കാട് | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 0491-2556393 | ടെക്നിക്കൽ അസിസ്റ്റന്റ് ടു ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ |
| 27 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ) ഓഫീസ്, കണ്ണൂർ | സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 0497-2760394 | ടെക്നിക്കൽ അസിസ്റ്റന്റ് ടു ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ |

*NB: പൂർണ്ണമായ 'പട്ടിക' വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്*

**പട്ടിക-58**
**സെക്ഷൻ 4(1) (b) പ്രകാരം സ്വയം വെളിപ്പെടുത്തൽ**

| പൊതു അധികാരികളുടെ എണ്ണം | സെക്ഷൻ 4(1) (b) പ്രകാരം 17 മാന്വലുകൾ പ്രസിദ്ധീകരിച്ച പൊതു അധികാരികളുടെ എണ്ണം | 17 മാന്വലുകൾ പരിഷ്ക്കരിച്ച് ഇറക്കിയ പൊതു അധികാരികളുടെ എണ്ണം | ഓൺലൈനിലൂടെ 17 മാന്വലുകളും പ്രകാശനം ചെയ്ത പൊതു അധികാരികളുടെ എണ്ണം |
|---|---|---|---|
| 1 | 1 | 1 | 1 |

## പട്ടിക-59
## പൊതു വിവരാവകാശ ഓഫീസർമാർ /അപ്പലേറ്റ് അധികാരികളുടെ ഉദ്യോഗപ്പേര്

| പൊതു വിവരാവകാശ അധികാരികളുടെ എണ്ണം | പൊതു വിവരാവകാശ ഓഫീസർമാരെ നിയോഗിച്ചിട്ടുള്ളത് (എണ്ണം) | പൊതു വിവരാവകാശ അസിസ്റ്റന്റ് ഓഫീസർമാരെ നിയോഗിച്ചിട്ടുള്ളത് (എണ്ണം) | അപ്പലേറ്റ് അധികാരികളെ നിയോഗിച്ചിട്ടുള്ളത് (എണ്ണം) |
|---|---|---|---|
| 1 | 1 | 1 | 1 |

## പട്ടിക-60
## വിവരാവകാശ അപേക്ഷകളിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ നിരസിച്ചവ/തീർപ്പ് കൽപ്പിച്ചവയുടെ എണ്ണം

| കഴിഞ്ഞ വർഷം അവസാനം തീർപ്പാക്കാനുണ്ടായ അപേക്ഷകളുടെ എണ്ണം | നടപ്പ വർഷം ലഭിച്ച അപേക്ഷ കളുടെ എണ്ണം | ആകെ അപേക്ഷ കളുടെ എണ്ണം | തീർപ്പ് കൽപ്പിക്കപ്പെട്ട കേസുകളുടെ എണ്ണം | അപേക്ഷകൾ തള്ളപ്പെട്ടതിന്റെ എണ്ണം | സെക്ഷൻ 7(2) പ്രകാരം നിരസിക്കപ്പെട്ട അപേക്ഷകളുടെ എണ്ണം | വിവരം നിഷേധിക്ക-പ്പെട്ടതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 7 | 224 | 231 | 225 | 4 | -- | -- |

## പട്ടിക-61
## പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ നിരസിച്ച കേസുകളുടെ എണ്ണം

| ആകെ നിരസിക്കപ്പെട്ട അപേക്ഷകളുടെ എണ്ണം | സെക്ഷൻ -8 പ്രകാരം നിരസിക്കപ്പെട്ട അപേക്ഷകളുടെ എണ്ണം | സെക്ഷൻ -9 പ്രകാരം നിരസിക്കപ്പെട്ട അപേക്ഷകളുടെ എണ്ണം | സെക്ഷൻ -11 പ്രകാരം നിരസിക്കപ്പെട്ട അപേക്ഷകളുടെ എണ്ണം | സെക്ഷൻ -24 പ്രകാരം നിരസിക്കപ്പെട്ട അപേക്ഷ കളുടെ എണ്ണം | മറ്റ് സെക്ഷനുകൾ പ്രകാരം നിരസിക്കപ്പെട്ട അപേക്ഷകളുടെ എണ്ണം |
|---|---|---|---|---|---|
| 4 | 4 | -- | -- | -- | -- |

## പട്ടിക-62
## നിയോഗിക്കപ്പെട്ട അപ്പലേറ്റ് അധികാരികൾ തീർപ്പാക്കിയ അപ്പീലുകൾ

| 31.03.23-ന് അപ്പീൽ ഓഫീസർ മാരുമായി തീർപ്പാക്കാത്ത ആദ്യ അപ്പീലുകളുടെ എണ്ണം | 2022-23-ൽ മുൻഗണന നൽകുന്ന ആദ്യ അപ്പീലുകളുടെ എണ്ണം | അപ്പീൽ ഓഫീസർ മാരുമായുള്ള ആദ്യ അപ്പീലുകളുടെ എണ്ണം | തീർപ്പാക്കിയ ആദ്യ അപ്പീലുകളുടെ എണ്ണം | നിരസിക്കപ്പെട്ട ആദ്യ അപ്പീലുകളുടെ എണ്ണം | നിരസിക്കപ്പെട്ട ആദ്യ അപ്പീലുകളുടെ ശതമാനം | 45 ദിവസ ത്തി-ലേറെയായി തീർപ്പാക്കാത്ത അപ്പീലുകളുടെ എണ്ണം |
|---|---|---|---|---|---|---|
| 5 | -- | 16 | 21 | -- | -- | -- |

**പട്ടിക-63**
**പിഴചുമത്തിയതും ഈടാക്കിയതും**

| പിരിച്ചെടുക്കാൻ തീർപ്പ് കൽപ്പിക്കാത്ത മുൻവർഷം ചുമത്തിയ പിഴകൾ | ശേഖരിച്ച പെനാൽറ്റികളുടെ വിശദാംശങ്ങൾ |
|---|---|
| 1 | 9750 |

**പട്ടിക-64**
**പൊതു അധികാരികൾ ഈടാക്കിയ ചെലവ്, ഫീസ്, ചാർജ്ജുകൾ എന്നിവയുടെ ചുരുക്കം**

| സെക്ഷൻ 4 (1) പ്രകാരം ഈടാക്കിയ ഫീസ് | സെക്ഷൻ 6 (1) പ്രകാരം ഈടാക്കിയ ഫീസ് | സെക്ഷൻ 7 (1) പ്രകാരം ഈടാക്കിയ ഫീസ് | സെക്ഷൻ 7 (5) പ്രകാരം ഈടാക്കിയ ഫീസ് | ഈടാക്കിയ മറ്റ് ചാർജ്ജുകൾ | ആകെ ഈടാക്കിയത് |
|---|---|---|---|---|---|
| -- | 2240 | 5030 | 50 | -- | 7320 |

# അധ്യായം 10
# ഇന്റേണൽ ഓഡിറ്റ്

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ആസൂത്രണം & വികസനം) കീഴിൽ വനം വകുപ്പിലെ വിവിധ ഓഫീസുകളിൽ പരിശോധന നടത്തുന്നതിനായി ഒരു വിഭാഗം വനംവകുപ്പ് ആസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ആഭ്യന്തര പരിശോധനയ്ക്കുവേണ്ടി മാത്രം രണ്ട് ടീമുകൾ ഓഡിറ്റ് വിഭാഗത്തിൽ പ്രവർത്തിക്കുന്നു. ഓരോ ടീമിനും ഒരു ജൂനിയർ സൂപ്രണ്ടും രണ്ടു ക്ലാർക്കുമാരും വീതം ഉണ്ട്. സീനിയർ ഫിനാൻസ് ഓഫീസറാണ് ആഡിറ്റ് വിഭാഗത്തിന്റെ മേധാവി.

## 10.1 ആഭ്യന്തര പരിശോധന (Internal Audit)

വനം വകുപ്പിൽ വിവിധ പദ്ധതികൾക്കായി അനുവദിക്കുന്ന തുക നിലവിലെ ചട്ടങ്ങൾക്ക് അനുസൃതമായാണോ വിനിയോഗിക്കുന്നതെന്നും ഓഫീസ് നടപടി ക്രമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടക്കുന്നതിന് മുമ്പ് എല്ലാ വർഷവും വനം വകുപ്പ് ഓഫീസുകളിൽ ആഭ്യന്തര പരിശോധന നടത്താറുണ്ട്. ആഭ്യന്തര പരിശോധന പ്രകാരം -2000ാം ആണ്ടു മുതൽ 956 ഓഡിറ്റ് പാരഗ്രാഫുകൾ തീർപ്പാകാതെയുണ്ട്. നടപ്പുവർഷം 426 പാരഗ്രാഫുകൾ ഒഴിവാക്കപ്പെട്ടു. ആഭ്യന്തര പരിശോധനയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

**പട്ടിക- 65**
**ആഭ്യന്തര പരിശോധന/പരിഹരിക്കൽ 2023-24**

| ക്രമ നം. | കാര്യാലയത്തിന്റെ പേര് | ഇൻസ്പെക്ഷൻ (ആഭ്യന്തര പരിശോധന) നടത്തിയതിന്റെ എണ്ണം | സാമ്പത്തിക വർഷത്തിന്റെ അവസാനം തീർപ്പാക്കാതെ കിടക്കുന്ന ക്വറികളുടെ എണ്ണം |
|---|---|---|---|
| 1 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, തെന്മല | 1 | 52 |
| 2 | ഫോറസ്റ്റ് ലാന്റ് & റവന്യൂ, കോഴിക്കോട് | 1 | 11 |
| 3 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, കോന്നി | 1 | 13 |
| 4 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, മണ്ണാർക്കാട് | 1 | 25 |
| 5 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, ചാലക്കുടി | 1 | 19 |
| 6 | നാച്വറൽ സ്റ്റഡി സെന്റർ, കാലടി | 1 | 28 |
| | **ആകെ** | 6 | 148 |

## 10.2 അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന

അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിന്റെ നിരീക്ഷണ പ്രകാരം 2011-12-നു ശേഷം 807 ഓഡിറ്റ് പാരഗ്രാഫുകളും തീർപ്പാകാതെ ഉണ്ട്. ഇതിൽ 2023-24 സാമ്പത്തിക വർഷം 69 പാരഗ്രാഫുകൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

**പട്ടിക-66**
**അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരിശോധന/പരിഹരിക്കൽ 2023-24**

| ക്രമ നം. | കാര്യാലയത്തിന്റെ പേര് | ഇൻസ്പെക്ഷൻ (അക്കൗണ്ടന്റ് ജനറലിന്റെ) നടത്തിയതിന്റെ എണ്ണം | സാമ്പത്തിക വർഷത്തിന്റെ അവസാനം തീർപ്പാക്കാതെ കിടക്കുന്ന ക്വറികളുടെ എണ്ണം |
|---|---|---|---|
| 1 | സി.സി.എഫ്, സോഷ്യൽ ഫോറസ്ട്രി, എറണാകുളം | 1 | 5 |
| 2 | സി.സി.എഫ്, സതേൺ സർക്കിൾ, കൊല്ലം | 1 | 9 |
| 3 | എ.സി.എഫ്, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, മലപ്പുറം | 1 | 8 |

| ക്രമ നം. | കാര്യാലയത്തിന്റെ പേര് | ഇൻസ്പെക്ഷൻ (അക്കൗണ്ടന്റ് ജനറലിന്റെ) നടത്തിയതിന്റെ എണ്ണം | സാമ്പത്തിക വർഷത്തിന്റെ അവസാനം തീർപ്പാക്കാതെ കിടക്കുന്ന ക്വറികളുടെ എണ്ണം |
|---|---|---|---|
| 4 | എ.സി.എഫ്, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കാസർഗോഡ് | 1 | 7 |
| 5 | എ.സി.എഫ്, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, വയനാട് | 1 | 6 |
| 6 | എ.സി.എഫ്, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കണ്ണൂർ | 1 | 8 |
| 7 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പാലക്കാട് | 1 | 24 |
| 8 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മണ്ണാർക്കാട് | 1 | 19 |
| 9 | സി.സി.എഫ്, ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 1 | 12 |
| **ആകെ** | | 9 | 98 |

## 10.3 ഇക്കോടൂറിസം കേന്ദ്രങ്ങളിലെ സന്ദർശക വാഹകശേഷി പഠനം

